
# പുരോഗതി



എം. സി. ജോസഫ്

# പുരോഗതി

ഒരു "യുക്തിവാദി" പ്രസിദ്ധീകരണം

(MALAYALAM)

**PUROGATHI**

Revised Edition

by

***M. C. JOSEPH***

First Published : 1947

Second Published: November 1976

Copies: 1000

Price: 6–00

Cover: Prabhakar Arts, Irinjalakuda

Blocks: Chandra Blocks, Trichur

Printed at:

Sree Narayana Printery, Irinjalakuda.

Copy Right:

"YUKTHIVADI" Monthly, Irinjalakuda.

Publishers:

YUKTHIVADI PUBLISHERS

IRINJALAKUDA-680121

INDIA.

# പുരോഗതി

എം. സി. ജോസഫ്

പ്രസാധകർ:
യുക്തിവാദി പബ്ലിഷേഴ്സ്
ഇരിങ്ങാലക്കുട—680121.
വില — 6—00

## എം. സി. ജോസഫിന്റെ കൃതികൾ.

---

പുരോഗതി

പ്രബോധനം

യുക്തിപ്രകാശം

ചിന്താവിപ്ലവം

ആശയസമരം

തിരഞ്ഞെടുത്ത കുറിപ്പുകൾ

# ഗ്രന്ഥവും ഗ്രന്ഥകാരനും

"പുരോഗതി"യുടെ 1-ാം പതിപ്പിറങ്ങിയതു് 1947 ലാണു്. 1930-'45 കാലത്തെഴുതിയതാണു് ഇതിലടങ്ങുന്ന കുറിപ്പുകൾ. അവയുടെ പുതുമ അന്നെന്നപോലെ ഇന്നും നിലനില്ക്കുന്നു. "യുക്തിവാദി"യുടെ ആഭിമുഖ്യത്തിൽ ഒരു രണ്ടാം പതിപ്പിറക്കാൻ നിശ്ചയിച്ചതു് 1976 മാർച്ചിലാണു്. അന്നിതു പരിശോധിച്ച മുഖ്യമന്ത്രി അച്ചുതമേനോൻ ഗ്രന്ഥം കുറച്ചു പരിഷ്ക്കരിക്കണമെന്നും നിർദ്ദേശിച്ചു. അതനുസരിച്ചു് പരിഷ്ക്കരിക്കുകമാത്രമല്ല, ചിലലേഖനങ്ങൾ കൂട്ടിചേർക്കുകയും ചെയ്തതാണു് ഈ പുതിയ പതിപ്പു്. ശ്രദ്ധേയമായ ചില ചാത്തൻ സംഭവങ്ങളും ഇതിലുൾക്കൊള്ളിച്ചിട്ടുണ്ടു്. ഇത്രയേ ഗ്രന്ഥത്തെക്കുറിച്ചു പറയുന്നുള്ളു. ഇനി ഗ്രന്ഥകാരനെപററി.

1886 ജനുവരി 6-ാംതിയ്യതിയാണു് എം. സി. യുടെ ജനനം. തൃപ്പൂണിത്തുറ മൂക്കഞ്ചേരിൽ ചെറിയാൻ - മറിയം ദമ്പതിമാരാണു് മാതാപിതാക്കൾ. അവരുടെ 6 മക്കളിൽ ഇളയമകനാണു് ജോസഫ്. സഹോദരീസഹോദരന്മാരാരും ഇന്നു ജീവിച്ചിരുപ്പില്ല.

ഗ്രന്ഥകാരനു് അഞ്ചുവയസ്സുള്ളപ്പോൾ പിതാവു് മരണമടഞ്ഞു. പിന്നീടു് ഗ്രഹഭരണമേററ മൂത്തസഹോദരൻ ഒരാഡംബരപ്രിയനായിരുന്നു. അദ്ദേഹത്തിൻെറ ദീർഘവീക്ഷണമില്ലായ്മ കുടുംബത്തിന്റെ സാമ്പത്തികത്തകച്ചയ്ക്കു കാരണവുമായി. ഈ അനുഭവം ഗ്രന്ഥകാരനിൽ പ്രായോഗികബോധവും ദീർഘവീക്ഷണവും വളത്താനുപകരിച്ചു. നാലാം ഫോറംവരെ തൃപ്പൂണിത്തുറ എ. വി. സ്ക്കൂളിൽ പഠിച്ചു. അഞ്ചാം ഫോറം മുതൽ മെടിക്കുലേഷൻ വരെ എറണാകുളം സെന്റ് ആൽബർട്ട്സ് ഹൈസ്ക്കൂളിലും പഠിച്ചു. ഹജ്ജൂർകച്ചേരിയിൽ ഉദ്യോഗസ്ഥനായിരുന്ന സഹോദരനോടൊത്തായിരുന്നു എറണാകുളത്തു താമസം. പ്രാർത്ഥനയുടെ കാര്യത്തിൽ ഒരു ശാഠ്യക്കാരനായിരുന്നു ജേഷ്ഠൻ. അനുജൻ പൂർണ്ണവിരക്തനും. ജേഷ്ഠൻെറ നിർബന്ധം വദ്ധിച്ചപ്പോൾ അതിൻെറ യുക്തിഭംഗം

അനുജനെ ചിന്തിപ്പിച്ചു. പ്രാർത്ഥന ദൈവികമെങ്കിൽ അതിനു് പ്രേരിപ്പിക്കേണ്ടതു് ദൈവമല്ലേ ? ജേഷ്ഠനെന്തിനു് നിർബന്ധിക്കുന്നു ? ഈ നിർബന്ധിത പ്രാർത്ഥന ആരോടു് ? എന്തിനു് ?

പതിനാലുവയസ്സുള്ളപ്പോഴത്തെ ഒരു ദുഃഖവെള്ളിയാഴ്ച. നേർച്ചയിടാൻ അരയണ (ഇന്നത്തെ മൂന്നു പൈസ) യും കൊടുത്തു് അമ്മ മകനെ പള്ളിയിലയച്ചു. പട്ടുവിരിച്ച കസേരയിൽ വച്ചിരുന്ന മരക്കുരിശിനു മുന്നിലാണു് നേർച്ചയിട്ടിരുന്നതു്. താഴിട്ടു പൂട്ടിയ ഭണ്ഡാരവും അടുത്തുണ്ടു്. നേർച്ചയിടും മുൻപു് അടുത്തുണ്ടായിരുന്നൊരാളോടൊരു സംശയം ചോദിച്ചു. "കസേരയിലെ കാശു് ആരെങ്കിലും വാരിക്കൊണ്ടുപോയാലോ ? പൂട്ടുള്ള ഭണ്ഡാരത്തിൽ ഇട്ടുകൂടെ ?"

"ഇതച്ചനുള്ളതാണു്. പള്ളിയ്ക്കുള്ളതല്ല" എന്നായിരുന്നു മറുപടി. ദൈവത്തിന്റെ പേരിൽ അച്ചൻ പണം പിടുങ്ങുന്നതിനോടു് യോജിക്കാൻ ആ സ്കൂൾ വിദ്യാർത്ഥിയ്ക്കു് കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ നേർച്ചയിടാതെ തിരിച്ചുപോവുകയും പൈസ അമ്മയെ ഏല്പിക്കയും ചെയ്തു. അതോടെ, "പണം ആവശ്യമില്ലാത്ത ദൈവത്തിനു് വഴിപാടു നൽകുന്നതെന്തിനു് ?" എന്ന ചിന്തയുമായി. മെട്രിക്കുലേഷനുശേഷം എഫ്. എ. യ്ക്കു ചേർന്നതു് എറണാകുളം മഹാരാജാസ് കോളേജിലാണു്. അക്കാലത്തൊരു കോളേജ് ആനിവേഴ്സറിയ്ക്കു് ഗ്രന്ഥകാരന്റെ മോണോ ആക്റ്റും ഒരിനമായിരുന്നു. മോണോ ആക്റ്റു്, തന്നെ അവഹേളിക്കാനായിരുന്നുവെന്നു് പ്രിൻസിപ്പാൾ ഡേവിഡ്സ്സായ്പ്പ് തെറ്റിദ്ധരിച്ചു. ക്ഷുഭിതനായ സായ്പ്പ് എം. സി. യെ ഡിസ്മിസ്സ് ചെയ്തു പകയും വീട്ടി. കൊച്ചിരാജകുടുംബത്തിലെ അംഗവും സതീർത്ഥ്യനുമായ കുട്ടൻ തമ്പുരാന്റെ ശ്രമഫലമായി വീണ്ടും തിരിച്ചെടുത്തെങ്കിലും തുടർന്നാരംഭിച്ച അഭിപ്രായഭിന്നതമൂലം കോളേജ് വിടേണ്ടതായും വന്നു.

പിന്നീടു് "മലബാർ ഹെറാൾഡ്" "കൊച്ചിൻ ആർഗസ്സ്" എന്നീ പത്രങ്ങളുടെ ലേഖകനായും ദിവാൻപേഷ്ക്കാരാഫീസ്സിൽ ക്ലാർക്കായും ജോലി നോക്കി. താമസിയാതെ അതെല്ലാം ഉപേക്ഷ

ക്കയും തിരുവനന്തപുരം ലാകോളേജിൽ പ്ലീഡർഷിപ്പിനു് ചേരുകയും ചെയ്തു. ഇക്കാലത്തു് 'സ്വദേശാഭിമാനി' രാമകൃഷ്ണപിള്ള 'കേസരി' ബാലകൃഷ്ണപിള്ള തുടങ്ങിയവരുമായി ബന്ധപ്പെട്ടു.

വക്കീൽ പരീക്ഷയുടെ ഫലമറിയും മുൻപുതന്നെ (1910ൽ) വിവാഹിതനായി. വിവാഹകാര്യത്തിൽ ഒരസാധാരണ നിർബന്ധവും പുലർത്തി. മാതൃകാപരമായ സ്വഭാവശുദ്ധിയുള്ളൊരു യുവതിയെക്കുറിച്ചു് ഒരു ബന്ധുവിൽനിന്നു് അറിഞ്ഞു. മറ്റെല്ലാഗുണങ്ങളുമുണ്ടെങ്കിലും എം. സി. യോളം നിറമില്ലെന്നൊരു കുറവും ബന്ധു അറിയിച്ചു. "കാണാൻ ചന്തമുണ്ടായിട്ടു് സ്വഭാവം ചീത്തയായാലോ ?" എന്നായി എം. സി. മകനേപോലെ തന്നെ മകന്റെ ഭാര്യയ്ക്കും സൌന്ദര്യം വേണമെന്നായിരുന്നു അമ്മയുടെ മോഹം. "നീ ചെന്നു് പെണ്ണിനെ കാണു. എന്നിട്ടു് തീരുമാനിക്കാം" എന്നു് അമ്മ നിർദ്ദേശിക്കയും ചെയ്തു. "എനിക്കു് അറിഞ്ഞാൽ മതി. കാണേണ്ട." എന്നു് മകനും ശഠിച്ചു. അങ്ങിനെ വിവാഹത്തിനു് മുൻപു് പരസ്പരം കാണാതെ തന്നെ ജോസഫും ചേച്ചക്കുഞ്ഞും ദമ്പതിമാരുമായി.

വിവാഹം നടന്നതു് പള്ളിയിൽ വച്ചുതന്നെയായിരുന്നു. എന്നാൽ കുമ്പസാരിക്കാനും കർബ്ബാന കൈക്കൊള്ളാനും മററും എം. സി. തയ്യാറായില്ല.

സ്വന്തം വ്യക്തിത്വത്തിനു് അനുകരണാർഹമായ മേന്മയുണ്ടാകണമെന്ന ദൃഢാഭിപ്രായക്കാരനാണു് എം. സി. നിരീശ്വരനും മതവിരോധിയുമായിട്ടും അദ്ദേഹം സർവ്വാദരണീയനായതും അതുകൊണ്ടു തന്നെ. അകൃത്രിമമായ ആത്മാർത്ഥതയും കറയററ നിസ്വാർത്ഥതയുമാണു് അദ്ദേഹത്തിന്റെ മുഖമുദ്ര.

വക്കീൽ പരീക്ഷ പാസ്സായതിനുശേഷം ചേർത്തലയിൽ പ്രാക്ടീസ്സാരംഭിച്ചു. അവിടെ പടർന്നു പിടിച്ചിരുന്ന മന്തുരോഗം മനഃശല്യമുണ്ടാക്കിയതുകൊണ്ടു് അവിടം വിടുകയും ചെയ്തു.

ചെങ്കൽ പ്രദേശത്ത് മന്ത്രബാധകരയുമെന്നതിനാൽ അനുയോജ്യമായിക്കണ്ട ഇരിങ്ങാലക്കുടയിൽ താമസിച്ച് പ്രാക്ടീസാരംഭിക്കയും ചെയ്തു.

സിവിലും ക്രിമിനലുമായ എല്ലാ കേസ്സുകളും സമർത്ഥമായി നടത്തിയിരുന്ന പ്രഗത്ഭനായ എം. സി. യെപ്പോലെ മററധികം വക്കീൽമാരില്ല. പരേതനായ പനമ്പിള്ളി ഗോവിന്ദമേനോനും മുൻമന്ത്രി കെ. ടി. അച്ചുതനും മററും എം. സി. യുടെ ജൂനിയർമാരായിരുന്നു. അക്കാലത്ത് എം. സി. സെക്രട്ടറിയായിരുന്ന യുക്തിവാദി സംഘത്തിൻെറ ഖജാൻജിയും പനമ്പിള്ളിയായിരുന്നു.

1929ൽ 'സഹോദരൻ' അയ്യപ്പൻ മുൻകയ്യെടുത്ത് ആരംഭിച്ച "യുക്തിവാദി" മാസികയുടെ പത്രാധിപസമതിയിൽ അംഗമായി ജ്യേഷ്ഠസഹോദരനായിരുന്ന എം. പി. വർക്കിയുടെ നിർദ്ദേശാനുസരണമാണ് ആ സ്ഥാനം ഏറ്റെടുത്തത്. കുറച്ചു കഴിഞ്ഞപ്പോൾ "യുക്തിവാദി" യുടെ പ്രസിദ്ധീകരണം പ്രതിസന്ധിയിലായി. ആ ഘട്ടത്തിൽ മാസികയുടെ മുഴുവൻ ചുമതലയും സ്വയം ഏറ്റെടുത്തു.

ഇരിങ്ങാലക്കുടയിൽ ഒരു സഹകരണബാങ്ക്, ഗ്രന്ഥശാല, കൃഷകസഹകരണ സംഘം തുടങ്ങിയവ മുൻകൈയെടുത്ത് സ്ഥാപിച്ചു.

1920ൽ ഇരിങ്ങാലക്കുടയിലെ അവർണ്ണഹിന്ദുക്കൾ ഒരു ക്ഷേത്രം നിർമ്മിക്കാനൊരുങ്ങിയപ്പോൾ സവർണ്ണരും ക്രിസ്ത്യാനികളും അതിനെതിരായി. കൂടൽമാണിക്യം ക്ഷേത്രത്തിൽനിന്നും ആറാട്ടു പോലുന്ന വഴിയരികിൽക്ഷേത്രം സ്ഥാപിക്കാൻ ഐത്തജാതിക്കാർക്ക് അവകാശമില്ലെന്നായിരുന്നു സവർണ്ണരുടെ വാദം. പള്ളിക്കടുത്ത് അമ്പലം പാടില്ലെന്ന് ക്രിസ്ത്യാനികളും. അമ്പലക്കാര്യമാണെങ്കിലും ഐത്തജാതിക്കാർക്കുവേണ്ടി എം. സി. രംഗത്തിറങ്ങി. അവർക്കുവേണ്ടി ഫീസ്സില്ലാതെ കേസ്സ് വാദിക്കയും ജയിക്കയും ചെയ്തു. അതോടെ ക്രിസ്ത്യൻ മതസ്ഥാപനങ്ങൾ എം. സി. യ്ക്കു കേസ്സുകൾ നൽകാതെ ഒററപ്പെടുത്താൻ ശ്രമിച്ചു. പക്ഷേ, തൊഴിലിനോട് കൂറും സത്യസന്ധതയും പുലർത്തുന്ന എം. സി. യെപോലെ

മററധികം വക്കീൽമാരില്ലാത്തതുകൊണ്ടു് അവർ സ്വയം ഒററപ്പെട്ട കയും എം. സി. യെതന്നെ വീണ്ടും കേസ്സുകഠം ഏല്പിക്കാൻ തുടങ്ങു കയും ചെയ്തു. എം. സി. നേടിയിട്ടുള്ളതൊന്നും ആരുടെയും ഔദാര്യംകൊണ്ടല്ല. സ്വന്തം അദ്ധ്വാനശീലവും നിസ്വാർത്ഥത യതാവുമാണു് എം. സി. യെ ശ്രദ്ധേയനാക്കിയതു്. എസ്സ്. എൻ. ഡി. പി., സഹോദരസംഘം, മിശ്രവിവാഹപ്രസ്ഥാനം തുടങ്ങിയ സാമൂഹ്യപരിഷ്കരണപ്രസ്ഥാനങ്ങളിൽ അദ്ദേഹം സജീവമായി പങ്കെടുത്തിരുന്നു.

1939_'40ൽ കൊച്ചിൻ കോൺഗ്രസ്സിൻെറ കേന്ദ്രകമ്മററി പ്രസിഡന്റായി. ഇരിങ്ങാലക്കുടയിൽ വച്ച നടന്നൊരു കൊച്ചിൻ കോൺഗ്രസ്സ് യോഗത്തിൽ ഏതാനും തീവ്രവാദിയുവാക്കഠം കൂക്കു വിളി നടത്തി. ഇ. ഇക്കണ്ടവാരിയരും സി. ആർ. ഇയ്യുണ്ണിയും തുടങ്ങിയനേതാക്കളുടെ അനുരഞ്ജനശ്രമങ്ങഠം പരാജയപ്പെട്ട തേയുള്ളു. ഒടുവിൽ എം. സി. എഴുന്നേററു നിന്നു പറഞ്ഞു. "നിങ്ങഠംക്കിതു വേണ്ടെങ്കിൽ വേണ്ട ഞങ്ങഠംക്കതിൽ സ്വാർത്ഥതാ ല്പര്യങ്ങളുമില്ല. കൊച്ചിൻ കോൺഗ്രസ്സ് ഞങ്ങളുടെ ഒരാവശ്യമല്ല. നാടിനു് ഉപകരിക്കുമെന്നുതോന്നിയ നയപരിപാടികഠം ഞങ്ങഠം സമപ്പിച്ചു. ഇതു് നന്നെങ്കിൽമാത്രം അനുകൂലിച്ചാൽ മതി. യുവാ ക്കാംക്ക' കൂടുതൽ നല്ല നിർദ്ദേശങ്ങളുണ്ടെങ്കിൽ അതു പറയു. രംഗം ശാന്തമായി. കെ. വി. കെ. വാരിയരടക്കമുള്ള എല്ലാ യുവാക്കളും അടങ്ങിയിരുന്നു. പിന്നീടു് എം. സി. അഭിപ്രായപ്പെട്ടത നുസരിച്ചു് കൊച്ചിൻ കോൺഗ്രസ്സ് പിരിച്ചുവിടുകയും ചെയ്തു.

അതിനുശേഷമാണു് പ്രജാമണ്ഡലപ്രസ്ഥാനത്തിന്റെ ആവിർ ഭാവം. എം. സി. അതിനെ അകമഴിഞ്ഞു് സഹായിച്ചു. പിന്നീ ട്ടുള്ള യാതൊരു രാഷ്ട്രീയത്തിലും എം. സി. ഉഠംപ്പെട്ടിട്ടുമില്ല.

രാഷ്ടീയ നേതൃത്വം സ്വീകരിച്ചിട്ടുണ്ടെങ്കിലും സംഘടനാ തിരഞ്ഞെടുപ്പുകളിൽപോലും എം. സി. മത്സരിച്ചിട്ടില്ല. ഐക്യ കണ്ഠേന തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാനങ്ങളെ സ്വീകരിച്ചിട്ടുള്ളു.

ഹൈക്കോടതിയിൽ കൂടി സന്നതുണ്ടായിരുന്ന എം. സി. 60_ാം വയസ്സിൽ സ്വയം പ്രാക്ടീസ്സ നിറുത്തി, യുവതലമുറയ്ക്കു് സ്ഥാനം നൽകി.

1975 മാർച്ചു് (46ൽ 8_ാം ലക്കം) വരെ ഒറ്റലക്കവും മുടങ്ങാതെ അദ്ദേഹം "യുക്തിവാദി" പ്രസിദ്ധീകരിച്ചു വാർദ്ധക്യസഹജമായ കാരണങ്ങളാൽ, എഴുതാനും മററും, ബുദ്ധിമുട്ടായപ്പോഠം അതിൻെറ ചുമതലയും യുവതലമുറയെ ഏല്പിച്ചു.

ഇപ്പോഴിതാ തൻെറ "പുരോഗതി" "പ്രബോധനം" "യുക്തിപ്രകാശം" "തിരഞ്ഞെടുത്ത കുറിപ്പുകഠം" "ആശയസമരം" "ചിന്താവിപ്ലവം" എന്നീ ഗ്രന്ഥങ്ങളുടേയും മററു കുറിപ്പുകളുടേയും ലേഖനങ്ങളുടേയും പ്രസിദ്ധീകരണാവകാശങ്ങഠം "യുക്തിവാദി" മാസികയ്ക്കു് നല്കിയിരിക്കുന്നു.

1976ൽ ഇന്ത്യൻ റാഷനലിസ്റ്റു് അസ്സോസിയേഷൻെറ പ്രസിഡൻ്റായി എം. സി. ഐകകണ്ഠേന തിരഞ്ഞെടുക്കപ്പെട്ടു.

തൊണ്ണൂറു പിന്നിട്ട ഈ മാതൃകാപുരുഷൻ ഇന്നും ദിവസത്തിൽ നാലുമൈൽ വീതം നടക്കുന്നു. "ദീർഘായുസ്സിൻ്റെ രഹസ്യമെന്തു്?" എന്ന ചോദ്യത്തിനു് "ഭയരാഹിത്യവും ക്ഷമാശീലവും" എന്നാണു് ഗ്രന്ഥകാരൻെറ മറുപടി.

ഇരിങ്ങാലക്കുട,
1—9—1976.

ഉണ്ണി കാക്കനാട്ടു്

ഒന്നാം പതിപ്പിൻെറ

# അവതാരിക

ഒരിക്കൽ ഒരു ബ്രാംബിറം ചെടിയുടെ കീഴിൽവച്ച് നടത്തിയ കൂടിയാലോചനയുടെ ഫലമായി ലോക സ്ഥിതിയിൽ പരിവത്തനം വരുത്തിയേ മതിയാവൂ എന്നു നാലു പരിഷ്കാരപ്രിയന്മാർ തീരുമാനിച്ചു. അനന്തരം ചുവടെ ചേക്കുന്ന സംഭാഷണം അവർ തമ്മിൽ നടന്നു: ഒന്നാമൻ: "സ്വകാര്യ ഉടമ നശിപ്പിച്ചേ മതിയാവൂ." രണ്ടാമൻ: "ഈശ്വരനെയാണ് ഇല്ലായ്മ ചെയ്യേണ്ടതു്." മൂന്നാമൻ: "വിവാഹത്തെ നിറുത്തൽ ചെയ്തേ തീരൂ." നാലാമൻ: വേലയുടെ ആവശ്യം ഇല്ലാതാക്കുകയാണ് വേണ്ടതെന്നു എനിക്കു തോന്നുന്നു" ഒന്നാമൻ: "പ്രായോഗിക കാര്യങ്ങളിൽനിന്നു നാം അകന്നുപോകരുതു്. സകല മനുഷ്യരേയും ഒരേ ഒരു ലെവലിൽ കൊണ്ടുവരുകയാണ് വേണ്ടതു്." രണ്ടാമൻ: "അല്ല സ്ത്രീക്കും പുരുഷനും യഥേഷ്ടം ലൈംഗിക ജീവിതം നയിക്കുവാനുള്ള സ്വാതന്ത്ര്യമാണ് ആദ്യമായി അനുവദിച്ചുകൊടുക്കേണ്ടതു്" മൂന്നാമൻ: "അതു് എങ്ങിനെയാണ് നടപ്പിൽ വരുത്തേണ്ടതു് എന്നു കണ്ടുപിടിക്കുന്നതാണ് നമ്മുടെ പ്രഥമകത്തവ്യം" ഒന്നാമൻ: "ആദ്യത്തെ പടിയായി ബൈബിളിനെ ഇല്ലായ്മ ചെയ്യണം" രണ്ടാമൻ: "അല്ല നിയമത്തെയാണ ആദ്യമായി നിറുത്തൽ ചെയ്യേണ്ടതു്." മൂന്നാമൻ: "വാസ്തവത്തിൽ മനുഷ്യനെയാണ് ആദ്യം നശിപ്പിക്കേണ്ടതു്"

റോബെർട്ട് ലൂയി സ്റ്റീവെൻസൻ പ്രസ്താവിച്ചിട്ടുള്ള ഒരു നീതികഥയാണ് ഇതു്. മനുഷ്യോത്ഭവം മുതൽക്ക് അവരെ അലട്ടിക്കൊണ്ടിരുന്ന മിക്ക മൗലികപ്രശ്നങ്ങളേയും ഈ സംഭാഷണത്തിൽ കൊണ്ടുവന്നിട്ടുണ്ടു്. മൂന്നാമൻെറ ഒടുവിലത്തെ അഭിപ്രായമാണ് ഒരു ഭേദഗതി സഹിതം ഇന്നു സ്വീകാര്യമായിട്ടുള്ളതു്. മനുഷ്യൻെറ പരിതസ്ഥിതിയിലും പാരമ്പര്യത്തിലും സമൂല പരിവത്തനം വരുത്തി പഴയ മനുഷ്യനെ നശിപ്പിക്കുകയാണ് വേണ്ടതെന്നു

ക്കണം ഇതിനെ. ഇന്നുവരെ ഉണ്ടായിട്ടുള്ള രാഷ്ട്രീയ വിപ്ലവങ്ങൾ ഒന്നും തന്നെ, തൽക്കർത്താക്കൾ സകല കാര്യങ്ങളിലും ഒരു പോലെ വിപ്ലവകാരികളാകാതെയിരുന്നതു നിമിത്തം, പ്രസ്തുത ഇരുകാര്യപരിപാടികളിലും ഒന്നുപോലെ ശ്രദ്ധ ചെലുത്തിയിരുന്നില്ല. ബിങ്ങ്_ ജസ്റ്റ് ഒഴികെയുള്ള 1789ലെ ഫ്റഞ്ചുവിപ്ലവത്തിന്റെ മററു നായകന്മാർ ആരും തന്നെ പരിതസ്ഥിതി പരിഷ്കരണത്തിനു് ആവശ്യമായ സ്വകാര്യ ഉടമാധ്വംസനത്തിൽ വിശ്വസിച്ചിരുന്നില്ല. പാരമ്പര്യപരിഷ്കരണത്തിന്റെ ആവശ്യം ഇവർ സ്വപ്നത്തിൽപോലും കണ്ടിരുന്നുമില്ല. ഇതു മനുഷ്യരിൽ കാര്യക്ഷമമായി നടപ്പിൽ വരുത്തുന്നതിനുവേണ്ട ശാസ്ത്രീയ മാർഗ്ഗങ്ങൾ 1780 നോടടുത്തു് റഷ്യക്കാരനായ ഐവാനോഫ് കൃത്രിമമായ പ്രജോല്പാദനം (ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ) മൃഗങ്ങളിൽ പ്രയോഗിച്ചു തുടങ്ങിയിരുന്നുവെങ്കിലും _ അന്നു കണ്ടുപിടിച്ചിട്ടുണ്ടായിരുന്നില്ലെന്നും കൂടി പറയേണ്ടിയിരിക്കുന്നു.

20_ാം ശതാബ്ദത്തിലെ ബോൽഷെവിക്ക് വിപ്ളവ നായകന്മാർ സ്വകാര്യ ഉടമയുടെ ധ്വംസനം ആദിയായ പരിതസ്ഥിതി പരിഷ്ക്കരണപദ്ധതികൾ മാത്രമേ ഏററിയ കുറം സ്വീകരിച്ചിരുന്നുള്ളു. 1905_ലെ നിഷ്ഫലമായ റഷ്യൻ വിപ്ളവത്തിന്റെ ഫലമായി ജനിച്ച അർത്സിബഷേവിന്റെ കുപ്രസിദ്ധ നോവൽ "സാനിൻ" ഉത്ഭവിപ്പിച്ചവയും, പാരമ്പര്യപരിഷ്ക്കരണത്തിനു പ്രാരംഭമായി വേണ്ട സംമ്പൂർണ്ണമായ ലൈംഗിക ജീവിത സ്വാതന്ത്ര്യത്തിന്റെ_അഥവാ, വിവാഹജീവിതത്തിൽ കാണുന്ന, മനുഷ്യരുടെ മേലുള്ള സ്വകാര്യ ഉടമയുടെ നശീകരണത്തിന്റെ_സ്ഥാപനത്തിനായി പ്രചരണവേല നടത്തി വന്നിരുന്നവയുമായ "സാനിൻ സംഘങ്ങൾ" ബോൽഷെവിക്ക് വിപ്ളവകാലത്തും റഷ്യയിൽ അവശേഷിച്ചിരുന്നുവെങ്കിലും, ഇതിനെ സംബന്ധിച്ചു് യാഥാസ്ഥിതികരായിരുന്ന ബോൾഷെവിക്ക് നായകന്മാർ സ്ത്രീപുരുഷസമത്വം മാത്രം അനുവദിച്ചുകൊടുത്തുകൊണ്ടു പ്രസ്തുത പാരമ്പര്യപരിഷ്ക്കരണപദ്ധതിയിൽ നിന്നു മുഖം തിരിച്ചു കളയുകയാണു്

ചെയ്തതു്. സോവിയററ് അധികാരികൾ ഈയ്യിടെ ചില പ്രാദേശിക ഫാക്ടറി പ്രവത്തകരുടെ കുററകരമായ ഉദാസീനതയെ കഠിനമായി ആക്ഷേപിച്ചിരുന്നതു് ഇവിടെ ശ്രദ്ധേയമാണ്. പാരമ്പയ്യ പരിഷ്ക്കരണത്തിൽ അവർ ശ്രദ്ധിക്കാതെ ഇരുന്നതിൻെറ ഫലമാണ് ഈ ഉദാസീനത. പ്രസ്തുത രണ്ടു പരിഷ്ക്കാരങ്ങളും ഒന്നിനു പിറകിൽ ഒന്നായിട്ടെങ്കിലും, നടത്തേണ്ടതിൻെറ ആവശ്യവും, ഇന്നത്തെ സാമ്പത്തിക ജീവിതത്തിന്റേയും ലൈംഗിക ജീവിതത്തിന്റേയും പരാജയവും വിവരിച്ചു ചൂണ്ടിക്കാണിക്കേണ്ട കത്തവ്യം സ്വതന്ത്ര ചിന്തകന്മാക്കുണ്ടു്. പാരമ്പര്യ പരിഷ്ക്കരണത്തിനു പററിയ ശാസ്ത്രീയമാഗ്ഗങ്ങളായ സ്റ്റെറിലൈസേഷൻ, യൂജെനിക്സ്, യൂട്ടെലേജെനിസിസ് മുതലായവ ഇന്നു കണ്ടുപിടിച്ചിട്ടുമുണ്ടു്. പാരമ്പയ്യ ഗവേഷണത്തിനു് ഈയ്യിടെ നോബൽ സമ്മാനം നേടിയ എച്ച്. ജെ. മുല്ലർ 1935_ൽ ന്യൂയോക്കിലെ വാൻഗാർഡ് പ്രസ്സുമുഖേന പ്രസിദ്ധപ്പെടുത്തിയ "ഔട്ടു് ഓഫ് ദി നൈറ്റ്" എന്ന ഉപന്യാസ സമാഹാരത്തിലും, 1935 ജൂലായിലെ "യൂജെനിക്സ്റിവ്യൂ"യിൽ ഹെർബെർട്ട് ബ്രൂവെർ എഴുതിയിരുന്ന "യൂട്ടെലേജെനിസിസ്," എന്ന ലേഖനത്തിലും പാരമ്പയ്യപരിഷ്ക്കരണ വിഷയത്തിൽ താല്പയ്യമുള്ള കേരളീയരുടെ ശ്രദ്ധയെ ക്ഷണിക്കുവാനും ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു.

തങ്ങളിൽ പരിവത്തനം വരുത്തുവാൻ രണ്ടു മാഗ്ഗങ്ങൾ ആദിമകാലം മുതല്ക്കു മനുഷ്യർ സ്വീകരിച്ചു വന്നിരുന്നു. വികാരപരമായ ചിന്തയുടെ ഫലമായ മതവും യുക്തിപരമായ ചിന്തയുടെ ഫലമായ സയൻസുമാണ് ഇവ. അപഗ്രഥനാത്മകത്വവും, പരിതഃസ്ഥിതിബന്ധബോധവും ഏറിനില്ക്കുന്ന യുക്തിപരമായ ചിന്തയും അഥവാ, യുക്തിവാദവും, സകലാത്മകത്വവും, വ്യക്തിയുടെ മാനസിക ജീവിതത്തോടുള്ള ബന്ധത്തിൻെറ ബോധവും ഏറിനില്ക്കുന്ന വികാരപരമായ ചിന്തയും ഒരേ വ്യക്തിയിൽ തന്നെ മാറി മാറി പൊന്തി നില്ക്കാറുണ്ടു്. പരിതഃസ്ഥിതി ബന്ധത്തെ, ആദ്യം അപഗ്രഥനമാഗ്ഗം പ്രയോഗിച്ചും അനന്തരം സങ്കലനമാഗ്ഗം

പ്രയോഗിച്ചും, സയൻസ് നമ്മെ പഠിപ്പിക്കുന്നു. മതമാകട്ടെ, വ്യക്തിയുടെ ആന്തരികജീവിതത്തെ പ്രത്യേകമായും, പരിതഃസ്ഥിതിയുടെ സാകല്യത്തോടുമുള്ള ബന്ധത്തെ സാമാന്യമായും ഏറിയകൂറും സങ്കലനമാർഗ്ഗം പ്രയോഗിച്ചു നമ്മെ ധരിപ്പിക്കുകയാണ് ചെയ്യുന്നതു്. രണ്ടിനും ഒന്നുപോലെ പ്രവൃത്തിക്കു പ്രേരകമായ ഒരു വീക്ഷണകോടി നമ്മിൽ ജനിപ്പിക്കുവാൻ സാധിക്കും. പക്ഷേ, മതം ജനിപ്പിക്കുന്ന വീക്ഷണകോടി പരിതഃസ്ഥിതിയോടു പടവെട്ടി ജീവിതത്തിൽ വിജയിക്കുവാൻ മറേറതിനോടു തുല്യം നമുക്കു ശക്തി നൽകുന്നതല്ല.

മതവീക്ഷണകോടിയുടെ ഒരു ഫലം തത്വജ്ഞാന സംബന്ധമായ അദ്വൈതവാദവും, സയൻസ് വീക്ഷണകോടിയുടെ ഫലം തത്വജ്ഞാനസംബന്ധമായ ദ്വൈത വാദവുമാണ്. ബുദ്ധമതം, പാർസിമതം, ക്രിസ്തുമതം, ഇസ്‌ലാം, സാംഖ്യം, ന്യായവൈശേഷികം, മീമാംസ, എന്നിവയിൽ യഥാർത്ഥമായ ദ്വൈതവാദതത്വജ്ഞാനവും കാണാം. ഇതു നിമിത്തമാണ് ലോവ്സ് ഡിക്കിൻസൻ ഭാരതത്തിലെ മതം (അതായതു്, വേദാന്തമതം) "സനാതനത്വത്തിന്റെ മത"വും (നിവൃത്തിധർമ്മവും), യൂറോപ്പിലെ മതം "കാലത്തിന്റെ മത"വും (പ്രവൃത്തിധർമ്മവും) ആണെന്നു പ്രസ്താവിച്ചിട്ടുള്ളതു്. വേദാന്ത മതത്തിന്റെ സുപ്പീരിയോരിററി കോംപ്ലെക്സിനും (ശ്രേഷ്ഠതാബോധത്തിനും), ഇതരമതങ്ങളുടെ സഹോദരതാകോംപ്ലെക്സിനും കാരണവും ഈ രണ്ടുതരം തത്വജ്ഞാന വീക്ഷണകോടികളാകുന്നു. ജയിനമതം, ബുദ്ധമതം, പാർസിമതം, മുതലായവ പ്രാചീന ഭാരതീയ മതങ്ങളെ മത്സ്യന്യായം പ്രയോഗിച്ചു പച്ചയായി വിഴുങ്ങി വാർദ്ധക്യം അകററുന്ന സ്വാർത്ഥതക്കു് ഒരു സാത്വികഭാവം നല്കുന്നതിനു് ഈ അദ്വൈതതത്വജ്ഞാനം വേദാന്തമതത്തെ സഹായിക്കുകയും ചെയ്തിരുന്നു.

ഒരു ജയിനമതക്കാരനായ ചന്ദ്രഗുപ്തമൌര്യനേയും ഒരു ബുദ്ധമതക്കാരനായ സ്ഥാനേശ്വരത്തെ ഹർഷവർദ്ധനനേയും ഹിന്ദു ചരിത്രകാരന്മാർ ഹിന്ദു ചക്രവർത്തിമാരാക്കിയതു, മൌര്യസംസ്കാരാവ

ശിഷ്ടങ്ങളിലെ പാരമ്പരിക ഘടകങ്ങളെ ബലപ്പെടുത്തിപ്പറഞ്ഞ ഡാക്ടർ സ്പൂണറെ ഹിന്ദു പൊതുജനാഭിപ്രായം; ഇന്ത്യാ ഗവമ്മേന്റിനെകൊണ്ടു് അക്കിയോളജി വകുപ്പിന്റെ അദ്ധ്യക്ഷസ്ഥാനത്തുനിന്നും പിരിച്ചയപ്പിച്ചതുപോലുള്ള പല കാര്യങ്ങളിലും വേദാന്തമതത്തിന്റെ സുപ്പീരിയോരിറ്റി കോംപ്ലെക്സും മത്സ്യന്യായനയവും കാണാം.

മതവീക്ഷണ കോടിയുടെ കൂടപ്പിറവിയായ മിസ്റ്റിസിസത്തിനും, വ്യക്തിയുടെ ബുദ്ധി, വികാരം, ഇച്ഛാശക്തി എന്നിവയുടെ സമ്മേളിത പ്രവർത്തനത്തിൽ നിന്നുണ്ടാകുന്നൊരുതരം സൂക്ഷ്മദർശനം പ്രദാനം ചെയ്യുവാനല്ലാതെ, വസ്തുതകളെപ്പററിയുള്ള പുതിയ ജ്ഞാനമൊന്നും നല്കുവാൻ സാധിക്കുന്നതല്ലെന്നു ഒരു പ്രസിദ്ധ പാശ്ചാത്യ മിസ്റ്റിക്കായ റൂഫസ് ജോൺസ് സമ്മതിച്ചിട്ടുണ്ടു്. ഈ പരമാർത്ഥം മനസ്സിലാക്കിയാണു് മിസ്റ്റിക്കുകൾ തന്നെ തങ്ങളുടെ മാർഗ്ഗത്തിനു "വിയനെററിവ്" (വന്ധ്യമായ മാർഗ്ഗം) എന്നു പേരിട്ടിട്ടുള്ളതും. ഇതുതന്നെയാണു് ഒമർഖയാം,

"ഞാനിളംപ്രായത്തിൽ ചെന്നു സന്ദർശിച്ചുവന്നു തത്ത്വജ്ഞാനികളെ, യോഗികളെ തത്ത്വതൃഷ്ണയാൽ, പോയവാതിലൂടെതന്നെ പോന്നേതെന്നാൽ മഹാതീവ്രമായ പരലോകവാദം കേട്ടു കേട്ടെന്നും"

എന്ന ശ്ലോകത്തിൽ പറഞ്ഞിട്ടുള്ളതും യുക്തിയുടെ പ്രയോഗത്തിനു കണ്ടുപിടിക്കുവാൻ സാധിക്കാത്ത യാതൊരു ആദ്ധ്യാത്മികമോ, ഭൌതികമോ ആയ സത്യത്തെ മിസ്റ്റിസിസത്തിനു് ഇന്നുവരെ കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നു മതത്തെ ശാസ്ത്രീയമായി പഠിച്ചിട്ടുള്ളവർ സ്ഥാപിച്ചിട്ടുമുണ്ടു്.

മതചിന്തകരേയും ശാസ്ത്രചിന്തകരേയും തമ്മിൽ തമ്മിൽ വേർതിരിക്കാതെ അവക്കു് ഒന്നുപോലെ പ്രാചീന ഭാരതീയർ താപസർ, അഥവാ, ഋഷികൾ എന്നു പേരിട്ടിരുന്നു. ബ്രാഹ്മണങ്ങളിലേയും ഉപനിഷത്തുകളിലേയും സൃഷ്ടികഥകളിൽ "തപസ്" എന്ന പദത്തെ ജ്ഞാനം, അഥവാ, ആലോചന, എന്ന അർത്ഥത്തിലാണു്

പ്രയോഗിച്ചിട്ടുള്ളതെന്നു പണ്ഡിതന്മാർ സ്ഥാപിച്ചിട്ടുണ്ട്. മുണ്ഡക ഉപനിഷത്തിലെ "തപസ്" എന്ന പദത്തെ, "യസ്യജ്ഞാനമയം തമഃ" എന്നു തൻെറ തൈത്തീരീയ ഉപനിഷത്തു് ഭാഷ്യത്തിൽ ശങ്കരൻ വ്യാഖ്യാനിച്ചിട്ടുള്ളതും ഇവിടെ ശ്രദ്ധേയമാണ്. ആദിയിൽ സയൻസിനെ മതത്തിൻെറ ഒരു ശാഖയായി മാത്രം വിചാരിച്ചുവന്നതാണ് ഈ ഇരുതരം ചിന്തകരേയും തമ്മിൽ വേർതിരിക്കാതെയിരുന്നതിനുള്ള കാരണം.

ചതുർവേദങ്ങളിൽ ഏററവും പ്രാചീനമായതു് അഥർവ്വാംശിരസ് വേദമാണെന്നു ചരിത്രപരമായ കാരണങ്ങൾ നിമിത്തം ഞാൻ വിചാരിക്കുന്നു. മറെറാരു ഗവേഷകനും അഥർവ്വ വേദത്തിൻെറ ഏതാനും ഭാഗങ്ങൾ മററു വേദങ്ങളെക്കാളധികം പഴക്കമുണ്ടെന്നു തിരുവനന്തപുരത്തുവച്ചുകൂടിയ ഒരു ഓറിയന്റൽ കോൺഗ്രസ്സിൽ വച്ചു ചൂണ്ടിക്കാണിച്ചിരുന്നു. പ്രാചീന അഥർവ്വാംശിരസ് വേദസംഹിതയുടെ ഏതാനും ഭാഗങ്ങൾ മാത്രമേ അഥർവ്വവേദമെന്ന നാമത്തോടുകൂടി നമുക്കു ലഭിച്ചിട്ടുള്ളു

ഈ ഭാഗങ്ങളിൽ ചിലതിനു ബൈബിളിലെ ഉല്പത്തി പുസ്തകത്തോടു ചില സാദൃശ്യങ്ങൾ ഉള്ളതായി കാണാം. ബൈബിളിൽ വിവരിച്ചിട്ടുള്ള എബ്രായമതത്തിൻെറ പരിഷ്കാരത്തിൽനിന്നു ജനിച്ചതാണെന്നു പറയാവുന്ന ഇസ്ലാം മതത്തെ കേരളത്തിലെ ജനകീയ ഐതിഹ്യം നാലാം വേദമെന്നു പേരിട്ടിരുന്നതും ഇവിടെ ശ്രദ്ധേയമാണ്. യദൃച്ഛാവാദം, അനിമിത്തവാദം, ചാർവ്വാകവാദം, എന്നീ പേരുകളുള്ള ഒരു ശാഖയും, സ്വഭാവവാദം ലോകായതവാദം, ദൃഷ്ടവാദം എന്നീ നാമങ്ങളുള്ള മറെറാരു ശാഖയുമുള്ള നാസ്തികമതം, അഥവാ, യുക്തിവാദം വൈദിക കാലങ്ങളിൽ ഭാരതീയരുടെ ഇടയ്ക്കു പ്രചരിച്ചിരുന്നു എന്നു സ്ഥാപിക്കുന്ന പ്രാചീന രേഖകളുണ്ടു്. അഥർവ്വവേദവും ഋഗ്വേദവുമാണ് ഇവയിൽ രണ്ടെണ്ണം.

നാസ്തികമതസ്ഥാപകനായി ഭാരതീയ ഐതിഹ്യം പ്രസ്താവിച്ചിട്ടുള്ള ബൃഹസ്പതി (ബ്രഹ്മണസ്പതി) സോമബ്രഹ്മാവ് (ബൈബിളിലെ ആദിനിമ്രോഡ്) ആകുന്നു. പ്രാത്യൻ (വേടൻ) എന്നും,

പ്രജാപതിയെന്നും മററുമുള്ള പേരുകഠം കൊടുത്തു് ഇദ്ദേഹത്തിൻെറ ചില ചെയ്തികളെ അഥവ്വവേദത്തിൻെറ XV-ാം കാണ്ഡത്തിൽ വിവരിച്ചിട്ടുണ്ടു്. ഋഗേ്വദസംഹിതയിലെ എട്ടാം മണ്ഡലത്തിലെ നൂറാം ഋക്കിലെ മൂന്നാം ശ്ലോകത്തിൽ, ഋഷിനേമൻ, ഇന്ദ്രൻ (ഈശ്വരൻ) ഇല്ലെന്നു് ഇങ്ങനെ ഖണ്ഡിച്ചു് പറഞ്ഞിരിക്കുന്നു. "നേോ ഇന്ദ്ര അസ്തീതി, കഃ ഇം ദദർസ കമഭിഷ്ടവാമ." ഇന്ദ്രനെന്ന ഒരു സത്വമേയില്ല, അദ്ദേഹത്തെ ആരു കണ്ടിട്ടുണ്ടു്? ആരെയാണു് നാം ആരാധിക്കേണ്ടതു്? എന്നാണു് ഇതിൻെറ താല്പര്യം. മററൊരു ഋക്കിൽ, (VI 18-3), ഇന്ദ്രൻ ദസ്യുക്കളെ അമത്തിയതായി പറയപ്പെടുന്നു എന്നു പ്രസ്താവിച്ചതിനുശേഷം, തൽകത്താവു്, "ആസ്തിസ്വിത്സു വിര്യം തത്തേ ഇന്ദ്ര," (ഹേ, ഇന്ദ്ര! വാസ്തവത്തിൽ നിങ്ങഠക്കു് അതിനുവേണ്ട ശക്തിയുണ്ടോ?) എന്നു് ചോദിക്കുകയും ചെയ്യുന്നു.

പ്രസ്തുത രണ്ടു പരാവത്തനമാർഗ്ഗങ്ങളായ മതം, സയൻസ് എന്നിവ ഓരോന്നും പ്രയോഗിക്കുന്നതിൽ രണ്ടുതരം പദ്ധതികഠം മനുഷ്യർ ആദ്യം മുതല്ക്കു സ്വീകരിച്ചു വരുകയും ചെയ്തിരുന്നു. ഈ മാഗ്ഗങ്ങഠം പ്രയോഗിക്കുന്നവർ വ്യക്തികളോ, അല്പപക്ഷക്കാരുടെ ചെറു സംഘങ്ങളോ ആയിരിക്കുന്നതാണല്ലോ തങ്ങളുടെ പരിവർത്തനമാഗ്ഗം സ്വീകരിക്കുവാൻ ശീലം (ഹാബിററ്) എന്ന എടാകൂടം നിമിത്തം വിമുഖരായിരുന്ന ഭൂരിപക്ഷക്കാരിൽ ഓരോരുത്തനേയും, ഒന്നുകിൽ തങ്ങളുടെ വ്യക്തിപരമായ മാതൃകാ ജീവിതവുമായി കൂട്ടിമുട്ടിച്ചോ, അല്ലെങ്കിൽ ഇവരെല്ലാവരുടേയും മേൽ ഒന്നിച്ചു് അധികാരികളെകൊണ്ടു് ബലം പ്രയോഗിച്ചോ, പ്രസ്തുത വ്യക്തികളോ, ചെറുസംഘങ്ങളോ ആയ ചിന്തകർ അതു സ്വീകരിപ്പിച്ചുവന്നിരുന്നു. ഒരുതരം മിസ്റ്റിക്ക് മാഗ്ഗം എന്നു വണ്ണിക്കാവുന്ന ആദ്യത്തെ പ്രയോഗമാർഗ്ഗത്തെ പ്ലേറേറായുടെ കത്തുകളിലൊന്നിൽ ഭംഗിയായി വിവരിച്ചിട്ടുണ്ടു്. ഇന്നത്തെ പാശ്ചാത്യ ഡെമോക്രസികളുടെ വ്യക്തി സ്വാതന്ത്ര്യവാദത്തിലും, റഷ്യയിലെ ടോട്ടലിറ്റേറിയാനി സംവാദത്തിലും ഈ രണ്ടു പ്രയോഗമാർഗ്ഗങ്ങളിൽ ഓരോന്നും

ഉദ്ദംകൊണ്ടിരിക്കുന്നതു് കാണാം. പാശ്ചാത്യ ഡെമോക്രസികളിൽ ഒന്നായ ബ്രിട്ടനിൽപോലും വദ്ധമാനമായി വരുന്ന സാമ്പത്തിക വൈഷമ്യങ്ങൾ നിമിത്തം അടുത്ത ഭാവിയിൽതന്നെ ഒരു സമ്പൂൎണ്ണ ശാസ്ത്രീയ ടോട്ടലിറ്റേറിയൻ ഗവണ്മെന്റ് ജനിച്ചേക്കാമെന്നു യുനൈറ്റഡ് സ്റ്റേറ്റ്സിലെ മുമ്പിലത്തെ സ്റ്റേറ്റ് അണ്ടർ സെക്രട്ടറിയായിരുന്ന മി. സംനർവെത്സ് "കോസ്മോപ്പൊളിറ്റൻ മാഗസൈനി"ൽ എഴുതിയിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ലോകം ഡെമോക്രസികളുടെ നട്ടെല്ലുണ്ടായ യുനൈറ്റഡ് സ്റ്റേറ്റ്സിന്റെ സമീപത്തേയ്ക്കാണു് പൊയ്ക്കൊണ്ടിരിക്കുന്നതെന്നു് യുനൈറ്റഡ് സ്റ്റേറ്റിലെ സുപ്രീം കോർട്ടിലെ ഒരു ജഡ്ജിയായ റോബർട്ട് ജാക്ക്സൻ ഈയ്യിടെ അഭിപ്രായപ്പെടുകയും ചെയ്തിരുന്നു. മതത്തിന്റെ മിസ്റ്റിക്ക് മാർഗ്ഗം സ്വീകരിച്ചിട്ടുണ്ടെന്നു പെരുമ്പറയടിക്കുന്ന നമ്മുടെ കോൺഗ്രസ്സ് മന്ത്രിസഭകൾ പോലും അമിതമായ മദ്യപാനം ആരോഗ്യത്തിനു് ഹാനികരമാണെന്നുള്ള ശാസ്ത്രത്തിന്റെ കണ്ടുപിടുത്തം സ്വീകരിച്ചു് അതിനെ പാടെ നിരോധിക്കുന്നതിനു് റഷ്യയുടെ ടോട്ടലിറ്റേറിയൻ പ്രവൎത്തനമാർഗ്ഗം സ്വീകരിച്ചിരിക്കുന്നതും കാറ്റ് എങ്ങോട്ടാണു് അടിക്കുന്നതെന്നു് സൂചിപ്പിക്കുന്നുണ്ടു്.

19-ാം ശതാബ്ദത്തിൽ സയൻസിനു നേടുവാൻ സാധിച്ച സ്മരണീയമായ അഭിവൃദ്ധി നിമിത്തം പാശ്ചാത്യ ലോകത്തിൽ മതമാർഗ്ഗത്തിന്റെ വില ഇടിഞ്ഞുപോയി. പരിവൎത്തനത്തിന്റെ ഏകമാർഗ്ഗമായി അവശേഷിച്ച യുക്തിവാദ സന്തതി സയൻസിനെ -ശാസ്ത്രീയമായ പരിവൎത്തനത്തെ-പാശ്ചാത്യർ ഡാർവിന്റെ പരിണാമവാദത്തിന്റെ പിടിയിൽപെട്ടു പുരോഗതിയോടു ഏകീകരിക്കുകയും ചെയ്തു. പുരോഗതി എന്നതിൽ ധൎമ്മശാസ്ത്രപരമായ ഒരു വീക്ഷണകോടി ഉദ്ദംകൊള്ളുന്നുണ്ടെന്നും, പരിവൎത്തനം എന്നതു കേവലം ഒരു വസ്തുത (ഫാക്ട്) മാത്രമാണെന്നും അന്നുതന്നെ ദബ്ലർ മോങ്ങ് എന്ന ഫ്രഞ്ച് ചിന്തകൻ ചൂണ്ടികാണിച്ചിരുന്നു. വീക്ഷ

ണകോടിയനുസരിച്ച് ഒരു പരിവത്തനം പുരോഗതിയോ, അധോഗതിയോ ആയിരിക്കുമെന്നാണ് ഇതിന്റെ താല്പര്യം.

20-ാം ശതാബ്ദത്തിലെ ഒന്നാം ലോകമഹായുദ്ധത്തിനുശേഷം സയൻസ് പുരോഗമനാത്മകമാണെന്നുള്ള അഭിപ്രായത്തിൽ പാശ്ചാത്യക്ക സംശയം ജനിക്കുകയും മതത്തെ വിശ്വാസം പൂവ്വമല്ലെങ്കിലും, ദോഷരഹിതമായ ഒരു ദൗർബ്ബല്യമെന്ന ഭാവത്തിൽ അവർ വീക്ഷിച്ചു തുടങ്ങുകയും ചെയ്തു. രണ്ടാം ലോകയുദ്ധം കൂടി കഴിഞ്ഞപ്പോഴം റഷ്യയൊഴികെ ശേഷിച്ച പാശ്ചാത്യലോകത്ത് ഈ യുദ്ധത്തിന്റേയും സയൻസിന്റെ ഗതി മറെറാരു വഴിക്കു തല്ക്കാലം തിരിച്ചുവിട്ട എയിൻസ്റ്റയിന്റെ റിലേറ്റിവിറ്റി വാദത്തിന്റേയും, ആറ്റംബോമ്പു സൃഷ്ടിയുടേയും ഫലമായി, സയൻസിനോടും മതത്തോടുമുള്ള പ്രസ്തുത നില പൂവ്വാധികം ബലപ്പെടുകയാണ് ചെയ്തതു്. ഈ വസ്തുത ഇംഗ്ലണ്ടിലെ "ദി ന്യൂ സ്റ്റേറ്റ്സ്മാൻ ആൻറ് നേഷൻ" എന്ന പത്രത്തിൽ ഡി. ഈ. എം. ജോഡ് എന്ന ചിന്തകൻ ഈയ്യിടെ ചൂണ്ടിക്കാണിച്ചിരുന്നു. ലണ്ടൻ നഗരത്തിന്റെ ഒരു പരിസര ഗ്രാമമായ മെഗ്രോപ്പ് എന്നതിൽ ഇംഗ്ലണ്ടിലെ "എത്തിക്കൽ യൂണിയൻ" എന്ന സംഘക്കാർ നടത്തിയ അന്വേഷണത്തിന്റെ ഫലത്തെ ആസ്പദിച്ചാണ് ജോഡ് പ്രസ്തുത ലേഖനം എഴുതിയതു്. സ്ഥാപിതമതങ്ങളോടു പ്രാതികൂല്യമുണ്ടെങ്കിലും, മതവിശ്വാസമെന്ന സാമാന്യ ആശയത്തെ, സ്ററാമ്പു ശേഖരിക്കലെന്ന വിനോദത്തെപ്പോലെ, നിർദ്ദോഷമായ ഒരു കിറുക്ക് എന്ന അനുഭാവ മനസ്ഥിതിയോടെയാണ് അവിടത്തെ ഭൂരിപക്ഷം ജനങ്ങളും വിചാരിച്ചുവരുന്നതു്. ആററംബോമ്പ്, ബാക്ടീരിയോളജിക്കൽ ബോംബ്, മുതലായവയുടെ കണ്ടുപിടിത്തം മുഖേന ഗുണത്തേക്കാളധികം ദോഷമാണ് സയൻസ് ചെയ്തുവരുന്നതെന്നു അവർ വിശ്വസിക്കുന്നു. ഇതു നിമിത്തം അവർ സയൻസിനേയും പുരോഗതിയേയും അവിശ്വസിക്കുകയും, വിശ്വാസം അർഹിക്കുന്ന ഏതെങ്കിലും ഒന്നിന്റെ ആവിർഭാവത്തെ അതിയായി ആഗ്രഹിക്കുകയും ചെയ്തുവരുന്നു എന്നുമാണ് ജോഡിന്റെ ലേഖനത്തിന്റെ രത്നച്ചുരുക്കം.

മനുഷ്യസംസ്കാര ചരിത്രം ആദികാലം മുതൽക്കു നിഷ്പക്ഷമായും, ഗവേഷണബുദ്ധി കലർന്നിയ ചിന്താപൂർവ്വവും പഠിക്കുവാൻ ശ്രമിച്ചിട്ടുള്ള ഒരുത്തനു മാനുഷിക മനസ്സ് ഇങ്ങനെ തരിശുനിലമായി ഭവിക്കുന്ന ഒരു കാലഘട്ടത്തിൻെറ ആവിർഭാവം പൂർത്തിയായി തോന്നുന്നതല്ല. അഞ്ഞൂറോ, അറനൂറോ വർഷത്തിൽ ഒരിക്കൽ ഇത്തരം ഒരു കാലഘട്ടം വന്നുകൊണ്ടിരിക്കുമെന്നുള്ള വിശ്വാസം പ്രാചീന മനുഷ്യരുടെ ഇടയ്ക്കു പ്രചരിച്ചിരുന്നു. ഗ്രീക്കുകാരുടെ പ്രൊമെഥെയൂസ്, അഥവാ ഹിന്ദുക്കളുടെ മഹാവിഷ്ണു, മനുഷ്യരുടെ കൂട്ടക്കൊലയ്ക്കും കൂട്ടപ്പുരോഗതിക്കും ഒന്നുപോലെ യഥേഷ്ടം ഉപയോഗിക്കാവുന്ന അഗ്നിയുടെ കൃത്രിമ നിർമ്മാണം ഇദംപ്രഥമമായി കണ്ടുപിടിച്ചപ്പോഴും, അദ്ദേഹത്തിൻെറ പുത്രനായ സോമബ്രഹ്മാവ് ഇത്തരം ഭാവദായങ്ങളുള്ള അശ്വമൈസന പ്രയോഗവും മദ്യനിർമ്മാണവും ഇദംപ്രഥമമായി സ്ഥാപിച്ചപ്പോഴും, ബ്രാൺസ് (വെങ്കല) ആയുധങ്ങളുടെ പ്രയോഗവും വെടിമരുന്നിൻെറ പ്രയോഗവും പിൽക്കാലങ്ങളിൽ ഇദംപ്രഥമമായി തുടങ്ങിയപ്പോഴും, പ്രസ്തുത തരം തരിശു മനസ്ഥിതി അന്നന്നത്തെ ജനങ്ങളിൽ അങ്കുരിച്ചിരുന്നു. ഇതിനെ അവർ അതിജീവിക്കുകയും പിന്നീടും പാസ്ച്ചറുടെ കണ്ടുപിടിത്തംപോലെ വിപ്ലവകരങ്ങളും ഭാവദായങ്ങളുള്ളവയുമായ ശാസ്ത്രീയ കണ്ടുപിടുത്തങ്ങളെ മനുഷ്യർ സ്വാഗതം ചെയ്തിരുന്നു. സയൻസ് പ്രകൃതിക്കു തുല്യം നിഷ്പക്ഷമാണ്. അതിൻെറ കണ്ടുപിടുത്തങ്ങളെ മനുഷ്യർ തങ്ങളുടെ ഗുണത്തിനായോ ദോഷത്തിനായോ, ഉപയോഗിക്കാൻ കഴിയും. ആററം ശക്തിയുടെ പ്രയോഗംകൊണ്ടു മനുഷ്യൻ എത്രയധികം ഗുണമുണ്ടാക്കുവാൻ പോകുന്നു! നിർമ്മാണപരമായ ആററംശക്തി പ്രയോഗപര്യവേക്ഷണങ്ങൾ സ്ഥാപിച്ചു തുടങ്ങിയിരിക്കുന്നു. അതിനാൽ സയൻസിൻെറ കണ്ടുപിടുത്തങ്ങളെ പഴിക്കാതെ അവയെ ദുരുപയോഗിക്കുന്ന മനുഷ്യരെ പഴിക്കുകയാണ് വേണ്ടതു്. ഈ ദുരുപയോഗം നിറുത്തൽ ചെയ്യുവാൻ ഇതിനു കാരണങ്ങളായ

പരിതഃസ്ഥിതിയേയും പാരമ്പര്യത്തേയും ശാസ്ത്രീയമാർഗ്ഗങ്ങൾ പ്രയോഗിച്ച് മാററുക തന്നെ വേണം.

പാശ്ചാത്യരിൽ ഭൂരിപക്ഷത്തിൻേറയും ഇടയ്ക്കുള്ള ഇന്നത്തെ തല്ക്കാല മതമനഃസ്ഥിതി കണ്ടു തങ്ങളുടെ പ്രത്യേക കുത്തകയായ മതമനഃസ്ഥിതി ലോകമാസകലം പ്രചരിച്ചു തുടങ്ങിയെന്നു സ്വപ്നം കണ്ട് ആഹ്ളാദിക്കുന്ന ഭാരതീയരെ അചിരേണ റഷ്യയിൽനിന്നുള്ള ശക്തിയേറിയ കാററ് ഉണർത്തി അസുഖപ്പെടുത്തുന്നതാണ്. ഭാരതീയരുടെ ഇന്നുവരെയുള്ള അധഃപതനത്തിനു മൗലീക കാരണം, ഈ മതമനഃസ്ഥിതിയാണ്. ഭാരതത്തിനു രണ്ടു ഭാഗമായിട്ടാണെങ്കിലും, അതിൻെറ ഭാവി ഭാഗധേയം രൂപവൽക്കരിക്കുവാൻ വേണ്ട സ്വാതന്ത്ര്യം കിട്ടിയിരിക്കുന്ന ഇന്ന് പഴയ മനഃസ്ഥിതിതന്നെ വച്ചു പുലർത്തികൊണ്ടുപോകുന്നതു പരമ മൌഢ്യമായിരിക്കുമെന്ന് ആയിരം തവണ ഇടിനാദത്തിൽ പറഞ്ഞാലും അത് അധികമായിപ്പോകുന്നതല്ല. ഇടിനാദതുല്യം ശക്തിയേറിയ ആക്ഷേപവും യുക്തിയും ഈ മതമനഃസ്ഥിതിയിൽ ചൊരിഞ്ഞു് അതിനെ ആട്ടിപ്പായിച്ച് അതിൻെറ സ്ഥാനത്ത് സയൻസിൻെറ ജനനിയായ യുക്തിവാദം സ്ഥാപിക്കുവാൻ ഉദ്യമിക്കുന്ന "യുക്തിവാദി"യുടെ സുപ്രസിദ്ധ പത്രാധിപർ ശ്രീ. എം. സി. ജോസഫിൻെറ പ്രകൃതഗ്രന്ഥം അത്യന്തം സന്ദർഭോചിതമായ ഒരു പ്രസിദ്ധീകരണമാണെന്നു പ്രത്യേകം പറയേണ്ട ആവശ്യമില്ലല്ലോ.

പ്രകൃത ഗ്രന്ഥത്തിൻെറ ആറ് അദ്ധ്യായങ്ങളിൽ ഗ്രന്ഥകാരൻ കേരളീയരുടേയും ഭാരതീയരുടേയും ഇടയ്ക്കു പ്രചരിച്ചു വരുന്നതും മതമനഃസ്ഥിതിയോടു ബന്ധമുള്ളതുമായ പല വിശ്വാസങ്ങളേയും ആചാരങ്ങളേയും വീക്ഷണകോടികളേയും യുക്തിവാദത്തിൻെറ വെളിച്ചത്തിൽ പരിശോധിച്ച് അവയുടെ യുക്തിഹീനതയെ പ്രസ്പഷ്ടമാക്കിയിരിക്കുന്നു. ജ്യോത്സ്യത്തിലും മുഹൂർത്തത്തിലുമുള്ള വിശ്വാസം, രാഷ്ട്രീയ സ്വാതന്ത്ര്യസ്ഥാപനത്തിനുള്ള ആവേശത്തിൽ അതു നിലനിർത്തികൊണ്ടുപോകുവാൻ വേണ്ട സമുദായ ഐക്യം മുളപ്പിക്കുവാൻ മതമനഃസ്ഥിതിക്കാരായ കോൺഗ്രസ്സുകാർ

മറന്നുപോയതു്, സകല മതങ്ങളിലുമുള്ള കിറുക്കന്മാരായ സന്യാസിമാരുടെ ഉഗ്രതപസ്സുകളുടെ ചരിത്രങ്ങളെ പുരോഹിതർ മുതലാക്കുന്നതു്, ഭാരതീയ ഋഷികൾ വൈദികകാലത്തു് ഗോമാംസം ഭക്ഷിച്ചിരുന്നതിനെ വിസ്മരിച്ചുകൊണ്ടുള്ള അന്ധമായ ഗോസംരക്ഷണഭ്രമം, കൃത്രിമമായ സന്താനനിയന്ത്രണത്തോടു കത്തോലിക്കർക്കുള്ള പ്രാതികൂല്യം, വേദാന്തമതം മററു മതങ്ങളോടു സ്വീകരിച്ചുവന്നിരുന്ന മത്സ്യന്യായനയത്തെ വെള്ളയടിക്കുവാൻ ശ്രമിക്കുന്ന വാദങ്ങൾ; ഇസ്ലാമിനെ അനുകരിച്ചു ഹിന്ദുമതത്തിൽ സ്ഥിതിസമത്വവാദപരമായ പരിഷ്ക്കാരങ്ങൾ വരുത്തുന്നതിനുള്ള വൈമുഖ്യം, മതപ്രാർത്ഥനകൾ, പബ്ലിക്കായുള്ള മതഘോഷപ്രകടനങ്ങൾ, പാക്കിസ്ഥാൻ ജനിപ്പിച്ച ഹിന്ദുമതത്തിന്റെ സൂപ്പീരിയോറിറ്റി കോംപ്ലക്സ് (ശ്രേഷ്ഠതാബോധം) ഇത്യാദി പലതിന്റേയും ദൂഷ്യങ്ങൾ രസകരങ്ങളായ ഉദാഹരണങ്ങളോടും കഥകളോടും കൂടി പ്രസന്നമായ ഭാഷാരീതിയിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഈ കൃതിയുടെ പ്രസിദ്ധീകരണത്തിനു ശ്രീ. ജോസഫിനെ ആത്മാർത്ഥമായി അഭിനന്ദിച്ചുകൊണ്ടും, ചിന്താശീലത്തിന്റെ അഭാവത്തിനു പേരെടുത്തിട്ടുള്ള കേരളീയരിൽ പ്രകൃതഗ്രന്ഥം ആ ശീലം ജനിപ്പിക്കുമാറാകട്ടെ എന്നു ആശീർവ്വദിച്ചുകൊണ്ടും ഞാൻ ഇതിനെ കേരളീയരുടെ ഇടയ്ക്കു് അവതരിപ്പിച്ചുകൊള്ളുന്നു.

പറവൂർ,
31—7—1947.

എ. ബാലകൃഷ്ണപ്പിള്ള

# പുരോഗതി

## ഹിററ്ലറെ മലത്തിച്ച മുഹൂത്തം

ഹിററ്ലർ മുഹൂത്തത്തിൽ വലിയ വിശ്വാസിയായിരുന്നുവത്രെ. ഏതു് പ്രധാനപ്പെട്ട കാര്യ്യവും തൻെറ ജ്യോത്സ്യന്മാർ നിശ്ചയിക്കുന്ന മുഹൂത്തം നോക്കിയേ ഹിററ്ലർ ചെയ്തിരുന്നുള്ളു. ഒരു ആക്രമണം ആരംഭിക്കുന്നതും, സന്ധിക്കു് ഒപ്പു വെയ്ക്കുന്നതും, സേനാനിയെ നിയമിക്കുന്നതും, പുതിയ ആയുധത്തിൻെറ പ്രയോഗം തുടങ്ങുന്നതുമെല്ലാം ജ്യോത്സ്യൻ ഗ്രഹനില നോക്കി നിശ്ചയിക്കുന്ന മുഹൂർത്തത്തിൽ മാത്രമായിരുന്നു. എന്നാൽ, ഈ പതിവു കൊണ്ടു് തനിക്കു് വലിയ ഗ്രഹപ്പിഴയാണു് പററികൊണ്ടിരുന്നതു് എന്നു് ഹിററ്ലർ അശേഷവും അറിഞ്ഞിരുന്നില്ല. 1939ൽ യുദ്ധം ആരംഭിച്ചിട്ടധികം താമസിയാതെതന്നെ ബ്രിട്ടീഷ് യുദ്ധകാര്യ്യാലയക്കാരും ഗ്രഹനിലനോക്കി മുഹൂർത്തങ്ങൾ കണ്ടുപിടിക്കുന്നതിനു് ഒരു വിദഗ്ദ്ധനായ ജ്യോത്സ്യനെ ഏർപ്പാടുചെയ്തു. അതു് അവർക്കു് ജ്യോത്സ്യത്തിൽ വിശ്വാസമോ അഭിരുചിയോ ഉണ്ടായിട്ടല്ല ഹിററ്ലർ വിശ്വസിക്കുന്നതും ഗണിപ്പിക്കുന്നതും ആയ ജ്യോത്സ്യത്തിൻെറ വഴി പിടിച്ചു് ഹിററ്ലർ ആരംഭിക്കുന്ന ആക്രമണങ്ങളുടേയും മററും മുഹൂർത്തങ്ങൾ മുൻകൂട്ടി മനസ്സിലാക്കാൻ മാത്രമായിരുന്നു അതു്. ഹിറ്റ്ലറുടെ ജ്യോത്സ്യന്മാരുടെ പേരുകളും അവരുടെ ഗണനാരീതിയും മററു വിവരങ്ങളും യുദ്ധാരംഭത്തിനു മുൻപുതന്നെ ബ്രിട്ടീഷ് യുദ്ധകാര്യ്യാലയക്കാർ ശേഖരിച്ചു വെച്ചിരുന്നു. ആ രീതി അനുസരിച്ചു് തന്നെ മുഹൂർത്തങ്ങൾ ഗണിക്കാൻ പഠിച്ചിരുന്ന ജ്യോത്സ്യനെയാണു് ബ്രിട്ടീഷ് യുദ്ധകാര്യാലയക്കാർ നിയമിച്ചിരുന്നതു്. ഈ കൗശല ജ്യോത്സ്യം മൂലം ഹിററ്ലറുടെ പല ആക്രമണാരംഭങ്ങളെപ്പററിയും മുൻകൂട്ടി അറിയുന്നതിനും അതുമൂലം പലപ്പോഴും ഫലപ്രദമായവിധം ആക്രമണങ്ങളെ തടുക്കുന്നതിനും

കടന്നുവെട്ടുന്നതിനും ഒഴിഞ്ഞുമാറുന്നതിനും ബ്രിട്ടീഷുകാക്കു സാധിച്ചിട്ടുണ്ടത്രെ. വളരെ രഹസ്യമായി വെച്ചിരുന്ന ഈ സംഗതി റോയിട്ടരുടെ പ്രത്യേക ലേഖകനായ ലൂയിമാൻസ്ഫീൽഡ് പുറത്തുവിട്ട പ്രകാരം 1945 ജൂലായി 14-ാംനു- പത്രത്തിൽ പ്രസിദ്ധം ചെയ്തിട്ടുള്ളതാണ്.

ഹിററ്ലരുടെ ജ്യോത്സ്യന്മാരുടെ ഗണനങ്ങളും പ്രകല്പനങ്ങളുമെല്ലാം അയഥാൎത്ഥങ്ങളായി ചമഞ്ഞു. ഹിററ്ലർ അന്തൎദ്ധാനം ചെയ്തു. ഹിററ്ലരുടെ ജർമ്മനി പരാധീനയായി. ഇനിയും ആ ഗണിതത്തിൽ എന്തെങ്കിലും കഴമ്പുണ്ടായിരുന്നെന്നു് പറയുവാൻ ആരുണ്ടാകും. എന്നാലും ഈ അനുഭവം കൊണ്ടൊന്നും ജ്യോത്സ്യ വിശ്വാസം നശിച്ചുപോയെന്നു വരുന്നതല്ല. മദ്യപാനം എല്ലാംകൊണ്ടും ദോഷകരമാണെന്നു് എത്രയെത്ര അനുഭവങ്ങൾ നിത്യേന ഉണ്ടായികൊണ്ടിരുന്നിട്ടും മദ്യപാനം ഇല്ലാതാകുന്നില്ലല്ലോ. ദോഷം എന്തൊക്കെയാണെങ്കിലും ഒരു താല്ക്കാലികമായ ഉന്മേഷവും നിർവൃതിയും മദ്യപാനം നൽകുന്നു. അതാണ് മദ്യത്തിന്റെ വശ്യത. വരാൻ പോകുന്ന സംഭവങ്ങളെപ്പററി മുൻകൂട്ടി അറിയുന്നു എന്ന ആശ്വാസകരവും ആനന്ദകരവുമായ ഒരു ബോധം നല്കുന്നു എന്നതാണ് ജ്യോത്സ്യത്തിന്റെ വശ്യത. ജർമ്മനിയുടെ ശക്തിയും സാദ്ധ്യതകളും ക്രമാതീതമായി വൎദ്ധിപ്പിച്ചു് ജർമ്മനിയെ ലോകാധിപയാക്കിത്തീർക്കാൻ നിയതി നിയമിച്ചുവിട്ടിട്ടുള്ള അവതാരപുരുഷനാണ് താൻ എന്നുള്ള വിചാരം ഹിററ്ലക്കുണ്ടായിരുന്നു. ആ വിചാരത്തിനനുസരണമായും അതിനെ ശക്തിപ്പെടുത്തിയും പ്രവർത്തിച്ചുകൊണ്ടിരുന്ന ഹൃദ്യങ്ങളായ ജ്യോത്സ്യഗണനങ്ങളിൽ ഹിറ്റ്ലർ ആകൃഷ്ടനായതിലും ജ്യോത്സ്യത്തിൽ അയാൾ അതിരററു് വിശ്വസിച്ചതിലും അത്ഭുതമൊന്നുമില്ല.

## നെപ്പോളിയന്റെ ജാതകം

പാരീസിലെ പുരാരേഖാ ശേഖരത്തിൽനിന്നു്, കൌണ്ടു്ലൂയിഹാമൺ ഒരു രേഖ കണ്ടെടുത്തിരിക്കുന്നുവത്രെ. അതിൽ കാണുന്ന

വിവരങ്ങളാണെന്നു പറഞ്ഞു് ചില പത്രങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളതാണു് ഇവിടെ സംഗ്രഹിക്കുന്നതു്:- "ഫ്രഞ്ചു് വിപ്ലവം ഉണ്ടാകുന്നതിന്നു അല്പ ദിവസങ്ങൾക്കുമുമ്പു് ഒരു യുവഭടൻ പാരീസിലെ ഒരു തെരുവിൽകൂടി ആരേയോ അന്വേഷിച്ചു് അലയുകയായിരുന്നു: അയാൾ ഒടുവിൽ ഒരു വാതലിൽ മുട്ടി "ആബി അൽക്ലാക്കു് എന്നയാളെ എനിക്കു് കാണേണ്ടിയിരിക്കുന്നു. അയാൾ എവിടെ താമസിക്കുന്നുവെന്നു് പറഞ്ഞു തരുമോ" എന്നു ചോദിച്ചു. "അയാൾ ഇതിൻെറ ആറാമത്തെ നിലയിൽ താമസിക്കുന്നുണ്ടു്." എന്നു മറുപടി കിട്ടി. യുവാവു് ആറാം നിലയിലേക്കു് കയറി ഒരു മുറിയിൽ ചെന്നു. അവിടെ ഒരു താടിക്കാരൻ ഇരുന്നു് ആരുടേയോ ജാതകം ഏകാഗ്രമായി നോക്കികൊണ്ടിരിക്കയായിരുന്നു. യുവാവു് തൻെറ കീശയിലെ പണം എത്രയെന്നു് നോക്കി. അതു് കൊടുത്താൽ പോരാ എന്നു കരുതി തിരിഞ്ഞു് നടന്നുകളയാൻ നിശ്ചയിച്ചു. അങ്ങനെ യുവാവു് പുറകോട്ടു് തിരിഞ്ഞപ്പോൾ കാലു് വാതിൽപ്പടിയിൽ തട്ടി ഒരു ശബ്ദം ഉണ്ടായി. ആബി കടലാസ്സിൽനിന്നു കണ്ണെടുത്തു് വാതില്ക്കലേയ്ക്കു് നോക്കുകയും യുവാവിനെ കാണുകയും ചെയ്തു. അയാൾ ചോദിച്ചു. "നിങ്ങൾ എന്തിനാണു വന്നതു് ?" "നിങ്ങളുടെ അടുക്കൽനിന്നു് ചില കാര്യങ്ങൾ അറിയേണ്ടതുണ്ടു്. പക്ഷെ എന്റെ കൈവശമുള്ള പണം നിങ്ങൾക്കു് പ്രതിഫലം തരാൻ തികയുകയില്ല. അതുകൊണ്ടു് പൊയ്ക്കളയാമെന്നു് വിചാരിക്കുന്നു." "ശരി, വരണം. എപ്പോഴും പ്രതിഫലം പണംതന്നെയായിരിക്കണമെന്നില്ലല്ലോ. നിങ്ങളുടെ കൈ കാണട്ടെ" യുവാവു് കൈ നീട്ടികൊടുത്തു. അതുകണ്ടു് ആബി ചില നോട്ടുകൾ കുറിച്ചു് യുവാവിൻെറ പേരു് ജനനത്തിയതി, സ്ഥലം ആദിയായവയും ചോദിച്ചറിഞ്ഞു. അനന്തരം അയാൾ പറകയാണു്: "നിങ്ങൾ ആദ്യമായി നിങ്ങളുടെ പേരിൻെറ അക്ഷരങ്ങൾ ഉച്ചാരണത്തിന്നനുസരിച്ചു് മാററണം. എന്തെന്നാൽ അങ്ങനെ ചെയ്യുമ്പോൾ നിങ്ങളുടെ ജാതകത്തിലെ പ്രധാന ഗ്രഹങ്ങളുടെ ചലനമനുസരിച്ചിരിക്കും ആ പേരു്. ആ പേരിനു് 13 എന്ന അക്കവുമായി

വളരെ ബന്ധമുണ്ട്. 13 വലിയ ശക്തിയെ കാണിക്കുന്നു. പക്ഷെ ആ ശക്തിയെ ദുരുപയോഗം ചെയ്താൽ അതു നിങ്ങളെ ത്തന്നെ നശിപ്പിക്കും.'' പേരിൻെറ അക്ഷരങ്ങൾ മാററാമെന്നു യുവാവു് സമ്മതിച്ചു: (ഇന്നു് നെപ്പോളിയൻ ബോണപ്പാർട്ടു് എന്നു സാധാരണ എഴുതിക്കാണുന്നതു് ആ മാററമനുസരിച്ചുള്ള അക്ഷരങ്ങളാണു്. (അദ്ദേഹത്തിൻെറ ഒപ്പിൽ സ്വന്തം പേരു് ഉച്ചാരണരീതിയനുസരിച്ചാണു് എഴുതിയിരിക്കുന്നതെന്നു ചരിത്രകാരന്മാർ പറയുന്നുമുണ്ടു്.) ജ്യൗതിഷി ഇങ്ങിനെ തുടന്നു:- ''നിങ്ങൾ ഒരു ദ്വീപിലാണു് ജനിച്ചതു്. ഒരു ദ്വീപിലാണു് നിങ്ങൾ മരിക്കുന്നതും. പക്ഷെ; ആ ദ്വീപു് ജനിച്ച സ്ഥലത്തുനിന്നു് വളരെ ദൂരെ സമുദ്ര മദ്ധ്യത്തിലായിരിക്കും. അതു് ഏകാന്തമായി പാറപിടിച്ച ഒരു ദ്വീപുമായിരിക്കും.

ഈ രണ്ടു ദ്വീപു്സംഭവങ്ങൾക്കുമിടയ്ക്കു് നിങ്ങൾ പ്രാപിക്കാത്ത ഔന്നത്യമുണ്ടായിരിക്കയില്ല. ഇന്നു മുതൽ നാലു കൊല്ലത്തിനകം ഒരു ''ലിററിൽ കാർപ്പൊറൽ'' ആയിരിക്കുന്നതിനുപകരം നിങ്ങൾ ഒരു വലിയ സൈന്യാധിപനായിത്തീരും. 27_ാം വയസ്സു മുതൽ നിങ്ങളുടെ മഹത്തായ അഭിലാഷങ്ങൾ സാധിച്ചു തുടങ്ങും. 1800ൽ (ഇതു് കൂട്ടിനോക്കുമ്പോൾ ചൊവ്വായുടെ അക്കമായ 9 കിട്ടുന്നു. നിങ്ങളുടെ ജാതകത്തിൽ വ്യാഴം കഴിഞ്ഞാൽ പിന്നെ ഏററവും ശക്തിയേറിയ ഗ്രഹം ചൊവ്വയാണു്.) നിങ്ങൾ ഒരു ഏകശാസനാധികാരിയായി ഭരിക്കാൻ തുടങ്ങും. അതിനുശേഷം നിങ്ങളുടെ പ്രതാപത്തിനു് അതിരില്ലാതാകും. പക്ഷേ സൂക്ഷിക്കണം. 13 എന്ന അക്കപ്രകാരം പ്രതാപം നിങ്ങളുടെ നേരെ തിരിഞ്ഞു് നിങ്ങളെത്തന്നെ നശിപ്പിക്കാതെ നോക്കേണ്ടതാണു്. നെപ്പോളിയൻ ചക്രവർത്തിയായ ഉടൻ ആദ്യമായി ചെയ്ത കൃത്യം ഈ ആബിയെ കണ്ടുപിടിച്ചു് താമസിക്കാൻ സ്ഥലവും പെൻഷനും കൊടുക്കുക എന്നുള്ളതായിരുന്നു. ആബിയുടെ അവസാന നിമിഷങ്ങൾ ശോകമായിരുന്നു.

1814ൽ നെപ്പോളിയൻെറ ജാതകം പരിശോധിച്ചുകൊണ്ടിരിക്കുമ്പോൾ അടുത്ത മാസം ജൂൺമാസത്തിൽ അദ്ദേഹം തടവുകാരനാ

യിത്തീരുമെന്നു് അയാഠം കണ്ടു. ഉടനെത്തന്നെ നെപ്പോളിയനെ കാണാൻ ശ്രമിച്ചു. അതിനുവേണ്ടി മാത്രം 1814ലെ പല യുദ്ധങ്ങളിലും അയാഠം നെപ്പോളിയനെ പിൻതുടൎന്നു. പക്ഷെ ഫലമെന്തു്? അടുത്ത മാസം ജൂൺമാസം 14 ാംനു- നെപ്പോളിയൻ വാട്ടർലൂ രണാങ്കണത്തിലേയ്ക്കു് സൈനികയാത്ര ചെയ്യുകയായിരുന്നു. ആബി മിക്കവാറും അദ്ദേഹത്തെ കണ്ടു എന്ന മട്ടായി. പക്ഷെ, നെപ്പോളിയന്റെ അംഗരക്ഷകന്മാർ, ഭ്രാന്തനാണെന്നു് പറഞ്ഞു് അയാളെ ഓടിച്ചുകളയുകയാണുണ്ടായതു്. വാട്ടർലൂ രണാങ്കണത്തിൽവച്ചു് നെപ്പോളിയനെ ഇംഗ്ലീഷുകാരും ജർമ്മൻകാരും കൂടി നിശ്ശേഷം തോല്പിച്ചു. അദ്ദേഹം തൻെറ തലസ്ഥാനമായ പാരീസ് നഗരത്തിലേക്കു് പാലായനം ചെയ്തു. അതിനുശേഷം കുറച്ചുദിവസം കഴിഞ്ഞപ്പോഠം യുദ്ധഭൂമിയുടെ അരുകിലുണ്ടായിരുന്ന ഒരു കിടങ്ങിൽ ആബിയുടെ മൃതശരീരം കണ്ടു. അപ്പോഴും നെപ്പോളിയൻെറ ജാതകം അയാളുടെ വൃദ്ധഹസ്തങ്ങഠം മുറുകെപ്പിടിച്ചിരുന്നു."

ഈ കഥ കേട്ടപടിയേ വിശ്വസിക്കുവാനും, ജ്യോതിസ്സിൻെറ സാദ്ധ്യതകളേയും ആബി ആൽ ക്ലാക്കിൻെറ സിദ്ധികളേയും പ്പററി അത്ഭുതം കൊള്ളാനും വളരെപ്പേർ ഉണ്ടായിരിക്കും. കഥനത്തിൽ അടങ്ങിയിരിക്കുന്ന വിരുദ്ധതകളേയോ അയുക്തതങ്ങളേയോ അധികമാരും കാണുകയില്ല. കാണാൻ ഇഷ്ടപ്പെടുകയുമില്ല. ലണ്ടൻ തെരുവിലൂടെ ഇംഗ്ലണ്ടിൻെറ കിരീടാവകാശി താനാണെന്നു് അവകാശവാദം ചെയ്തു നടന്നിരുന്ന ഒരു കിറുക്കൻ അടുത്തക്കാലത്തുണ്ടായിരുന്നതുപോലെ, നെപ്പോളിയൻെറ ജാതകം താൻ ഗണിച്ചു കൊടുത്തിട്ടുണ്ടെന്നു് പറഞ്ഞിരുന്ന ഒരു കിറുക്കൻ പണ്ടുണ്ടായിരുന്നിരിക്കാം. അയാളോ മററോ പണ്ടു് വല്ലതും എഴുതിവച്ചിരുന്നതു് പാരീസിലെ പുരാരേഖാശേഖരണത്തിൽ പെട്ടിരുന്നെന്നും വരാവുന്നതാണു്. അല്ലെങ്കിൽ, ഈ കഥ ആദ്യാവസാനം ആരെങ്കിലും കെട്ടിച്ചമച്ച സങ്കല്പകഥയാകാനും വിരോധമില്ല. ഏതായാലും ജ്യോതിസ്യത്തെപ്പററിയുള്ള ഒരു ഒന്നാംതരം പരസ്യമായിട്ടാണു് ഇതു് പ്രചരിച്ചിരുന്നതെന്നു് തീച്ചതന്നെ. ജ്യോത്സ്യനെ അന്വേ

ഷിച്ച് അലഞ്ഞു നടന്നു് ഒടുവിൽ കണ്ടെത്തിയപ്പോഠം മാത്രം ഫീസ് കൊടുക്കുവാൻ പണമുണ്ടോ എന്നു് കീശതപ്പി എന്നതു് സംഭവ്യമാണോ ? യാതൊരന്വേഷണവും കൂടാതെ ഫീസു് പോരെന്നു് തന്നെത്താൻ തീരുമാനിച്ചു് മടങ്ങാമെന്നു കരുതി ഒരാഠം പിന്തിരിയുമോ ? നെപ്പോളിയൻ സ്ഥലവും പെൻഷനും സമ്മാനിച്ചിട്ടുള്ള ആ ദിവ്യനു് നെപ്പോളിയനെ കാണ്മാനോ എഴുതി അറിയിക്കാനോ സാധിക്കാതെ വരുമോ ? അയാളെ ഭ്രാന്തനെന്നു പറഞ്ഞു് അംഗരക്ഷകന്മാർ ആട്ടിഴയാടിച്ചു കളഞ്ഞിട്ടുണ്ടെങ്കിൽ അയാഠം യഥാത്ഥത്തിൽ ഭ്രാന്തൻതന്നെ ആയിരിക്കയില്ലേ ? ഈ കഥയിൽ പറയുന്ന വിധത്തിൽ നെപ്പോളിയൻ ബഹുമാനിച്ച ഒരു ആബി ഉണ്ടായിരുന്നെങ്കിൽ അയാഠം വിശ്രുതനായിരിക്കുകയില്ലേ ? നെപ്പോളിയന്റെ ജീവചരിത്രത്തിൽ അയാളുടെ പേരു് കാണാതിരിക്കുമോ ? നെപ്പോളിയൻെറ ജാതകവും മുറുകെപ്പിടിച്ചുകൊണ്ടു് അയാഠം കിടങ്ങിൽ മരിച്ചുകിടന്നിരുന്നതായി കാണപ്പെട്ടിട്ടുണ്ടെങ്കിൽ ആ സംഭവത്തിനും ജാതകത്തിനും ഉടൻതന്നെ അസാമാന്യ പ്രസിദ്ധിസിദ്ധിക്കുമായിരുന്നില്ലേ ? ഗ്രഹനിലനോക്കി നെപ്പോളിയൻ ഉടൻ തടവുകാരനായിത്തീരുമെന്നു് ഗണിച്ചു് മനസ്സിലാക്കിയ ആബി, താൻ ഉടൻ ചാകാൻ പോകുന്ന വിവരം ഗണിച്ചറിഞ്ഞില്ലെന്നും വരുമോ ? "കഥയിൽ ചോദ്യമില്ല" എന്നല്ലേ പ്രമാണം. അതുകൊണ്ടു് ഈ കഥയെ സംബന്ധിച്ചും മേല്പറഞ്ഞ ചോദ്യങ്ങഠം ചോദിച്ചിട്ടാവശ്യമില്ല. ജ്യോത്സ്യത്തിൽ ഭ്രമമുള്ള വളരെപ്പേർ ഇന്നും ലോകത്തിൽ ഉണ്ടു്.

ഗ്രഹങ്ങളാണു് ലോകത്തെ ഭരിക്കുന്നതെന്നും ജീവിതസംഭവങ്ങളെല്ലാം ജാതകഫലമനുസരിച്ചായിരിക്കുമെന്നും ആ സാധുക്കഠം വിശ്വസിക്കുന്നു. സവ്വവും ദൈവമാണു് സാധിപ്പിക്കുന്നതെന്നു് മതവിശ്വാസികഠം സമത്ഥിക്കുന്നതുപ്പോലെ, സവ്വവും ഗ്രഹങ്ങളാണു് സാധിപ്പിക്കുന്നതെന്നു് ജ്യോത്സ്യവിശ്വാസികളും സമർത്ഥിക്കുന്നു എന്നു മാത്രം. ഹസ്തരേഖ നോക്കിയുള്ള ഗണിതവും ഗ്രഹനില നോക്കിയുള്ള ഗണിതവും പരസ്പരം ബന്ധമില്ലാത്ത രണ്ടുതരം

(റപ്പടി) വിദ്യകളാണെന്നുള്ള വസ്തുതപോലും ഈ കഥ നിർമ്മിച്ചയാറം വിസ്മരിച്ചുപോയിരിക്കുന്നു! ഗ്രഹനിലയിൽ വിശ്വാസമുള്ളവർ പ്രായേണ ഹസ്തരേഖയിലും വിശ്വാസമുള്ളതായിക്കാണുന്നുണ്ട്. അതുകൊണ്ടായിരിക്കാം. ഈ കഥയിൽ ആ കുട്ടിക്കുഴച്ചൽ പാററിപ്പോയതു്. ജ്യോത്സ്യവിശ്വാസവും മതവിശ്വാസവും മനുഷ്യമനസ്സിൻെറ ഒരേ തരത്തിലുള്ള ദൗർബ്ബല്യതകളാണു്.

## സ്വാമി വിവേകാനന്ദനും ജ്യോത്സ്യവും

പി. കെ. രാജരാജവർമ്മ അവർകറം എം. എ. കുറെ മുമ്പു് "മലയാളരാജ്യ"ത്തിൽ "തലയിലെഴുത്തു്" എന്ന തലക്കെട്ടിൽ ഒരു ലേഖനം എഴുതിയിരുന്നു. "മനുഷ്യൻെറ ജീവിതഗതി ഇന്ന വിധത്തിലായിരിക്കുമെന്നു് മുൻകൂട്ടി അറിയാൻ സാധിക്കുമോ? ആ ജിവിതഗതിയിൽ അല്പസ്വല്പവ്യത്യാസങ്ങറം മനുഷ്യൻ വിചാരിച്ചാൽ വരുത്താൻ സാധിക്കുമോ? തത്വചിന്തകന്മാർ എന്തു പറയുന്നു? എന്ന ചോദ്യങ്ങറം കൊണ്ടാണു് രാജരാജവർമ്മ ആ ലേഖനം സമാപിച്ചിരുന്നതു്. ഒരു വലിയ തത്വചിന്തകനെന്നു് ലോകസമ്മതി ലഭിച്ചിട്ടുള്ള സ്വാമി വിവേകാനന്ദൻെറ ഒരു ലേഖനത്തിൽ മേല്പറഞ്ഞ ചോദ്യങ്ങറംക്കു സാമാന്യമായ മറുപടി ഉണ്ടായിരുന്ന ഭാഗം ഞങ്ങറം "യുക്തിവാദി" 8_ാം വാല്യം 2_ാം ലക്കത്തിൽ പ്രസിദ്ധം ചെയ്തിട്ടുണ്ടു്. വിവേകാനന്ദൻ സ്ഥാപിച്ച "രാമകൃഷ്ണമിഷ്യൻ" വക "Prabudha Bharatha" എന്ന ഇംഗ്ലീഷുമാസികയിലാണു് ആ ലേഖനം പ്രസിദ്ധീകരിച്ചിരുന്നതു്. ഹിറ്റ്ലരുടെ മുഹൂത്തവിശ്വാസത്തേയും നെപ്പോളിയൻെറ ജാതകത്തേയുംപററി പറഞ്ഞ ഈ സന്ദർഭത്തിൽ സംഗതമായിരിക്കുമെന്നു് കരുതി വിവേകാനന്ദൻ ജ്യോത്സ്യത്തെപ്പററി പറഞ്ഞിട്ടുള്ള ഭാഗം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.–

"ജ്യോത്സ്യം ഹിന്ദുസമുദായത്തെ വളരെ അധഃപതിപ്പിച്ചിട്ടുള്ള അന്ധവിശ്വാസങ്ങളിൽ ഒന്നാണു്. ഭാവിയെപ്പററി വിസ്മയജനകമാംവണ്ണം പ്രവചിച്ചിട്ടുള്ള ചില ജ്യോത്സ്യവീരന്മാരെ ഞാൻ

നേരിട്ടു് അറിയും. എന്നാൽ ഗ്രഹനിലകളെ ആസ്പദിച്ചാണു്, അവർ പ്രവചിച്ചിട്ടുള്ളതെന്നു് വിശ്വസിക്കാൻ കാരണം കണ്ടിട്ടില്ല. ആ പ്രവചനങ്ങൾ അധികപക്ഷവും പരഹൃദയഗ്രഹണം (Mind-reading) ആയിരുന്നു. ജ്യോത്സ്യപ്രവചനങ്ങൾ മിക്കവാറും വെറും വിഡ്ഢിത്തപ്രലപനങ്ങൾ മാത്രമാണു്. ലണ്ടനിൽവെച്ച് ഒരു ചെറുപ്പക്കാരൻ എൻെറ അടുക്കൽ വന്നു്, വരും കൊല്ലത്തിൽ അയാളുടെ സ്ഥിതി എന്തായിരിക്കുമെന്നു് എന്നോടു് ചോദിച്ചു. ഈ ചോദ്യത്തിൻെറ ഉദ്ദേശമെന്താണെന്നു് ഞാൻ അങ്ങോട്ടു ചോദിച്ചു "എൻ്റെ ധനമെല്ലാം നശിച്ചു് ഞാൻ ഇപ്പോൾ കഠിന ദാരിദ്ര്യത്തിലായിരിക്കുന്നു" എന്നായിരുന്നു അയാളുടെ മറുപടി. പാവം! ഉള്ളതെല്ലാം പോയ്ക്കഴിഞ്ഞു് കഷ്ടത്തിലാവുമ്പോൾ ദുർബ്ബലമനസ്സന്മാർ പണമുണ്ടാക്കാൻ അസമർത്ഥ (Uncamy methodg) മാർഗ്ഗങ്ങൾ തേടുന്നു. അവർ ഗ്രഹനിലയെ പഴിക്കുന്നു. ജ്യോത്സ്യത്തിൽ അഭയം പ്രാപിക്കുന്നു. "ഇതെൻെറ തലയിലെഴുത്താണു്," "ഇതെൻെറ തലയിലെഴുത്താണു്" എന്നു് ഭീരുവും മായനും മാത്രമേ പറകയുള്ളു, എന്നൊരു സൂക്തി സംസ്കൃതത്തിലുണ്ടു്

"ഗ്രഹങ്ങളുടെ നിലയെ ആസ്പദിച്ചു് കണക്കുകൾ കൂട്ടിയോ, അത്തരം കുരുട്ടുശാസ്ത്രങ്ങൾകൊണ്ടോ, കാലയാപനം തേടുന്നവരുമായി യാതൊരു ഇടപാടും അരുതു്" എന്നു് ശ്രീബുദ്ധൻ വിലക്കീയിട്ടുണ്ടു്. ബുദ്ധനതറിയാം. ബുദ്ധനാണു് ഏറ്റവും വലിയ മഹാത്മാവായ ഹിന്ദു. ബുദ്ധൻ പറഞ്ഞതിൽ പതിരില്ല. ഗ്രഹനക്ഷത്രങ്ങൾ എവിടെയെങ്കിലും നില്ക്കട്ടെ. അതിനു് നമുക്കു് എന്തുവേണം. ഗ്രഹമോ, നക്ഷത്രമോ മനുഷ്യൻെറ ജീവിതത്തെ ശുഭമോ, അശുഭമോ ആക്കുന്നില്ല. ജ്യോത്സ്യത്തിലും അതുപോലുള്ള നിഗൂഢതന്ത്രങ്ങളിലും (Mystical Things) ഒരുവൻ വിശ്വസിക്കുന്നെങ്കിൽ, അതു് അവൻ ഒരു ക്ഷീണമനസ്സനാണെന്നു കാണിക്കുന്നു അതുകൊണ്ടു് ജ്യോത്സ്യത്തെപ്പററിയുള്ള കാര്യമായ ചിന്ത നമ്മുടെ മനസ്സിൽ പ്രവേശിക്കുന്ന ഉടനെ നാം വൈദ്യസഹായമന്വേഷിക്കണം, പത്ഥ്യാഹാരം കഴിക്കണം, വിശ്രമമെടുക്കണം. നക്ഷത്ര

ഗ്രഹങ്ങാംക്കു് നമ്മുടെ മേൽ വല്ല നിസ്സാരശക്തിയും ഉണ്ടായേക്കാം. എന്നാൽ അതു ഗൌനിക്കാൻ മാത്രമില്ല. അതു വിചാരിച്ചു് നാം കടകം തിരിയുകയും വേണ്ട. ഇതു എൻെറ പ്രബോധനങ്ങളിൽ കാൎയ്യമായ ഒന്നാണു്. ഒരു രാജാവിനെ ഒരു ജ്യോത്സ്യപ്രവീണൻ ചെന്നു കണ്ട ഒരു പഴങ്കഥയുണ്ടു്. "രാജാവേ, അവിടുന്നു ഇന്നു മുതൽ ആറുമാസത്തിനുള്ളിൽ മരിക്കും." എന്നു ജ്യോത്സ്യൻ ജാതകം നോക്കി വിധിച്ചു. ഇതു കേട്ടു് രാജാവു് പരിഭ്രാന്തചിത്തനായി. ഭയം മൂത്തു് ഉടനടി തന്നെ രാജാവു് മരിക്കുമെന്നുള്ള ഭാവമായി. എന്നാൽ രാജാവിൻെറ സചിവൻ ബഹു സമൎത്ഥനായിരുന്നു. ഈ ജ്യോത്സ്യരെല്ലാം ബുദ്ധിശൂന്യരാണെന്നും, അവർ ജല്പിക്കുന്നതെല്ലാം വെറും വിഡ്ഢിത്വങ്ങളാണെന്നും സചിവൻ രാജാവിനെ സാന്ത്വനപ്പെടുത്തി. സചിവൻെറ സാന്ത്വനം രാജാവിൻെറ ചെവിയിൽ കേറിയില്ല. അതുകൊണ്ടു് ആ ജ്യോത്സ്യപ്രവരനെ വീണ്ടും രാജസന്നിധിയിൽ വരുത്താതെ ഗത്യന്തരമില്ലെന്നു് സചിവൻ കണ്ടു. ജ്യോത്സ്യനെ വരുത്തി. അയാളുടെ കണക്കുകൂട്ടലിൽ വല്ല തപ്പും പറ്റിയിട്ടുണ്ടോ എന്നു നോക്കിച്ചു. വീണ്ടും കണക്കുകൂട്ടി ഒരു തെററും അതിലില്ലെന്നു് അയാാം പറഞ്ഞു. ഇതു കേട്ടു് രാജാവിൻെറ പരിഭ്രമം വദ്ധിച്ചു. "നിങ്ങളുടെ ജാതകപ്രകാരം നിങ്ങളെന്നു് മരിക്കുമെന്നാണു് കാണുന്നതു്" എന്നു് സചിവൻ ജ്യോത്സ്യനോടു ചോദിച്ചു. "എനിക്കിനി പന്ത്രണ്ടുകൊല്ലം കൂടി ആയുസ്സുണ്ടു്." എന്നു ജ്യോത്സ്യൻ മറുപടി പറഞ്ഞ ഉടനെ സചിവൻ തന്നെ ഉടവാളാൽ ജ്യോത്സ്യൻെറ തല കഴുത്തിൽനിന്നു് തെറിപ്പിച്ചു കളഞ്ഞു. "ഇയാളുടെ പ്രവചനം എത്ര അസംബന്ധമാണു്. പന്ത്രണ്ടുകൊല്ലംകൂടി ജീവിച്ചിരിക്കുമെന്നു് തീൎച്ചയായി പറഞ്ഞയാാം മരിച്ചു കിടക്കുന്നതു തിരുമേനി കണ്ടില്ലേ?" എന്നു സചിവൻ തിരുമനസ്സുണൎത്തിച്ചു് ചോദിച്ചു. ജനത നാശമടയരുതെന്നു് വിചാരമുള്ള ഏവനും ജ്യോത്സ്യം മുതലായ കമ്പങ്ങളിൽനിന്നു് ഒഴിഞ്ഞുനില്ക്കണം. ഒരു കാൎയ്യം നല്ലതോ, ചീത്തയോ എന്നറിയുന്നതിനു് അതു നമ്മുടെ മനസ്സിനെ ബലിഷ്ഠമാക്കുന്നോ എന്നു നോക്കി

യാൽ മതി. ഈശ്വരൻ എന്നാൽ ജീവൻ എന്നാണർത്ഥം. ചെകുത്താൻ എന്നതു മരണവുമാകുന്നു."

വാവ്, കാസശ്വാസത്തേയും ഉന്മാദത്തേയും വൎദ്ധമാനമാക്കുന്നില്ലേ? ചന്ദ്രൻെറ ആകർഷണശക്തിയാൽ കടലിൽ വേലിയേറ്റമുണ്ടാകുന്നില്ലേ? ഈദൃശ്യ സംഭവങ്ങളിൽനിന്നു് പരിഷ്ക്കാരികളും വിദ്യാസമ്പന്നരുമായ പലരും, ഗ്രഹനില മനുഷ്യജീവിതത്തെ സാരമായി ബാധിക്കുന്ന ഒന്നാണെന്നു് അനുമാനിച്ചു പോകുന്നുണ്ടു്. എന്നാൽ അവർ ഇക്കാൎയ്യത്തിൽ ഒരു ശാസ്ത്രീയ പരിശോധനക്കു് പുറപ്പെടുന്നതായി കാണുന്നില്ല. ഒരു ഗണികൻ നൂറു് സംഗതികൾ വിചാരിച്ചു പറയുന്നതിൽ തൊണ്ണൂറു സംഗതികൾ തെററിയും 10 സംഗതികൾ ഒട്ടൊക്കെ യോജിച്ചും കാണുമ്പോൾ തെററിയ 90 സംഗതികളേയും നിസ്സാരമായി വിസ്മൃതിയിൽ തള്ളിക്കളഞ്ഞുകൊണ്ടു് 10 സംഗതികളെ ഗൌരവമായെടുത്തു് ആനക്കാൎയ്യമാക്കുന്നു. ഊഹം ശരിയാകാം, തെററാകാം. ഗണികൻേറതായാലും ഊഹം എപ്പോഴും തെററിക്കൊള്ളണമെന്നു് ഒരു പ്രകൃതിനിയമമില്ല. ജാതകപ്പൊരുത്തം നോക്കി നടത്തുന്ന ബ്രാഹ്മണ വിവാഹങ്ങളിലും, അങ്ങിനെ അല്ലാതെ നടത്തുന്ന അഹിന്ദുവിവാഹങ്ങളിലും അപജയമടയുന്നവയുടെ ശതമാനത്തിനു് വലിയ വ്യത്യാസമില്ലെന്നു് ഒരു അന്വേഷകനു് നിഷ്പ്രയാസം കണ്ടെത്താൻ കഴിയും. ജ്യോത്സ്യം പരിഷ്ക്കാരലോകത്തിൻെറ പരിഹാസ വിഷയമാണു്. ഏതെങ്കിലും ഒരു Encyclopedia (വിജ്ഞാനനിഘണ്ടു) എടുത്തു നോക്കിയാൽ അതിൽ "പൌരാണികർ ഒരു ശാസ്ത്രമാണെന്നു് തെറ്റിദ്ധരിച്ചിരുന്നതും, എന്നാൽ ശാസ്ത്രമല്ലാത്തതും ആയ ഒരു കള്ളശാസ്ത്രം" എന്നു് ജ്യോത്സ്യത്തെ വിവരിച്ചിരിക്കുന്നതായി കാണാം. ജ്യോതിശാസ്ത്രം (Astronomy) ഒരു യഥാൎത്ഥശാസ്ത്രം തന്നെയാണു്. അതിനെ ജ്യോത്സ്യവുമായി കൂട്ടിക്കുഴക്കരുതു് നമ്മുടെ മലയാളഭാഷയിൽ Astrologyയും Astronomyയും ഒന്നുതന്നെ എന്നനിലയിൽ രണ്ടിനും ഒരേ വാക്കുതന്നെ എഴുത്തുകാരെല്ലാം പ്രയോഗിച്ചു കാണുന്നുണ്ടു്. മലയാളികളുടെയിടയിൽ ജ്യോത്സ്യമെന്ന അന്ധവിശ്വാസം അത്ര പ്രചുരപ്രചാരത്തിലാണു്.

ഗാർഹികവും സാമുദായികവും ആയ സകല കാര്യങ്ങളും, രാഷ്ട്രീയമായ പല കാര്യങ്ങളും അന്ധവിശ്വാസകോമരമായ ജ്യോത്സ്യനെക്കൊണ്ട് ഗണിപ്പിച്ചു കാണുന്ന മുഹൂർത്തത്തിലേ ഭാരതീയർ ചെയ്യുകയുള്ളു. അതുകൊണ്ട് ഇന്നും ജ്യോത്സ്യം മാന്യവും വളരെ വരുമാനമുള്ളതും ആയ തൊഴിലായിത്തന്നെയിരിക്കുന്നു.

## നിധി തേടിയവരുടെ വിധി

ബോംബെ സംസ്ഥാനത്തുള്ള ബീജാപ്പൂർ (Bijapur) പട്ടണത്തിലെ റെസിഡണ്ട് മജിസ്ട്രേട്ടുകോർട്ടിൽ ഒരു കൊലപാതകിയുടെ പേരിൽ കേസ്സ് വിചാരണ നടന്നുകൊണ്ടിരിക്കുന്നതായി 1945 ജൂലായി 17-ാംനു-ലെ "ഹിന്ദു" പത്രത്തിൽ വാർത്തയുണ്ടായി ജാതിയിൽ ഒരു കുശവനും 30 വയസ്സ് പ്രായക്കാരനുമാണ് കൊലപാതകി. അഞ്ചു കൊലപാതകങ്ങളാണ് അയാറം നടത്തിയിട്ടുള്ളതു്. ആദ്യമായി അയാറം തന്റെ ഭാര്യയുമായി ശണ്ഠകൂടി അവളെ ഞെക്കിക്കൊന്നു. അവളെ രക്ഷിക്കാൻചെന്ന അമ്മയേയും സഹോദരനേയുംകൂടി അയാറം കൊലപ്പെടുത്തി. പിന്നെ ഈ ഭയങ്കര അകൃത്യത്തെപ്പറ്റി ശാസിച്ച സ്വന്തം പിതാവിനേയും അയാറം അടിച്ചുകൊന്നു. ഈ കൊലപാതക ബഹളങ്ങൾക്കിടയിൽ 10 വയസ്സ് പ്രായമുള്ള സ്വന്തം മകളേയും അയാറം അഞ്ചാമതായി കൊലപ്പെടുത്തി. തന്റെ വീടിന്റെ അടിയിൽ ഒരു വലിയ നിധിയുണ്ടെന്നും, അഞ്ചു നരബലികൾ കഴിച്ചാലേ ആ നിധി അയാറംക്കു ലഭ്യമാകയുള്ളു എന്നും ഒരു ജ്യോത്സ്യൻ ഗണിച്ചു പറഞ്ഞതാണ് ഈ അഞ്ചു കൊലപാതകങ്ങൾക്കും പ്രേരകമായിരുന്നതു് എന്ന വിവരവും പത്രറിപ്പോർട്ടിൽ ഉണ്ടു്. അസംസ്കൃതമതികൾ ജ്യോത്സ്യത്തിൽ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുന്നതിനാൽ ഉണ്ടാകുന്ന വിപത്തുകൾ എത്രമാത്രവും ഏതെല്ലാം തരത്തിലുമാണെന്നതിനു കണക്കൊന്നുമില്ല. ജ്യോത്സ്യഗണനകൾ കാര്യമായെടുക്കുക കാരണം ജീവിതം പരാജയപ്പെട്ടു ദുരിതത്തിലാണ്ടുപോയിട്ടുള്ളവർ അനവധിയാണ്. ഇതുപോലെയുള്ള മറെറാരു സംഭവത്തെപ്പറ്റി 1945 ജൂലായ് 31-ാംനു-ലെ "ഹിന്ദു" പത്ര

ത്തിൽ അതിന്റെ സ്വന്തം ലേഖകൻ തൃശ്ശിനാപ്പിള്ളിയിൽനിന്നു് എഴുതിയിരുന്നതാണിതു്:- "ഇതിനടുത്ത പെരുമ്പാവൂർ താലൂക്കിലെ അരാമ്പവൂർ ഗ്രാമത്തിലെ ഒരു നെല്ലുകുത്തുമില്ലിന്റെ ഉടമസ്ഥനേയും അയാളുടെ മൂന്നു ശമ്പളക്കാരെയും പോലീസ് അറസ്റ്റ് ചെയ്തു് റിമാണ്ടിൽ ആക്കിയിരിക്കുന്നു. മദ്ധ്യവയസ്കയായ ഒരു യാചകിയുടെ കഴുത്തറുത്ത മൃതശരീരം മില്ലിനു് സമീപം കിടന്നിരുന്നു. ശവം കിടന്നിരുന്ന സ്ഥലത്തു ഒട്ടും രക്തം കണ്ടില്ല. മില്ലുകെട്ടിടത്തിൻെറ മുററത്തു് രക്തം വീണിരുന്ന ലക്ഷണങ്ങൾ ഉണ്ടായിരുന്നുതാനും. രക്തം പുരണ്ടിരുന്നു എന്നു തോന്നിയ മണ്ണു് കെമിക്കൽ എക്സാമിനർക്കു് പോലീസ് അയച്ചു കൊടുത്തു. പരിശോധനയിൽ അതിൽ പുരണ്ടിരുന്നതു് മനുഷ്യരക്തം തന്നെയാണെന്നു് വെളിപ്പെട്ടു. ആ യാചകിയെ വശീകരിച്ചു് ജ്യോത്സ്യൻെറ ഗണനയനുസരിച്ചുള്ള മുഹൂർത്തത്തിനു് മില്ലുടമസ്ഥൻ നരബലി നടത്തിയതാണെന്നാണു് പറയപ്പെടുന്നതു്. അതു് മില്ലിനു് അഭിവൃദ്ധിയുണ്ടാകാൻവേണ്ടി ചെയ്ത കർമ്മമായിരുന്നുവത്രെ,"

ജ്യോത്സ്യത്തിലും, ദൈവത്തിലും, ഭാഗ്യം വരുത്തുന്ന കർമ്മങ്ങളിലും ഉള്ള വിശ്വാസം മനുഷ്യർക്കു് അധഃപതന ഹേതുവായിരിക്കുന്നുണ്ടെന്നു തെളിയിക്കുന്ന അനേകം സംഭവങ്ങൾ നമ്മുടെ ചുററുപാടും അനുസ്യൂതം നടന്നു കൊണ്ടിരിക്കുന്നുണ്ടു്. ഞങ്ങളുടെ സ്ഥലത്തുനിന്നും രണ്ടര നാഴികമാത്രം അകലത്തിൽ ഒരു ധനികകത്തോലിക്കാ ക്രിസ്ത്യാനിയുണ്ടായിരുന്നു. സുമാർ ഒന്നരലക്ഷം ഉറുപ്പികയുടെയുള്ള ഭൂസ്വത്തിൻെറ അധിപനായി അയാൾ സുഖമായി ജീവിക്കുമ്പോൾ വലിയൊരു നിധി അയാളുടെ വീട്ടുവളപ്പിൻെറ അടിയിൽ ഉണ്ടെന്നു് ഒരു മഷിനോട്ടക്കാരൻ അയാളെ പറഞ്ഞു ധരിപ്പിച്ചു. ആ നിധിയെടുക്കുന്നതിനു് ചില സ്വകാര്യശ്രമങ്ങളെല്ലാം അയാൾ ചെയ്തുനോക്കി; സാധിച്ചില്ല. കഴിച്ചു് കഴിച്ചു് ചെല്ലുമ്പോൾ ഭൂതങ്ങൾ നിധി നീക്കം ചെയ്യുന്നതുകൊണ്ടാണു് ലഭിക്കാത്തതെന്നു് മഷിനോട്ടക്കാരൻെറ വിശദീകരണവും വിശ്വസ്തജ്യോത്സ്യൻെറ ഗണനയും അയാളെ ബോധ്യപ്പെടുത്തി. പിന്നെ

ഭൂതങ്ങളെ അടക്കിനിൎത്തി നിധി കൈക്കലാക്കുവാനുള്ള പ്രതി വിധികളുടെ പ്രയോഗം ആരംഭിച്ചു. അതിലേക്കു് വേണ്ടിവന്ന വലിയ ചിലവുകൾക്കു് സ്വകാൎയ്യമായി പണം അക്രമപലിശയ്ക്കു് കടംവാങ്ങി ചെലവുചെയ്തുവന്നു. അങ്ങനെ കടം വൎദ്ധിച്ചുവരുംതോറും, നിധിയെടുക്കാനുള്ള ശ്രമങ്ങൾക്കും ഊൎജ്ജിതം കൂടിക്കൂടി വരികയാണുണ്ടായതു്. ഒടുവിൽ 80,000കയ്ക്കു് തന്റെ വസ്തുവകകളെല്ലാം പണയമെഴുതി. നിധി കിട്ടുമെന്നു് വിശ്വസിച്ചിരുന്ന ആ മാന്യന്റെ സ്വത്തെല്ലാം ആ പണയക്കടത്തിനു് വിററു പോക തന്നെ ചെയ്തു. ജ്യോത്സ്യത്തിനു് പരിതാപകരമായവിധം ഇരയായിത്തീൎന്ന ഒരു മാന്യൻ ഞങ്ങൾക്കു നേരിട്ടും വളരെ അടുത്തും പരിചയമുള്ളാളാണു്. അദ്ദേഹം മരിച്ചിട്ടധികമായില്ല. അദ്ദേഹത്തെ ആശ്രയിച്ചിരുന്ന ദായാദികൾ ഇന്നും അധഃപതിച്ച നിലയിൽ ഇരിക്കുന്നു. മക്കളിൽ ചിലരും ജാമാതാക്കളും സാമാന്യം മാന്യമായ നിലയിൽ ഇപ്പോഴുമുണ്ടു്. ജ്യോൽസ്യവിശ്വാസം അദ്ദേഹത്തെ ഋണബദ്ധനാക്കിക്കൊണ്ടിരിക്കുന്നതിനിടയിൽ ഒരു മകൻ പഠിച്ചു് ഇംഗ്ലീഷ് വൈദ്യപരീക്ഷ പാസ്സാകുന്നതിനും ആ മകനു് ബ്രിട്ടീഷിൽ ഉദ്യോഗം ലഭിക്കുന്നതിനും സാധിച്ചു. വസ്തുവഹകളെല്ലാം നഷ്ടപ്പെട്ടതിനു ശേഷം ആ മകന്റെ ജോലിസ്ഥലത്തു് മകന്റെ സംരക്ഷണയിൽ ആയിരുന്നതിനാൽ കഠിനദാരിദ്ര്യം അനുഭവിക്കാതെ അദ്ദേഹം ചരമമടഞ്ഞു എന്നതു് ആ ജ്യോൽസ്യവിശ്വാസിയുടെ ദുരന്തജീവിത നാടകത്തിലെ ഏററവും ആശ്വാസപ്രദമായ അവസാനരംഗമായിരുന്നു. മേൽപറഞ്ഞതുപോലുള്ള ഭയങ്കരങ്ങളും വമ്പിച്ചതുമായ സംഭവങ്ങൾ മാത്രമേ സാധാരണ പുറത്തറിയപ്പെടാറുള്ളു. മതവിശ്വാസികളുടേയും ജ്യോൽസ്യ വിശ്വാസികളുടേയും ജീവിതത്തിൽ അവരുടെ വിശ്വാസങ്ങൾ മൂലം അവൎക്കുപററിക്കൊണ്ടിരിക്കുന്ന സാധാരണ നഷ്ടങ്ങളും അപകടങ്ങളും വളരെയാണെങ്കിലും അവയൊന്നും പുറത്തറിയാത്തവയാണു്.

## വള്ളിയുടെ വിവേകം

വൃക്ഷങ്ങൾക്കും ചെടികൾക്കും മനുഷ്യരെപ്പോലെ ഏറെക്കുറെ വികാരങ്ങളുണ്ടെന്നും, അവയ്ക്കു് സന്തോഷിക്കുവാനും ദുഃഖിക്കുവാനും

മററും സാധിക്കുമെന്നും പരേതനായ ശാസ്ത്രജ്ഞൻ സർ. ജെ. സി. ബോസ് കണ്ടുപിടിക്കുകയും തെളിയിച്ചു കാണിക്കുകയും ചെയ്തിട്ടുണ്ടല്ലോ. എന്നാൽ അവയ്ക്കു വിവേകം കൂടി ഉണ്ടെന്നുള്ള വസ്തുത ഈയ്യിടെ ഒരു ശാസ്ത്രജ്ഞൻെറ പരിശോധനയിൽ കണ്ടുപിടിച്ച വിവരം "ബോംബേ ക്രോണിക്കിൾ" വീക്കിലിയിൽ പ്രസിദ്ധം ചെയ്തിരിക്കുന്നു. മത്ത, കുമ്പളം, പാവൽ, പയറ് മുതലായ വള്ളിച്ചെടികൾ അവയ്ക്കു കയറാൻ കൊടുക്കുന്ന "ഏററ" ങ്ങളിൽ കയറിപ്പടരുന്നതായും, "ഏററം" കൊടുത്തില്ലെങ്കിൽ സമീപമുള്ള വൃക്ഷത്തിന്മേലോ പുരപ്പുറത്തോ കയറുന്നതായും നാം കാണുന്നുണ്ട്. അങ്ങനെ കയറുന്നകാര്യത്തിൽ അതിനൊരു പ്രകൃതിബോധം ഉണ്ടെന്നല്ലാതെ, ആ പ്രകൃതിബോധം വിവേകപൂർവ്വകമായ ഒന്നാണെന്ന് ആരും ഇതേവരെ ധരിച്ചിട്ടില്ല. കയറിപ്പററാൻ ഒന്നുമില്ലാത്ത ഒരു ശൂന്യപ്രദേശത്തു ശാസ്ത്രജ്ഞൻ ഒരു മുന്തിരിച്ചെടി നട്ടുപിടിപ്പിച്ചു അതു വളൎന്ന് വള്ളി പടരാറായപ്പോൾ കുറച്ചകലെയായി ഒരു പത്തൽ നാട്ടിനിൎത്തി. ഏറെ താമസിയാതെ മുന്തിരിവള്ളി ആ പത്തലിൻെറനേരെ വളൎന്ന് ചെന്നു തുടങ്ങി പത്തലിനെ വള്ളി എത്തി പിടികൂടുന്നതിനുമുമ്പ് പരിശോധകൻ പത്തൽ അവിടെനിന്നെടുത്ത് നേരെ എതിർവശത്ത് ആദ്യത്തെപ്പോലെ അകലത്തിൽ നാട്ടി. അപ്പോഴും വള്ളി എതിർവശത്തേയ്ക്കു തിരിഞ്ഞു പത്തലിൻെറ നേരെ വളൎന്നുചെല്ലാൻ തുടങ്ങി. പത്തലിനെ വള്ളി തൊടുന്നതിനു മുമ്പ് പത്തൽ അവിടെനിന്നും എടുത്ത് മറെറാരു വശത്ത് നാട്ടി. ഉടനെ വള്ളി അങ്ങോട്ടു് തിരിഞ്ഞു വളൎന്നു പത്തലിനെ പിടിക്കാൻ വീണ്ടും ശ്രമമായി. അങ്ങിനെ സമീപമെങ്ങാനും പത്തലുണ്ടെങ്കിൽ അതിനെ തിരഞ്ഞു പിടിച്ച് അതിൽ ചെന്നുകയറാൻ വിവേകപൂൎവ്വമായ ശ്രമമാണ് ആ മുന്തിരിവള്ളി ചെയ്തുകൊണ്ടിരുന്നതു്. പല പ്രാവശ്യം തിരിഞ്ഞും മറിഞ്ഞും വളൎന്നു ചെന്നിട്ടും പത്തലിനെപ്പിടിക്കാനുള്ള തൻെറ യത്നം സാധിക്കുന്നില്ലെന്നു കണ്ടപ്പോൾ ആരോ തന്നെ പത്തൽ കാട്ടി കബളിപ്പിക്കുകയാണെന്നു മുന്തിരിവള്ളിക്കു മനസ്സിലായി. അതിൻെറ ക്ഷമ അസ്തമിച്ചു, അതു

മുഷിഞ്ഞു് പന്തലന്വേഷണം ഉപേക്ഷിച്ചു. പിന്നെ പന്തൽ എവിടെയിരുന്നാലും വള്ളി അങ്ങോട്ടു വളൎന്നു ചെല്ലാതെയായി. പന്തലിനോടുള്ള വള്ളിയുടെ ഈ അലക്ഷ്യഭാവം കണ്ടപ്പോൾ പരിശോധകൻ പന്തലിനെ വള്ളിയോടു കൂടുതൽ കൂടുതൽ അടുപ്പിച്ചുവെച്ചു. എത്ര അടുപ്പിച്ചിട്ടും പന്തലിനെ പിടിക്കാൻ യാതൊരു ശ്രമവും വള്ളി ചെയ്തില്ല. ഒടുവിൽ വള്ളിയെ തൊടുവിച്ചു പന്തൽ നാട്ടിയപ്പോൾ മാത്രം വള്ളി അതിൽ കയറിയത്രെ!

ഈ ചെടിയോളം വിവേകമുള്ള മനുഷ്യർ ലോകത്തിൽ വിരളമാണു്. അഭ്യസിച്ചിട്ടു് അപകടമല്ലാതെ യാതൊരു ഉപകാരവും ഇതേവരെ സിദ്ധിച്ചിട്ടില്ലാത്ത അദ്ധ്യാത്മികതയുടെ പിന്നാലെ പിന്നെയും പിന്നെയും പാഞ്ഞു നടക്കുന്നവരാണു് നമ്മുടെ ഇടയിൽ അധികവും. പാറക്കുന്നിന്റെ മുകളിലെ സുബ്രഹ്മണ്യദൎശനത്തിനു പോയ ഒരു ഭക്തകുടുംബം മുഴുവനും- അച്ഛനും_അമ്മയും_മക്കളും_ പാറമേൽനിന്നു കാൽ വഴുതി വീണു് മരിച്ച വിവരം ഈയ്യിടെ മദ്രാസ് ദിനപ്പത്രങ്ങൾ പ്രസിദ്ധം ചെയ്തിരുന്നു. മലയാറ്റൂർ മുത്തപ്പന്റെ അനുഗ്രഹാതിരേകംകൊണ്ടു് അവിടെ ചെന്ന 19 ഭക്തർ ഒന്നടക്കം ഇടിവെട്ടേററു് മരിച്ചു. ഇങ്ങനെയൊക്കെയായാലും അവിടെയെങ്ങാണ്ടോ ആണു്. സൎവ്വകാരുണ്യവാനായ ദൈവം കുടിപാൎക്കുന്നതെന്നുള്ള അന്ധവിശ്വാസത്തിനൊരു ക്ഷീണവും പററുന്നില്ല. ആഭരണധാരണം മൂലം എത്രയോ സ്ത്രീകൾക്കും കുട്ടികൾക്കും കവൎച്ചക്കാരുടെ കയ്യാൽ അപമൃത്യു സംഭവിച്ചുകൊണ്ടിരിക്കുന്നു. എന്നിട്ടും ജനതയ്ക്കു് ആഭരണഭ്രമം കൂടുന്നതല്ലാതെ കുറയുന്ന ലക്ഷണമില്ല. ദൈവാരാധനാവാസനയും സ്വൎണ്ണാഭരണ പ്രതിപത്തിയും ഒരുപോലെ വിവേകശൂന്യമായ വെറും വികാരവിഭ്രമം മാത്രമാണു്.

## അഗ്രഗാമികൾ പെടേണ്ട പാടു്.

വെയിലും മഴയും ഏററവും ഫലപ്രദമായി തടുക്കാൻ ഉപകരിക്കുന്ന ഒരു ഉപകരണമാണു് ശീലക്കുട. ശീലക്കുടയുടെ ഉപയോഗ

ത്തെപ്പററി ചോദ്യം ചെയ്യുന്നവർ ഇന്നില്ല. ചർച്ചിലിൻെറ മുൻഗാമിയായിരുന്ന പ്രധാനമന്ത്രി ചേമ്പർലെയിനെ അദ്ദേഹത്തിൻെറ കുടയെക്കൂടാതെ സ്മരിക്കുവാൻതന്നെ നിവൃത്തിയില്ല. അദ്ദേഹം എല്ലായ്പോഴും ഒരു കുട കയ്യിൽ കൊണ്ടു നടക്കുക പതിവായിരുന്നു. ചേമ്പർലെയിനിന്റെ പിരിയാച്ചങ്ങാതി എന്ന മാന്യത കൈവരാൻ ഭാഗ്യമുണ്ടായ ശീലക്കുടയുടെ പൂർവ്വചരിത്രം അത്ര അഭിമാനകരമായിട്ടുള്ളതല്ല.

ജോനാസ് ഹാൻവെ (Jonas Hanway) എന്ന ധനവാനും പരോപകാരിയുമായ ആളാണ് ആദ്യമായി ഇംഗ്ലണ്ടിൽ കുടപിടിച്ച് നടന്നതു്. ലണ്ടനിലെ തെരുവുകളിൽക്കൂടി കുട നിവർത്തിപ്പിടിച്ച് നടക്കുക എന്നതു് അദ്ദേഹത്തിനു് അന്നു് വല്ലാത്ത പ്രയാസമുള്ള കാര്യമായിരുന്നു. അദ്ദേഹം സ്വഗൃഹത്തിൽനിന്നു് കുടയും പിടിച്ച് ഇറങ്ങുന്ന സമയം തൊട്ടാരംഭിക്കുന്ന ജനങ്ങളുടെ കൂക്കിവിളി അദ്ദേഹം പോകുന്നിടത്തെല്ലാം വഴിനീളെ ഉണ്ടായികൊണ്ടിരിക്കും. മടങ്ങിവന്നു് വീട്ടിൽ കയറിയാൽ മാത്രമേ അതു നിലയ്ക്കുകയുള്ളു. ജനങ്ങളുടെ കൂക്കിവിളിയെ വകവയ്ക്കാതെ അദ്ദേഹം ലണ്ടൻ തെരുവുകളിൽ കൂടി കുടപിടിച്ച് നടക്കുകതന്നെ ചെയ്തിരുന്നുവത്രെ. ഒടുവിൽ ജനങ്ങൾ തോററു; കൂക്കിവിളിനിന്നു. 1712 മുതൽ 1786 വരെ ജീവിച്ചിരുന്ന ഹാൻവെ, വിദേശസഞ്ചാരവും കച്ചവടവും ധനസമ്പാദനവും കഴിച്ച് ലണ്ടനിൽ മടങ്ങിയെത്തി സ്ഥിരവാസം തുടങ്ങിയതു് 1750_ൽ ആണു്. അദ്ദേഹത്തിൻെറ രാജ്യസഞ്ചാരവിവരങ്ങളെ ക്രോഡീകരിച്ച് ഒരു പുസ്തകം അദ്ദേഹം 1953ൽ പ്രസിദ്ധപ്പെടുത്തി. ലണ്ടനിൽ സ്ത്രീകൾക്കായുള്ള സുപ്രസിദ്ധ മഗ്ഡലെൻ ആസ്പത്രിയുടെ (Magaleu Hospital for Women) പ്രതിഷ്ഠാപകൻ ജോനാസ് ഹാൻവേയാണു്. അദ്ദേഹം നൽകിയ ധർമ്മസ്വത്തുകൊണ്ടാണു് ആ സ്ഥാപനം നടത്തിവരുന്നതു്. ഈ പരോപകാരിയുടെ നാമധേയം നിലനിർത്തുന്നതിനു് ലണ്ടൻകാർ ഒരു തെരുവിനു് അദ്ദേഹത്തിന്റെ പേരിട്ടിട്ടുമുണ്ടു്. അതാണു് ലണ്ടനിലെ സുപ്രസിദ്ധമായ ഹാൻ

വെ സ്ട്രീററ്. (Hanway Street) ചായകടി ഒരു ദുശ്ശീലമാണെന്ന നിലയിൽ അതിനെ ഹാൻവെ ശക്തിയായി എതൃത്തിരുന്നു. അദ്ദേഹത്തിൻെറ ഗംഭീരമായ ധൈര്യവും സ്ഥൈര്യവും മൂലമാണ് ശീലക്കുടയുടെ ഉപയോഗം പ്രചാരത്തിലായതു്. ഹാൻവെ കുട ഉപയോഗിക്കുന്നതു് കണ്ടു് അതു് ഉപയോഗപ്രദമാണെന്നു് ബോദ്ധ്യം വന്ന മററൊരു മാന്യൻ 1778_ൽ കുടപിടിച്ചു് ലണ്ടൻ തെരുവുകളിൽകൂടി നടന്നുനോക്കി. പക്ഷെ ജനങ്ങളുടെ കൂക്കിവിളിയും പരിഹാസവും അദ്ദേഹത്തിനു് അസഹ്യമായതിനാൽ അദ്ദേഹം കുട വേണ്ടെന്നുതന്നെ വെച്ചുവത്രെ. ബുദ്ധിശൂന്യമായി_ വെറും വികാരപരമായി_ ശീലക്കുടയോടിത്ര ഭയങ്കര എതൃപ്പ് നടത്തിയ ലണ്ടൻ നഗരം ഇന്നു ലോകത്തിലുള്ള ശീലക്കുടവ്യവസായ കേന്ദ്രങ്ങളിൽ പ്രമുഖമായ ഒന്നാണ്. ഇപ്പോൾ ലക്ഷകണക്കിനു ശീലകുട ലണ്ടനിൽ നിമ്മിച്ചു് വിദേശരാജ്യങ്ങളിലേക്കു് അയച്ചുകൊണ്ടിരിക്കുന്നുണ്ടു്.

സോഷ്യലിസം, യുക്തിവാദം, പുരോഗമന സാഹിത്യം മുതലായ നൂതന പ്രസ്ഥാനങ്ങളോടു ചിലക്കെല്ലാം ഉള്ള എതിർപ്പ്, ലണ്ടൻകാർ അന്നു ശീലക്കുടയോടു നടത്തിയ എതിർപ്പുപോലെയാണ്. ഹാൻവെയെ അനുകരിച്ചു്, 1778ൽ കുടപിടിക്കാൻ തുടങ്ങിയ മററെയാൾ ജനങ്ങളുടെ പരിഹാസത്താലും കൂക്കിവിളിയാലും അതു വേണ്ടെന്നു വെച്ചതുപോലെ ഹാൻവേയും, പരിഹാസത്തിനും കൂക്കിവിളിക്കും കീഴ്പ്പെട്ടുപോയിരുന്നെങ്കിൽ ഒരു പക്ഷെ ഇന്നും നമുക്ക് ശീലക്കുടയില്ലാതെ പഴയ ഓലക്കുടയുംകൊണ്ടു് സൈക്കിളിലും, ബസ്സിലും, തീവണ്ടിയിലും എല്ലാം സഞ്ചരിക്കേണ്ടിവരുമായിരുന്നോ എന്നാരു കണ്ടു !

## ദേശീയതയുടെ മതഭാവം

ഇന്ത്യ അദ്ധ്യാത്മപ്രധാനമായ ഒരു രാജ്യമായതുകൊണ്ടായിരിക്കാം ഇന്ത്യയിലെ ദേശീയ സംഘടനകൾക്കുപോലും ഒരു മതഭാവം കാണുന്നതു്. മതതത്വ ചിന്തയിൽ സർവ്വജ്ഞനും സർവ്വശ

ക്തനുമായ ഒരു "ഏകദൈവ"മേയുള്ളു. ആ ദൈവത്തിൻെറ സന്തതികറം എന്ന നിലയിൽ സകല മനുഷ്യരും സഹോദരങ്ങളാണു്. എന്നാൽ ഈ ഏക ദൈവത്തെ ഓരോ മതക്കാരും കൈകാര്യം ചെയ്യുമ്പോറം മതങ്ങളുടെ എണ്ണത്തോളം തന്നെ ഏക ദൈവങ്ങളും ഉള്ളതായിക്കാണാം. ഒരു മതത്തിലെ ഏക ദൈവവും മറെറാരു മതത്തിലെ ഏക ദൈവവും തമ്മിൽ യാതൊരു പൊരുത്തവുമില്ലെന്നു് മാത്രമല്ല, ജന്മശത്രുക്കളായി പെരുമാറുകയും ചെയ്യുന്നു. അതുപോലെ ഇന്ത്യയ്ക്കു് പരിപൂർണ്ണ സ്വാതന്ത്ര്യലബ്ധിയാണു് രാഷ്ട്രപരമായ എല്ലാ സംഘടനകളുടേയും ലക്ഷ്യം. എന്നാൽ ആ ലക്ഷ്യത്തിലേക്കുള്ള പ്രവർത്തനങ്ങറംക്കു് പൊരുത്തമില്ലായ്മയും വൈരുദ്ധ്യവും കാണുന്നു. കോൺഗ്രസ്സുകാർ ഉന്നം വയ്ക്കുന്ന സ്വാതന്ത്ര്യമല്ല കമ്മ്യൂണിസ്റ്റുകാരുടേതു്. കോൺഗ്രസ്സിൻെറ സ്വാതന്ത്ര്യസമ്പാദന ശ്രമങ്ങളിൽ കമ്മ്യൂണിസ്റ്റുകാരെ പങ്കുകൊള്ളിക്കുകയില്ല. ഹിന്ദു ദൈവത്തിൻെറ ആരാധനയിൽ മുസ്ലീംകളേയും മുസ്ലിം ദൈവത്തിന്റെ ആരാധനയിൽ ഹിന്ദുക്കളേയും പങ്കുകൊള്ളിക്കാത്ത നിലതന്നെയാണു് രാഷ്ട്രീയ സ്വാതന്ത്ര്യസമ്പാദന കാര്യത്തിലും വന്നു ചേർന്നിട്ടുള്ളതു് രാഷ്ട്രീയ സ്വാതന്ത്ര്യം ഇന്ത്യക്കാക്കു് ദൈവത്തെപ്പോലെ ഒരു ആരാദ്ധ്യസംഗതി മാത്രമായി പരിണമിച്ചിരിക്കുന്നു. സനാതനികളുടെ ദൈവവും ചണ്ഡാലന്മാരുടെ ദൈവവും തമ്മിലുള്ളതുപോലെ, കോൺഗ്രസ്സുകാരുടെ ആദർശമായ സ്വാതന്ത്ര്യത്തിനും, കമ്മ്യൂണിസ്റ്റുകാരുടെ ആദർശമായ സ്വാതന്ത്ര്യത്തിനും തമ്മിൽ അയിത്തമുണ്ടു്. അയിത്തക്കാരെ തീണ്ടിത്തിനുപോയ ഭ്രഷ്ടരേപ്പോലെ കോൺഗ്രസ്സുകാർ കമ്മ്യൂണിസ്റ്റുകാരെ ഭ്രഷ്ടു് കല്പിച്ചു് അകററി നിൎത്തുകയാണു്. സ്വാതന്ത്ര്യം സ്ഥാപിപ്പിക്കുകയും അനുഭവിക്കുകയും ചെയ്യുന്നതിനു് ആവശ്യമായ അടിത്തറ–ഐക്യം–പണിയുന്നതിനു് കോൺഗ്രസ്സിൻെറ മതമനസ്ഥിതി പ്രതിബന്ധമായിരിക്കുന്നു.

ഇന്ത്യൻ സ്വാതന്ത്ര്യം, ഇന്ത്യയിൽ രാമരാജ്യമാണു് സ്ഥാപിക്കുന്നതെന്നു് ഗാന്ധിജി പറയുമ്പോറം മുസ്ലീംങ്ങറംക്കും പട്ടികജാതിക്കാക്കും മററം വലിയ ഭയവും സംശയവുമാണു്. കോൺഗ്രസ്സ ഭരണം ഭൂരിപക്ഷക്കാരായ ഹിന്ദുക്കളുടെ പേരിൽ ജാതിഹിന്ദുഭര

ണമായി പരിണമിക്കുമെന്നാണു് അവരുടെ ഭയം. അവക്കു് ഭയത്തിനു് ഇടമില്ലാത്ത ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിനു് ഇന്നത്തെ നിലയ്ക്കു് ഒരു സോഷ്യലിസ്റ്റു പരിപാടിയേ ഉതകുകയുള്ളു. സോഷ്യലിസം കോൺഗ്രസ്സുകാക്കു് പൊതുവിൽ അത്ര പഥ്യമില്ല. സോഷ്യലിസം മതത്തെ തള്ളിക്കളയുന്നുവെന്നതുകൊണ്ടാണു് കോൺഗ്രസ്സുകാക്കു അതിനോടു വിപ്രതിപത്തി. കോൺഗ്രസ്സുകാർ ഹിന്ദുമതത്തെ വിടാതെ പിടിക്കുമ്പോൾ മുസ്ലീംങ്ങളും മററു മതക്കാരും അവരവരുടെ മതങ്ങളേയും വിടാതെ മുറുകെപ്പിടിക്കുന്നു. കക്ഷത്തിലുള്ളതു് (മതം) കളയാതെ പടിപ്പുറത്തിരിക്കുന്നതു് (ദേശീയൈക്യം) എടുക്കാനുള്ള കോൺഗ്രസ്സിൻെറ ശ്രമം എങ്ങിനെ കലാശിക്കുമെന്നു കണ്ടു തന്നെ അറിയേണ്ടിയിരിക്കുന്നു. ഈ ദുർഘട നിലയെപ്പററി അറിയുകയും വ്യസനിക്കുകയും ചെയ്യുന്ന കോൺഗ്രസ്സുകാര ഇല്ലാതില്ല. ഗാന്ധി, നെഹ്രു, ആസാദു് മുതലായ കോൺഗ്രസ്സ നേതാക്കളുടെ ആരാധകനും നല്ലൊരു കോൺഗ്രസ്സുകാരനും സുപ്രസിദ്ധ പത്രലേഖകനും ആയ ഡി. എഫ്. കാരക "ചിന്തിക്കുന്ന ഓരോ ഇന്ത്യക്കാരനും വേണ്ടി" എന്ന പേരിൽ ഒരു ലഘു പുസ്തകം പ്രസിദ്ധപ്പെടുത്തീട്ടുണ്ടു്. "കോൺഗ്രസ്സ് ഇന്ത്യയുടെ സ്വാതന്ത്ര്യത്തിൽ മാത്രം ഏകാഗ്രത വയ്ക്കുകയാൽ ആ സ്വാതന്ത്ര്യം സ്ഥാപിക്കുകയും അനുഭവിക്കുകയും ചെയ്യാനുള്ള അടിസ്ഥാനം പണിയാനുള്ള വേല ഉപേക്ഷിച്ചുകളഞ്ഞു. നമ്മുടെ വിദ്യാത്ഥികൾ രാഷ്ട്രീയപ്രക്ഷോഭണങ്ങളിൽ മുഴകി വിദ്യാഭ്യാസംകൊണ്ടു് അവക്കു് സിദ്ധിക്കേണ്ട ഉറച്ച അടിസ്ഥാനം ഉണ്ടാക്കേണ്ട കാര്യം മറന്നുകളഞ്ഞു. അതു കോൺഗ്രസ്സും സമ്മതിച്ചുകൊടുത്തു എന്നു് ആ പുസ്തകത്തിൽ കാരക, ചെയ്തിട്ടുള്ള പ്രസ്താവന സ്വാതന്ത്ര്യകാംക്ഷിയായ ഓരോ ഇന്ത്യക്കാരന്റേയും സവിശേഷശ്രദ്ധയെ അർഹിക്കുന്നു. ഗാന്ധിജിക്കു ദിവ്യത്വവും അപ്രമാദിത്വവും കല്പിക്കുന്ന ജാതിഹിന്ദുകോൺഗ്രസ്സുകാർ കോൺഗ്രസ്സ് ഹൈക്കമാണ്ടിനും ഇതേ കാഴ്ചപ്പാടാകണമെന്നു് കരുതുന്നു. കോൺഗ്രസ്സിൻെറ സാമാന്യപ്രവത്തകന്മാരിൽ ബഹുഭൂരിപക്ഷവും മതമനസ്ഥിതിയുള്ള ജാതി ഹിന്ദുക്കളാണെന്നുള്ളതാണു് ദൂഷ്യം.

# രണ്ടു്

## പുലയൻ വാളിനു വിലപേശിയപോലെ

ഒരു യുവാവു് വാതുവെച്ചു് ഒരു റിസ്റ്റുവാച്ചു വിഴുങ്ങി. വാതു ജയിച്ചു പണം കിട്ടിയെങ്കിലും മൂന്നാം ദിവസം അയാൾക്കു വയററിൽ വലിയ വേദനയുണ്ടായി. അയാളെ ഹൈദ്രാബാദ് സിവിൽ ആസ്പത്രിയിൽ കൊണ്ടുചെന്നു. എക്സ്റെ പരിശോധനയിൽ വയററിൽ വാച്ചു് കിടക്കുന്ന സ്ഥലം കണ്ടുപിടിച്ചു, ഡാക്ടർ അയാളുടെ വയറുകീറി വാച്ചു് പുറത്തെടുത്തു. അതിൻെറ മൈക്കാമൂടിയും (Micacover) മിനിററു സൂചിയും മാത്രം ഡാക്ടർ വയററിൽ എത്ര തിരഞ്ഞിട്ടും കണ്ടുകിട്ടിയില്ല. അയാൾക്കു് അപകടമൊന്നുമില്ലത്രെ. വാതു കെട്ടി വാച്ചു് വിഴുങ്ങിയതു വാതിൻെറ പണം മോഹിച്ചായിരിക്കയില്ല. വാതു ജയിച്ചു കിട്ടുന്നതിൽ വളരെ കൂടുതൽ പണം വാതു നിർവ്വഹിക്കുന്നതുകൊണ്ടുള്ള ദേഹാസ്വാസ്ഥ്യം മാറുന്നതിനു ചിലവഴിക്കേണ്ടിവരും. പലപ്പോഴും ജീവൻ അപകടത്തിലാകയും ചെയ്യും. എന്നാലും മനുഷ്യരെ വാതിനു പ്രേരിപ്പിക്കുന്നതു് തന്റെ കഴിവുകളെസ്സംബന്ധിച്ച ദുരഭിമാനമാണു്. ആ വികാരം_ദുരഭിമാനം–എളുപ്പം പെരുപ്പിക്കാവുന്നതും പെരുകുന്നതുമായ വികാരമാണു്. വികാരം പെരുകുന്നേടത്തു് യുക്തിവിചാരത്തിനു ഇടമില്ല. നമ്മുടെ ദൈവത്തെയും, ദൈവസ്ഥലങ്ങളേയും, മതമേധാവികളേയും പററി യുക്തിശൂന്യമായി മതം മനസ്സിൽ ജനിപ്പിച്ചു് പെരുപ്പിക്കുന്ന ദുരഭിമാനമാണു് മതക്കാർ തമ്മിൽ തമ്മിലും, മതക്കാർക്കു് നിർമ്മതരോടും ഉള്ള സ്പർദ്ധ വളർത്തിക്കൊണ്ടിരിക്കുന്നതു്. ഇന്ത്യയിൽനിന്നു് ബ്രിട്ടീഷ് ആധിപത്യം ആട്ടിപ്പായിച്ചു് സ്വാതന്ത്ര്യം സമ്പാദിക്കാൻ വെമ്പുന്ന ഒരുവൻ യതൊരു പരപ്രേരണയും കൂടാതെ ഒരു ശങ്കരാചാര്യസ്വാമിയുടെ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്തു് തൻെറ ബുദ്ധിയും ധനവും ജീവിതവും അടിയറവെച്ചു് സ്വയം അടിമത്തം സ്വീകരിക്കുന്നതു് നാം കാണാറുണ്ടല്ലോ. അയാ

ളുടെ മതത്തിനു് ആ മതമേധാവികളെപ്പറ്റി അയാളിൽ ഉണ്ടാകേണ്ടതിൻ സാധിച്ച ദുരഭിമാനമാണതിനു് പ്രേരണ നല്കുന്നതു്. ഒരു സ്വാതന്ത്ര്യകാംക്ഷിയായ ഇന്ത്യൻ ക്രിസ്ത്യാനി മതപരമായി സ്വയം യൂറോപ്യൻ ക്രിസ്ത്യാനികളുടെ അടിമത്വം സ്വീകരിക്കുന്നതും, ഇന്ത്യൻ മുസ്ലീം മതപരമായി മെക്കായിലെ അറബികളുടെ അടിമത്വം സ്വീകരിക്കുന്നതും അങ്ങിനെതന്നെയാണു്.

ഒരു വശത്തു് സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതുമ്പോൾ മറെറാരു വശത്തു് സ്വയം അടിമത്വം വരിക്കുന്നു. രാഷ്ട്രീയമായ സ്വാതന്ത്ര്യത്തിനു് പ്രേരിപ്പിക്കുന്നതു് യുക്തിവിചാരവും, മതപരമായ അടിമത്തം വരിപ്പിക്കുന്നതു് വികാരപ്പെരുപ്പവും ആണു്. സാമ്പത്തികമായും, വിദ്യാഭ്യാസപരമായും, സാംസ്കാരികമായും "മലയാളി ക്രിസ്ത്യാനി" കളേക്കാൾ തുലോം താണവരായ "അന്ത്യോഖ്യാ ക്രിസ്ത്യാനി"കൾക്കു് തങ്ങളുടെ മേൽ മുഴുവൻ അധികാരമുണ്ടായിരിക്കണമെന്നും, അത്രയുംവേണ്ട പകുതി അധികാരം ഉണ്ടായിരുന്നാൽ മതിയെന്നും സ്ഥാപിക്കാൻ "മലയാളി ക്രിസ്ത്യാനി" കൾ ചേരിതിരിഞ്ഞുനിന്നു് പണം ചൊരിഞ്ഞുനടത്തുന്ന വലിയ വ്യവഹാരമാണു് വട്ടിപ്പണക്കേസ്. ഒരുവൻ മറെറാരുവൻെറ ദാസനാകണമെങ്കിൽ ദാസ്യവൃത്തിക്കു പ്രതിഫലം കിട്ടേണമെന്നവൻ സാധാരണ ആവശ്യപ്പെടും. ഞാൻ നിൻെറ ദാസനാകാം, എന്നെ നീ ദാസനായി സ്വീകരിക്കുന്നതിനു് ഞാൻ നിനക്കു പ്രതിഫലവും തരാം എന്നതാണു് മതത്തിലെ വികാരനീതി. ബ്രാഹ്മണൻ അബ്രാഹ്മണൻെറ പക്കൽനിന്നു ഭൂദാനവും ഗോദാനവും സ്വീകരിക്കുന്നതു തന്റെ വലിയൊരു നേട്ടമായി അബ്രാഹ്മണനെക്കൊണ്ടു വിശ്വസിപ്പിച്ചിരുന്നു. പണ്ടൊരു പുലയൻ വാളിനു വിലപേശിയ ഒരു കഥയുണ്ടു്. തമ്പുരാൻെറ വല്ലിമേടിച്ചു കഞ്ഞിവെച്ചും തന്നത്താൻ വല്ലതും പറിച്ചോ പിടിച്ചോ കൂട്ടാനുണ്ടാക്കിയും കാലക്ഷേപം കഴിഞ്ഞിരുന്ന ഒരു പുലയൻ അവരുടെ ഇടയിൽ ഒരു വെളിച്ചപ്പാടാകാൻ തീരുമാനിച്ചു. അതിനൊരു വാൾ വാങ്ങേണ്ടിവന്നു. അതിനുമുമ്പു് അവൻ യാതൊന്നും വിലയ്ക്കു് വാങ്ങിട്ടില്ല. തമ്പുരാൻ ചിലപ്പോൾ വല്ല സാധ

നവും വാങ്ങാൻ വിലപേശുന്നതു് അശ്രദ്ധയോടെ അവൻ കേട്ടിട്ടുണ്ടു്. വില പേശൽ മേലോട്ടോ കീഴോട്ടോ എന്നവനറിയാമായിരുന്നില്ല. ഏതായാലും അവൻ കൊല്ലന്റെ ആലയിൽപോയി വാളിനു വില ചോദിച്ചു 10 പുത്തൻ വില എന്നു കൊല്ലൻ പറഞ്ഞു. 15 പുത്തൻ തരട്ടെ? എന്നു പുലയൻ വിലപേശി. കൊല്ലൻ അത്ഭുതം പ്രകടിപ്പിച്ചു. എന്നാൽ 20 പുത്തനാകട്ടെ എന്നായി പുലയൻ ദൈവസംബന്ധമായ കാര്യങ്ങളിൽ സാമാന്യർ (Lay men) പുരോഹിതനോടു ചെയ്യുന്ന കച്ചവടം മേല്പറഞ്ഞ പുലയന്റെ വാളു് കച്ചവടംപോലെയാണു്.

## പാമ്പും പാപവും

അമേരിക്കയിൽ ടെന്നസി സംസ്ഥാനത്തിലെ പ്രധാനപട്ടണമായ ചാട്ടനൂഗാ (Chattanooga in Tennessee) യിൽ വിശ്വാസതീഷ്ണതയോടുകൂടി വർത്തിക്കുന്ന ഒരു ക്രൈസ്തവസഭയുണ്ടു്. പാമ്പുകളെ കൈപ്പെരുമാററം ചെയ്തുകൊണ്ടാണു് അവർ ദൈവാരാധന നടത്തുന്നതു്. പിശാചിന്റെ ഉപദ്രവങ്ങളൊന്നും ദൈവത്തോടേല്ക്കുകയില്ല, നേരെമറിച്ചു്, ദൈവത്തിനു പിശാചിന്റെ മേൽ അധികാരമുണ്ടു്, ആദിമനുഷ്യനെ പാപം ചെയ്യിച്ചതു പിശാചായ പാമ്പാണു്; അന്നു് പാമ്പിനു കാലുകളും ചിറകുകളും ഉണ്ടായിരുന്നു; ആ അകൃത്യത്തിനു പാമ്പിനെ ദൈവം ശപിച്ചു് അതിന്റെ കാലുകളും ചിറകുകളും കളഞ്ഞു; അതിനുശേഷമാണു് പിശാചായ പാമ്പു്, ഒരിഴജന്തുവായതു്; ദൈവവിശ്വാസം ശരിയായി ഉണ്ടായാൽ പാപം നശിയ്ക്കും; പാപികളല്ലാത്തവൎക്കു് വിഷം ഏല്ക്കുകയില്ല; ഏററാലും പ്രാൎത്ഥനയാൽ വിഷം നശിച്ചുപോകും. പ്രാൎത്ഥനകൊണ്ടു് സാധിക്കാത്ത കാൎയ്യമില്ല. വേദപുസ്തകത്തിൽ ദൈവം പറഞ്ഞിട്ടുള്ള ഈ വസ്തുതകളെ പ്രകടിപ്പിക്കുന്നതിനാണു് അവർ ആരാധനാസമയം അപ്പത്തിനും വീഞ്ഞിനും പകരം പാമ്പിനെ ഭുജാപീഡനം ചെയ്യുന്നതു്.

അവരിങ്ങനെ പാമ്പിനെ കൈയാടിക്കൊണ്ടു നടത്തിയ ആരാധനയിൽ 32 വയസ്സുള്ള ലെവിസ് ഫോർഡ് (Lewis Ford)

എന്നൊരുപദേശി പാമ്പുകടിയേററു മരിച്ചുപോയ വിവരം അവ ടെനിന്നു കമ്പിമാഗ്ഗം പത്രങ്ങൾക്കു വിതരണം ചെയ്തിരുന്നതു് നമ്മു ടെ ചില പത്രങ്ങൾ പകത്തിയിട്ടിട്ടുണ്ടു്. പാമ്പുകടിയേററു മരണ വേദനയെടുത്തു് ഞെളിപിരികൊണ്ടിരുന്ന സന്ദഭത്തിൽപോലും "എന്റെ ദൈവം എന്നെ സുഖപ്പെടുത്തും" എന്നു പറഞ്ഞുകൊണ്ടു് വിദഗ്ദ്ധവൈദ്യസഹായം അയാൾ നിരസിച്ചുവത്രെ. എന്നാൽ ദൈവം അയാളെ സഹായിക്കാത്തതിനാലോ, വിഷം ദൈവത്തെ കൂട്ടാക്കാഞ്ഞതിനാലോ അയാൾ മരിച്ചുപോകതന്നെ ചെയ്തു. അയാൾ മരിച്ചു് മൂന്നാം ദിവസംതന്നെ അയാളുടെ ഭായ്യ ബെസ്സി (Bessic) ഒരു പ്രസ്താവന പുറപ്പെടുവിച്ചിട്ടുണ്ടു്. "എൻെറ ഭത്താ വിൻെറ മരണം എന്റേയും ഞങ്ങളുടെ സഭയുടേയും വിശ്വാസ ത്തിനു് യാതൊരു കോട്ടവും വരുത്തീട്ടില്ല." എന്നാണു് പ്രസ്താവന. അയാളിൽ എന്തോ അല്പം പാപം അവശേഷിച്ചിട്ടുണ്ടായിരുന്നതി നാലാണു് മരിച്ചുപോയതു് എന്നായിരിക്കും അവരുടെ സമാധാനം.

അത്യുഷ്ണമേഖലയിൽ സ്ഥിതിചെയ്യുന്ന നമ്മുടെ നാട്ടിലെ പാമ്പുകൾ അധികവും കടുത്ത വിഷമുള്ളവയും മിതശീതോഷ്ണമേഖ ലയിൽ സ്ഥിതിചെയ്യുന്ന അമേരിക്കയിലെ പാമ്പുകൾ അധികവും വിഷം കുറഞ്ഞവയുമാണു്. അതുകൊണ്ടാണു് അവക്കു് പാമ്പി നോടധികം അടുത്തു കളിക്കാൻ സാധിക്കുന്നതു്. പാമ്പിനോടു് ദൈവം തീത്തും തോല്ക്കുകയേയുള്ളു എന്നവർ മനസ്സിലാക്കുന്നതിനു് ഒരു വഴിയേ ഉള്ളു. നമ്മുടെ നാട്ടിലെ മൂർഖൻ, വളകഴപ്പൻ, രക്ത മണ്ഡലി, ചേനത്തണ്ടൻ മുതലായ പാമ്പുകളെ അമ്മാനാടികൊണ്ടു് അവർ ഒരാരാധന നടത്തട്ടെ! ഒന്നൊഴിയാതെ അവരെല്ലാവരും ചത്തൊടുങ്ങും. മഷിയിട്ടു നോക്കിയാലും അവരുടെ സഹായിയായ ദൈവത്തെ അവിടെയെങ്ങും കാണുകയില്ല. ദൈവപരമായ വിശ്വാസം ഒരു മാനസിക വികല്പം മാത്രമാണെന്നും അതിൻെറ ഡിഗ്രി കൂടിക്കൂടി വളരുമ്പോഴാണു് അതു് മൂത്ത ഭ്രാന്തായി പ്രത്യ ക്ഷപ്പെടുന്നതെന്നുമുള്ളതിനു് തെളിവുകൾ എല്ലാ മതക്കാരിലും സുല ഭമാണു്.

## കുഷ്ഠവും സുകൃതവും.

കുഷ്ഠരോഗികൾക്കു പുണ്യസഹായം ചെയ്തുകൊടുക്കുന്നതിന്നു ഒരു കന്യാസ്ത്രീ ഫ്രഞ്ചു ഗയാനായിലെ കുഷ്ഠരോഗ സങ്കേതത്തിൽ ചെന്നിട്ടു 17 വർഷങ്ങളായെന്നും ആ കന്യാസ്ത്രീക്കു കുഷ്ഠരോഗം പിടിപെട്ടിട്ടുണ്ടെന്നും, അവരുടെ സേവനത്തിനായി ഫ്രഞ്ചു ഗവര്‍മ്മെണ്ടു ഒരു സ്വർണ്ണമെഡൽ സമ്മാനിച്ചു കന്യാസ്ത്രീയെ ബഹുമാനിച്ചിരിക്കുന്നു എന്നും ഒരു കത്തോലിക്കാപത്രം പറയുന്നു. പട്ടിണികിടക്കുക, സ്വയം പീഡനങ്ങൾ ഏല്പിക്കുക, വൃത്തിഹീനമായി ജീവിച്ചു രോഗങ്ങൾ വരുത്തി കഷ്ടത അനുഭവിക്കുക ഇവയെല്ലാം വലിയ പുണ്യ കൃത്യങ്ങളായി പണ്ടുപണ്ടേ മുതൽ കത്തോലിക്കർ കരുതി ശീലിച്ചുപോന്നിരുന്നതിന്റെ അവശിഷ്ടമാണു മേല്പറഞ്ഞ കന്യാസ്ത്രീയുടെ "പുണ്യപ്രവൃത്തി" കുഷ്ഠരോഗികൾക്കു കാരുണ്യത്തോടുകൂടി വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുന്നതും അവരെ ശുചിയോടുകൂടി പരിചരിക്കുന്നതും ഏററവും അഭിനന്ദനാർഹമായ സൽപ്രവൃത്തി തന്നെയാണെന്നതിനു സംശയമില്ല. എന്നാൽ അതു തങ്ങൾക്കു പകരാത്ത വിധത്തിൽവേണ്ട പ്രതിനിധികളോടുകൂടി ചെയ്യാതെ രോഗം പകരത്തക്കവിധം ചെയ്യുന്ന "പുണ്യ" പ്രവൃത്തി ഒരു ദുഷ്കൃത്യവും സമുദായ ദ്രോഹവുമാണു. "സാൽവേഷൻ ആർമി"ക്കാർ നടത്തുന്ന കുഷ്ഠരോഗസങ്കേതങ്ങളിൽ അവർ ഇങ്ങനെ രോഗം പകരത്തക്കവിധം പെരുമാറുന്നതായി കാണുന്നില്ല. പുണ്യ-പാപങ്ങളെപ്പറ്റിയുള്ള ധാരണയുടെ വ്യത്യാസമാണു ഈ പെരുമാറ്റ വ്യത്യാസത്തിനു കാരണം.

കുഷ്ഠരോഗം, മലമ്പനി മുതലായ പകരുന്ന രോഗങ്ങളെ ഭൂമുഖത്തുനിന്നുച്ചാടനം ചെയ്വാൻ ബുദ്ധിയുള്ള മനുഷ്യർ ശ്രമിക്കുമ്പോൾ ഭക്തിയുള്ള കൃസ്ത്യാനികൾ പുണ്യപരമായ പീഡാനുഭവത്തിനു വേണ്ടി കുഷ്ഠരോഗം പകർത്തുകയോ പരത്തുകയോ ചെയ്യുന്നതു വലിയ മനുഷ്യദ്രോഹമാണെന്നവർ അറിയുന്നില്ല. കുഷ്ഠരോഗത്തോടു മാത്രമേ ക്രിസ്ത്യാനികൾക്കു മമതയുള്ളു. മലമ്പനിയോടില്ല. ബൈബിളിൽ പുണ്യവാനായ ജോബു എന്ന കുഷ്ഠരോഗിയുടെ കഥ

യുണ്ടു്. ജോബിൻെറ ദൈവവിശ്വാസദൃഢതയെ പരീക്ഷിക്കാൻ ദൈവം അയാറംക്ക കുഷ്ഠരോഗം വരുത്തിയെന്നും അയാറം അതേററവും സന്തോഷത്തോടുകൂടി സ്വീകരിച്ചു സഹിച്ചു് പുണ്യവും സ്വർഗ്ഗവും നേടി എന്നും, തൻെറ വ്രണത്തിൽനിന്നു ഒരു പുഴവെങ്കിലും താഴെ വീണുപോയാൽ അതിനെ അയാറം യഥാസ്ഥാനത്തു എടുത്തുവെച്ചു് താലോലിക്കുമായിരുന്നു എന്നും മററുമുള്ള ബൈബിറം കഥകളാണു് കുഷ്ഠരോഗത്തോടു് ക്രിസ്ത്യാനികറംക്കിത്ര ഇഷ്ടം വരുത്തീട്ടുള്ളതു്.

ഒരു നൂററാണ്ടിനുമുമ്പു് ഡാമിയൻ (Father Damian) എന്നൊരു കത്തോലിക്കപാദ്രി 600 കുഷ്ഠരോഗികളുടെ സങ്കേതമായ ഒരു ദ്വീപിൽ അവക്കു കർബ്ബാന നൽകുന്നതിനുവേണ്ടി ചെന്നു് അവിടെ സ്ഥിരതാമസമാക്കി. കുഷ്ഠരോഗികളുമായി അനാവശ്യമായും അലക്ഷ്യമായും ഇടപഴകുകയാൽ അദ്ദേഹത്തിനും കുഷ്ഠരോഗം പിടിപെട്ടു് കഷ്ടപ്പെട്ടു് 48_ാമത്തെ വയസ്സിൽ മരിച്ചു. യശശ്ശരീരനായ അദ്ദേഹത്തെ ഒരു "പുണ്യവാള"നായി ഉയത്താൻ വത്തിക്കാനും കത്തോലിക്കരും തീച്ച്യയാക്കുകയും ചെയ്തു. ആത്മദ്രോഹകരവും ബുദ്ധിശൂന്യപരവുമായ ഇത്തരം പ്രവൃത്തികളെ പുണ്യകമ്മങ്ങളായി പ്രകീത്തിക്കുന്നതുകൊണ്ടു് കത്തോലിക്കാസഭയ്ക്കു ആളും അത്ഥവും വദ്ധിക്കും. അതാണു് ശുദ്ധഗതിക്കാരായ ഇത്തരം സാധുക്കറംക്കു് ഈ വിധം ബലിമൃഗങ്ങളാകാൻ സഭ പ്രേരണ നല്കുന്നതു്.

## അസാധാരണ കിറുക്കന്മാർ.

ക്രൈസ്തവ മതത്തിലെ "പുണ്യവാള"ന്മാരിൽ മാത്രമല്ല, ഏതു മതത്തിലേയും സിദ്ധന്മാരിൽ ബഹുഭൂരിപക്ഷം വെറും കിറുക്കന്മാരായിരുന്നെന്നു് മനസ്സിലാക്കുന്നതിനു വിശ്വാസവെറി കൂടാതെ അതാതു മതക്കാർ തങ്ങളുടെ സിദ്ധന്മാരെപ്പററി രേഖപ്പെടുത്തീട്ടുള്ള ചരിത്രങ്ങളുടെ ഏടുകളിൽകൂടി ഒന്നു കണ്ണോടിച്ചാൽ മതി. സ്വന്തം ജീവിത കത്തവ്യങ്ങറം കൈവിട്ടുകൊണ്ടു് അരിഷ്ടതയും അതിദുഃഖവും സ്വയം ഏറെറടുത്തു് അനുഭവിക്കുകയാണു് മോക്ഷസമ്പാദനത്തിനുള്ള അത്യുത്തമമാർഗ്ഗം എന്നു് ക്രി. ആ. 285_ാമാണ്ടിൽ

അന്തോണിപ്പുണ്യവാൻ (St. Antony) പ്രവർത്തിച്ചുകാണിച്ചതു സ്തുത്യർഹമാണെന്നു ക്രൈസ്തവ സഭ കരുതുകയാൽ അന്നു മുതൽ ഇന്നോളവും ഇതുപോലെയുള്ള അനേകം കിറുക്കന്മാർ ഉണ്ടാവുകയും അവക്കെല്ലാം "പുണ്യവാളന്മാർ" എന്ന പദം സഭ നൽകുകയും ചെയ്തിട്ടുണ്ടു്. മഠങ്ങളിൽ ചേരുക, ഗുഹകളിൽ വസിക്കുക, കൽത്തൂണുകളിൽ കയറി നില്ക്കുക മുതലായവയാണു് ഈ വിരക്തന്മാർ അനുഷ്ഠിച്ചിരുന്ന പ്രധാന ഭക്തിപരിശീലന മാർഗ്ഗങ്ങൾ. ശരീരത്തെ സ്വയം ദണ്ഡിപ്പിക്കുക എന്നതു് ഭക്ത്യഭ്യാസത്തിലെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഇനമാണു്. സ്വയം ദണ്ഡിപ്പിക്കുന്ന വിധവും അതിനുപയോഗിക്കുന്ന ഉപകരണവും ഓരോരുത്തരും അവനവന്റെ ഇഷ്ടംപോലെ തെരഞ്ഞെടുക്കുകയാണു് ചെയ്തിട്ടുള്ളതു്. അതിന്റെ മൃഗീയതയും ബീഭത്സതയും കൂടുംതോറും പുണ്യത്തിന്റെ ഡിഗ്രിയും കൂടുന്നതായി കാണപ്പെടുന്നു.

പുണ്യവാന്മാരിൽ കൽത്തൂണുകളിന്മേൽ കയറി തപസ്സുചെയ്തിട്ടുള്ളവരുടെ കാര്യമാണു് കൂടുതൽ നേരംപോക്കായി തോന്നുന്നതു്. കൽത്തൂൺപുണ്യവാൻ ശിമയോൻ അഗ്രജൻ (Simon Stylites the Elder) 388_ൽ സിറിയായിൽ ജനിച്ചു. അയാൾ കന്നാലി മേക്കുന്ന ചെറുക്കനായിരുന്നു. 16_ാമത്തെ വയസ്സിൽ വിരക്തനായി സന്യാസി മഠത്തിൽ ചേർന്നു് സ്വയം ദണ്ഡിപ്പിക്കൽ ആരംഭിച്ചു. ദണ്ഡപ്പിക്കലിന്റെ രീതി മററാരും ചെയ്തിട്ടില്ലാത്തതരം അതിക്രൂരമായിരുന്നതിനാൽ സാമൂഹ്യ ജീവിതത്തിനു് അയാൾ പററിയവനല്ലെന്നു് സഹ സന്യാസികൾ വിധിച്ചു് മഠത്തിൽനിന്നു് അയാളെ തള്ളിക്കളഞ്ഞു. പിന്നെ, ഒരു ഏകാന്തമായ കുടിലിൽ ചെന്നു തപസ്സുതുടങ്ങി. കാലു കഴഞ്ഞു ശരീരത്തെ താങ്ങാൻ ആകാതാകുന്നതുവരെ "നിലാട്ടുനില" നില്ക്കുകയായിരുന്നു ആ പുണ്യവാന്റെ തപശ്ചര്യ. പിന്നീടു് ഒരു കൽത്തൂൺ പണിതു് അതിന്റെ മുകളിലായി അയാളുടെ നില. ആദ്യം ആ തൂണിനു 9 അടി പൊക്കമായിരുന്നു. തൂണിനു ഉയരം കൂട്ടിക്കൂട്ടി 60 അടി പൊക്കമാക്കി അതിൻമീതെയാണു് ഒടുവിൽ നിന്നിരുന്നതു്. അയാളോടു താഴെയിറങ്ങി

വരാൻ കെഞ്ചിയപേക്ഷിച്ചുകൊണ്ടു് അയാളുടെ അമ്മ ആ തൂണിൻ ചുവട്ടിൽ കിടന്നു മരിച്ചു. ഈ വിവരങ്ങൾ അയാളെ പുണ്യവാനാക്കിയ മതക്കാരുടെ തന്നെ അധികൃത ചരിത്രപുസ്തകത്തിൽ നിന്നുദ്ധരിക്കുന്നതാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

ശിമയോൻ കനിഷ്ഠൻ (Simon Styhitcs youwger) എന്ന മറ്റൊരു തൂണ് പുണ്യവാൻ ഉണ്ടായിരുന്നു: ഇദ്ദേഹത്തിൻെറ കാലം 521 മുതൽ 597 വരെയാണു്. ഇയാൾ 8_ാമത്തെ വയസ്സിൽ തൂണിന്മേൽ തപസ്സുതുടങ്ങി. ഗുരുവായ ജോൺ എന്നൊരു പുണ്യവാൻ തപസ്സു ചെയ്തിരുന്ന തൂണിനു സമീപം ഇരുവക്കും സംരക്ഷണം ചെയ്യത്തക്കവണ്ണമായിരുന്നു ഇദ്ദേഹത്തിൻെറ തൂണു്. ഇയാളുടെ തൂണിന്മേൽ തപസ്സ് 68 വർഷങ്ങൾ നീണ്ടുനിന്നുവത്രെ.

നിരന്തരം പ്രാർത്ഥനയും ധ്യാനവും ഇടയ്ക്കിടെ ഉപവാസവും മൌനവുമായിരുന്നു സകല പുണ്യവന്മാരുടേയും പുണ്യവതികളുടേയും തൊഴിൽ. തെക്കെ അമേരിക്കയിലെ "The Lily of Quito" എന്നറിയപ്പെടുന്ന പുണ്യവതി ഒരു ശവപ്പെട്ടിയുണ്ടാക്കി അതിൽ കിടന്നാണു് എന്നും ഉറങ്ങിയിരുന്നതു്. എല്ലാ വെള്ളിയാഴ്ച ദിവസവും അവരുടെ തലമുടിയിൽ കയറുകെട്ടി ആ കയറു് മുകളിൽ ഒരു കുരിശിനോടു് ബന്ധിച്ചു യാതൊരു താങ്ങും ഇല്ലാതെ രണ്ടു മണിക്കൂർ സമയം തൂങ്ങിക്കിടക്കുക പതിവായിരുന്നു.

സാവിൻ പുണ്യവാൻ (Saint Savin) പറമ്പിൽ 7 അടി നീളവും 5 അടി ആഴവും ഉള്ള ഒരു കുഴി കുഴിച്ചു് അതിലായിരുന്നു പാർത്തിരുന്നതു്. ഒരേ ഒരു ഉടുപ്പു 13 വർഷം മാറാതെ അദ്ദേഹം ഉപയോഗിച്ചിരുന്നുവത്രെ. നോക്കണേ, വൃത്തിഹീനതയുടെ പരിമാണം പുണ്യത്തിൻെറ പ്രമാണമാക്കിയിരിക്കുന്നതു്!

സ്വീഡനിലെ ബ്രിജീത്ത (Saint Brideget of Swcden) കത്തി ഉരുകുന്ന മെഴുകു് ദേഹത്തിൽ ഒഴിച്ചു് വ്രണങ്ങൾ ഉണ്ടാക്കിയും അതു് പൊറുക്കാതിരിക്കാൻ മാന്തിപ്പൊളിച്ചും പുണ്യവതിയായി. ലൂയിസ് ബെർട്രാർഡ് (Saint Louis Bertrant) ചമ്മട്ടി

കൊണ്ടു് ദേഹത്തിൽ അടിച്ചു് ചോര ഒലിപ്പിച്ച വ്രണമുണ്ടാക്കി പുണ്യവാനാകയാണു് ചെയ്തതു്.

ഇങ്ങനെ പുണ്യവാന്മാരുടെ കിറുക്കിന്റേയും, കിറുക്കന്മാരുടെ പുണ്യത്തിന്റേയും പട്ടിക എഴുതുകയാണെങ്കിൽ അതു എളുപ്പമൊന്നും അവസാനിക്കുകയില്ല. ഒന്നു് ശാന്തമായി ആലോചിച്ചു നോക്കുക. കർമ്മാനുഷ്ഠാനങ്ങളും വിശ്വാസാചാരങ്ങളും നോക്കിയാൽ, മനസ്സ് കിറുക്കു് അഭ്യസിപ്പിക്കുന്ന സ്ഥാപനമല്ലേ ?

സിദ്ധന്മാരിൽ മുക്കാലെ അരക്കാൽ പങ്കും നല്ല മൂത്ത കിറുക്കന്മാരായിരുന്നില്ലെ ? പുണ്യവാന്മാർക്കും മാലിന്യത്തിനും തമ്മിൽ പിരിയാബന്ധമില്ലേ ? ദൈവത്തേയോ മതത്തേയോ പറഞ്ഞു കൊണ്ടു സ്വയം ദ്രോഹകരമായ അസാധാരണവും കഠിനവുമായ എന്തെങ്കിലും പ്രവൃത്തി ആരു ചെയ്താലും അദ്ദേഹത്തെ പുണ്യവാനോ, ദൈവദൂതനോ, അവതാരമോ ദൈവം തന്നെയോ ആയി ജനത കരുതിക്കൊള്ളും, പ്രകീർത്തിച്ചുകൊള്ളും. മഹാത്മാഗാന്ധി താൻ വെറും മനുഷ്യനാണെന്നു എത്ര വിളിച്ചു പറഞ്ഞിട്ടും അദ്ദേഹം കച്ചതോർത്തുടുക്കുകയും ജയിൽവാസം അനുഭവിക്കുകയും |ദൈവം പറഞ്ഞിട്ടു് നീണ്ട പട്ടിണികൾ കിടക്കുകയും ചെയ്തതിനാൽ ജനത അദ്ദേഹത്തെ അവതാരമെന്നല്ല, ഈശ്വരൻതന്നെ ആക്കിക്കഴിഞ്ഞു. ആരാധനകളും തുടങ്ങിപ്പോയി!

## നാക്കറുത്തു് അടിയറവെച്ചു

ക്രൈസ്തവർ സെന്റ് മേരിയോടുള്ള ഭക്തി പുലർത്തുന്നതിനു് "മരിയസഖ്യത" "സൊഡാലിററി'' മുതലായ സംഘടനകൾ സ്ഥാപിച്ചു നടത്തുന്നതുപോലെ, ദുർഗ്ഗാദേവിയോടുള്ള ഭക്തി വളർത്തുന്നതിനു് ഉത്തരേന്ത്യൻ പ്രദേശങ്ങളിൽ "ശ്രീ ദുർഗ്ഗാഭജനമന്ദിർ'' എന്ന പേരിൽ സംഘടനകൾ ധാരാളം പ്രചാരത്തിലുണ്ടു്. അങ്ങിനെയുള്ള ഒരു ഭജനമന്ദിരത്തിലെ അംഗങ്ങൾ ദേവിസന്നിധിയിൽ ഭജന നടത്തികൊണ്ടിരിക്കുമ്പോൾ അവരിൽ ഒരുവൻ കൃപാണംകൊണ്ടു് സ്വന്തം നാക്കറുത്തു് ദേവീ ബിംബത്തിനു് അടിയറ വെച്ചതായ വിവരം ഒരു ലാഹോർ പത്രം റിപ്പോർട്ടു് ചെ

സ്ഥിരുന്നു. മോണ്ടു് ഗോമറി ഡിസ്ത്രിക്ടിലെ ഗോഗ്ഗമണ്ടി (Gogra Mandi in Montgomery district) എന്ന സ്ഥലത്താണു് ഈ സംഭവം നടത്തീട്ടുള്ളതു്. മോണ്ടു്ഗോമറി ഡിസ്ത്രിക്ടു് എന്നു കേൾക്കുമ്പോൾ സംഭവസ്ഥലം യൂറോപ്പിലോ അമേരിക്കയിലോ ആണെന്നാരും അന്ധാളിച്ചിട്ടാവശ്യമില്ല. പഞ്ചാബിലെ ലഫ്റ്റനന്റു് ഗവർണർ ആയിരുന്ന മോണ്ടു്ഗോമറിയുടെ സ്മരണാർത്ഥം പഞ്ചാബിലെ "സാഹിവാൽ" ഡിസ്ത്രിക്ടിനു 1864ൽ ഇട്ടിട്ടുള്ളതാണു് ഈ പേരു്. 25 വയസ്സു പ്രായമുള്ള ലാലാതികായറാം (Lala Thikayaram) എന്ന യുവാവാണു് ഈ പുണ്യകർമ്മം നടത്തിയ ധീരൻ. നാക്കറുത്ത മുറിവിൽ കൂടി ധാരാളം രക്തം പ്രവഹിക്കുകയാൽ തികായറാം ബോധരഹിതനായി നിലംപതിച്ചു. അയാളെ ദേവി നോക്കിക്കൊള്ളുമെന്നതുകൊണ്ടു് പ്രഥമ ശുശ്രൂഷപോലും അയാൾക്കാരും ചെയ്തില്ല. ഈ ബലികർമ്മം കൂട്ടുകാരായ ഭജനക്കാരിൽ ആശ്ചര്യവും പരിഭ്രമവും ഭക്തിയും മുപ്പിരിക്കൊള്ളിക്കയാൽ അവർ താളമേളങ്ങളോടെ ദേവി സ്തോത്രങ്ങൾ പാടി കോലാഹലം കൂട്ടിക്കൊണ്ടുതന്നെയിരുന്നു. അങ്ങനെ സമയം കുറെ കഴിഞ്ഞപ്പോഴക്കും ഡിസ്ത്രിക്ടു് പോലീസ് സൂപ്രണ്ടു് മി. ടെയിലർ, സബ്ബ് ഇൻസ്പെക്ടർ ഹർദിപ്പ്സിംഗ് ഒരുമിച്ചു് തിടുക്കത്തിൽ സംഭവസ്ഥലത്തെത്തി. ബോധരഹിതനായിക്കിടക്കുന്ന തികായറാമിനു വേണ്ട പ്രഥമശുശ്രൂഷയും ചികിത്സയും ചെയ്യുന്നതിലേക്കു് മി. ടെയിലർ സിവിൽ ആസ്പത്രിയിലേക്കു് അടിയന്തിരമായി ആളെ അയച്ചു ഡാക്ടറെ വരുത്തി. ഡാക്ടർ വന്നെത്തുമ്പോഴേക്കും തികായറാമിനു തന്നത്താൻ ബോധം വീണു. താൻ ബലി നല്കിയ തന്റെ നാക്കിനു പകരം പുതിയൊരു നാക്കു ദേവി തനിക്കു തരുമെന്നു ദൃഢവിശ്വാസമുള്ളതിനാൽ തന്നെ ആരും ശുശ്രൂഷിക്കുകയോ, ചികിത്സിക്കുകയോ ചെയ്യരുതെന്നു് ഡാക്ടരേയും പോലീസ് അധികാരികളേയും അയാൾ അസന്ദിഗ്ദ്ധമായി ധരിപ്പിച്ചു. അപ്പോഴേക്കും അവിടെ തടിച്ചുകൂടിയ ദേവീഭക്തന്മാർ ഗംഭീരമായ ഒരു ആത്മീകസദസ്സു് രൂപീകരിച്ചു. തികായറാമിന്റെ ആയുരാരോഗ്യങ്ങൾക്കായി പ്രാർത്ഥന മുതലായ മതചടങ്ങുകൾ വഴിയാംവണ്ണം നിർവ്വഹിച്ചു.

സ്വന്തം നാക്കറുത്തു ബലി നല്കിയ ഈ പുണ്യ പുരുഷൻെറ ദശ്ശനസുകൃതലബ്ധിക്കായി ജനങ്ങൾ, നാനാഭാഗത്തുനിന്നും ആയിരമായിരക്കണക്കിനു ഗോജ്ഞാണ്ടിയിലേക്കു ഒഴുകിക്കൊണ്ടിരുന്നു, ഈ ക്ഷേത്രത്തിലെ ദേവിക്കു നാക്കു് നിവേദ്യം വളരെ പഥ്യമാണെന്നുള്ള പാരമ്പര്യം പണ്ടുപണ്ടേയുള്ളതാണു്. ഇതിനുമുമ്പു ഇങ്ങനെ ഒരു നാക്കു് ബലി നടത്തീട്ടു ഇപ്പോൾ 20 വഷങ്ങൾ കഴിഞ്ഞിരിക്കുന്നുവത്രെ. ഇത്രയെല്ലാമാണു ആ റിപ്പോർട്ടിൽ കാണുന്ന വിവരങ്ങൾ.

ഒരാൾ തൻെറ നാക്കറുത്തുകളയുന്നെങ്കിൽ അതു ഇന്ത്യൻ ശിക്ഷാനിയമപ്രകാരം ഒരു കുററമാകുന്നില്ല. ആത്മഹത്യക്കുള്ള ശ്രമമാണെങ്കിലേ കുററമാകയുള്ളു. നാക്കറുക്കുന്നതുകൊണ്ടു മരണം സംഭവ്യവുമല്ല. അതുകൊണ്ടു ഈ ഭക്തികാര്യത്തിൽ അനാവശ്യമായി ഇടപെടാതെ ഡാക്ടരും പോലീസുദ്യോഗസ്ഥന്മാരും ഒഴിഞ്ഞുപൊയ്ക്കളയുക തന്നെ ചെയ്തു. വേദത്തിലോ പുരാണത്തിലോ പറയുന്ന സങ്കല്പ ദേവീദേവന്മാർ വളരെ അമാനുഷിക ശക്തികളും അളവററ അനുഗ്രഹങ്ങളും കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നുണ്ടെന്നു സ്വാത്ഥികളായ പുരോഹിതർ ജനതയെ തെററിദ്ധരിപ്പിച്ചു് അവരെക്കൊണ്ടു വഴിപാടുകൾ ചെയ്യിക്കുന്നു. അങ്ങിനെ വഴിപാടു കിട്ടുന്ന മുതലെല്ലാം മതമേധാവികൾ അടക്കിയെടുത്തനുഭവിക്കുകയും ചെയ്യുന്നു. ഈ പ്രവൃത്തിക്കു "പുണ്യ"മെന്നാണു് പേരു്. കഞ്ഞിക്കു വകയില്ലാത്ത ഒരു സാധു ഒരു ചെമ്പു മോതിരം സ്വണ്ണമോതിരമാണെന്നു മറെറാരാളെ തെററിദ്ധരിപ്പിച്ചു പണയംവച്ചു പണം വാങ്ങി പട്ടിണിപോക്കിയാൽ അതിനു് "ചതി" എന്നാണു് പേരു്. നമ്മുടെ ശിക്ഷാനിയമപ്രകാരം ചതിക്കുററത്തിനുള്ള ശിക്ഷ ഏഴു കൊല്ലം വരെ കഠിന തടവും പിഴയുമാണു്. മതവ്യാപാരികൾ ജനങ്ങളെ തെററിദ്ധരിപ്പിക്കുകയും ചതിക്കുകയും ചെയ്യുന്നതുകൂടി ശിക്ഷാഹ്മാക്കി നിയമനിമ്മാണം ചെയ്യുക എന്നതു യുദ്ധാനന്തര സാമ്പത്തിക പുനസ്സംവിധാന പദ്ധതിയിലെ ഒരു പ്രധാന ഇനമാക്കിയാൽ നന്നായിരിക്കും. റഷ്യയിൽ വിപ്ലവാനന്തരം ജനങ്ങൾക്കു വേലയും വേലക്കു തക്ക കൂലിയും ഉണ്ടാക്കി പണവും പട്ടിണിയും നാട്ടിൽ ഇല്ലാതാക്കിയതു് അങ്ങിനെയൊരു സാമ്പത്തിക പുനസ്സംവിധാനം വഴിയാണു്.

# മൂന്നു്

## കാലികറ്റ് കത്തോലിക്കരാണോ ?

മനുഷ്യരിലും മൃഗങ്ങളിലും കണ്ണാടിക്കുഴൽ (Test-tube) വഴി ഗർഭോല്പാദനം സാധിക്കാമെന്നു് കണ്ടുപിടിച്ചിട്ടുണ്ടു്. പശുക്കളിൽ അങ്ങിനെ കൃത്രിമ ഗർഭോല്പാദനം നടത്തുന്നതു പരീക്ഷണഘട്ടം വിട്ടു വളരെ പ്രയോഗികവും കാര്യക്ഷമവും ആയ ഒരു പദ്ധതിയായി സാർവ്വത്രികമായി സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നു. നല്ല നല്ല ജാതി കിടാക്കളെ ഉത്ഭവിപ്പിക്കുന്നതിനും തന്മൂലം ഗോവർഗ്ഗങ്ങളെ ഉദ്ധരിക്കുന്നതിനും അതൊരു ഉത്തമ മാർഗ്ഗമാണു്. നിയമസഭയിൽ കൃത്രിമ ഗർഭോല്പാദനത്തെപ്പറ്റി വിവാദമുണ്ടായപ്പോറം, മാർപ്പാപ്പ അതു നിഷിദ്ധമാണെന്നു് വിധിച്ചിരിക്കയാൽ അതു അംഗീകാര്യമല്ലെന്നു് ചില കത്തോലിക്ക മെമ്പർമാർ എതിർത്തുവത്രെ. ജനന നിയന്ത്രണവും കൃത്രിമ ഗർഭോല്പാദനവുമെല്ലാം കത്തോലിക്കരുടെ ഇടയിൽ നടത്തുന്നതിനെയല്ലേ മാർപ്പാപ്പ വിലക്കിയിട്ടുള്ളതു്? ഇതര സമുദായക്കാരിൽ ആ വിലക്കു ചെല്ലുകയില്ലല്ലോ അതുകൊണ്ടു് മഹാപ്രാജ്ഞനായ മാർപ്പാപ്പ മതമൊന്നുമില്ലാത്ത മൃഗങ്ങളിൽ കൃത്രിമ ഗർഭോല്പാദനം വിലക്കിയിരിക്കയില്ല എന്നൊരു പത്രം എഴുതുകയുണ്ടായി.

എല്ലാ മതക്കാരിലും ധാരാളം മൃഗങ്ങറം ഉണ്ടെന്നുള്ളതു് അനുഭവവേദ്യമാണല്ലോ. കത്തോലിക്കരിലും മൃഗങ്ങറം ഉള്ളതുപോലെ മൃഗങ്ങളിലും കത്തോലിക്കരുണ്ടായിരിക്കണം എന്നാണു് തോന്നുന്നതു്. പിറന്നുടനെ ചാവുന്ന ശിശുക്കളെ കത്തോലിക്കരാക്കുന്നതിനു വീട്ടു മാമ്മോദീസ എന്നൊരു കർമ്മം കത്തോലിക്കർക്കുണ്ടു്. ആ കർമ്മം പള്ളിയിൽ വെച്ചും പുരോഹിതനും മാത്രമല്ല എവിടെ വെച്ചും ആർക്കും, സ്ത്രീക്കും പുരുഷനും ബാലനും വൃദ്ധനും നടത്താവുന്നതാണു്. അങ്ങിനെയുണ്ടാവുന്ന ശിശു ശവങ്ങളേയും മരണ സമയത്തു അകത്തോലിക്കരായ രോഗികളേയും കത്തോലിക്കരാക്കാൻ

ബന്ധപ്പെടുന്നവരുണ്ടോ അവരുടെ തൊഴുത്തിലും സംരക്ഷണയിലും നില്ക്കുന്ന നല്ല നല്ല പശുക്കളേയും കാളകളേയും കത്തോലിക്കരാക്കാതെ വിടുന്നു! ഒരു കത്തോലിക്കൻ തന്റെ സ്വന്തം പാടത്തു് ഏറു് പൂട്ടുന്ന ചാത്തനേയും പേങ്ങനേയും കത്തോലിക്കരാക്കിയെടുക്കുന്ന കൂട്ടത്തിൽ ആ ഏറു് കാലികളേയും കത്തോലിക്കരാക്കിയെടുക്കുന്നുണ്ടെങ്കിൽ അസാധാരണത്വമൊന്നുമില്ല.

## ഗോരക്ഷയും മാൎഗ്ഗം മറിക്കലും

"കൊച്ചിൻ സ്റ്റേററു് ഹിന്ദു അസോസിയേഷൻ" എന്നൊരു സ്ഥാപനം രൂപീകരിക്കുന്നതിനു് ഹിന്ദുക്കളുടെ സഹകരണവും പ്രോത്സാഹനവും അഭ്യർത്ഥിച്ചുകൊണ്ടുള്ള ഒരു കത്തു്, കൊച്ചി രാജകുടുംബത്തിലെ ഒരു കൊച്ചുതമ്പുരാൻ തിരുമനസ്സുകൊണ്ടും പാലിയത്തെ ഒരു ചെറിയ അച്ഛൻ അവർകളും മററു മൂന്നുപേരും ചേന്നു് 24-10-1945ൽ എറണാകുളത്തുനിന്നു് പുറപ്പെടുവിക്കുകയുണ്ടായി. സകലരേയും സകലതിനേയും യേനകേനപ്രകാരേണ (വല്ലവിധത്തിലും) മാർഗ്ഗം കൂട്ടിയെടുത്തു്, തങ്ങളുടെ ഉടലും മടിശ്ശീലയും തടിപ്പിച്ചു്, മലയാളത്തു പ്രവൎത്തിച്ചുകൊണ്ടിരിക്കുന്ന ശക്തങ്ങളായ വിദേശിമത സംഘടനകളുടെ ഇടയിൽ കത്തഴിഞ്ഞ പുസ്തകംപോലെ അസംഘടിതമായിക്കിടക്കുന്ന ഹിന്ദു സമുദായം ഞെങ്ങിഞെരുങ്ങിതുടങ്ങിയിരിക്കുന്ന കാഴ്ചയാണു് നാം ഇന്നു കൊച്ചിയിലും തിരുവിതാംകൂറിലും കാണുന്നതു്. സ്വയം രക്ഷക്കും സ്വയാഭിവൃദ്ധിക്കും വേണ്ടി ഏതെങ്കിലും സമുദായം വല്ല സ്ഥാപനവും നിൎമ്മിക്കുക എന്നതു്, സമുദായവാദമാണെന്നു പറഞ്ഞു്, സമുദായ സോപാനത്തിന്റെ മേലേപ്പടിയിൽ ഇരിക്കുന്ന സനാതനി പ്രമാണികൾ, നിഷിദ്ധമായി ഇതേവരെ തള്ളിക്കളഞ്ഞിരിക്കയായിരുന്നു. ദേശീയത്വം മാത്രം മൂളിക്കൊണ്ടു നടക്കുന്ന ദേശഭക്തന്മാർ നേരം വെളുത്തു് കണ്ണുതുറന്നു നോക്കുമ്പോൾ കാണുന്ന കാഴ്ച, സ്വന്തം നാട്ടിൽ തങ്ങൾക്കു നില്ക്കാൻ സ്ഥാനമില്ലെന്നുള്ളതായിരിക്കാം എന്നതിൽ അത്ഭുതത്തിന്നവകാശമില്ല. ഒരു വ്യക്തി അശക്തനായിരുന്നാൽ ശക്തന്റെ ദാസ്യം വരിക്കേണ്ടിവരുന്നതുപോലെ

ഒരു സമുദായവും ദുർബ്ബലമായിരുന്നാൽ അന്യസമുദായങ്ങളുടെ വരുതിയ്ക്കു കീഴ്പ്പെടേണ്ടിവരും. പല സമുദായങ്ങൾ ഉൾക്കൊള്ളാത്ത_ ഒരൊററ സമുദായം മാത്രമുള്ള_ ഒരു രാഷ്ട്രമില്ല. ഗവണ്മെണ്ടുകൾ സോഷ്യലിസ്റ്റുതത്വം സ്വീകരിച്ച് പ്രവർത്തിക്കാതിരിക്കുന്നേടത്തോളം കാലം പ്രബല സമുദായങ്ങളിൽനിന്നു മർദ്ദനമേല്ക്കാതിരിക്കാൻ ദുർബ്ബല സമുദായങ്ങൾ സ്വയം സംഘടിച്ച് ശക്തമാവുകതന്നെ വേണം. പ്രബല സമുദായം തന്നെയും അതിൻെറ ശക്തി ക്ഷയിച്ച്, ദുർബ്ബലമാകാതിരിക്കാനും സംഘടിച്ചിരിക്കേണ്ടതാവശ്യം തന്നെ. അങ്ങിനെ ഒരു സമുദായം ചെയ്യുന്ന സംഘടനാപരിശ്രമത്തെ സമുദായ വാദമെന്നു പറഞ്ഞു അപലപിക്കുന്ന ഹ്രസ്വദൃഷ്ടികൾക്കു സമുദായവാദമെന്തെന്നു തന്നെ അറിയാൻ പാടില്ല.

കൂടുതൽ ശക്തിയും അധികാരവും കൈവശമിരിക്കുന്ന ഒരു പ്രബല സമുദായം അവശസമുദായങ്ങളെ മർദ്ദിക്കുകയും അവ അർഹിക്കുന്ന അധികാരവകാശങ്ങൾ വിട്ടുകൊടുക്കാതിരിക്കുകയും ചെയ്യുന്നതാണ് സമുദായവാദം. അതു് ദുഷ്ടവും അപലപനീയവും തന്നെ.

കൊച്ചിയിൽ സ്ഥാപിക്കാൻ പോകുന്ന മേല്പറഞ്ഞ "ഹിന്ദു അസോസിയേഷൻെറ" ഉദ്ദേശങ്ങളിൽ ഒന്നു് "അസ്പൃശ്യത നീക്കാൻ" (to remove untouehabitity) എന്നു കാണുന്നുണ്ടെങ്കിലും, ജാതി നശിപ്പിക്കണമെന്നോ ക്ഷേത്രപ്രവേശനം അനുവദിപ്പിക്കണമെന്നോ മിശ്രഭോജനമോ മിശ്രവിവാഹമോ പ്രോത്സാഹിപ്പിക്കണമെന്നോ ഒന്നും അസോസിയേഷൻെറ നിർദ്ദിഷ്ടോദ്ദേശങ്ങളിൽ കാണുന്നില്ല. അതുകൊണ്ടു് ഇതൊരു പിന്തിരിപ്പൻ സനാതനിസഭ ആയിരിക്കുകയില്ലേ എന്നു ആരെങ്കിലും സംശയിച്ചേക്കാം. ജാതി നശീകരണവും ക്ഷേത്രപ്രവേശനവും, മിശ്രഭോജനവും, മിശ്രവിവാഹവും സാധിക്കാതെ ഹിന്ദുസമുദായത്തിനു് ഇവിടെ ക്രിസ്ത്യൻ മുസ്ലീം സമുദായങ്ങളുടെ ഇടയിൽ ദീർഘകാലം തലയുയർത്തി നില്ക്കാൻ കഴിയുമെന്നു തോന്നുന്നില്ല.

ജാതി നശീകരണത്തിനും ക്ഷേത്രപ്രവേശനത്തിനും ഉള്ള പരിപാടികൾ സ്വീകരിക്കാതെ, ഹിന്ദു മിഷനറി പ്രവർത്തനവും

ഗോരക്ഷയും അസോസിയേഷൻെറ പ്രധാനോദ്ദേശങ്ങളിൽ ഉൾപ്പെടുത്തിക്കാണുന്നുണ്ട്. ജാതി വ്യത്യാസത്തേയും ക്ഷേത്രനിരോധത്തേയും നശിപ്പിക്കാതെ ഹിന്ദു മിഷനറി പ്രവർത്തനം ഫലപ്രദമായി നടത്താമെന്നു വിചാരിക്കുന്നതു വെറും ദിവാസ്വപ്നമാണ്.

ജാതിവ്യത്യാസമുണ്ടെങ്കിൽ ബ്രാഹ്മണജാതിയിലേക്കല്ലാതെ അതിൽ താണ ജാതികളിലേക്കു വരാൻ ഇതരമതക്കാരിൽ ആരും കാര്യമായുണ്ടാകയില്ല. ഹിന്ദുവിൻെറ ഗോരക്ഷ വെറും നേരംപോക്കാണ്. പശുക്കളെ കൊന്നുതിന്നുവാൻ അനുവദിക്കാതെ അവററ തന്നത്താൻ ചാവുന്നതുവരെ പുല്ലും വെള്ളവും കാട്ടി സൂക്ഷിക്കുകയും അവയുടെ പൃഷ്ഠത്തിൽ തൊട്ടൊന്നു നമസ്കരിക്കയുമാണ് ഹിന്ദുവിൻെറ ഗോരക്ഷാസമ്പ്രദായം. പാശ്ചാത്യരാണു ശരിയായ രീതിയിൽ ഗോക്കളെ രക്ഷിക്കുന്നതു്. അവരുടെ ഗോരക്ഷാമാർഗ്ഗം ഹിന്ദു കണ്ടുപഠിക്കേണ്ടിയിരിക്കുന്നു. ഒരു പശുവിൽ നിന്നു ഒരു ദിവസം രണ്ടും നാലും പറ പാലു് ലഭിക്കത്തക്കവിധം പശുക്കളെ ശാസ്ത്രീയമായി സംരക്ഷിച്ചു വളർത്തി ഗോവർഗ്ഗത്തെ ഉയർത്തുകയാണവർ ചെയ്തിട്ടുള്ളതു്. അനാദികാലം മുതൽ ഗോവ് പരിശുദ്ധ മൃഗമായും ഗോരക്ഷ പരിപാവനമതകർമ്മമായും ആചരിച്ചുവരുന്ന ഭാരതത്തിലെ ഗോരക്ഷകരിൽ ആകമാനം നോക്കിയാൽ പാശ്ചാത്യൻെറ പക്കലുള്ളതുപോലെ ഒരൊററ വിശിഷ്ടവർഗ്ഗപശുവിനെപ്പോലും കാണുകയില്ല. ദേവനെ കുളിപ്പിച്ചും ഉടുപ്പിച്ചും ഊട്ടിയും വരുന്നതുപോലെ ഗോരക്ഷയും ഹിന്ദു ഒരു പരിവർത്തനകർമ്മമായി ആചരിക്കുന്നുണ്ട് ഹിന്ദുവിൻെറ കർമ്മംകൊണ്ടൊന്നും ദേവനു് വണ്ണം വെയ്ക്കുന്നില്ല, ഒന്നനങ്ങാൻപോലുമുള്ള ചൈതന്യം ഉണ്ടാകുന്നില്ല. അതുപോലെ ഹിന്ദുവിൻെറ ഗോപൂജകൊണ്ടു് പശുവിനു വണ്ണം വെയ്ക്കുന്നില്ല, കൂടുതൽ പാൽ ലഭിക്കുന്നില്ല, ചൈതന്യവും വർദ്ധിക്കുന്നില്ല.

## ഓങ്കാര ഓളാങ്കം

"ഓം എന്നതു് ആകാശം; അതുതന്നെ ബ്രഹ്മം; അതുതന്നെ

വേദം; അറിയേണ്ടതു് മുഴുവൻ ഈ ശബ്ദത്തിൽ ഉണ്ടു്." എന്നു ബ്രഹ്മദാരോപനിഷത്തു പറയുന്നു.

ഏതു ശബ്ദത്തെ വേദങ്ങളെല്ലാം കൊണ്ടാടുന്നുവോ, ഏതിനെ മന്ത്രങ്ങളെല്ലാം സ്തുതിക്കുന്നുവോ ഏതിനെ ബ്രഹ്മചര്യവ്രതക്കാർ ആഗ്രഹിക്കുന്നുവോ അതാണു് ഓങ്കാരം എന്നു് ഘടോപനിഷത്തു പ്രതിപാദിക്കുന്നു.

ഓങ്കാരമായ പ്രണവത്തെ വില്ലായും ആത്മാവിനെ ശരമായും ധ്യാനിച്ചു് നിശ്ചല ഭക്തിയോടുകൂടി ബ്രഹ്മത്തെ ലക്ഷ്യമാക്കി പ്രയോഗിച്ചാൽ പരമാനന്ദം പ്രാപിക്കാമെന്നു് മുണ്ഡകോപനിഷത്തു പദേശിക്കുന്നു.

ഓങ്കാരത്തെ സദാ സമയവും ഉച്ചരിച്ചു ധ്യാനിക്കുന്നവരുടെ പാപങ്ങൾ മാർജ്ജനം ചെയ്യപ്പെട്ടു് സായൂജ്യം ലഭിക്കും. അതു് പാമ്പു് തന്റെ ചട്ടയുപേക്ഷിച്ചു് പുതിയ ചട്ടയോടുകൂടി പ്രത്യക്ഷപ്പെടുന്നതുപോലെയാണെന്നു പ്രശ്നോപനിഷത്തു വ്യക്തമാക്കുന്നു.

ഓങ്കാരത്തിൽനിന്നു് ഹിമവാൻ മുതൽ വിപീലികവരെയുള്ള സകലതും ഉണ്ടായി; വേദപാഠങ്ങളുടെ ആരംഭാവസാനങ്ങളിൽ പ്രവണശബ്ദം വേണം; പ്രണവശബ്ദം ചേർത്തില്ലെങ്കിൽ വേദോച്ചാരണത്തിനു ഫലം ഇല്ലാതാകും, ഉപാദ്ധ്യായന്മാരും വർത്തകരും മററു തൊഴില്ക്കാരും പ്രണവോച്ചാരണം കൂടാതെ അനുഷ്ഠിക്കുന്ന കർമ്മങ്ങൾ നിന്ദ്യങ്ങളാണു് എന്നു മതധർമ്മശാസ്ത്രത്തിൽ പറയുന്നു.

പാരസീക മതാനുയായികളുടെ ആദ്യത്തെ ദൈവം "അഹംമസ്ത" എന്ന പേരിനാൽ അറിയപ്പെടുന്നു. ഇതിലെ അ. ഉ. മ. എന്ന ഉച്ചാരണം ഓങ്കാരമാണു്.

ചൈന, ജപ്പാൻ, ടിബററ് മുതലായ രാജ്യങ്ങളിലെ ബുദ്ധമതപുരോഹിതരായ ലാമമാരുടെ ധ്വജം "മനി. പത്മി. ഹോം" എന്നാണു്. ഇതിലും അകാര ഉകാര മകാരങ്ങൾ അടങ്ങിട്ടുണ്ടു്.

യഹൂദന്മാരുടെ ഈശ്വരനാമം "യഹോവാ" എന്നാണു് ഈ പദത്തിനു് ഹീബ്രു ഭാഷയിൽ "ഉള്ളതു്" എന്നാണർത്ഥം. ഇതിലും

ലീനമായിരിക്കുന്നതു് ഓങ്കാരമാണെന്നു് ദൃശ്യമാണല്ലോ. (മുസ്‌ലീങ്ങളുടെ ഈശ്വരനാമമായ "അല്ലാഹു" എന്ന പദത്തിനു് അറബിഭാഷയിൽ "ഇല്ലാഞ്ഞതു്" എന്നാണർത്ഥം എന്നു് ഇസ്‌ലാമിക്ക് റവ്യൂ പറഞ്ഞിട്ടുണ്ടു്. പാലസ്റ്റൈനിൽ മുസ്‌ലീം യഹൂദ സംഘട്ടനം ഉഗ്രമായി നടന്നുകൊണ്ടിരിക്കുന്നു. ബ്രിട്ടീഷ് അമേരിക്കൻ ഗവൺമെണ്ടുകൾക്കു് അതു് ഒടിയ്ക്കാനും തുളയ്ക്കാനും പാടില്ലാത്ത വിഷമപ്രശ്നമായിട്ടാണു് തീർന്നിരിക്കുന്നതു്. "ഉള്ളതും" "ഇല്ലാത്തതും" ആയ രണ്ടു ദൈവങ്ങളുടെ പരസ്പര വൈപരീത്യമാണു് ഈ അനാശാസ്യസംഘട്ടനത്തിനുള്ള ഒരു കാരണമെന്നനുമാനിക്കുന്നതിൽ അബദ്ധമില്ല. "അല്ലാഹു"വിന്റെ "ഇല്ലാത്തതു്" എന്ന അർത്ഥത്തെ "പ്രപഞ്ചത്തിൽ ഇല്ലാത്തതു്" "പ്രപഞ്ചത്തിനും അതീതമായതു്" എന്നെല്ലാം ഇന്നത്തെ മുസ്‌ലീംങ്ങൾ വ്യാഖ്യാനിക്കുന്നുണ്ടു്. പണ്ടുപണ്ടേ വിദ്വാന്മാരും സംസ്കാരസമ്പന്നന്മാരും ആയിരുന്ന അറബികൾ ദൈവത്തിനു് "ഇല്ലാത്തതു്" എന്ന പേരു് "അറിഞ്ഞുകൊടുത്ത"തായിരിക്കാൻ പാടില്ലായ്കയില്ല. ഏതായാലും യഹൂദന്റെ ദൈവവും മുസ്‌ലീമിന്റെ ദൈവവും ഒന്നല്ലെന്നും, ആ ദൈവങ്ങൾക്കു് തമ്മിൽ പൊരുത്തമില്ലെന്നും ഉള്ളതു് ആർക്കും നിഷേധിക്കാൻ സാധിക്കാത്ത ഒരു വസ്‌തുത മാത്രമാണു്.)

ക്രിസ്ത്യാനികൾ സാധാരണ ഈശ്വരസ്മരണ ചെയ്യുമ്പോൾ പറയാറുള്ള "യഹോവാ_ആമേൻ" എന്നതിനെ പരിശോധിച്ചാലും ഓങ്കാരം പ്രത്യക്ഷപ്പെടുന്നു. സെന്റ് ജോൺ അപ്പസ്തോലൻ എഴുതിയ സുവിശേഷം ഒന്നാമദ്ധ്യായം ഒന്നാംവാക്യം "ആദിയിൽ വാക്കുണ്ടായിരുന്നു; വാക്കു് ദൈവത്തോടുകൂടിയായിരുന്നു. വാക്കു് ദൈവമായിരുന്നു" എന്നാണു്. ഇവിടെ വാക്ക് എന്നു് സൂചിപ്പിക്കുന്നതു് ഓങ്കാരത്തെയാണു്.

മുസ്‌ലിങ്ങളുടെ മതഗ്രന്ഥമായ വിശുദ്ധ ഖുർആനിൽ ഈശ്വരനെ സ്‌തുതിക്കുന്ന "അലീഫ്_ലാം_മീം" എന്ന പദങ്ങൾ ഏറ്റവും പരിശുദ്ധമായി വിചാരിക്കപ്പെടുന്നു. അറബിഭാഷയിൽ

"കാരം_അൽ_ടിൻ" എന്ന അക്ഷരം "കാരം-ഉട്_ടിൻ" എന്നുച്ച രിക്കുന്നതു സാധാരണമാകയാൽ "അലീഫ്_ലാം-മീം" എന്ന ശബ്ദ ത്തിലെ "ല" കാരം "ഉ" കാരമായി മാറും അപ്പോൾ ഓങ്കാരമായി ത്തീരുന്നു. ഇങ്ങനെ സകല മതതത്വങ്ങളും ഓങ്കാരത്തിൽ ജനിച്ചു ഓങ്കാരത്തിൽ വളർന്നു് ഓങ്കാരത്തിൽത്തന്നെ ലയിക്കുന്നു."

ഇതു് ശ്രീനാരായണ ഗുരുവിന്റെ അനന്തരഗാമികളായ സന്യാസിമാർ വർക്കല ശിവഗിരിയിൽ നിന്നും പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന "നവജീവൻ" പത്രികയുടെ 1121 തുലാം 1-ാംതിയതിയിലെ ലക്കത്തിൽനിന്നു് ഉദ്ധരിക്കുന്നതാണു്. ഓങ്കാര ഓളത്തിൽ സ്വയം ചാടി മുങ്ങി മരിക്കാൻ വേണ്ട അദ്ധ്യാത്മികക്കോളുള്ള വായനക്കാർ "നവജീവനു്" ഉണ്ടായിരിക്കാമെങ്കിലും, ഈ ഓങ്കാര ഓളം കണ്ടു് പരിഹസിച്ചു ചിരിക്കാനും ഇന്നു വായനക്കാർ ഉണ്ടാകുമെന്നു് അതിന്റെ പത്രാധിപർ ധരിക്കാത്തതു അത്ഭുതമെന്നേ പറയേണ്ടു.

## എന്താണീ പ്രണവം ?

യഹൂദന്റെ "യഹോവാ" യിൽപ്പോലും ഓങ്കാരമുണ്ടാക്കാൻ ഇപ്പോൾ 'നവജീവൻ' ചെയ്തു കാണുന്ന അത്ഥവ്യാഖ്യാന സാഹസത്തെ, പണ്ടത്തെ സനാതനികൾ ഓങ്കാരസംബന്ധമായി ചെയ്തിട്ടുള്ള വ്യാകൃതിസഞ്ചയത്തോടു തട്ടിച്ചുനോക്കുമ്പോൾ ഏതും സാരമില്ല. ഒരു ശബ്ദാല്പത്തി ശാസ്ത്രജ്ഞൻ ഓങ്കാരത്തെപ്പററി നടത്തിയ ഗവേഷണത്തിന്റെ ഫലം അറിയുന്നതു വായനക്കാക്കു രസകരമായിരിക്കുമെന്നു കരുതുന്നു.

മദ്ധ്യ ഏഷ്യയിൽ ഉത്ഭവിച്ചു് പശു പാലനം ചെയ്തു സഞ്ചാരജീവിതം നയിച്ചിരുന്ന ആദിമ ആര്യന്മാർ തങ്ങളുടെ ഗോഗണങ്ങളുമായി പുതിയ മേച്ചിൽ സ്ഥലം അന്വേഷിച്ചു് ഭാരതത്തിലേക്കു കടന്നു വിശാലമായ സിന്ധു ഗംഗാസരിത്തട പ്രദേശങ്ങളിൽ എത്തിയപ്പോൾ പുൽമാലികളുടേയും വിളഭൂമികളുടേയും സമൃദ്ധി കണ്ടു് അവിടെ സ്ഥിരതാമസമുറപ്പിച്ചു. അവിടെ നിഷ്പ്രയാസം

വിതച്ചുണ്ടാകുന്ന ധാന്യങ്ങളും പശുക്കളിൽ നിന്നും ലഭിക്കുന്ന പാലും കൊണ്ടു് അവർ ജീവിതം നയിച്ചിരുന്നു. പാലും ധാന്യവും ചേർത്തുണ്ടാക്കിയ പാൽപ്പായസമായിരുന്നു അവരുടെ പ്രധാന ഭക്ഷണം. ഒരിക്കൽ അവരിൽ വിദ്വാന്മാരായ കുറെപ്പേർകൂടി സുഖമായി പാൽപ്പായസം ഉണ്ടു് തർക്കത്തിനും വ്യാഖ്യാനത്തിനും സന്നദ്ധരായിരുന്ന അവസരത്തിൽ അവരിൽ പലക്കും ഏമ്പക്കം ഉണ്ടായി സുഖ ഭക്ഷണം കഴിച്ചു് വയറുനിറയുമ്പോൾ സാധാരണ ഏമ്പക്കം വരാറുള്ളതാണല്ലോ "ഓം" എന്ന ഏമ്പക്കശബ്ദത്തെ അവർ വ്യാഖ്യാനിക്കാൻ ആരംഭിച്ചു സുഖത്തിൻ്റേയും സമൃദ്ധിയുടേയും സംതൃപ്തിയുടേയും ശാന്തിയുടേയും ചിഹ്നമായി അവര അതിനെ നിർണ്ണയിച്ചു. "ഓം" എന്ന ഏമ്പക്കം സ്വാഗതാർഹമായ ഒരു ശബ്ദമായിക്കരുതി അതിനു് അന്തമില്ലാത്ത പരിപാവനത നല്കി. കാലക്രമത്തിൽ "ഓം" എന്നതിനെ അ.ഉ. മ. എന്ന അക്ഷരത്രയങ്ങളായിപ്പിരിച്ചു് "അ" യ്ക്കു വിഷ്ണുവെന്നും, "ഉ" വിനു ശിവൻ എന്നും, "മ" യ്ക്കു ബ്രഹ്മാവെന്നും അർത്ഥങ്ങളും കല്പിച്ചു. അങ്ങിനെയാണു് ഓങ്കാരം ബ്രഹ്മവിഷ്ണുശിവന്മാർക്കു ഒന്നിച്ചുള്ള പേരായും ബ്രഹ്മത്തിൽ വാചകമായും തീർന്നതു്.

നാം കാളിദാസൻ്റെ ചരിത്രം കേട്ടിട്ടില്ലേ? തന്നെ വിദ്വത്വം കൊണ്ടു് തോല്പിക്കുന്നവനെ മാത്രമേ വിവാഹം ചെയ്യുകയുള്ളു എന്നു കാശി മഹാരാജാവിൻെറ മഹാവിദുഷിയായ പുത്രി നിശ്ചയിച്ചു. ഓരോ വിദ്വാന്മാർ ചെന്നു് അവളോടു് തർക്കിച്ചു് തോററു മടങ്ങി. അങ്ങിനെ ഒരു വിദ്വാൻ മടങ്ങും വഴിക്കു ഗ്രാമപ്രദേശത്തു് ഒരു വൃക്ഷത്തിൻെറ കമ്പിൽ കയറി ഇരുന്നുകൊണ്ടു് ആ കൊമ്പിൻെറ കട വെട്ടുന്ന പരമ വിഡ്ഢിയായ ഒരു ആട്ടിടയനെ കണ്ടെത്തി. ആ വിഡ്ഢിയെക്കൊണ്ടുപോയി രാജകുമാരിയെ ഒന്നു കളിയാക്കി പ്രതികാരം ചെയ്യണമെന്നയാൾ നിശ്ചയിച്ചു. ഇടയനെ വിളിച്ചു് ഇടയൻ തൻെറ ഗുരുവാണെന്നും താൻ ശിഷ്യനാണെന്നും നടിച്ചു് രാജകുമാരിയുടെ അടുക്കൽ തർക്കത്തിന്നായിച്ചെന്നു. രാജകുമാരി ഒരു തിരശ്ശീലക്കുള്ളിൽ ഇരുന്നുകൊണ്ടായിരുന്നു തർക്കം നടത്തിക്കൊ

ണ്ടിരുന്നതു്. തിരശ്ശീലക്കലങ്കാരമായി ഒരു ചിത്രമുണ്ടായിരുന്നതു് പത്തുതലയുള്ള രാവണൻേറതായിരുന്നു. ആ പടം കണ്ടപ്പോഠം തന്നെ ഇടയൻ "അംഭഭടാ രാഭണ," എന്നത്ഭുതം പ്രകടിപ്പിച്ചു. രാജകുമാരി അതുകേട്ടു് "ഭ" ശബ്ദം തെററാണെന്നും "രാവണ" എന്നാണു് പറയേണ്ടതു് എന്നും വാദിച്ചു. ഇടയൻെറ ശിഷ്യൻ ഗുരുവിനു വേണ്ടി എതിർവാദം നടത്തി. ഒടുവിൽ ശിഷ്യൻ:_

"കുംഭകർണ്ണേഭകാരോസ്തി ഭകാരോസ്തി വിഭീഷണേ
ജ്യേഷ്ഠപുത്രാഭിധേയസ്തു: രാഭണോ നതു രാവണ"

എന്ന ന്യായം ചൊല്ലി. രാവണനെൻറ അനുജന്മാരായ കുംഭകർണ്ണൻേറയും വിഭീഷണൻേറയും പേരുകളിൽ ഭകാരം ഉണ്ടായിരിക്കേ ജ്യേഷ്ഠനായ രാവണനെൻറ പേരിലും ഭകാരം ഉണ്ടാകാതിരിക്കയില്ല എന്നായിരുന്നു ആ ന്യായം. രാജകുമാരി തോററു് ആ ഇടയനെ കല്യാണം കഴിക്കാൻ നിർബ്ബന്ധിതയായി എന്നും മററുമാണു് ആ കഥ. "വഭയോരഭേദ" എന്ന പാണിനീസൂത്രത്തിൻെറ അടിസ്ഥാനവും അതാണെന്നാണു് പറയുന്നതു്.

ഈ വിധ തക്കങ്ങളും വ്യാഖ്യാനങ്ങളുമെല്ലാം പൌരാണികകാലത്തു നടപ്പായിരുന്നതിനാൽ ഓങ്കാരത്തിനുള്ള പരിപാവനതയും മാഹാത്മ്യവും മേല്പറഞ്ഞ വിധം സിദ്ധിച്ചതാണെന്നതിൽ സംഭവ്യതയ്ക്കു യാതൊരു കുറവും ഉണ്ടാകാൻ തരമില്ല. ഈശ്വരപരമായി ഒരു അർത്ഥവ്യാഖ്യാനമൊ ആരാധനക്രമമൊ ഉണ്ടായാൽ പിന്നെ അതിൻെറ സാധുതയെപ്പററി അന്നും ഇന്നും ആക്കും ചോദ്യം ചെയ്യാവതല്ല; എല്ലാ മതങ്ങളിലേയും ദൈവാരാധനക്രമങ്ങളുടെ അസ്തിവാരം ഭക്ഷണമാണു് "ബലി"കളാണു് അതിൻെറ ആദ്യത്തെ ഉദാഹരണങ്ങഠം "നിവേദ്യം" "കുർബ്ബാന" മുതലായവയെല്ലാം ഭക്ഷണസാധനങ്ങഠംകൊണ്ടുള്ള ആരാധനകളല്ലാതെ മറെറാന്നുമല്ല. നെയ്യും ചോറും കഴിക്കുന്ന ഭാരതീയരുടെ ദൈവാരാധന അതുഠംകൊണ്ടുള്ളതാണു്. അപ്പവും മദ്യവും കഴിക്കുന്ന പാശ്ചാത്യർ അവരുടെ ഭക്ഷണസാധനമായ അപ്പവും മദ്യവുംകൊണ്ടു് നടത്തുന്ന ആരാധന

യാണു് കുർബ്ബാന. മുക്കററം പാൽപ്പായസം കഴിച്ചു് ഏകമ്പക്കം വിട്ടിരുന്ന പുരാതന ആൎയ്യന്മാർ അവരുടെ ഭക്ഷണസാധനമായ പാൽപ്പായസംകൊണ്ടാരാധന നടത്തുകയും അതു കഴിച്ചിട്ടുണ്ടാകുന്ന ഏകമ്പക്കമായ ഓങ്കാരംകൊണ്ടു് ഈശ്വരസാക്ഷാല്ക്കാരം വരുത്തുകയും ചെയ്യുതിൽ അൎത്ഥശൂന്യതയോ അസാംഗത്യമോ അശേഷവും ഇല്ല. ഏതായാലും സകല മതങ്ങളിലും ഓങ്കാരം കണ്ടുപിടിച്ചു അതുവഴി സൎവ്വമതൈക്യം സ്ഥാപിക്കാനുള്ള "നവജീവ"ന്റെ പരിശ്രമം സ്തുത്യൎഹംതന്നെ !

# നാലു്

## കാവില്ലാടിന്റെ കാര്യവിചാരം.

"ഹിന്ദുക്കൾ പരമതസഹിഷ്ണുക്കളാണെന്നു പറയുന്നതു് വെറും നുണയാണെന്നു ചില ക്രിസ്ത്യാനികൾ ഇപ്പോൾ ആക്ഷേപിച്ചു തുടങ്ങിയിരിക്കുന്നു. വാസ്തവത്തിൽ ഹിന്ദുക്കൾ മതസഹിഷ്ണുക്കളാണു് എന്നല്ല, മതസഹിഷ്ണുതയാണു് ഹിന്ദുമതം എന്നാണു് പറയേണ്ടതു്. എല്ലാ മതത്തിലും അടങ്ങാവുന്നതായി ഒരു മതവുമില്ലാത്തതാണു് ഹിന്ദുമതം. ക്രിസ്ത്യാനിത്വത്തിലോ ഇസ്ലാമിത്വത്തിലോ ബന്ധിച്ചു നില്ക്കാതെ, എല്ലാ മതങ്ങളിലുമായി വർത്തിക്കുന്നവരാണു് ഹിന്ദുക്കൾ. ബുദ്ധമതമെന്നപോലെ ക്രിസ്തുമതവും ഇസ്ലാംമതവും അവരാൽ അംഗീകൃതമാണു്. മററു മതങ്ങളിവിടെ വളരുന്നതു്, വാസ്തവത്തിൽ ആരുടേയും മതസഹിഷ്ണുതകൊണ്ടല്ല, ഹിന്ദുമതത്തിനു് എല്ലാ മതങ്ങളേയും ഉൾക്കൊള്ളാവുന്നതുകൊണ്ടാണു് ഇവിടെ ഇത്രയധികം മതങ്ങൾക്കു് സുഖജീവിതമുണ്ടായിരിക്കുന്നതു്. ഇവിടെ ബുദ്ധമതം, കുറച്ചുകാലം കഴിഞ്ഞപ്പോൾ ഹിന്ദുമതത്തിൽ ലീനമാകയല്ലേ ചെയ്തതു് ?

ഇങ്ങനെ ബുദ്ധമതം, ഇസ്ലാംമതം, ക്രിസ്തുമതം മുതലായവയുടേയെല്ലാം ഒരു കലർപ്പാണു് ഇപ്പോഴത്തെ ഹിന്ദുമതം. പൂർവ്വകാലത്തു് ശൈവമെന്നും വൈഷ്ണവമെന്നും രണ്ടു ഭിന്നമതങ്ങളുണ്ടായിരുന്നു. അവയും ഇപ്പോൾ ഹിന്ദുമതത്തിൽ കലർന്നുകിടക്കുന്നുണ്ടു്. വാസ്തവം ഇങ്ങിനെയിരിക്കെ ഹിന്ദുക്കളുടെ മതസഹിഷ്ണുതയിൽ ഇവിടെ പരമതങ്ങൾ വളരുകയല്ലാ, എല്ലാ മതങ്ങളേയും അകത്താക്കികൊണ്ടു് ഹിന്ദുമതമാണു് വളരുന്നതു് എന്നാണല്ലോ പറയേണ്ടതു്. ഒരു മതവും തനിയായില്ലാത്തതാണു് ഹിന്ദുമതം. ദൈവത്തെ ഭിന്നഭിന്ന മാർഗ്ഗേണ ഓരോ ആൾക്കും ഇഷ്ടംപോലെ ധ്യാനിക്കാം. നാസ്തികന്മാരും ഹിന്ദുമതത്തിലുണ്ടു്. പശുവിലും പട്ടിയിലും മണ്ണാങ്കട്ടയിൽപോലും അവർക്കു് യഹോവയും അള്ളാവുമുണ്ടു്

അവരുടെ ദേവന്മാരെ അവക്കു് എന്തും, എങ്ങിനേയും ചെയ്യാം. വിളിക്കുന്നിടത്തെല്ലാം വരുത്താം. അങ്ങിനെയുള്ള മതമാണു് ഹിന്ദുമതം. "ക്രിസ്ത്യാനികൾ രണ്ടുകണ്ണന്മാരാണു്'" എന്നു ചില പരമതക്കാർ വിളിച്ചു പറഞ്ഞുകൊണ്ടു് നടന്നാൽ ക്രിസ്ത്യാനികൾക്കു് എന്തു തോന്നുമെന്നു് ആക്ഷേപകാരന്മാർ ഒന്നു് ഓർത്തുനോക്കട്ടെ. തങ്ങൾ രണ്ടു കണ്ണന്മാർ തന്നെയല്ലേ എന്നു് സമാധാനിക്ക മാത്രമേ ക്രിസ്ത്യാനികൾ ചെയ്യുകയുള്ളുവെങ്കിൽ, എല്ലാ മതങ്ങളും ഉൾക്കൊള്ളുന്ന ഹിന്ദുക്കൾക്കു് പ്രത്യേകിച്ചൊരു മതസഹിഷ്ണുതാസ്തുതിയും വേണ്ടാ."

ഇതു് ഒരു തൃശ്ശൂർ ദിനപത്രമായ "എക്സ്പ്രസ്സി"ലെ കാവില്ലാടിൻെറ കാര്യവിചാര"ത്തിൽ നിന്നാണു് ഉദ്ധരിച്ചിരിക്കുന്നതു്. ഹിന്ദുമതത്തിൻെറ പരമതസഹിഷ്ണുതയേയും പരമത ഉൾക്കൊള്ളലിനേയും പററി അദ്ധസത്യങ്ങൾ മാത്രം അടങ്ങിയ കാവില്ലാടിന്റെ ഈ പ്രസ്താവനകൾ വസ്തുതയുടെ ഒരു വശമാണെന്നു വേണമെങ്കിൽ കരുതാം. പരമത സഹിഷ്ണുതയുള്ളതോ, പരമതങ്ങളെ ഉൾക്കൊള്ളുന്നതോ ആയ യാതൊരു മതവും ഇതേവരെ ലോകത്തിൽ ആവിർഭവിച്ചിട്ടില്ല. ഒരു മതം മററു സകല മതങ്ങളുടേയും നിഷേധമാണു്; ശത്രുവുമാണു്. എന്നു തന്നെയല്ല, ഒരു മതത്തിൻെറ ലക്ഷ്യവും കർത്തവ്യവും മററു മതങ്ങളെ നശിപ്പിക്കുന്നതിനോ ചവിട്ടിത്താഴ്ത്തി നാമാവശേഷമാക്കുന്നതിനോ ആയിരിക്കയും ചെയ്യും. അതിനു് ഹിന്ദുമതം സ്വീകരിച്ചിട്ടുള്ള പദ്ധതി മററു മതങ്ങളുടേതിൽ നിന്നു് അല്പം വ്യത്യസ്തമാണെന്നേയുള്ളു. ക്രിസ്ത്യാനികളും മുസ്ലീങ്ങളും അന്യമതക്കാരെയെല്ലാം തങ്ങളുടെ മതത്തിലേക്കു് മാർഗ്ഗം ചേർത്തിട്ടു് അന്യമതങ്ങൾ ഇല്ലായ്മ ചെയ്യാൻ പരിശ്രമിച്ചും മത്സരിച്ചും കൊണ്ടിരിക്കുന്നു. കുരിശു യുദ്ധങ്ങളും മററു പരിശുദ്ധയുദ്ധങ്ങളും നടത്തി ഇതരമതക്കാരെ കൊന്നൊടുക്കാൻ അവർ ഇരുകൂട്ടരും പണ്ടു് നോക്കീട്ടുണ്ടു്. പുരാതന ഇന്ത്യയിൽ വൈഷ്ണവ_ശൈവമതക്കാർ പരസ്പരവും, ബ്രാഹ്മണമതക്കാർ ബുദ്ധമതക്കാരേയും വിപുലമായ തോതിൽ നിഗ്രഹിച്ചൊടുക്കാൻ നോക്കായ്കയില്ല. ചാതുർവ്വർണ്യ

നിഷ്ഠയോടുകൂടിയ ഹിന്ദുമതത്തിൽ "ജാതിമാററവും" "അന്യമത സ്വീകരണവും" നിഷിദ്ധമാക്കി കർശ വ്യവസ്ഥയുള്ളതിനാൽ "മാർഗ്ഗംകൂടൽ" അല്ല ഹിന്ദുക്കളുടെ അന്യമതനശീകരണയന്ത്രം. തനി ബ്രാഹ്മണമതം, ബ്രാഹ്മണർ ബ്രാഹ്മണർക്കുവേണ്ടിമാത്രം രൂപവല്ക്കരിച്ചതും ബ്രാഹ്മണർമാത്രം കൈകാര്യം ചെയ്യുന്നതുമാണു്. ബ്രാഹ്മണരുടെ മേന്മയേയും മേലാധികാരത്തേയും സുഖജീവിതചര്യയേയും എന്നെന്നേയ്ക്കുമായി നിലനിറുത്തുന്നതിനുള്ള വ്യവസ്ഥകളേ അതിലുള്ളു. യജമാനന്മാരായ ബ്രാഹ്മണർ ഒന്നാംവർണ്ണം; അവരുടെ കാവല്ക്കാരായ പടയാളികൾ രണ്ടാംവർണ്ണം; സാധന സാമഗ്രികൾ നിർമ്മിച്ചു് വിതരണം ചെയ്യുന്ന വാണിജ്യകർ മൂന്നാംവർണ്ണം; ദാസന്മാരായ ശൂദ്രർ നാലാംവർണ്ണം; അന്യമതക്കാരും വർഗ്ഗക്കാരുമായ ചണ്ഡാലർ അവർണ്ണർ; ഇതാണു് ചാതുർവ്വർണ്യത്തിലെ ജാതിവ്യവസ്ഥ. ചാതുർവ്വർണ്യം, അന്യമതക്കാരെ ചണ്ഡാലരാക്കി വർണ്ണപരിധിക്കു് വെളിയിലാണു് പ്രതിഷ്ഠിച്ചിരിക്കുന്നതു്. ഈ വ്യവസ്ഥയാണു് ഇന്നും പ്രയോഗത്തിൽ ഇരിക്കുന്ന ഹിന്ദുമതം. സവർണ്ണജാതികളിൽ പരസ്പര വിവാഹവും പന്തിഭോജനവും നിഷിദ്ധമാണെങ്കിലും, മേലെമേലെയുള്ള ജാതിയ്ക്കു് അതിനു കീഴേയുള്ള എല്ലാ ജാതികളിലെയും സ്ത്രീകളെ യഥേഷ്ടം ഉപപത്നിമാരാക്കി (Concubines) അനൌരസ സന്താനങ്ങളെ (Illegitimate-Children) ഉൽപ്പാദിപ്പിക്കുവാനുള്ള സ്വാതന്ത്ര്യം സവർണ്ണജാതികൾ നാലിനേയും ബന്ധിച്ചു നിറുത്താനുള്ള ഉപായമായി ഉപകരിക്കുന്നു. ബ്രാഹ്മണേതര സവർണ്ണജാതികളിൽ പെൺവഴി ദായക്രമം ഏർപ്പെടുത്തി അവരുടെ സ്ത്രീകളെ വാരസ്ത്രീകളാക്കിട്ടുള്ളതും, അവരിൽ അനവധി ബ്രാഹ്മണസന്താനങ്ങൾ ഉണ്ടായികൊണ്ടിരിക്കുന്നതും ആണു് മററു സവർണ്ണരെകൊണ്ടു് ബ്രാഹ്മണമേധാവിത്വം സമ്മതിപ്പിക്കുന്നതിനുള്ള വർണ്ണതന്ത്രം. അന്യമതക്കാരെ ചണ്ഡാലരാക്കി ചവിട്ടിമെതിച്ചു് തേജോവധം ചെയ്യുന്ന ഹിന്ദുമതപദ്ധതി, ഭാരതത്തിലെ ബുദ്ധമതക്കാരെ സംബന്ധിച്ചേടത്തോളം പൂർണ്ണമായി ഫലിച്ചു കഴിഞ്ഞിട്ടുണ്ടു്. ക്രിസ്തുമതവും ഇസ്‌ലാംമതവും ബ്രാഹ്മണമതത്തേക്കാൾ "അസുര" പ്രകൃത

ങ്ങളായതിനാൽ അവയെ തേജോവധം ചെയ്യുവാൻ ബ്രാഹ്മണമതത്തിനിതേവരെ സാധിച്ചിട്ടില്ല, സാധിക്കുമെന്നു തോന്നുന്നുമില്ല. "ചണ്ഡാലൻ" എന്നതിന്ന് പര്യായമായ "ബൌദ്ധ" ശബ്ദം കൊണ്ടു ഹിന്ദുക്കൾ മുസ്ലീങ്ങളേയും ക്രിസ്ത്യാനികളേയും വിളിക്കുന്നതും അവരുമായി അയിത്തമാചരിക്കുന്നതും സഹവാസം നിഷേധിച്ചിരിക്കുന്നതും ഹിന്ദുക്കൾക്ക് അന്യമതക്കാർ ചണ്ഡാലരാണെന്നുള്ളതിന്ന് തെളിവുകളാണ്. അന്യമതക്കാരായ ചണ്ഡാലർ ഭാരതത്തിലെ വായു ശ്വസിച്ചുകൊണ്ടിരിക്കുന്നതിനെ ഹിന്ദുക്കൾ തടയുന്നില്ല എന്നതാണ് ഹിന്ദുമതത്തിന്റെ മതസഹിഷ്ണുതയെങ്കിൽ, നിശ്ചയമായും ഹിന്ദുമതം പരമത സഹിഷ്ണതയുള്ളതു തന്നെ. സവർണ്ണാവർണ്ണഭിന്നതയാൽ ഐക്യമത്യവും ശക്തിയും നശിച്ച ഭാരതത്തെ അന്യരാജ്യക്കാരായ മുസ്ലീങ്ങളും പിന്നീട് പാശ്ചാത്യക്രിസ്ത്യാനികളും പിടിച്ചടക്കി ഭരിക്കാൻ ഇടവന്നതാണ് ഹിന്ദുമതത്തിന്റെ പരമതമുൾക്കൊള്ളലെങ്കിൽ, ഹിന്ദുമതം പരമതങ്ങൾ ഉൾക്കൊള്ളുന്നതുതന്നെ, സംശയമില്ല. പക്ഷെ, ഈ വിധ പരമതസഹിഷ്ണതയും പരമതമുൾക്കൊള്ളലും കാലക്രമത്തിൽ ഹിന്ദുമത ശരീരത്തിൽ ഭയങ്കര അർബുദവളച്ചകൾ (Cancer growths) ആയി പരിണമിച്ചിരിക്കുന്ന വസ്തുത മനസ്സിലാക്കാതെ "കാവിൽപ്പാട്ട്" പൂർവ്വപ്രളയകാലത്തെ "കാര്യവിചാര"മാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്ന് തോന്നുന്നു. ഈ അപായ വളച്ചകളുടെ മൂപ്പെത്തിയാൽ പിന്നെ ഹിന്ദുമതശരീരം എത്രകണ്ട് അവശേഷിക്കുമെന്ന് കണ്ടുതന്നെ അറിയണം. ഈ വളച്ചകൾക്ക് നിദാനവും വിഷകലുഷിതവും ആയ ചാതുർവ്വർണ്യ അപഥ്യാചാരത്തെ പരിപൂർണ്ണമായി പരിത്യജിക്കുക എന്നതാണ് അതുകളെ തടക്കുവാനും നീക്കാനും പററിയ പദ്ധതി.

ബ്രാഹ്മണരെപ്പോലെ മററു സവർണ്ണരേയും മക്കത്തായികളാക്കിയും, ഹിന്ദുവിന്റെ കൂട്ടുകുടുംബ വ്യവസ്ഥ ഉടച്ചും, ആളോഹരി ഭാഗം അനുവദിച്ചും, അസ്പൃശ്യത നീക്കിയും നിയമനിർമ്മാണം ചെയ്ത് ഹിന്ദുസമുദായം ഒട്ടാകെ സംഘടിക്കുകയാണ് ഇന്നത്തെ

അടിയന്തിര കർത്തവ്യം. അപൂർണ്ണനിയമനിർമ്മാണവും, പൂച്ച വിദ്യകളോ മിനുക്കുപണികളോ ആയ സമുദായപരിഷ്ക്കാരവും കാര്യ സാദ്ധ്യത്തിനുതകുകയില്ല. അല്ലെങ്കിൽ, ഹിന്ദുക്കളുടെ മതസഹി ഷ്ണുതക്കഥ ഒരു നവീന വാമന പുരാണമായി കലാശിക്കാനാണ് വഴി. മഹാധർമ്മിഷ്ടനും ദൈവഭക്തനുമായിരുന്ന മഹാബലി രാജാവ്, ഹ്രസ്വശരീരനായ വാമനനു് മൂന്നടി സ്ഥലം ദാനം ചെയ്തു. അതിനുശേഷം പെട്ടെന്നു വളൎന്നു വലിയവനായ വാമന ൻെറ ചവിട്ടേററ് മഹാബലിയും കൂട്ടരും പാതാളത്തിലേക്ക് തള്ള പ്പെട്ടുപോയി, എന്നാണല്ലോ വാമന പുരാണം!

ഹിന്ദുമതം അവശേഷിച്ചാലും ഇല്ലെങ്കിലും മുസ്ലിംങ്ങളു ടേയും ക്രിസ്ത്യാനികളുടേയും പരസ്പര "മാർഗ്ഗം കൂട്ടൽ" പദ്ധതി എങ്ങിനെ കലാശിക്കുമെന്നുള്ളതു് ആലോചിക്കാൻ രസകരമായ കാര്യമാണ്. അതിനെപ്പററി ചിന്തിക്കുമ്പോൾ രണ്ടു പാമ്പുകൾ പരസ്പരം വാലു മുതൽ വിഴുങ്ങാൻ ശ്രമിക്കുന്ന ചിത്രമാണ് മനസ്സിൽ ഉദിക്കുന്നതു്. യൂറോപ്യന്മാരും അമേരിക്കക്കാരും ആയ ക്രിസ്ത്യാനി കൾക്കു "മാർഗ്ഗംകൂട്ടൽ" വിദ്യയിൽ കൂടുതൽ വൈദഗ്ദ്ധ്യമുണ്ടെ ന്നൊരു മെച്ചമുണ്ടു്. എന്നാൽ അവരേക്കാൾ മത വൈരാഗ്യവും മനക്കരുത്തും കൂടുതലുള്ള അഫ്ഗാൻകാരും അറബികളും ഇറാൻ കാരും ഇറാക്കുകാരും തുർക്കികളും മററു മുസ്ലീംങ്ങളുടെ ഭാഗത്താണു ള്ളതു്. അതുകൊണ്ടു് ഒടുവിൽ ലോകം മുഴുവനും മുസ്ലീമാകുമോ ക്രൈസ്തവരാകുമോ എന്നാക്കും തീർച്ച പറയുവാൻ നിവൃത്തിയില്ല.

മതങ്ങളുടെ വിഷപ്പല്ലുകൾ അവയുടെ പ്രത്യേക ദൈവങ്ങ ളാണ്. ദൈവത്തിനു ത്രിത്വമില്ല. ഏകത്വമേയുള്ളു എന്നു മുസ് ലീങ്ങൾ, ത്രിത്വമാണ് ദൈവലക്ഷണമെന്നു് ക്രിസ്ത്യാനികൾ; ദൈവം ഒരിക്കലും മനുഷ്യനായി അവതരിക്കയില്ലെന്നു മുസ്ലീ ങ്ങൾ, ദൈവം മനുഷ്യനായി അവതരിച്ചതാണ് ക്രിസ്തു എന്നു് ക്രിസ്ത്യാനികൾ, ദൈവാരാധനയ്ക്കു് പുരോഹിതൻ വേണ്ട എന്നു് മുസ്ലീങ്ങൾ, ആനയ്ക്കു് പാപ്പാൻ എന്നപോലെ ദൈവാരാധനയ്ക്കു് പുരോഹിതനുണ്ടെങ്കിലേ സാധിക്കു എന്നു് ക്രിസ്ത്യാനികൾ, ദൈവോ

രാധനയ്ക്കു് കൊട്ടും കുഴലും നിഷിദ്ധമാണെന്നു് മുസ്ലീങ്ങൾ, കൊട്ടും കുഴലും വെടിയും മണിയും ദൈവാരാധനയുടെ ഉപകരണങ്ങളാണെന്നു് ക്രിസ്ത്യാനികൾ; തങ്ങളുടെ ദൈവം കാഫിർമാരായ ക്രിസ്ത്യാനികളെ സ്വർഗ്ഗത്തിൽ കയററുകയില്ലെന്നു് മുസ്ലീങ്ങൾ, തങ്ങളുടെ ദൈവം മാമ്മോദീസാമുങ്ങാത്ത മുസ്ലീങ്ങളെ നരകത്തിൽ തള്ളുമെന്നു് ക്രിസ്ത്യാനികൾ. ഇത്ര വിപര്യയവും വൈരവും നിറഞ്ഞ ഓരോ വ്യത്യസ്ത ദൈവമാണു് ഓരോ കൂട്ടർക്കുമുള്ളതു്. ഓരോ മതത്തിലും വിപരീത സ്വഭാവത്തോടുകൂടിയ ദൈവമേ കാണുവാൻ പാടുള്ളു. അല്ലെങ്കിൽ ഒന്നിലധികം മതം ഉണ്ടാവുകതന്നെയില്ലല്ലോ. അതുകൊണ്ടാണു് ദൈവം മതത്തിൻെറ വിഷപ്പല്ലായിരിക്കുന്നതു്.

എല്ലാ മതങ്ങളുടേയും വിഷപ്പല്ലുകൾ പിഴുതെടുത്തു കളയുന്ന ഒരു സംരംഭം രാഷ്ട്രവൃത്തങ്ങളിൽ ഇപ്പോൾ ആരംഭിച്ചിട്ടുണ്ടു്. അതാണു് നിരീശ്വരസോഷ്യലിസം, ലോകത്തിൻെറ ആറിലൊന്നു് വിസ്തീർണ്ണമുള്ള റഷ്യയിൽ അതു് വിജയിച്ചുകഴിഞ്ഞു. അവിടെയുള്ള മുസ്ലീങ്ങളുടേയും ക്രിസ്ത്യാനികളുടേയും വിഷപ്പല്ലുകൾ പോയിക്കഴിഞ്ഞിരിക്കുന്നു. അവിടെ "മാർഗ്ഗംകൂട്ടൽ" മത്സരമില്ല. മുസ്ലീമും ക്രിസ്ത്യാനിയും മതഭ്രാന്തു മാറി നിർമ്മതരായി സഹോദരതുല്യ സ്നേഹമായി വർത്തിക്കുന്നു. നബിയുടെ സാഹോദര്യവും ക്രിസ്തുവിൻെറ സ്നേഹവും സോഷ്യലിസമാണു് പ്രചാരത്തിൽ വരുത്തുന്നതു്. ഈ വസ്തുതകളുടെ വെളിച്ചത്തിൽ ഇനി നമ്മുടെ കർത്തവ്യമെന്തെന്നു് "കാവില്ലാട്ടു്" "കാര്യവിചാരം" ചെയ്തു നോക്കട്ടെ!

## സ്വാമിജിയുടെ സമാധിപ്രകടനം.

സ്വാമി പ്രേമാനന്ദജി, ഉത്തരേന്ത്യയിലെ ഊർജ്ജസ്വലനായ സമുദായനേതാവു്; ദേശഭക്തനായ രാഷ്ട്രീയപ്രവർത്തകൻ എന്നീ നിലകളിൽ സുപ്രസിദ്ധനാണല്ലോ. ആദ്ധ്യാത്മിക സമ്പന്നനായ സ്വാമിജി യോഗാഭ്യാസ വിദഗ്ദനും ആണെന്നുള്ള വസ്തുത അകലക്കാർ അധികവും ഇപ്പോളാണറിയുന്നതു്.

ഗാന്ധിജി നടത്തീട്ടുള്ള 21 ദിവസത്തെ ഉപവാസയജ്ഞപ്രക
ടനംപോലെ, 30 ദിവസത്തെ ഒരു സമാധിയജ്ഞപ്രകടനം നട
ത്തുന്നതിനു് പ്രേമാനന്ദജി നിശ്ചയിച്ചു. ധ്യേയമായ "ശുദ്ധബ്രഹ്മ"
ത്തിൽ ഏകാഗ്രമായി മനസ്സിനെ നിറുത്തുക; എന്നുവെച്ചാൽ ശരീര
ത്തിലെ അന്തരാവയവങ്ങളായ ഹൃദയം, ശ്വാസകോശം, ആമാശയം
മുതലായവയുടെ അനൈച്ഛിക പ്രവൎത്തനങ്ങളെക്കൂടി ഒരു ക്ലിപ്തകാല
ത്തേക്കു് നിയന്ത്രിച്ചു് നിറുത്തി, വെളിയിൽ നടക്കുന്ന യാതൊന്നും
അറിയാതിരിക്കത്തക്കവണ്ണം മുഴുവൻ മനസ്സിനേയും പരിപൂൎണ്ണ
മായി ഈശ്വരങ്കൽതന്നെ ലയിപ്പിച്ചുകൊണ്ടിരിക്കുക എന്നതാണ
ത്രെ ഈ സമാധി. ഉത്തരേന്ത്യയിൽ ആജ്മീറിലെ ബാബുഗർ
ക്ഷേത്രക്കുന്നിൻ മുകളിലുള്ള ഒരു ഭൂഗൎഭഗുഹ (An Undeiground
Cave on Babugrh Temple Hill in Ajmer) യാണു് സമാധിപ്രക
ടനത്തിനു് അദ്ദേഹം തിരഞ്ഞെടുത്ത സ്ഥലം. താൻ ഗുഹക്കു
ള്ളിൽ ഇറങ്ങിയിരുന്നു സമാധി ആരംഭിച്ചാൽ ഉടൻ ഗുഹയുടെ
ഏകമുഖം അടച്ചുമൂടി, മീതെ, ഘനത്തിൽ മണ്ണിട്ടു വായു കടക്കാത്ത
വിധം ഭദ്രമാക്കി മുദ്രവെക്കണമെന്നും, 30 ദിവസം തികഞ്ഞാൽ
ഉടൻ മുദ്രപൊളിച്ചു ഗുഹ തുറക്കണമെന്നും അദ്ദേഹം അനുയാ
യികളെ ശട്ടം കെട്ടി, സമാധിയാരംഭിച്ചു. നിൎദ്ദേശാനു
സരണം അനുയായികൾ പ്രവൎത്തിക്കുകയും ചെയ്തു, 1945 നവ
മ്പർ 13-ാംതിയ്യതിയാണു് സമാധിയുടെ 30-ാം ദിവസം തിക
ഞ്ഞതു്. അന്നു് കൃത്യസമയത്തു് അവിടെ ഉത്സാഹഭരിതരായി
കൂടിയിരുന്ന ഒരു വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിൽ ശിഷ്യ
ന്മാർ മുദ്രപ്പൊട്ടിച്ചു ഗുഹ തുറന്നു. അപ്പോൾ അവൎക്കാദ്യം അനുഭ
വപ്പെട്ടതു് അന്തൎഭാഗത്തുനിന്നു് പുറപ്പെട്ട വലിയൊരു ദുൎഗ്ഗന്ധ
മാണു്. കുറെ ഏറെ കാത്തിരുന്നിട്ടും, സ്വാമിജി സമാധിയിൽ
നിന്നുണൎന്നു് പുറത്തേക്കു വരുന്നതു കണ്ടില്ല. സമാധിയുണൎന്നുവരുന്ന
സ്വാമിജിയുടെ പുണ്യദൎശനത്തിനു് ആഗ്രഹിച്ചു് ക്ഷമ നശിച്ച
ചില പ്രമാണികൾ സ്വാമിയെ സമാധിയിൽനിന്നുണൎത്തുന്നതിനു്
ഗുഹയ്ക്കുള്ളിലേക്കു കടന്നു. അവരവിടെക്കണ്ടതു്, ചത്തുചീഞ്ഞു്

ചീഞ്ഞു് ദുർഗ്ഗന്ധം വമിക്കുന്ന സ്വാമിജിയുടെ ശവശരീരമാണു്. സമാധിനിവൃത്തനായിവരുന്ന സ്വാമിജിയുടെ മുഖകമലത്തിൽനിന്നു തിരുന്ന ദിവ്യചൈതന്യപ്രസരത്തിലും ഈശ്വരവരപ്രസാദത്തിലും ആറാടാൻ തടിച്ചുകൂടിയിരുന്ന ഭക്തജനങ്ങൾക്കു ദുർഗ്ഗന്ധമേററു് ഹതാശരായി തലകുനിച്ചു മൂക്കുപൊത്തി അവിടെ നിന്നു് പിൻവാങ്ങേണ്ടിവന്നു. സ്വാമിജിയുടെ ഈ ചരമ വിവരം അന്നുതന്നെ പത്രങ്ങൾക്കു കമ്പിവാർത്തയായി എ. പി. ഐ. വിതരണം ചെയ്തു. അതു ഹിന്ദുക്കളുടെ പല പത്രങ്ങളും പ്രസിദ്ധം ചെയ്തിട്ടില്ല. പിറ്റെ ദിവസത്തെ (14-ാംനു-ലെ) "ഇന്ത്യൻ എക്സ്പ്രസ്സ്" (The Indian Express) അപ്രധാനമായി ചെറിയ അക്ഷരത്തിൽ 6-ാം പേജിൻെറ ഒരു കോണിൽ ആണു് ഈ വാർത്ത ചേർത്തിരുന്നതു്.

സ്വാമിജിക്കു പററിയ ഈ അത്യാഹിതം ഇന്ത്യയുടെ ആദ്ധ്യാത്മിക മേന്മക്കൊരു ഇടിവായി പരിഗണിച്ചു് ഹിന്ദുക്കളായ പത്രക്കാർ ഇതു് പ്രസിദ്ധപ്പെടുത്തുന്നതിൽ വൈമനസ്യമോ ലജ്ജയോ കൈക്കൊള്ളുന്നതു നേരം പോക്കായിരിക്കുന്നു. മനഃ-ശരീരങ്ങളുടെ ആരോഗ്യസംരക്ഷണത്തിനു് ഉപവാസം ഒരു ഉപായമായിരിക്കുന്നതു പോലെ സമാധിയും ആരോഗ്യം വരുത്തുന്നതിനുള്ള മറെറാരു മാർഗ്ഗമായി കരുതപ്പെടുന്നു. ഗാന്ധിജിയുടെ ഉപവാസ പ്രകടനങ്ങൾക്കു ആരോഗ്യപരമോ, സാമുദായികമോ, രാഷ്ട്രീയമോ ആയ ഒരു ദൃഢലക്ഷ്യം എപ്പോഴും ഉണ്ടായിരിക്കും. അതിൻെറ അളവും തോതും നിർവ്വഹിക്കുന്നതും ഏററവും യുക്തിപൂർവ്വകമായാണു്. അതുകൊണ്ടദ്ദേഹത്തിൻെറ ഉപവാസങ്ങൾ അദ്ദേഹത്തിനും ഉദ്ദേശത്തിനും വളരെ പ്രയോജകീഭവിച്ചിട്ടുണ്ടു്. എന്നാൽ ഈ സമാധിപ്രകടനത്തിനു് അങ്ങിനെ കാതലായ കാരണങ്ങളൊന്നുമില്ല. യോഗസിദ്ധി മോക്ഷദായകമാണെന്നുള്ള മൂഢബുദ്ധിമാത്രമാണു് ഈ സമാധി പ്രകടനത്തിനുള്ള പ്രേരണ. യോഗാഭ്യാസ മുറകൾക്കു കായികമോ മാനസികമോ ആയ അഭ്യാസം എന്നതിൽ കവിഞ്ഞു് യാതൊരു പ്രയോജനവും പ്രാധാന്യവുമില്ല. അരമൈൽ ഓട്ടവും ശ്വസനാഭ്യാസനവും (breathing exercise) പോലെ ആസനങ്ങളും പ്രാണായാമവും

വെറും വ്യായാമങ്ങളുടെ ഇനങ്ങളല്ലാതെ മററൊന്നുമല്ല. യോഗാഭ്യാസംകൊണ്ടു ഈശ്വരസാക്ഷാൽക്കാരം വരുത്താമെങ്കിൽ നമുക്കു പൊങ്ങിച്ചാട്ടവും (High-Jump) ചാട്ടപ്പന്തയവും (Hnrdle-race) കൊണ്ടും ഈശ്വരസാക്ഷാൽക്കാരം വരുത്താൻ സാധിക്കണം. ഈശ്വരജ്ഞാനികളെന്നും ഈശ്വരോപാസകരെന്നും അവകാശപ്പെടുന്ന സന്യാസികൾ യോഗമുറകൾ അഭ്യസിക്കുന്നതുകൊണ്ടു് യോഗാഭ്യാസനത്തിനു് വിശ്വാസികൾ വൃഥാ ദൈവികത കല്പിച്ചുപോരുകയാണു്. കായശക്തികൊണ്ടും ധിഷണാശക്തികൊണ്ടും ഓരോതരത്തിൽ അസാധാരണസിദ്ധികൾ സമ്പാദിച്ചിരുന്ന സാൻഡൊ, ഹൌഡനി, രാമമൂത്തി, രാമാനുജം മുതലായവരുടെ സിദ്ധികൾക്കു ദൈവികത കല്പിക്കാമെങ്കിൽമാത്രമേ യോഗാഭ്യാസ സിദ്ധികൾക്കും ദൈവീകത കല്പിക്കാൻ പററൂ.

യോഗാഭ്യാസത്തോടു് അന്ധവിശ്വാസനിർമ്മിതങ്ങളായ ബ്രഹ്മത്തേയും ദൈവത്തേയും സംഘടിപ്പിക്കുന്നതുകൊണ്ടാണു് അതിൽ അതിരററ അമാനുഷിക സാദ്ധ്യതകൾ സങ്കല്പിച്ചുപോരുന്നതു്. സന്യാസിയെ ദിവ്യനും, യോഗാഭ്യാസത്തെ ദിവ്യവുമായി ഗണിച്ചുപോയതാണപകടം. ജട, താടി, കാഷായവസ്ത്രം, ഭസ്മം, കമണ്ഡലു, യോഗദണ്ഡു് ഈ വക നിർജ്ജീവ സാധനങ്ങളാണു് ഇന്ത്യയുടെ ആദ്ധ്യാത്മിക സമ്പത്തായി പരിണമിച്ചിട്ടുള്ളതു്. ഈ ആദ്ധ്യാത്മിക സമ്പത്തിൽ സകല സാദ്ധ്യതകളും അടങ്ങീട്ടുണ്ടെന്നു് ഈശ്വര വിചാരമുള്ള സകല ഹിന്ദുക്കളും – വലിയവരും ചെറിയവരും – വിശ്വസിനു. ഈ അദ്ധ്യാത്മികതയുടെ വളർച്ചകൊണ്ടാണു് ഇന്ത്യക്കു മോചനം നേടാൻ സാധിക്കുന്നതെന്നുപോലും അവർ വിശ്വസിക്കുന്നതു് പരിതാപകരംതന്നെ.

## കാലനറിഞ്ഞില്ല കാലമാററം

വേദപുസ്തകം ദൈവവചനമാണെങ്കിൽ,–വേദത്തിൽ പറയുന്ന ദൈവം ഉണ്ടെങ്കിൽ,–ദിവ്യശ്രീമാനായ ലാങ്ങിനു് വെളിപ്പെട്ടതു്

ദൈവമാണെങ്കിൽ,-ഇതെഴുതുന്ന ഞാനോ വായിക്കുന്ന നിങ്ങളോ ഇന്നു് ജീവനോടുകൂടി ഉണ്ടാകുമായിരുന്നില്ല. നാശെല്ലാം,-ലോകം മുഴുവനും-ഇപ്പോരം നശിച്ചു നാമാവശേഷമായിക്കഴിഞ്ഞിരിക്കുമായിരുന്നു. 1945 സെപ്തമ്പർ 21-ാംനു- വെള്ളിയാഴ്ച ലോകാവസാനമാണെന്നു് അമേരിക്കയിൽ കാലിഫോർണിയ സംസ്ഥാനത്തെ പാസഡീനാ പട്ടണത്തിലെ മഹാദിവ്യനായ ചാറംസ്ലാങ്ങ് പാദ്രിക്കു (Rev. Charles Long of Pasadeena in california) ദൈവം സ്വകാര്യമായി ഒരു വെളിപാടു് നൽകി. ലോകത്തിനു് മുഴുവനും വേണ്ടി ദൈവം ക്രിസ്തുവായി ജനിച്ചു് മരിച്ചതുപോലെ സവ്വലോകർക്കുംവേണ്ടി റവ: ലാങ്ങിനു് ദൈവംതന്നെ ഇതു നേരിട്ടു നല്കിയ വെളിപാടായതിനാൽ 1945 സെപ്തമ്പർ 21-ാംനു- ലോകം അവസാനിക്കുമെന്നുള്ളകാര്യത്തിൽ യാതൊരു സംശയത്തിനും വകയുണ്ടായിരുന്നില്ല. റവ: ലാങ്ങ്, തനിക്കു സിദ്ധിച്ച ദിവ്യ വെളിപാടിന്റെ വിവരം ഉടൻതന്നെ ബ്രിട്ടനിലെ പ്രധാനമന്ത്രി ആററ്ലിയ്ക്കും ഫ്രാൻസിന്റെ അധിപനായ ജെനറൽ ഡിഗാളിനും, റഷ്യൻ സവ്വാധിപതി സ്റ്റാലിനും മററും കമ്പിമൂലവും പൊതുജനങ്ങൾക്കു് പത്രപ്രസ്താവനകൾ വഴിയും അറിവുകൊടുക്കുകയും ലോകാവസാനത്തിനും പരലോകയാത്രയ്ക്കും എല്ലാവരും തയ്യാറെടുത്തുകൊള്ളുവാൻ അനുജ്ഞ നൽകുകയും ചെയ്തു. ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ ആത്മാത്ഥതയെപ്പററി ശങ്കിക്കുവാൻപോലും അസാദ്ധ്യമാണു്. വെളിപാടു് ലഭിച്ചതിൽ പിന്നെ അദ്ദേഹം ഒരു തരി ഭക്ഷണമോ ഒരു തുള്ളി വെള്ളമോ കഴിച്ചിട്ടില്ല. പാൽക്കാരൻ കൊണ്ടുവന്ന പാൽ മടക്കി അയച്ചു. കടയിൽനിന്നു് യാതൊന്നും വാങ്ങിയില്ല. ഭക്ഷണം പാകംചെയ്യാൻപോലും അദ്ദേഹം വിസമ്മതിച്ചു. സ്വർഗ്ഗത്തിലേയ്ക്കുള്ള യാത്രയൊരുക്കത്തിനു പാലു്, റൊട്ടി മുതലായവയൊന്നും ആവശ്യമില്ലെന്നു് അദ്ദേഹം പറഞ്ഞു. പ്രാത്ഥനയും ഉപവാസവും വേദപാരായണവുംകൊണ്ടു് ജാഗരൂകനായി അദ്ദേഹം വിനാഴികകളും നാഴികകളും മണിക്കൂറുകളും ദിവസങ്ങളും കഴിച്ചു. ലോകാവസാനത്തിനു് ദൈവനിയുക്തമായ '45 സെപ്തമ്പർ 21-ാംനു-

വന്നു. ആ ദിവസം യാതൊരു വിശേഷസംഭവവും ഉണ്ടാകാതെ സാധാരണപോലെ കടന്നുപോയി. സെപ്തമ്പറിലെ ബാക്കിദിവസങ്ങളും ഒക്ടോബറും നവമ്പറും കടന്നുപോയ്ക്കഴിഞ്ഞിരിക്കുന്നു. ലോകം ഇനിയും അവസാനിച്ചിട്ടില്ല. ലാങ്ങ്പാദ്രിയും നാമും മരിച്ചിട്ടില്ല. അദ്ദേഹത്തിൻെറ ദേഹത്തിൻെറയോ ബുദ്ധിയുടേയോ ഇപ്പോഴത്തെ സ്ഥിതിയെന്തെന്നുമാത്രം അറിഞ്ഞുകൂട.

ഈ പുരോഹിതനു് സിദ്ധിച്ച ഈ ദിവ്യ വെളിപാടിനെപ്പറ്റി ക്രൈസ്തവലോകം പരിഭ്രമിച്ചതായി കാണുന്നില്ല. അതിനെ ഗൗരവമായി ഗണിച്ചിട്ടുള്ളവർ അധികമില്ല. റവ: ലാങ്ങിനു സാധാരണ പ്രവാചകന്മാരെക്കാറം സാമാന്യബുദ്ധി കുറവാണെങ്കിലും ആത്മാർത്ഥത കൂടുതലുണ്ട്. ഇതേവരെ ലോകാവസാനത്തെപ്പററി പ്രവചിച്ചിട്ടുള്ളവർ അധികപക്ഷവും ആ നിർഭാഗ്യദിനത്തെ കുറേ അകലേയേ കുറിച്ചിട്ടുള്ളു. അതവരുടെ ജീവിതകാലത്തിനും അപ്പുറമായിരിക്കും. അങ്ങിനെയായാൽ അവക്കും മററുള്ളവർക്കും അതു് വിശ്വസിക്കാനും കാത്തിരിക്കാനും കുറെ എളുപ്പവും സമാധാനവുമുണ്ട്.

നാലു നൂററാണ്ടുകറംക്കു് മുമ്പ് പാരീസിൽ അസാമാന്യ ദിവ്യനും പ്രസിദ്ധനും ആയി നോസ്ട്രഡേമസ് (Nostradamus) എന്നൊരു പ്രവാചകൻ ഉണ്ടായിരുന്നു. 1503 മുതൽ 1566 വരെ വരെയാണദ്ദേഹത്തിൻെറ കാലം. അന്നു് ഫ്രാൻസ് ഭരിച്ചിരുന്ന (catherine-de-Medtci) രാജ്ഞിയുടെ വൈദ്യനും ജോത്സ്യനുമായിരുന്നു അദ്ദേഹം. അദ്ദേഹത്തിൻെറ പ്രവചനങ്ങറം പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തീട്ടുതന്നെയുണ്ട്. ലോകാവസാനം 1999-ൽ ആയിരിക്കുമെന്നാണു് അദ്ദേഹം പ്രവചിച്ചിട്ടുള്ളതു്. പ്രവചന തിയ്യതി മുതൽ400-ൽ ചില്ലാനം വർഷങ്ങറംക്കുശേഷം ലോകം അവസാനിക്കുമെന്നുസാരം. ആ തിയ്യതി എത്തുന്നതിനു് ഇനിയും വർഷങ്ങറം കഴിയണം. അതു് കാത്തിരിക്കാനും മറക്കാനും ധാരാളം സമയമുണ്ട്.

ഹെന്റി റോബർട്ട്സ് എന്ന മറെറാരു അമേരിക്കൻ ദിവ്യ നും ലോകാവസാനത്തെപ്പററി മറെറാരു പ്രവചനം പുറപ്പെടുവിച്ചിട്ടുണ്ട്. അയാറം പറയുന്നതു് നോസ്ട്രഡമസ് പ്രവചിച്ചിട്ടുള്ള 1999ലേ ലോകം അവസാനിക്കയുള്ളു എന്നാണ്. നോസ്ട്രഡമസ് പുനർജ്ജന്മമെടുത്ത ആളാണ് താൻ എന്നും റോബർട്ട്സ് അവകാശപ്പെടുന്നുണ്ട്. റവ: ലാങ്ങിനേക്കാറം ബുദ്ധിമാനാണ് റോബർട്ട്സ് എനുള്ളതിനു സംശയമില്ല. റോബർട്ട്സിൻെറ പ്രവചനം ഫലിച്ചില്ലെങ്കിൽ ആ നിരാശയും അപമാനവും സഹിക്കാൻ അന്നയാറം ഉണ്ടായിരിക്കയുമില്ല.

ഇത്തരം പ്രവചനങ്ങറം ലോകരിൽ പണ്ട് വലിയ പരിഭ്രമം ഉളവാക്കിയിരുന്നു. ഇന്നു് വേദത്തിനും, ദൈവത്തിനും പ്രവചനത്തിനും വലിയ വിലയില്ല. പ്രവചനത്തിൻെറ അയാഥാർത്ഥ്യതയിന്മേലാണ്, ലോകം ഇന്നു് നിലനില്ക്കുന്നതു്. പ്രവചനം യഥാർത്ഥമായിരുന്നെങ്കിൽ ഇന്നു് ലോകം ഉണ്ടായിരിക്കാൻതന്നെ തരമില്ലല്ലോ. വേദവും ദൈവവുമെല്ലാം വിഡ്ഢികളുടെ കരുക്കളായി തീർന്നുപോയ വിവരം വേദത്തിലെ ദൈവം അറിഞ്ഞിരുന്നെങ്കിൽ ഇത്തരം വെളിപാടുകളൊന്നും നല്കുമായിരുന്നില്ല കാലനറിഞ്ഞില്ല കാലം മാറിയതു് എന്നാണല്ലോ വന്നിരിക്കുന്നതു്.

## ലാമായുടെ ലലാമം

പല ജോത്സ്യന്മാരും ദിവ്യന്മാരും രണ്ടാം ലോകമഹായുദ്ധം എന്നവസാനിക്കുമെന്നും ഹിററ്ലറുടെ അന്ത്യം എങ്ങിനെ ആയിരിക്കുമെന്നും അനവധി പ്രവചനങ്ങറം ഗ്രഹനിലനോക്കി ഗണിച്ചും വെളിപാടുവഴിക്കും നല്കീട്ടുള്ളവ പത്രങ്ങറം അപ്പഴപ്പോറം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവയെല്ലാം അയാഥാർത്ഥ്യങ്ങളായി പരിണമിച്ച കഥ പതിവുപോലെ വിശ്വാസികറം വിസ്മരിച്ചു കളഞ്ഞിരിക്കുന്നു. വല്ലൊരു പ്രവചനവും യാദൃശ്ചികമായി സ്വല്പമെങ്കിലും ഫലിച്ചു എന്നു വരാൻ അവർ കാത്തിരിക്കയാണ്. ഫലിച്ചില്ലെങ്കിലും ശ്രമപൂർവ്വകമായ വ്യാഖ്യാനങ്ങറംകൊണ്ടു് ഫലിപ്പിക്കാനുള്ള ബദ്ധ

പ്പാട്ടം അവക്കു് കറച്ചൊന്നുമല്ല. "ഈ യുദ്ധത്തെപ്പററിയുള്ള പ്രവചനം വിശുദ്ധ ഖുർ-ആനിലും ബൈബിളിലുമുണ്ടു്. അതനുസരിച്ചു് യുദ്ധം 1943 മാർച്ചു് മാസത്തിൽ അവസാനിക്കും" എന്നു് ആധുനിക വിദ്യാസമ്പന്നനും കടുത്ത വിശ്വാസിയും ആയ ഐബ്ൻ ഇബ്രാഹിം എന്നൊരു മാന്യൻ ഗൗരവമായെഴുതിയ ഒരു ലേഖനം ലണ്ടനിലെ "പീപ്പിൾ" (peyple) പത്രം 1942 ആഗസ്റ്റിൽ പ്രസിദ്ധം ചെയ്തിരുന്നു.

1944 ഒക്ടോബർ 24-ാംനു- യുദ്ധം അവസാനിക്കുമെന്നു് ദിവ്യനായ ഒരു ലാമാ (ബുദ്ധസന്യാസി) 1944 ആഗസ്റ്റിൽ പ്രവചിച്ച വിവരം കല്ക്കട്ടയിലെ "ഹിന്ദുസ്ഥാൻ ഹെറാൾഡ്" പത്രം വളരെക്കാര്യമായി പ്രസിദ്ധപ്പെടുത്തി. ലാമായുടെ ആ പ്രവചനം അസാമാന്യദിവ്യവും പിഴയററതുമാണെന്നു് ബോദ്ധ്യപ്പെടാൻ മതിയാകുന്ന സാഹചര്യ വിവരണങ്ങളും അതിൽ ഉണ്ടായിരുന്നു. നമ്മുടെ മലയാള പത്രങ്ങൾ ഉൾപ്പെടെ ഇന്ത്യയിലും പുറത്തുമുള്ള മിക്ക പത്രങ്ങളും ആഹ്ളാദപൂർവ്വം ആ റിപ്പോർട്ടു ചുടോടെ പകർത്തിയിട്ടു. അതിപ്രകാരമാണു് - "അനാഡംബരമായി വസ്ത്രധാരണം ചെയ്തിരുന്ന ഒരു ലാമാ കൽക്കട്ടയിലെ ഒരു ട്രാം വണ്ടിയിൽ കയറി. അതിൽ ഇരുന്നിരുന്ന ഒരു മാന്യമഹിളയുടെ സമീപംമയ്യാദവിട്ടു ഞെക്കിഞെരിച്ചിരുന്നു. ആ പ്രവർത്തിയെ പ്രതിഷേധിക്കാൻ സ്ത്രീക്കു് കരുത്തുണ്ടായില്ല അതുകണ്ടു സഹിക്കാൻ കഴിയാതിരുന്ന ഒരു മാന്യൻ അതെപററി ലാമായെ ചോദ്യം ചെയ്തു. "നിങ്ങളുടെ പുത്രൻ ഇന്നലെ മരിച്ചുപോയല്ലൊ" എന്നു, ലക്ഷണംകൊണ്ടറിഞ്ഞതുപോലുള്ള ഒരു പ്രസ്താവനയായിരുന്നു ലാമയുടെ പ്രത്യുത്തരം. തീരെ അപരിചിതനായ ലാമയുടെ ആ അവിചാരിത പ്രസ്താവന ശരിയാണെന്നു് അത്ഭുതത്തോടെ അയാൾ സമ്മതിച്ചു. അപ്പോഴേക്കും കണ്ടക്ററർ ടിക്കററു് കൊടുക്കുന്നതിനു് അവരുടെ അടുത്തെത്തി. "എനിക്കും ഈ സ്ത്രീയ്ക്കും ഓരോ ടിക്കററു് തരിക" എന്നു പറഞ്ഞു് രണ്ടു് ടിക്കററിനുള്ള പണം കണ്ടക്ററരുടെ പക്കൽ ലാമാ കൊടുത്തു. 'എനിക്കുവേണ്ടി

നിങ്ങഠം പണം കൊടുക്കണ്ട" എന്നു്, സ്ത്രീ ശുണ്ഠി എടുത്തുപറഞ്ഞു. "ഞാൻ നിങ്ങഠംക്കുവേണ്ടി പണം കൊടുക്കുന്നതു് തടയേണ്ട. ടിക്കററിനു പണം കൊടുക്കാൻ നിങ്ങളുടെ പക്കൽ ഇല്ലാത്തതുകൊണ്ടാണു് ഞാൻ കൊടുക്കുന്നതു്" എന്നു് ലക്ഷണം പറയുന്നതുപോലെ ലാമാ പറഞ്ഞു് സ്ത്രീയെ സാന്ത്വനപ്പെടുത്തി. സ്ത്രീ കയ്യിലുണ്ടായിരുന്ന പരിഷ്കൃത തുകൽസഞ്ചി (Vanity bag) തുറന്നു് പണച്ചെപ്പ് തപ്പി. പണച്ചെപ്പ് അതിൽ കാണാനില്ല. അത്യത്ഭുതകരമായ വിധം പണച്ചെപ്പ് അപ്രത്യക്ഷപ്പെട്ടുപോയിരിക്കുന്നു! ഇത്രയുമായപ്പോഠം ദിവ്യനായ ലാമായോടു യാത്രക്കാർ ഭക്തിബഹുമാനങ്ങളോടെ പലതും ചോദിക്കാൻ തുടങ്ങി. അപ്പോഴേക്കും ലാമക്കു് ഇറങ്ങേണ്ട ദിക്കായി. "പലരും പലതും ചോദിച്ചാൽ ഉത്തരം പറയുന്നതിനു് സമയമില്ല. എല്ലാവരും കൂടി ഒരു ചോദ്യം ചോദിച്ചുകൊള്ളുക. അതിനുമാത്രം ഉത്തരം പറയാം" എന്നു് ലാമ പറഞ്ഞു.

"ഈ യുദ്ധം എന്നു് അവസാനിക്കും ?" എന്നവർ ചോദിച്ചു. "1944 ഒക്ടോബർ 24_ാംനു- എന്നു ഉത്തരം നല്കി ലാമാ ഇറങ്ങിപ്പോയി."

യുദ്ധം അന്നൊന്നും അവസാനിച്ചില്ല. പ്രവചനം വെറും ഭോഷ്ക്കായും ചമഞ്ഞു. എന്നിട്ടും പ്രവചനങ്ങളുടെ അവിശ്വസനീയതയ്ക്കു് ഈ സംഭവം ഒരു ലഘു തെളിവായിട്ടെങ്കിലും കരുതാൻ വിശ്വാസികഠം തയ്യാറായില്ല. മനുഷ്യർക്കു് മതത്തിലും മന്ത്രത്തിലും പ്രാർത്ഥനയിലും പ്രവചനത്തിലും ഉള്ള വിശ്വാസശീലം അത്ര രൂഢമൂലമാണു്. ഒരു യുക്തിവാദി മേല്പറഞ്ഞ റിപ്പോർട്ടിൽനിന്നു് വല്ല ഊഹവും എടുക്കുന്നുണ്ടെങ്കിൽ അതു്, ആ സ്ത്രീ അല്പം സൂക്ഷ്മക്കുറവോടെ തൻെറ സമീപം വെച്ചിരുന്ന പണച്ചെപ്പ് കണ്ടെടുക്കാനും ആ കളവു് കണ്ടുപിടിക്കാതിരിക്കാനും വേണ്ടി ലാമ പ്രയോഗിച്ച വിദ്യകളായിരുന്നു മര്യാദരഹിതമായ ആ തിക്കിത്തിരക്കിയിരുപ്പും സ്ത്രീക്കു് ടിക്കറ്റു് വാങ്ങികൊടുക്കലും പ്രവചനങ്ങഠം നല്കലും എന്നായിരിക്കും.

# അഞ്ചു്

## കൊച്ചിയുടെ മെച്ചം

കൊച്ചി രാജ്യ നിവാസികൾക്കു 1121 വൃശ്ചികം 29-ാംനു- അനന്യലഭ്യമായ ഒരു സുദിനമായിരുന്നു. അന്നായിരുന്നു നാടുവാഴുന്ന കൊച്ചി മഹാരാജാവിനു് 80 തിരു വയസ്സു തികഞ്ഞ ശതാഭിഷേകോത്സവം. ഒരു മഹാരാജാവിനു് 80 വയസ്സു തികയുക എന്നതു് 1500ൽ പരം വർഷങ്ങൾ തുടർച്ചയായി രാജ്യം ഭരിച്ചുകൊണ്ടിരിക്കുന്ന കൊച്ചി രാജകുടുംബത്തിൽ ഇദംപ്രഥമമാണു്. ഇന്ത്യയിലുള്ള അറുനൂറോളം നാട്ടുരാജ്യ രാജകുടുംബങ്ങളെ ഒട്ടാകെ എടുത്തു നോക്കിയാലും 80 വയസ്സു തികഞ്ഞ മന്നവന്മാർ ഒരാളുടെ കൈവിരലുകളിൽ എണ്ണാൻമാത്രമെങ്കിലും ഇതേവരെ ഉണ്ടായിട്ടുണ്ടോ എന്നു സംശയിക്കുന്നു. രാജാക്കന്മാർ സമ്പൽസമൃദ്ധികളിൽ ആറാടിക്കൊണ്ടിരുന്നവരാകയാൽ അവർ സുഖലോലുപന്മാരും അമിത ഭോഗശീലന്മാരും ആയി അകാലമരണമടയുക എന്നതു് സാധാരണമാണു്. എത്ര വിദഗ്ദ്ധ വൈദ്യസഹായമുണ്ടായാലും ഭോഗലോലുപത്വം ആരോഗ്യത്തേയും ആയുസ്സിനേയും കുറയ്ക്കുകതന്നെ ചെയ്യും. കുറെ തലമുറകളായി കൊച്ചി രാജാക്കന്മാർ ഭോഗതല്പരതയില്ലാത്ത ലളിത ജീവിതം നയിക്കുന്നവരാണെന്നുള്ളതാണു് അവരുടെ ആയുസ്സിന്റെ ദൈർഘ്യം തന്നെ കൂടിവരുന്നതിന്റെ കാരണം. 70-ൽ കവിഞ്ഞ പ്രായമുള്ള മഹാരാജാക്കന്മാർ കൊച്ചിയിൽ അശേഷവും വിരളമല്ല. 1500 വർഷങ്ങൾക്കിടയ്ക്കു ഇപ്പോൾ ഒരിക്കൽമാത്രമേ ഒരു മഹാരാജാവിന്റെ ശതാഭിഷേകം കൊണ്ടാടാൻ ഇടവന്നിട്ടുള്ളു എന്നു തോർക്കുമ്പോൾ ആ ശതാഭിഷേകോത്സവം പ്രജകൾ ആഘോഷിക്കുന്നതു ഒരിക്കലും ധൂർത്തതയായി വരികയില്ല. എന്നാൽ ഇടവിടാതെ ആണ്ടുതോറുമുണ്ടാകുന്ന ആട്ടത്തിരുനാൾ രാജ്യമൊട്ടുക്കു പ്രജകൾ ആഘോഷിക്കുക എന്നൊരു ശീലം കൊച്ചിയിലും അടുത്തകാലത്തു് സംക്രമിച്ചിട്ടുണ്ടു്. അതു ആക്കും യാതൊരു പ്രയോജനവുമില്ലാത്ത

അനാവശ്യച്ചടങ്ങും പാഴ്ച്ചിലവും ആണ്. നാടാകെ തിരുനാരം കൊണ്ടാടുന്ന പതിവ്, കൊച്ചിയുടെ സൽഭരണകീർത്തി ഇന്ത്യയൊട്ടുക്കു പരത്തി. കൊച്ചിയെ നാട്ടുരാജ്യങ്ങളുടെ മുന്നണിയിൽ എത്തിച്ചു സ്ഥാനത്യാഗം ചെയ്ത രാജർഷിയുടെ ഭരണാന്ത്യംവരെ ഇതൊന്നും ഇവിടെയുണ്ടായിരുന്നില്ല. ആ രാജർഷിയുടെ ഏകോദരസഹോദരനാണ് ഇപ്പോഴത്തെ മഹാരാജാവ്. തൃപ്പൂണിത്തുറെ ദേവദർശനം മുതലായ മതകർമ്മങ്ങരം നിർവ്വഹിക്കുകയും കോവിലക പാർശ്വവർത്തികരംക്കു ഒരു സദ്യനല്കുകയും മാത്രമേ തിരുനാളാചരണത്തിൽ അന്നുവരെ ഉണ്ടായിരുന്നുള്ളു. തിരുനാളിനു മതാനുഷ്ഠാനപരമായ പ്രാധാന്യത്തിൽ കവിഞ്ഞൊന്നും കല്പിച്ചിരുന്നില്ല.

ബ്രിട്ടീഷ് സാമ്രാജ്യത്വമാണ് ചക്രവർത്തിയുടെ തിരുനാളിനെ ഒരു രാഷ്ട്രീയ പ്രചരണോപകരണമാക്കി ഉന്നമിപ്പിക്കുകയോ അഥവാ അധഃപതിപ്പിക്കുകയോ ചെയ്തിട്ടുള്ളതു് കൊച്ചിക്കു സാമന്തകരോ, പുത്രീകാരാജ്യങ്ങളോ ഉപനിവേശസ്ഥാനങ്ങളോ ഉണ്ടായിരുന്നെങ്കിൽ, കൊച്ചിയുടെ അധിനായകത്വത്തെപ്പററിയുള്ള ബോധം അവരുടെ മനസ്സിൽ ഉദിപ്പിക്കുന്നതിനും ഉറപ്പിക്കുന്നതിനും തിരുനാളാഘോഷാർഭാടങ്ങരം ഉപകരിക്കുമായിരുന്നു. ഘോഷയാത്രകരം, പൊതുയോഗ-പ്രസംഗങ്ങരം, രാജദർശനമേളാ, ഭോജനദാനങ്ങരം, പലഹാരവിതരണം, കരിമരുന്നുപ്രയോഗം മുതലായ തിരുനാരംച്ചടങ്ങുകരം കൊച്ചിക്കാർ അനുകരണഭ്രമംമൂലം ആരംഭിച്ചിട്ടുള്ള പുതുച്ചടങ്ങുകളാണ്. ആഡംബരവും ധൂർത്തതയും ഇല്ലാത്ത ലളിതജീവിതമാണ് നമ്മുടെ മഹാരാജാക്കന്മാരുടേതെന്നും, അവരുടെ ഈ വിശിഷ്ട ഗുണമാണ് കൊച്ചിയുടെ തുടർച്ചയായ ഭരണ വിജയരഹസ്യമെന്നും ഈ ആഘോഷക്കാർ ഓക്കുന്നില്ല. ജനങ്ങളിനിന്നു കിട്ടുന്നതിലധികം ജനങ്ങരംക്കു കൊടുക്കുന്നവനാണ് "മാന്യൻ" (Gentleman) എന്നു് ജോർജ്ജ് ബെർനാഡ്ഷാ നിർവ്വചിച്ചിട്ടുണ്ട്. ഷായുടെ മേല്പറഞ്ഞ ആശയംവെച്ചു നമ്മുടെ നാട്ടുരാജാക്കന്മാരെ നോക്കുന്നതായാൽ അവരിൽ "മാന്യന്മാ"രാരെങ്കിലും ഉണ്ടായിരിക്കുമോ എന്നു ജവഹർലാൽനെഹ്രു ഒരു പ്രസംഗമദ്ധ്യേ ചോദിച്ചു ഷാ

യുടെ നിർവ്വചനപ്രകാരമുള്ള മാന്യന്മാർ അവരിൽ അധികം കാണുക യില്ലെന്നു മാത്രമല്ല, അവക്കു ജനങ്ങളിൽ നിന്നു കിട്ടുന്നേടത്തോളമെങ്കിലും അവർ ജനങ്ങൾക്കു കൊടുക്കുന്നതായാൽ അവരിൽ മിക്ക പേരും പാപ്പരായിപ്പോകുമെന്നുള്ളതിനു സംശയവുമില്ല. എഡ്ഗർസ്നോ (Edgar Snow) യുടെ ഒരു പുസ്തകത്തിൽ ഇന്ത്യൻ നാട്ടുരാജ്യങ്ങൾ "ഏഷ്യയിലെ സാമുദായികം പരമ പാഴ്ഭൂമികൾ" (The greatest Social Waste lands of Asia) ആണെന്നാണ് പറഞ്ഞിട്ടുള്ളതു്. ഇന്ത്യയിലെ നാട്ടുരാജാക്കളുടെ പൊതുവെയുള്ള നില ഇപ്രകാരമിരിക്കെ കൊച്ചിയെ അതിൽനിന്നു വ്യത്യസ്തമാക്കീട്ടുള്ളതു കൊച്ചി മഹാരാജാക്കന്മാരുടെ ധൂർത്തില്ലാത്ത ജീവിതരീതിയാണെന്നുള്ള വസ്തുത മറക്കത്തക്കതല്ല. കൊച്ചി മഹാരാജാക്കന്മാർ രാജ്യഭാരം മററു വല്ലവരേയും ഏല്പിച്ചിട്ടു് യൂറോപ്പുപര്യടനം നടത്തി രസിച്ചിട്ടില്ല, പാരീസിൽ പാർത്തു സുഖിച്ചിട്ടല്ല, കുതിരപന്തയത്തിൽ ഭ്രമിച്ചിട്ടില്ല. വിഷയലമ്പടത്വമോ അധികാര പ്രമത്തതയോ അവക്കുള്ളതല്ല. അങ്ങിനെയുള്ള ഒരു മഹാരാജാവിൻെറ തിരുനാൾ, പ്രജകൾ ധൂർത്തടിച്ചാഘോഷിക്കുന്നതു് ആ രാജാവിൻെറ തന്നെ ജീവിതരീതിയ്ക്കും മനസ്ഥിതിയ്ക്കും വിരുദ്ധമാണെന്നതു് പ്രജാപ്രമാണികൾ ഓർക്കേണ്ടതാണു്. മെയ്യുകൊണ്ടു് ഭൂമിയോടു് മല്ലിട്ടു് വിഭവങ്ങൾ വിളയിച്ചു രാജ്യത്തിൻെറ ഐശ്വര്യം വർദ്ധിപ്പിക്കുന്ന കൃഷീവലന്മാക്കു അരിഷ്ടതകൂടാതെ ജീവിക്കത്തക്കവണ്ണം ഭൂമിയുടെ കൈവശാവകാശസ്ഥിരത നല്കി അവരെ ഭൂമിയുടമസ്ഥന്മാരുടെ അത്യാഗ്രഹങ്ങളിൽനിന്നു മോചിപ്പിക്കുക, വിശപ്പടങ്ങി മാനമായി കഴിയത്തക്കവിധം തൊഴിലാളികൾക്കു മുതലാളികൾ പക്കൽനിന്നു തൊഴിൽ ലാഭത്തിൻെറ ന്യായമായ പങ്കു ലഭിക്കുമാറാക്കുക, സമുദായങ്ങൾ തമ്മിൽ കലഹമോ ലഹളയോ ഉണ്ടാകാതിരിക്കാൻ മതപ്രചരണങ്ങൾ ആരാധനാഘോഷങ്ങൾ, മുതലായവ, തങ്ങളുടെ ഗൃഹങ്ങളിലും ദേവാലയങ്ങളിലുമല്ലാതെ പെരുവഴികളിലും പൊതുസ്ഥാപനങ്ങളിലും പാടില്ലെന്നു വിലക്കുക, ഭാരതത്തിൻെറ അനൈക്യത്തിനും പാരതന്ത്ര്യത്തിനും കാരണഭൂതമായ ജാതിവത്യാസങ്ങളെ ഇല്ലായ്മ

ചെയ്യുക, ബുദ്ധിയിലും വിദ്യയിലും വിത്തത്തിലും മികച്ചുനില്ക്കുന്ന ബ്രാഹ്മണരെപ്പോലെ അവരുടെ ആ മികവിനു നിദാനമായ മക്കത്തായം ബ്രാഹ്മണേതര ഹിന്ദുക്കളിലും ഏർപ്പെടുത്തുക, വ്യക്തിപരമായ പരിശ്രമങ്ങൾക്കും ഉത്തരവാദിത്വബോധങ്ങൾക്കും വിഘാതമായി നില്ക്കുന്ന കൂട്ടുകുടുംബവ്യവസ്ഥ പൊളിച്ചുകളയുക മുതലായവ അടിയന്തരവും ഗുരുതരവും ആയ കാര്യങ്ങൾ രാജ്യത്തു സാധിക്കേണ്ടതായും സാധിക്കാതെയും ഇരിക്കെ അതുകളെപ്പററി പറയാതെ മഹാരാജാവിൻെറ ഗുണഗണങ്ങളെ മാത്രം പറഞ്ഞുകൊണ്ടിരിക്കുകയും പാടിപ്പുകഴ്ത്തുകയും ചെയ്യുന്നശീലം രാജസ്ഥാനത്തിനും രാജ്യത്തിനും ദോഷമേ ചെയ്യുകയുള്ളു.

പ്രജാഹിതത്തിനു വിരുദ്ധമായി പ്രവൎത്തിക്കുക ശീലമാക്കീട്ടില്ലാത്ത മഹാരാജാവു് പ്രജകൾ നടത്തുന്ന ആട്ടത്തിരുനാളാഘോഷധൂൎത്തുകൾ വൈമനസ്യത്തോടെ സഹിച്ചുകൊണ്ടിരിക്കയാണെന്നാണു് ഞങ്ങൾക്കുതോന്നുന്നതു്. കൊച്ചി ഗവൎമ്മേണ്ടുദ്യോഗസ്ഥന്മാരും അവൎക്കു സ്ഥലംമാററം ഉണ്ടാകുന്ന അവസരങ്ങളിലും മററും പൊതുജനങ്ങളിൽനിന്നു യാത്രയയപ്പുസൽക്കാരങ്ങളും മംഗളപത്രങ്ങളും മററും സ്വീകരിക്കരുതെന്നു് ഈയിടെ കർശനമായ വിലക്കു കല്പിച്ചിട്ടുള്ള മഹാരാജാവു തിരുമനസ്സുകൊണ്ടു് ആരും തൻെറ തിരുനാൾ ആഘോഷിക്കുക മുതലായ പാഴ്ച്ചിലവുകൾ ചെയ്യരുതെന്നും നേരെമറിച്ചു താൻ ഇനിയും രാജ്യത്തിനു് ചെയ്യേണ്ടതായ ഗുണങ്ങളേയും വരുത്തേണ്ടതായ പരിഷ്കാരങ്ങളേയും പററി അനുസ്മരിപ്പിക്കുക മാത്രമേ പാടുള്ളു എന്നും പ്രജകൾക്കൊരു താക്കീതു് ഉടൻ നല്കുമെന്നു ന്യായമായി പ്രതീക്ഷിക്കാവുന്നതാണു്.

9 സ്കൂളുകൾ യോജിച്ചു് നടത്തിയ മഹാരാജാവിൻെറ 80-ാമതു് ആട്ടത്തിരുനാളാഘോഷം സംബന്ധിച്ചു ഒരു ഗ്രാമപ്രദേശത്തു കൂടിയ മഹായോഗത്തിൽ ഇത്രയും സംഗതികൾ ഞാൻ പ്രസ്താവിച്ചതാണു്. ഈ വക സന്ദർഭങ്ങളിൽ അതിസ്തുതിയും വൃഥാ സ്തുതിയുമാണധികവും കൈകാൎയ്യം ചെയ്യുക എന്ന പതിവു് വിട്ടുണ്ടായ ആ പ്രസംഗത്തിൻെറ ഒരു യഥാർത്ഥരൂപം പ്രസിദ്ധീകരിച്ചുകാണ

ണമെന്നു ചില സഹൃദയന്മാർ നിർദ്ദേശിച്ചതനുസരിച്ചാണു് ഈ കുറിപ്പു് പ്രസിദ്ധീകരിക്കുന്നതു്.

## മള്ളൂരിൻെറ ഉള്ളുണർച്ച.

തിരുവിതാംകൂറിലെ നായർസമുദായ നേതാക്കന്മാരിൽ അഗ്രഗണ്യനും സുപ്രസിദ്ധ അഭിഭാഷകപ്രമുഖനും ആയ മള്ളൂർ ഗോവിന്ദപിള്ള അവർകൾ ബി. എ. ബി. എൽ. "മതവൈരാഗ്യം" എന്ന പേരിൽ 1221 വൃശ്ചികം 29_ാംനു- "ജന്മഭൂമി"യിൽ എഴുതിയിട്ടുള്ള ലേഖനത്തിലെ പ്രധാനഭാഗമാണു് ഇവിടെ ഉദ്ധരിക്കുന്നതു്:—

"പരമാർത്ഥം വിചാരിച്ചാൽ വലിയ വഴക്കിനൊന്നും കാര്യമില്ലാത്ത ഒരു സംഗതിയാണു് മതം. എന്നാൽ ഇത്ര വഴക്കുണ്ടാക്കിയിട്ടുള്ള സംഗതി മതംപോലെ മററൊന്നില്ലെന്നു കീഴ്കടസംഭവങ്ങൾ വിളിച്ചു പറയുന്നുണ്ടുതാനും. മതവൈരാഗ്യം എല്ലാ ദിക്കിലും എല്ലാ ജനങ്ങളിലും ഒരേ ദിനുസിലല്ല വെളിപാടുകൊള്ളുന്നതു്. ഭിന്നമതാനുയായികളുടെ കാര്യം ഇരിക്കട്ടെ. ഹിന്ദുക്കളിൽതന്നെ പല വിഭാഗങ്ങൾ ഉള്ളതിൽ ചിലകൂട്ടർ മത വൈരാഗ്യത്തിൽ ഭയങ്കരന്മാരാണു്. ശീതോഷ്ണാവസ്ഥകളുടെ ഭേദം അനുസരിച്ചു് ഇവർക്കുതന്നെ വൈരാഗ്യത്തിൽ ഡിഗ്രിവ്യത്യാസം കാണുന്നുണ്ടു്. പ്രായേണ ഉത്തരഭാരതത്തിൽ ഉള്ള ഹിന്ദുക്കൾ ദക്ഷിണ ഭാരതത്തിൽ ഉള്ളവരേക്കാൾ മതതീഷ്ണത, അഥവാ അന്യമതാസഹിഷ്ണുത പ്രകടിപ്പിക്കുന്നുണ്ടു്. ഹിന്ദുവർഗ്ഗത്തിൽപ്പെട്ട കൂട്ടരിൽ മതകാര്യങ്ങളിൽ നായന്മാരെപ്പോലെ ഉദാസീനർ മററാരുമില്ല. അതുകൊണ്ടു ഞാൻ അവരെ കുററപ്പെടുത്തുകയാണെന്നു വിചാരിക്കരുതു്. നേരെമറിച്ചു ഈ മനോഭാവത്തിൽ ഞാൻ അവരെ ഹൃദയപൂർവ്വം അനുമോദിക്കുകയാണു് ചെയ്യുന്നതു്.

"വേദവുമില്ല ശാസ്ത്രവുമില്ല, വേദിയരെന്നൊരു ഭാവവുമില്ല"

എന്നു മാറ്റുംകൂടിയ ചാത്തുമേനോൻ അദ്ദേഹത്തിൻെറ "അജ്ഞാനകാഠാര"ത്തിൽ നായന്മാരെപ്പററി ആക്ഷേപിച്ചെഴുതിയിട്ടുള്ളതു് ഒരുകാലത്തു പ്രതികൂലമായി വിമർശിച്ച ഞാൻ ഇന്നു് അതു നായന്മാ

രുടെ ഒരു യോഗ്യതയായി അഭിമാനിക്കുന്നു. നായന്മാർക്കു പള്ളിയുമില്ല, പള്ളിവഴക്കുമില്ല, കത്തനാരുമില്ല, കമ്പസാരവുമില്ല. ക്ഷേത്രത്തിൽ പോകണമെങ്കിൽ പോകാം. പോകേണ്ടെങ്കിൽ പോകണ്ട. നോയ്മ്പു നോല്ക്കണമെങ്കിൽ ആകാം. ഇല്ലെങ്കിൽ വേണ്ട-ഈശ്വരസേവയ്ക്കും ഈശ്വരാധീനത്തിനും മനുഷ്യൻ ഒരു പ്രത്യേക മതത്തിലോ കൂട്ടുകെട്ടിലോ ഉൾപ്പെടുകയോ ആചാര്യന്മാരുടെ ഇരുമ്പുചങ്ങലകളിൽ കുടുങ്ങുകയോ ചെയ്യേണ്ട ആവശ്യമില്ല. ഒരു മതം മറെറാരു മതത്തേക്കാൾ ഉൽകൃഷ്ടമെന്നോ അപകൃഷ്ടമെന്നോ പറഞ്ഞു കലഹിക്കേണ്ട ആവശ്യവുമില്ല. ഇന്നത്തെ മതാഭ്യാസം പരസ്പര സഹിഷ്ണുതയിലും ഐകമത്യത്തിലും കലാശിക്കാനേ മാർഗ്ഗമുള്ളു. ഒരുത്തൻെറ മതം മറെറാരുത്തൻെറ ചുമലിൽ അടിച്ചു കയറുന്നതും ക്ഷന്തവ്യമല്ല. ഇതുകൊണ്ടുതന്നെയാണു എൻെറ പ്രസംഗങ്ങളിലും ലേഖനങ്ങളിലും ഗവമ്മെണ്ടു സഹായം അർത്ഥിക്കുന്ന വിദ്യാലയങ്ങളിൽ ഒരു മതത്തിൻേറയും അന്തരീക്ഷത്തിനു പ്രവേശം അനുവദിക്കരുതെന്നു സിദ്ധാന്തിച്ചിട്ടുള്ളതു്."

മതനിഷ്ഠയില്ലായ്മ നായന്മാരുടെ വലിയ കുറവായി കരുതുകയും നായന്മാരെ മതതീഷ്ണതയുള്ളവരാക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്ന മള്ളൂരിനു തൻെറ 70-ാം കാലത്തെങ്കിലും "ആചാര്യന്മാരുടെ ഇരുമ്പുചങ്ങലകളിൽ നായന്മാർ കുടുങ്ങേണ്ട ആവശ്യമില്ലെന്നും, മതകാര്യങ്ങളിൽ നായന്മാർ ഉദാസീനരായിരിക്കുന്നതിൽ അവരെ അനുമോദിക്കുകയാണു വേണ്ടതു്" എന്നും ഉള്ള ഉള്ളുണച്ചു ഉണ്ടായതു് നായർ സമുദായത്തിനു കുറച്ചെങ്കിലും ഭാഗ്യം തന്നെ. മള്ളൂരിൻെറ ഈ മനസ്സുമാററം എങ്ങിനെയാണുണ്ടായതു് എന്നു് അദ്ദേഹം പറയുന്നില്ല, ചുററുമുള്ള സമുദായങ്ങൾ അവരുടെ മതപ്രതിപത്തികൊണ്ടു് കാട്ടിക്കൂട്ടുന്ന ഭ്രാന്തൻപണികൾ മള്ളൂരിൻെറ കണ്ണു അല്പം തുറപ്പിച്ചിരിക്കാം. അതുകൊണ്ടു്, മതപ്രതിപത്തി ആവശ്യമാണെന്നുണ്ടായിരുന്ന മതം മാറി മതകാര്യത്തിൽ ഉദാസീന ബുദ്ധിയാണു് ഭേദം എന്നുള്ള അഭിപ്രായം ഇപ്പോൾ ഉണ്ടായി

രിക്കുന്നു. കണ്ണ് കുറച്ചുകൂടി തുറന്നു ചുററം ഒന്നു നോക്കുകയാണെങ്കിൽ മതം ത്യജിക്കുന്നതും എല്ലാ മതങ്ങളേയും പാടെ നശിപ്പിച്ചുകളയുന്നതുമാണ് നായന്മാക്കും ഇതരന്മാക്കും നല്ലതെന്നു മള്ളൂരിനു കാണാൻ സാധിക്കും.

ഹിന്ദുമതത്തിലെ വിവിധ ജാതികളേയും ക്രൈസ്തവരേയും മുസ്ലീംങ്ങളേയും പരസ്പര വിദ്വേഷമില്ലാത്ത നല്ല മനുഷ്യരാക്കണമെങ്കിൽ അവരുടെ ഉള്ളിൽ കുടികൊള്ളുന്ന മതവിദ്വേഷം കുത്തിക്കഴുകിക്കളയുകയേ മാർഗ്ഗമുള്ളു. തങ്ങളുടെ ദൈവം മാത്രം സത്യദൈവമാണെന്നും മററുള്ളവരുടെ ദൈവങ്ങളെല്ലാം വ്യാജദൈവങ്ങളാണെന്നുമാണ് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നതു്. അങ്ങിനെ വിശ്വസിക്കുന്ന ഒരു ക്രിസ്ത്യാനി ആത്മാർത്ഥതയും ഹൃദയവിശാലതയും കൂടി ഉള്ളവനാണെങ്കിൽ തിരുവിതാംകൂറിലെന്നല്ല എവിടേയും ഉള്ള അക്രിസ്ത്യാനികൾ ചുമ്മാ നരകത്തിൽ പോകുന്നതു കണ്ടുകൊണ്ടിരിക്കാതെ അവരെ ഏതു വിധമെങ്കിലും സത്യദൈവവിശ്വാസികളായ ക്രിസ്ത്യാനികളാക്കിയെടുക്കാൻ വലിയ ത്യാഗം സഹിച്ചെങ്കിലും പരിശ്രമിക്കാതിരിക്കയില്ല. മിഷനറി പ്രവർത്തനം എന്നു പറയുന്നതു് അതാണ്. ക്രിസ്ത്യാനികളും മുസ്ലീംങ്ങളും ഇഷ്ടംപോലെ മററുള്ളവരെ മാർഗ്ഗം കൂട്ടിയെടുത്തുകൊള്ളുക, പക്ഷെ ഞങ്ങളെ മാർഗ്ഗം കൂട്ടാനും നന്നാക്കാനും വരേണ്ട, ഞങ്ങളുടെ മതമാണ് നിങ്ങളുടേതിനേക്കാൾ പഴയതും നല്ലതും എന്നു നായന്മാർ പറഞ്ഞുകൊണ്ടിരിക്കുന്നതിൽ പൂർവ്വോത്തര വിരോധം ഉണ്ട്. മാർഗ്ഗം കൂട്ടലിനുള്ള സ്വാതന്ത്ര്യത്തിനും സനാതനമതം മെച്ചമാണെന്നുള്ള അഭിപ്രായത്തിനും തമ്മിൽ പൊരുത്തമില്ല. മററുള്ള മതങ്ങളെല്ലാം ചീത്തയാണെന്നുള്ള വസ്തുത നായർ കാണുന്നതുപോലെതന്നെ തന്റെ ഹിന്ദുമതവും ചീത്തയാണെന്നു കാണാനുള്ള കഴിവു നായന്മാക്കു ഉണ്ടാവണം. മതകാര്യങ്ങളിൽ നായർ ഉദാസീനനായിരുന്നാൽ പോരാ. മതങ്ങളെയെല്ലാം നശിപ്പിക്കുന്നതിൽ നായരും ജാഗരൂകനാവണം. മക്കത്തായികളായ ബ്രാഹ്മണക്കു വലിയ ചുമതലയോ ബാദ്ധ്യതയോ കൂടാതെ വെപ്പാട്ടികളെ നായർ സമുദായത്തിൽ നിന്നു ലഭിക്കുന്നതിനാണ്

ബ്രാഹ്മണർ നായർ സമുദായത്തിൽ മരുമക്കത്തായം ഏർപ്പെടുത്തി വെച്ചിട്ടുള്ളതു്. നിയമംമൂലം നായന്മാരുടെ മരുമക്കത്തായം കളഞ്ഞു് ബ്രാഹ്മണരെപ്പോലെ മക്കത്തായമാക്കാതെ ആ സമുദായത്തിന്നു പുരോഗതി കൈവരാൻ സാധിക്കയില്ല.

## മി. കോയമുസ്ലീൻെറ വെല്ലുവിളി.

കോഴിക്കോട്ടെ മുസ്ലീം ദിനപത്രമായ "പൗരശക്തി"യുടെ 1945 ഡിസമ്പർ 11 ലെ ലക്കത്തിൽ ബ്രിട്ടീഷ് മലബാറിലെ ഒരു ധീരനും ധനികനുമായ കെ. വി. കോയമുസ്ലീൻ അവർകൾ പ്രസിദ്ധം ചെയ്തുകണ്ട വിജ്ഞാപനമാണു് ഇവിടെ ചേർക്കുന്നതു്. "മരണപ്പെട്ടുപോയ നബിമാർ, ഒലിമാർ തുടങ്ങി മഹാത്മാക്കൾ, ജീവിച്ചിരിക്കുന്ന നമ്മുടെ ലൌകികകാര്യങ്ങളിൽ പല ഉപകാരങ്ങൾ ചെയ്യാൻ കഴിവുള്ളവരാണെന്നു വിശ്വസിക്കുകയും, അതനുസരിച്ച് അവരുടെ "മഖ്ബറ" (ശ്മശാനം) കളിൽ ചെന്നും മററു വിധത്തിലും പ്രാർത്ഥനകൾ നടത്തുകയും ചെയ്യുന്ന ഒരു പക്ഷക്കാർ മുസ്ലീംങ്ങളിലുണ്ടു്. അവരുടെ ആ വിശ്വാസവും പ്രവൃത്തിയും ഇസ്ലാംമതസിദ്ധാന്തമനുസരിച്ചുള്ളതാണെന്നു അവർ വാദിക്കുകയും ചെയ്യുന്നു. മറെറാരു കക്ഷി ഇവയെല്ലാം അനിസ്ലാമികളായ അനാചാരങ്ങളാണെന്നു പറഞ്ഞു് അധിക്ഷേപിക്കുകയും ചെയ്യുന്നു. എന്നാൽ, മരിച്ചുപോയ മഹാത്മാക്കളാൽ നമുക്കു വല്ല ഗുണമൊ ഗുണക്കേടോ ചെയ്യാൻ സാധിക്കുമെന്നോ, അല്ലെങ്കിൽ അല്ലാഹുവിനെകൊണ്ടു് ചെയ്യിക്കാൻ കഴിയുമെന്നോ, ഖുർകൊണ്ടോ, അതിനു് എതിരില്ലാത്ത "സഹിഹായ" "ഹദീസു" കൊണ്ടോ, ഇതു രണ്ടിനും എതിരില്ലാത്ത ഇമാമുകളുടെ വചനങ്ങൾകൊണ്ടോ, രേഖാമൂലം തെളിയിച്ചു തരുന്നവൎക്കു് ഞാൻ സ്വന്തം 1000ക. (ആയിരം ഉറുപ്പിക) ഇനാമായി നല്കുന്നതാണു്. എഴുത്തുകൾ മലയാളത്തിൽ ആയിരിക്കണം. എന്നു്, കെ. വി. കോയമുസ്ലീൻ, പി. ഒ. പറവണ്ണ തിരൂർ വഴി" ഇതേവരെ ആരെങ്കിലും ഈ വെല്ലുവിളി സ്വീകരിച്ചു് അതിൽ ആവശ്യപ്പെടുന്ന തെളിവുകൊടുത്തു് 1000ക. ഇനാം വാങ്ങിയതായോ വാങ്ങുവാൻ ശ്രമിച്ചതായോ അറിയുന്നില്ല. മി.

കോയമുസ്ലീൻ ഖുർ ആനിലും അതിനെതിരല്ലാത്ത "ഹദീസ"കളിലും പരിപൂർണ്ണമായി വിശ്വസിക്കുന്നു. അതുകളിൽ അല്പംപോലും അന്ധവിശ്വാസപരമായ യാതൊന്നും ഇല്ലെന്നും അതുകളിൽ പറഞ്ഞിട്ടുള്ളതുമുഴുവൻ ദിവ്യസത്യങ്ങളും വെളിപാടുകളും ആണെന്നും കരുതിക്കൊണ്ടാണ് ഈ വെല്ലുവിളി നടത്തീട്ടുള്ളത്. ശവക്കുഴികളുടെ സമീപം ചെന്ന് അവയിലെ ദ്രവിച്ചതോ ദ്രവിക്കാത്തതോ ആയ ശവങ്ങളോട് പ്രാർത്ഥിക്കുകയോ അവയ്ക്കു വഴിവാട് നല്കുകയോ ചെയ്യണമെന്ന് നബി പറഞ്ഞിട്ടില്ലാത്തതുകൊണ്ട് ആ ആചാരം അന്ധവിശ്വാസപരവും ദുഷ്ടവും ആണെന്നു വിധിച്ച് അതിനെ വേരോടെ പിഴുതുകളയാനാണ് മി. കോയമുസ്ലീന്റെ ഉദ്യമം. മി. കോയമുസ്ലീന്റെ ഈ വിജ്ഞാപനത്തെപ്പററി പണ്ഡിതനായ ഒരു മൌലാനായുമായി സംസാരിക്കുന്നതിനു എനിക്ക് അവസരം ലഭിച്ചു. അദ്ദേഹം പറയുന്നതു ഇസ്ലാമിൽ പല തീരാത്തക്കങ്ങളുമുള്ള കൂട്ടത്തിൽ ഒന്നാണിതെന്നാണ്. ഖുർ ആനിൽ ഈ ആചാരത്തിനു അനുകൂലമായോ പ്രതികൂലമായോ ഒന്നും കണ്ടെന്നുവരില്ല. ചില "ഹദീസ്"കളിൽ ഇതിനു അനുകൂലമായ പ്രസ്താവനകൾ കാണും. അങ്ങിനെ കാണുന്ന "ഹദീസ്" വാസ്തവമായ "ഹദീസ്" അല്ല എന്നു എതിർകക്ഷി വാദിക്കും. അതിനാണ് "സഹിഹായ" (വാസ്തവമായ) എന്ന വിശേഷണം "ഹദീസ്" ന് ചേർത്തിരിക്കുന്നതെന്നു തോന്നുന്നു. മരിച്ചവരോടുള്ള പ്രാർത്ഥന നിന്ദ്യമാണെന്നും സ്തുത്യമാണെന്നും ക്രിസ്ത്യവരുടെ ഇടയിലുള്ള വാദവും ഹിന്ദുക്കളുടെ ഇടയിൽ വൈഷ്ണവരും ശൈവരും തമ്മിലുള്ള വാദവും, വേദാന്തികളുടെ ഇടയിൽ ദ്വൈതവും അദ്വൈതവും തമ്മിലുള്ള വാദവുംപോലെ തമ്മിൽ തല്ലിക്കുന്ന ഒടുങ്ങാത്ത വാദമാണത്രെ ഇതു്.

തന്റെ യുക്തിപൂർവ്വകമായ ഈ ആലോചന ഒരു ചുവടുകൂടി മുമ്പോട്ടുവെക്കുന്നതിന് തയ്യാറായി, മരിച്ചവരോടല്ല അല്ലാഹുവിനോടുതന്നെ പ്രാർത്ഥിക്കുന്നതുകൊണ്ട് വല്ലപ്രയോജനവുമുണ്ടോഎന്നും പ്രാർത്ഥിക്കാത്തതുകൊണ്ടു എന്തുദോഷമാണ് സംഭവിക്കുന്നതെന്നും ഒരു പരിശോധനയോ പരീക്ഷണമോ ആണ് മി. കോയമുസ്ലീൻ നട

ത്തേണ്ടതു്. നബിയുടെയും നബിയുടെ കാലത്തേയും ചരിത്രം വിവേചനബുദ്ധിയോടുകൂടി പഠിച്ചാൽ നബിയിൽ ദൈവികതയാകുന്ന അമാനുഷത്വമല്ല ധിഷണാവൈഭവത്താലുള്ള മനുഷ്യത്വമാണുണ്ടായിരുന്നതെന്നു് ആൎക്കും കാണുവാൻ സാധിക്കും. നബിയുടെ കാലത്തു് അറബികൾ ചന്ദ്രൻ, ഗ്രഹങ്ങൾ, വിശേഷകല്ലുകൾ മുതലായ ബഹുദൈവങ്ങളെ വിശ്വസിച്ചും വിഗ്രഹങ്ങളെ ആരാധിച്ചും കഴിഞ്ഞിരുന്ന കടുത്ത അന്ധവിശ്വാസികളായിരുന്നു. അവർ അവരുടെ വ്യത്യസ്ത ദൈവങ്ങളെ പ്രതി അനൈക്യത്തിലും ശത്രുതയിലും കഴിഞ്ഞുവരികയും ദൈവങ്ങളേയും പിശാചുക്കളേയും ഭയന്നു പ്രയത്നവും ധനവും ദുർവ്യയംചെയ്തു് ശക്തിഹീനങ്ങളായ ചെറു വർഗ്ഗങ്ങളായി ഭിന്നിച്ചു നില്ലുയുമാണു് ചെയ്തിരുന്നതു്. നബി ജനിച്ച കാലത്തു 570 വർഷങ്ങൾ വളർച്ചയുള്ള ക്രൈസ്തവമതം അറേബിയായുടെ പരിസരങ്ങളിലും അറേബിയായിലെ ചില ഗ്രാമങ്ങളിൽ തന്നെയും കുറേയൊക്കെ പ്രവേശിച്ചു പടരുകയായിരുന്നു. ബുദ്ധിമാനും കമ്മധീരനുമായിരുന്ന നബി തൻെറ രാജ്യക്കാർ അന്യരാജ്യക്കാരുടെ മതം സ്വീകരിക്കുന്നതുമൂലം ഉണ്ടാകാവുന്ന മാനസികവും സാമുദായികവുമായ പാരതന്ത്ര്യങ്ങളിൽ നിന്നും തൻെറ രാജ്യത്തെ രക്ഷിക്കാനും അറബികളിൽ ഐക്യം വരുത്തി അവരെ സംഘടിപ്പിച്ചു ശക്തിപ്പെടുത്തുവാനുംവേണ്ടി ഏൎപ്പെടുത്തിയതാണു് ഇസ്ലാംമതം. അന്നു നബി കണ്ട ക്രൈസ്തവമതത്തിലെ പ്രധാന ദൂഷ്യങ്ങൾ നീക്കി പരിഷ്കരിച്ചെടുത്ത ഒരു പുതിയ പതിപ്പായിരുന്നു ഇസ്ലാംമതമെന്നു ധരിക്കുന്നതിൽ ഒരബദ്ധവുമില്ല. ക്രിസ്തു ദൈവപുത്രനും ദൈവവുമാണെന്ന സങ്കല്പം; ത്രിത്വസിദ്ധാന്തംകൊണ്ടു മൂന്നു ദൈവസൃഷ്ടി; മൂന്നു ദൈവങ്ങൾ ഒന്നാണെന്നും ഒരു ദൈവം മൂന്നാണെന്നും ഉള്ള കടങ്കഥനിർമ്മാണം മുതലായവ അന്നത്തെ ക്രൈസ്തവ മതത്തിൻെറ വലിയ വൈകല്യങ്ങളാണെന്നുള്ള വസ്തുത കാണുവാൻ കുശാഗ്രബുദ്ധിയായ നബിക്കു കഴിഞ്ഞു. എന്നു മാത്രമല്ല, ക്രൈസ്തവ മതത്തെ പൌരോഹിത്യബാധ വഷളാക്കിക്കൊണ്ടിരിക്കുന്നതിനേയും നബി കണ്ടു. അതുകൊണ്ടാണു് ത്രിത്വ

മില്ലാത്തതും ഒരിക്കലും മനുഷ്യനായി അവതരിക്കാത്തതും, പൌരോഹിത്യത്തിൻെറ സഹായം തെല്ലും ആവശ്യമില്ലാത്തതും ആയ ഒരു ഏക ദൈവത്തെ നബി ഇസ്‌ലാമിൽ പ്രതിഷ്ഠിച്ചത്. "ഉള്ളത്" എന്നർത്ഥമായ "യഹോവ" എന്ന ക്രൈസ്തവ ദൈവത്തെ സ്ഥാനഭ്രംശം ചെയ്ത് "ഇല്ലാത്തത്" എന്നർത്ഥമായ "അല്ലാഹ്" വിനെ സ്വർഗ്ഗസ്ഥനാക്കിയതും നബിയുടെ ബുദ്ധി സാമർത്ഥ്യത്താൽ മാത്രമാണ്.

ജനനകാലത്തുതന്നെ പിതൃനഷ്ടം സംഭവിച്ച നബിയെ 6 വയസ്സുവരെ മാതാവ് വളർത്തി. ആ മാതാവും അന്തരിച്ചു. നബി തൻെറ ബാല്യകാലം ആദ്യം ഒരു ഇടയച്ചെറുക്കനും പിന്നീട് ഒരു കരവാണിഭസംഘത്തിൻെറ (Caravan) ഭൃത്യനും ആയിട്ടാണ് കഴിച്ചത്. അനന്തരം വളരെ പണമുള്ള കച്ചവടക്കാരിയായ കദീജ എന്ന വിധവയുടെ കച്ചവട പ്രതിനിധിയും വിശ്വസ്തകാര്യസ്ഥനുമായി നബി പ്രവർത്തിയെടുത്തിരുന്നു. അതിനെ തുടർന്ന് 40 വയസ്സുള്ള ആ വിധവ 25 വയസ്സുള്ള നബിയെ വിവാഹം ചെയ്തു. ഈ വിവാഹത്തിൽ 6 കുട്ടികൾ ജനിച്ചതിൽ 5 പേരും ശൈശവത്തിൽ തന്നെ മരിച്ചുപോയി. ഫാത്തിമ എന്ന ഏക വാത്സല്യപുത്രിമാത്രമേ സന്താനമായി അവശേഷിച്ച് ആ ദമ്പതികൾക്ക കിട്ടിയിരുന്നുള്ളു. ബുദ്ധിമാനും കർമ്മകുശലനും ആയ ഒരു ജനനേതാവെന്ന നിലയിൽ തൻെറ ആശയങ്ങൾ പ്രചരിപ്പിക്കാനും അറബികളുടെ ഇടയിൽ ഒരു ശക്തമായ സംഘടന നിർമ്മിക്കാനും നബി ചെയ്ത ശ്രമങ്ങളൊന്നും വേണ്ടുംവണ്ണം ഫലവത്തായില്ല. അങ്ങിനെയിരിക്കുമ്പോഴാണ് ദൈവദൂതനായ ഗബ്രിയൽ മല്ക്ക് (Angel Gabriel) തനിക്കു പ്രത്യക്ഷപ്പെട്ടു എന്നും താൻ ദൈവത്തിൻെറ പ്രവാചകനാണെന്നും മുഹമ്മദ് അദ്ദേഹത്തിൻെറ 40_ാമത്തെ വയസ്സിൽ സ്വയം പ്രഖ്യാപിച്ച് നബിയായിത്തീന്നത്. അന്നുമുതൽ നബിയുടെ സുവിശേഷപ്രചാര പ്രവർത്തനങ്ങൾക്ക പൂർവ്വാധികം ശക്തിയും വളർച്ചയും സിദ്ധിച്ചുകൊണ്ടിരുന്നു. ശക്തിഹീനനായിരുന്ന ക്രിസ്തുവിനെപ്പോലെ യാഥാസ്ഥിതികശത്രുക്കളാൽ തൻെറ ആദർശ

ത്തിനുവേണ്ടി കഴുവേററപ്പെട്ടവാൻ നബി തയ്യാറായിരുന്നില്ല. ശത്രുക്കളോടു ധീരതയോടെ പൊരുതി അവരെ കീഴടക്കുന്നതിനായിരുന്നു നബി ശ്രമിച്ചതു്. അറേബിയയുടെ തലസ്ഥാനമായ മക്കത്തെ ആക്രമിച്ചു കീഴടക്കിയാൽ അറേബിയ മുഴുവനും തനിക്കധീനമാവുമെന്നു് നബിക്കറിയാമായിരുന്നു. അതിനായി അദ്ദേഹം സൈന്യശേഖരത്തോടുകൂടി തൻെറ 52_ാമത്തെ വയസ്സിൽ നടത്തിയ യുദ്ധത്തിൽ നബി പരാജിതനായി പാലായനം ചെയ്യേണ്ടിവന്നു. മക്കത്തുനിന്നും മദീനയിലേക്കുണ്ടായ ആ ഒളിച്ചോട്ടമാണു് മുസ്ലീം അബ്ദാരംഭമായ ഹിജ്റാ. മക്കത്തെ പിടിച്ചടക്കാനായി 60_ാമത്തെ വയസ്സിൽ നബി ചെയ്ത രണ്ടാമത്തെ ആക്രമണം ഫലിച്ചു. മക്കം നബിക്കു കീഴടങ്ങി. ശത്രുക്കളെ നബി തോല്പിച്ചു നാമാവശേഷമാക്കി. മക്കത്തെ കാബായിൽ അറബികൾ വെച്ചു ആരാധിച്ചിരുന്ന ദൈവവിഗ്രഹങ്ങളെയെല്ലാം നബി പിഴുതെറിഞ്ഞു് ഉടച്ചുകളഞ്ഞു. വിഗ്രഹശൂന്യമാക്കിയ കാബായെ നശിപ്പിക്കുകയോ മക്കത്തേക്കു അറബികൾ പാരമ്പര്യമായി നടത്തിയിരുന്ന വാർഷിക തീർത്ഥയാത്രയെ മുടക്കുകയോ നബി ചെയ്തില്ല. അറബികളെ കൂട്ടത്തോടെ വരുത്തി സംഘടിപ്പിക്കുന്നതിനു് കാബായും ഹജ്ജും നല്ല ഉപകരണങ്ങളാക്കി രൂപാന്തരപ്പെടുത്തുകയാണു നബി ചെയ്തതു്. തനിക്കു 62 വയസ്സുള്ളപ്പോൾ (ഹിജ്റ 10-ാം മാണ്ടിൽ= ക്രി. ആ. 632) 40,000 അനുയായികളോടുകൂടി നബി തൻെറ ഒടുവിലത്തെ ഹജ്ജ്‌യാത്ര നടത്തി മക്കത്തു പ്രവേശിച്ചു. അതുകഴിഞ്ഞു് തിരിച്ചെത്തിയ ഉടനെ പനിപിടിച്ചു് നബി മരിക്കുകയും ചെയ്തു.

ഗാന്ധിജിയുടേയോ, മാളവ്യജിയുടേയോ ആയുസ്സു നബിക്കു ലഭിച്ചിരുന്നെങ്കിൽ ഇസ്ലാം കൂടുതൽ ശക്തിയും പ്രചാരവുമുള്ള മതമായിത്തീരുമായിരുന്നു. ജനതയെ സംഘടിപ്പിച്ചു അഭിവൃദ്ധിപ്പെടുത്തണമെന്നാഗ്രഹിക്കുന്ന തത്വജ്ഞാനികൾ അതിനു ദൈവവും വെളിപാടും ഉപകരണങ്ങളാക്കുന്നതിൽ അയുക്തികമായി ഒന്നും കണ്ടിരുന്നില്ല. പ്രകൃത്യ അന്ധവിശ്വാസികളായ ജനതയെ പൊതു

വിൽ ഒന്നു സ്പർശിക്കുകയോ ഉണത്തുകയോ ചെയ്യണമെങ്കിൽ അവരുടെ വികാരഭരിതമായ ഹൃദയങ്ങളെ വികാരംകൊണ്ടു് ഉദ്ദീപിപ്പിക്കുകയേ മാഗ്ഗമുള്ളു. അതുകൊണ്ടാണു് ഗാന്ധിജി 'സത്യ''മെന്ന ഈശ്വരനേയും അന്തർവാണിയേയും സായാഹ്നപ്രാർത്ഥനയേയും എടുത്തു ഇത്രവളരെ പെരുമാറിവന്നതു്. മററുപ്രകാരത്തിൽ അധികാരം നേടാൻ സാധിക്കാത്തവർക്കു് സമുദായ രക്ഷയ്ക്കോ രാജ്യരക്ഷയ്ക്കോ വേണ്ടി നേതൃത്വവും അധികാരവും സമ്പാദിക്കണമെങ്കിൽ ഇതുതന്നെയാണു് വഴി. നേതൃത്വവും അധികാരവും ഉള്ളവക്കു അതു പോകാതെ സൂക്ഷിക്കുന്നതിനുള്ള വഴിയും ഇതുതന്നെ. ലോകത്തിൽ സോഷ്യലിസ്റ്റു തത്വങ്ങളും ഭരണക്രമങ്ങളും പ്രചുരപ്രചാരത്തിലാകുംവരെ ഞങ്ങളെപ്പോലെ രാഷ്ട്രീയമോ സാമുദായികമോ ആയ നേതൃത്വമോഹികളല്ലാത്തവക്കു മാത്രമേ അന്ധവിശ്വാസദൂരീകരണത്തിനു ഫലപ്രദമായി അല്പാല്പമായിട്ടെങ്കിലും എന്തെങ്കിലും പ്രവത്തിക്കുവാൻ സാധിക്കു.

## ചാട്ടവാറുകൊണ്ടടിച്ചു വിടണമത്രെ!

"ഓറിയന്റു്" (Orient) എന്ന വിശിഷ്ടവാരികയിൽ അതിന്റെ പത്രാധിപർ ഇപ്രകാരം എഴുതിയിരിക്കുന്നു:..“ഈയ്യിടെയായി ഞങ്ങൾക്കു ഒട്ടുവളരെ ചങ്ങലപ്രാത്ഥനകൾ (Chain prayers) ലഭിച്ചുകൊണ്ടിരിക്കുന്നു. ആ പ്രാർത്ഥനയുടെ 9 പകർപ്പുകൾ ഞങ്ങൾ എഴുതി 9 പേക്കു് അയച്ചുകൊടുത്തില്ലെങ്കിൽ ഞങ്ങൾക്കു വലിയ ആപത്തു സംഭവിക്കുമെന്നാണു് അതുകളിൽ പറയുന്നതു്. ഞങ്ങൾക്കു കിട്ടുന്ന ചങ്ങല പ്രാർത്ഥനകൾ കീറി ചവററുകൊട്ടയിൽ ഇടുന്നതുമൂലം കൊട്ട കൂടുതൽവേഗം നിറഞ്ഞുപോകുന്നു എന്ന ആപത്തിൽ കവിഞ്ഞൊന്നും ഞങ്ങൾക്കിതേവരെ സംഭവിച്ചിട്ടില്ല. ഭാഗ്യം വരുത്തുന്നതിനും ആപത്തൊഴിക്കുന്നതിനും ചങ്ങലപ്രാർത്ഥന ഉപകരിക്കുമെന്നു വിശ്വസിക്കുന്ന വിഡ്ഢികൾ ഇപ്പോഴുമുണ്ടല്ലോ എന്നു ഞങ്ങൾ അത്ഭുതപ്പെടുന്നു. സമയവും കടലാസും പണവും ദുവ്വ്യയം ചെയ്യുന്ന ഈ ചങ്ങല പ്രാർത്ഥനക്കാരെയെല്ലാം തുറന്ന തെരുവിൽ നിരത്തി പരസ്യമായി ചാട്ടവാറുകൊണ്ടു് അടിച്ചു വിടുകയാണു് വേണ്ടതു്:”

ഞങ്ങളെ അത്ഭുതം കൊള്ളിക്കുന്നതു് ചങ്ങല പ്രാർത്ഥനക്കാരുടെ വിഡ്ഢിത്തമല്ല, ഓറിയൻറു് പത്രാധിപരുടെ ഈ കോപപ്രകടന

മാണ്. ആ പത്രാധിപർ മതത്തിലും ഈശ്വരനിലും വിശ്വസിക്കുന്ന ആളാണോ അല്ലയോ എന്നു ഞങ്ങൾക്കു നിശ്ചയമില്ല. മതത്തിനോ ഈശ്വരനോ എതിരായി ഒന്നും അദ്ദേഹം പറഞ്ഞുകാണാത്തതിനാൽ കുറഞ്ഞപക്ഷം അദ്ദേഹം ഒരു ഉദാസീന മതവിശ്വാസി തന്നെയെങ്കിലും ആയിരിക്കാം. നമ്മുടെ നാട്ടും വീട്ടും ഗ്രാമവും നഗരവും അമ്പലവും പള്ളിയും സദാ നിറഞ്ഞു കവിഞ്ഞൊഴുകികൊണ്ടിരിക്കുന്ന സാധാരണ പ്രാർത്ഥനയിൽ വിസ്തൃതപരമായി ഓറിയൻറ് പത്രാധിപർ ഒന്നും കാണുന്നില്ലേ ? ചങ്ങല പ്രാർത്ഥന പോകട്ടെ, സാധാരണ പ്രാർത്ഥനകൊണ്ടു ആർക്ക് എന്തുകാര്യം സാധിക്കുന്നു, പ്രാർത്ഥിക്കാത്തതുകൊണ്ടു എന്താപത്തു സംഭവിക്കുന്നു, എന്നദ്ദേഹം ആലോചിക്കുകയോ അന്വേഷിക്കുകയോ ചെയ്യേണ്ടതല്ലേ ? എല്ലാത്തരം പ്രാർത്ഥനക്കാരും അവരുടെ പ്രാർത്ഥനകൾമൂലം സമയവും പ്രയത്നവും, പണവും ദുർവ്യയം ചെയ്തു മനസ്സിനെ വികാരഭരിതവും യുക്തിശൂന്യവും ദുർബലവും ആക്കികൊണ്ടിരിക്കയാണ്. അവരെല്ലാവരേയും തെരുവിൽ നിറത്തി പരസ്യമായി ചാട്ടവാറകൊണ്ടടിച്ചു വിടുകയല്ലേ വേണ്ടത് ? പ്രാർത്ഥിച്ചിട്ടെന്തുഫലം ? പ്രാർത്ഥിക്കാത്തതുകൊണ്ടെന്തു ദോഷം ? പ്രാർത്ഥിച്ചിട്ടല്ല റഷ്യക്കാർ ജയിച്ചത്. പ്രാർത്ഥിക്കാഞ്ഞിട്ടല്ല ജർമ്മൻകാർ തോററത്. ദൈവികതയുടേയും പ്രാർത്ഥനയുടേയും വിളഭൂമിയും വിതരണകേന്ദ്രവും ആയ ഇററലിയും തോററതുന്നം പാടി. ഇററലി യുദ്ധം ആരംഭിച്ചതുതന്നെ പോപ്പിൻെറ ആശിർവാദത്തോടും പ്രാർത്ഥനയോടും കൂടിയാണ്. എന്നിട്ടും ഇററലി തകർന്നു തരിപ്പണമായിപ്പോയി. ഇന്ത്യ അടിമത്വത്തിൽ ആണ്ടുപോയതും, ഇന്നും സ്വാതന്ത്ര്യപ്രാപ്തി വിദൂരമായതും പ്രാർത്ഥനയുടെ പോരായ്മകൊണ്ടാണോ ?

ചങ്ങല പ്രാർത്ഥനക്കാരെപ്പററി "ഓറിയൻറ്" പത്രാധിപരുടെ മനസ്സിൽ നാമ്പെടുത്തിട്ടുള്ള ആശയ സസ്യത്തിനു ഒരു ഇലകൂടി വളർന്നാൽ മതി. അപ്പോൾ ഗാന്ധിജി നിത്യവും പരസ്യമായി സന്ധ്യാ പ്രാർത്ഥന നടത്തിക്കൊണ്ടിരിക്കുന്നതിനെപ്പററി ആ പത്രാ

ധിപർക്ക് എന്തു തോന്നുമോ ആവോ? അദ്ദേഹം ഗാന്ധിജിയെ തെരുവിൽ കൊണ്ടുവന്നു നിറുത്തി ചാട്ടവാർ എടുക്കുമോ എന്നറിഞ്ഞില്ല. പാരമ്പര്യമായി നിലവിലിരിക്കുന്ന പ്രാർത്ഥന, ആ പത്രാധിപർക്കു സമ്മതമാണു്. അതിൽ നിന്നല്പം വലത്തോട്ടു വ്യതിചലിച്ച ചങ്ങലപ്രാർത്ഥനയോടാണദ്ദേഹത്തിനമർഷം. സാമാന്യജനങ്ങളുടെ മനോഗതിയും ഇതു തന്നെയാണു്. ഏതെങ്കിലും ഒരു പ്രവൃത്തിയേയോ ശീലത്തേയോ മുൻവിധി കൂടാതെ യുക്തി വിചാരം ചെയ്തു നോക്കുന്നതിനുള്ള ത്രാണി ഒരു സ്വതന്ത്രചിന്തകനല്ലാതെ ഒരീശ്വര വിശ്വാസിക്കുണ്ടാകയില്ല. സ്വതന്ത്രമായി ആലോചിച്ചാൽ തപാൽ വഴി എഴുതി അയയ്ക്കുന്ന ചങ്ങലപ്രാർത്ഥനയും ഗൃഹത്തിലോ ദേവാലയത്തിലോ വെച്ചു ഉരുവിടുന്ന പ്രാർത്ഥനയും തമ്മിൽ എന്താണന്തരം? വല്ല അന്തരവുമുണ്ടെങ്കിൽ ഒരു വടിത്തടിയുടെ കടയും തലയും തമ്മിലുള്ളെടത്തോളമന്തരമേയുള്ളു.

"യുക്തിവാദി പത്രാധിപർ" എന്ന മേൽവിലാസത്തിൽത്തന്നേയും ഹിന്ദുക്കളിൽനിന്നും ക്രിസ്ത്യാനികളിൽനിന്നും എനിക്കു ധാരാളം ചങ്ങല പ്രാർത്ഥനകൾ കിട്ടിക്കൊണ്ടിരിക്കുന്നുണ്ടു്. ഓറിയന്റ് പത്രാധിപരെപ്പോലെ അവരോടു ഒരു കോപവും ഞങ്ങൾക്കു തോന്നീട്ടില്ല. അവരുടെ പ്രവൃത്തി വെറും ഭോഷത്തരമാണെങ്കിലും അവരെ ഭോഷന്മാരെന്നു് വിളിക്കുന്നതിനു മുമ്പു് നമ്മുടെ രാജാക്കന്മാർ, ചക്രവത്തിമാർ, ശങ്കരാചാര്യന്മാർ, പോപ്പുമാർ, ചച്ചിൽമാർ, റൂസ്‌വെൾട്ടുമാർ മുതലായ വലിയവരെയെല്ലാം പ്രാർത്ഥനാ വിഡ്ഢികൾ എന്നു വിളിക്കേണ്ടതല്ലേ? ഈശ്വരനിൽ വിശ്വസിച്ചു് പ്രാർത്ഥനയും വഴിവാടും ധൂർത്തടിച്ചുകൊണ്ടിരിക്കുന്ന മണ്ടത്തം ഉള്ളവരെക്കൊണ്ടു ലോകം മുഴുവനും നിറഞ്ഞിരിക്കയാണു്. അവരുടെ ആവങ്കത്തരത്തിലും ധൂർത്തതയിലുമാണു് ശങ്കരാചാര്യന്മാരും പോപ്പുമാരും ജനിച്ചും വളർന്നും തഴച്ചും കൊണ്ടിരിക്കുന്നതു്. 'യുക്തിവാദി'ക്കു മതക്കാരുടെ ഈശ്വരനിലും പ്രാർത്ഥനയിലും തരിമ്പും വിശ്വാസമോ പ്രതിപത്തിയോ ഭയമോ ഇല്ലെന്നു എല്ലാവർക്കും അറിയാം. ഞങ്ങൾക്കു കിട്ടുന്ന ചങ്ങല പ്രാർത്ഥനകൾ കീറി ചവററുകൊട്ട

യിൽ ഇടുക മാത്രമേ ഞങ്ങൾ ചെയ്യുകയുള്ളു എന്നും ഞങ്ങൾക്കതെഴുതുന്നവർ അറിയായ്കയില്ല. അങ്ങിനെ ആ പ്രാർത്ഥനയുടെ ചങ്ങല ഞങ്ങളാൽ മുറിക്കപ്പെട്ടുമ്പോൾ അതുകളിൽ പറയുന്ന ദൈവവും പുണ്യവാളന്മാരും ഞങ്ങൾക്ക അത്യാപത്തു വരുത്തി "യുക്തിവാദി" യെ ഹനിച്ചു കളയുമെന്നുള്ള ദൃഢവിശ്വാസത്തിന്മേൽ അവർ സമയവും പ്രയത്നവും കടലാസും തപാൽ കൂലിയും ചിലവു ചെയ്തു ഞങ്ങൾക്കതുകൾ അയച്ചുകൊണ്ടിരിക്കുന്നു. യുദ്ധത്തിൽ ശത്രു തോല്ക്കാനും തങ്ങൾ ജയിക്കാനും പ്രാർത്ഥന നടത്തുവാൻ അനുജ്ഞനല്കുന്ന രാജാക്കന്മാരേക്കാളും മന്ത്രിമാരേക്കാളും ഒട്ടും കുറവല്ലാത്ത ബുദ്ധിയോ ബുദ്ധിശൂന്യതയോ ആണ് പ്രാർത്ഥനാകാര്യത്തിൽ ഈ ചങ്ങല പ്രാർത്ഥനകാർക്കുള്ളതു്. പക്ഷെ, രാജാക്കന്മാരും മന്ത്രിമാരും തങ്ങളുടെ അന്ധവിശ്വാസികളായ പ്രജകളെ സന്തോഷിപ്പിക്കുന്നതിനും കുട്ടിപ്പിടിക്കുന്നതിനും ഒരു ചൂണ്ടലായി പ്രാർത്ഥന ഉപയോഗിക്കുന്നു എന്നും ആ ചൂണ്ടലിൽ മറവുള്ള വിശ്വാസികൾ കൊത്തി കുടുങ്ങുന്നു എന്നും ഒരു വ്യത്യാസം ഇല്ലാതില്ല.

★

# ആറ്

## ബിരുദധാരിയുടെ അബദ്ധധാരണ

എം. എ. എൽ. ടി_ക്കാരനായ നാലാങ്കൽ കൃഷ്ണപിള്ള എന്ന മാന്യൻ "മതവും സ്വാതന്ത്ര്യവും" എന്ന തലക്കെട്ടിൽ ഒരു ലേഖനം 1945 ഡിസമ്പർ 16_ാംനു-യിലെ "മാതൃഭൂമി ആഴ്ചപ്പതിപ്പി"ൽ എഴുതീട്ടുണ്ട്:_ "ഇന്ത്യ ഒരു നേഷൻ അല്ലാത്തിടത്തോളം കാലം അവാം സ്വാതന്ത്ര്യത്തിനർഹയല്ല. ഹിന്ദുക്കളേയും മുഹമ്മദീയരേയും സിക്കുകാരേയും ക്രിസ്ത്യാനികളേയും സംയോജിപ്പിച്ച് ഇന്ത്യയെ ഒരു രാഷ്ട്രമാക്കുക സുസാദ്ധ്യമല്ല_" ഇന്ത്യൻ സ്വാതന്ത്ര്യവാദത്തിനെതിരായി കൊണ്ടുവരുന്ന സുപ്രധാനമായ എതുവാദമാണ് മേൽ കൊടുത്തിരിക്കുന്നതു്. "മുഷിഞ്ഞു കീറിയ വസ്ത്രമെന്നതുപോലെ മതം ദൂരെ വലിച്ചെറിഞ്ഞാൽ ഇന്ത്യൻ സ്വാതന്ത്ര്യപ്രശ്നത്തിനു നിവാരണമുണ്ടാക്കാമെന്ന് സോഷ്യലിസ്റ്റുകാർ വിശ്വസിക്കുന്നു. ഇതിന്ന് സാക്ഷിയായി സോഷ്യലിസ്റ്റ് റഷ്യയിലെ സ്ഥിതിയാണ് അവർ കൊണ്ടുവരുന്നത്. ഇത് ശരിയായ വാദമാണോ എന്നു നോക്കേണ്ടിയിരിക്കുന്നു. റഷ്യയ്ക്കു് ചേരുന്ന കാര്യം, ഇന്ത്യയ്ക്കും അപ്രകാരംതന്നെ വരേണമെന്നില്ല. റഷ്യയിലേതിൽനിന്ന് പല സംഗതികളിലും വിഭിന്നമായ ഒരു പരിതഃസ്ഥിതിയാണ് ഇന്ത്യയ്ക്കുള്ളത് എന്നകാര്യം ഈ നിരൂപകന്മാർ വിസ്മരിക്കുന്നു. റഷ്യയിൽ ഈ പരീക്ഷണം വിജയപ്രദമായതുകൊണ്ടു എല്ലായിടത്തും ഇതു് ശരിയായി പരിണമിക്കണമെന്നില്ല. വയററിൽ വേദന ഒരു ശസ്ത്രക്രിയ മൂലം മാറിയതിനാൽ, തലയിൽ ഒരു ശസ്ത്രക്രിയ തലവേദനയ്ക്കും പരിഹാരമാകുമെന്ന് അഭിപ്രായപ്പെടുന്നതുപോലെയാണ് ഇതു്. പ്രത്യേക താല്പര്യക്കാരും, പ്രചരണോദ്ദേശകരും സ്വകാര്യലാഭാർത്ഥം ഹിന്ദുമുസ്ലീം വിഭിന്നതയെ പർവ്വതീകരിച്ചിട്ടുണ്ട്. പരമാർത്ഥത്തിൽ, വിഭിന്നതയേക്കാം ഐക്യത്തിൻെറ അടയാളങ്ങളാണ് ഈ കലഹകല്ലോലങ്ങളുടെ അടിയിൽ നാം ദർശിക്കുന്നതു്.

ഒരു ഹിന്ദു യഥാർത്ഥത്തിൽ മുഹമ്മദീയൻെറ സഹോദരനാണ്. മതത്തിനും സ്വരാജ്യാഭിമാനത്തിനും തമ്മിൽ പൊരുത്തമില്ലായ്മയില്ല. അവ തോളോട്ടു തോൾ ചേർന്ന് നടക്കുന്നു. ഒരു യഥാർത്ഥ ഹിന്ദുവോ, മുഹമ്മദീയനോ ആയിരിക്കുന്നതിനു് തൻെറ ജന്മഭൂമിയെ വിസ്മരിക്കേണ്ട ആവശ്യമൊന്നുമില്ല.''

ഇപ്രകാരമെല്ലാം പറയുന്നതിനു് അടിസ്ഥാനമായി മി. നാലാങ്കൽ ഇംഗ്ലണ്ടിനേയും അയർലണ്ടിനേയും ഉദാഹരണങ്ങളായി എടുത്തുകാണിക്കുന്നുമുണ്ടു് — ''രാഷ്ട്രീയൈക്യത്തിനു് എതിരായി മതം നിന്നിട്ടുള്ളതായി അറിവില്ല. ഇംഗ്ലണ്ടിൽ മേരിരാജ്ഞിയുടെ കാലത്തു് കത്തോലിക്കർ, പ്രൊട്ടസ്റ്റൻറുകാരെ ജീവനോടെ ദഹിപ്പിച്ചിട്ടുണ്ടു്. ഇന്ത്യയിൽ ഇന്നുള്ള ഹിന്ദുമുസ്ലീം വഴക്കു്, ഇംഗ്ലണ്ടിൽ കത്തോലിക്കരും പ്രൊട്ടസ്റ്റൻറുകാരും തമ്മിലുള്ള വഴക്കിനോടു് തുലനം ചെയ്യുമ്പോൾ കേവലം നിസ്സാരമത്രെ. അതുപോലെ അയർലണ്ടിലും, കത്തോലിക്കരും പ്രൊട്ടസ്റ്റൻറുകാരും തമ്മിൽ ഈ അടുത്ത കാലത്തുപോലും കീരിയും പാമ്പുമായാണു് കഴിഞ്ഞുവന്നതു്. എന്നാൽ മേല്പറഞ്ഞ ശണ്ഠകൾ ഇംഗ്ലണ്ടിനോ അയർലണ്ടിനോ ഏകരാഷ്ട്രീസ്ഥാപനത്തിനു പ്രതിബന്ധമായി നിന്നിട്ടില്ല. മതത്തിൻെറ പേരിൽ യൂറോപ്പിൽ ചൊരിഞ്ഞിട്ടുള്ള രക്തത്തിനു് കണക്കില്ല. എന്നിട്ടും അവിടെയുള്ള വിവിധ രാജ്യങ്ങൾ സ്വാതന്ത്ര്യത്തിൻെറ കൊടിക്കൂറ പറത്തുന്നില്ലേ ?'' എന്നാണു് മി. നാലാങ്കൽ ചോദിക്കുന്നതു്.

അദ്ദേഹത്തിനു് പററിയിരിക്കുന്നതു് ഒരു വെറും ചിന്താക്കുഴപ്പമാണു്. മതപ്രതിപത്തികൊണ്ടു് യഥാത്ഥ പ്രശ്നത്തെ സ്പർശിക്കുന്നതിനു് അദ്ദേഹത്തിനു് കഴിഞ്ഞിട്ടില്ല. അസ്തവ്യസ്തതയോടെ ഉപരിപ്ലവമായി മാത്രമേ അദ്ദേഹം ആലോചിച്ചിട്ടുള്ളു ''ഇന്ത്യ ഒരു നേഷൻ അല്ലാത്തിടത്തോളം കാലം അവൾ സ്വാതന്ത്ര്യത്തിനർഹയല്ല.'' എന്നാരും, ഒരു സോഷ്യലിസ്റ്റുകാരൻപോലും ഒരിക്കലും പറഞ്ഞിട്ടില്ല, പറയുകയുമില്ല. മതഭൂമികളല്ലാതെ ചിന്തിക്കുന്ന മനു

ഷ്യർ പറയുന്നതു്,- "മതവ്യത്യാസങ്ങളും ജാതിവ്യത്യാസങ്ങളും കളഞ്ഞാൽ ഇന്ത്യക്കു് ഒരു നേഷനാകാൻ എളുപ്പം കഴിയും. ഇന്ത്യ ഒരു നേഷനായാൽ പ്രയാസം കൂടാതെ സ്വാതന്ത്ര്യമാകാം" എന്നു് മാത്രമാണു്. റഷ്യയെ ഉദാഹരണമായിക്കാണിക്കുന്നതു് മതം കളഞ്ഞാൽ സ്വാതന്ത്ര്യം കിട്ടുമെന്നുള്ളതിനല്ല. മതം കളഞ്ഞല്ല റഷ്യ സ്വതന്ത്രയായതു്. മതം കളയുന്നതിനുമുമ്പും റഷ്യ സ്വതന്ത്രരാഷ്ട്രമായിരുന്നു. ചരിത്രാരംഭകാലം മുതല്ക്കുതന്നെ റഷ്യ സ്വതന്ത്രയാണു്. രാജവാഴ്ചയും പുരോഹിതമേധാവിത്വവും നിലനിന്നിരുന്ന സ്വതന്ത്രരാഷ്ട്രമായിരുന്നെന്നു് മാത്രം. മതം കളഞ്ഞാൽ രാഷ്ട്രത്തിനു് എത്രമാത്രം ശക്തി സംഭരിക്കുകയും പുരോഗമിക്കുകയും ചെയ്യാമെന്നുള്ളതിനാണു് സോഷ്യലിസ്റ്റുകാർ ആധുനിക റഷ്യയെ ചൂണ്ടിക്കാണിക്കുന്നതു്. മുമ്പുതന്നെ സ്വതന്ത്രരാഷ്ട്രമായിരുന്ന റഷ്യ അവിടത്തെ രാജവാഴ്ച അവസാനിപ്പിച്ചിട്ടു് സോഷ്യലിസ്റ്റു് ആയി. ആ സോഷ്യലിസ്റ്റു് ഗവമ്മെണ്ടാണു് ജനതയെ മതമാസ്മരത്തിൽനിന്നും പുരോഹിത ചൂഷണത്തിൽനിന്നും വിമോചിപ്പിച്ചതു്. ഇന്ത്യയെപ്പോലെ ഒരു മേല്ക്കോയ്മയ്ക്കു് കീഴ്പ്പെട്ടിരിക്കുകയോ അടിമ രാജ്യമായിക്കഴിയുകയോ റഷ്യ ചെയ്തിരുന്നില്ല. സ്വതന്ത്രരാഷ്ട്രമായ റഷ്യയിൽ രാജവാഴ്ചക്കാലത്തു് സാമാന്യ ജനത മതത്തിന്റേയും പ്രഭുത്വത്തിന്റേയും പിടിയിൽക്കിടന്നു് ഞെരുങ്ങുകയും നശിക്കുകയും ചെയ്തിരുന്നതു മൂലം രാഷ്ട്രം ദുർബ്ബലമായിരുന്നു. പ്രഭുത്വത്തേയും മതത്തേയും നശിപ്പിച്ചു് ദാരിദ്ര്യത്തേയും അന്ധവിശ്വാസങ്ങളേയും നീക്കി ജനതയിൽ ഐക്യവും സംതൃപ്തിയും വരുത്തി രാഷ്ട്രത്തെ അനിതരസാധാരണമായ വിധം അഭിവൃദ്ധിപ്പെടുത്തുകയും ശക്തിപ്പെടുത്തുകയുമാണു് സോഷ്യലിസം ചെയ്തതു്. മുതലാളിത്വം പോയാൽ പ്രഭുത്വമില്ല. അന്ധവിശ്വാസം പോയാൽ മതവുമില്ല. അതാണു് റഷ്യയുടെ ഉദാഹരണം.

മതം അന്ധവിശ്വാസങ്ങളാൽ സങ്കല്പിച്ചുവെച്ചിട്ടുള്ള ദൈവപിശാചുക്കളെക്കൊണ്ടു് വിശ്വാസികളെ ഭയപ്പെടുത്തിയും വ്യാമോഹിപ്പിച്ചും അവരുടെ മനസ്സുകളെ ദുർബ്ബലങ്ങളും വ്യാധിഗ്രസ്തങ്ങളും

ആക്കീത്തീക്കുന്നു. നിർബ്ബന്ധ മതനീകതികളും സ്വമനസ്സാലെയുള്ള വഴിവാടുകളുംകൊണ്ടു ജനങ്ങളുടെ മടിശീലകളെ ശുഷ്ക്കമാക്കി അവരെ ദാരിദ്ര്യത്തിൽ ആഴ്ത്തുന്നു. ഈ പരമാർത്ഥമാണു് റഷ്യൻ പരീക്ഷണം ഏററവും വിജയപ്രദമായി ലോകർക്കു കാണിച്ചുകൊടുക്കുന്നതു് എന്നു് മി. നാലാങ്കൽ അറിയുകയും സമ്മതിക്കുകയും ചെയ്യുന്നുണ്ടു്. എന്നാൽ ഇന്ത്യയിലെ കാര്യം റഷ്യയിലെപ്പോലെ അല്ലെന്നാണു് അദ്ദേഹം സിദ്ധാന്തിക്കുന്നതു്. "റഷ്യയിലെ മതം കൊള്ളരുതാത്ത മതമായിരുന്നു. അതുപോയതു ഗുണം തന്നെ. ഇന്ത്യയിലെ സനാതന ബ്രാഹ്മണമതം നല്ല മതമാണു്. അതു കളയാൻ പാടില്ല. മററുള്ള മതക്കാരേയും അവർണ്ണരേയും സനാതനമതത്തിൽ ചേർക്കുകയില്ല, ചേരുകയും വേണ്ട. എന്നാൽ അവണ്ണർ മുസ്ലീങ്ങളോ ക്രിസ്ത്യാനികളോ ആയി മാറ്റം ചേരരുതു്. ഇന്ത്യയിൽ മതവ്യത്യാസങ്ങളും തജ്ജന്യങ്ങളായ കലഹകല്ലോലങ്ങളും ഉള്ളതുകൊണ്ടു് ഒരു ദോഷവും ഇല്ല" ഈ അഭിപ്രായങ്ങളിൽ ഉറച്ചുനിന്നുകൊണ്ടു് ഇന്ത്യയിലെ മതലഹളകളുടെ അടിയിൽ ഐക്യത്തിൻെറ അടയാളങ്ങളാണു് മി. നാലാങ്കൽ ദർശിക്കുന്നതു്! മലബാർ ലഹള, ചങ്ങനാശ്ശേരി ലഹള, കമ്പളങ്ങി ലഹള, കുന്നംകുളം ലഹള മുതലായ നമ്മുടെ നാടൻ ജോനക_നായർ, നായരീഴവ, ഈഴവ_ക്രിസ്ത്യൻ, ക്രിസ്ത്യൻ_നായർ ലഹളകളിലോ ഉത്തരേന്ത്യൻ പ്രദേശങ്ങളിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന ഹിന്ദുമുസ്ലീം ലഹളകളിലൊ അദ്ദേഹം ഒന്നു പെട്ടുപോയിരുന്നെങ്കിൽ അദ്ദേഹത്തിന്റെ കണ്ണു കൂടുതൽ തുറക്കുകയോ അടയുകയോ ചെയ്യുമായിരുന്നു. എന്നാൽ അതുവഴി അദ്ദേഹത്തിനു നല്ലൊരു ആദ്ധ്യാത്മിക ദർശനം ലഭിക്കുന്നതിനും ആ കലഹകല്ലോലങ്ങളുടെ അടിയിൽ ഐക്യത്തിൻെറ മാത്രമല്ല നിത്യശാന്തിയുടെ അടയാളവും കൂടി കാണുന്നതിനും സാധിച്ചേനെ! പക്ഷെ ആ ഐക്യവും ശാന്തിയും ജീവിതത്തിലേതല്ലാ, ശ്മശാനത്തിലേതായിരിക്കുമെന്നുള്ള വ്യത്യാസം മാത്രം ഉണ്ടായിരിക്കും.

നല്ല പാസ്സും പദവിയുമുള്ള മി. നാലാങ്കൽ കൃഷ്ണപിള്ള അദ്ദേഹത്തിൻെറ വിശ്വാസപ്രേമം നിമിത്തം ഈ വിധം ചിന്താഹീന

മായി ഒരു ലേഖനമെഴുതിക്കാണുന്നതിൽ മററുള്ളവർ മൂക്കത്തുവിരൽ വെക്കുകയല്ലാതെ ഗത്യന്തരമില്ല. "ഒരു യഥാർത്ഥ ക്രിസ്ത്യനോ മുഹമ്മദീയനോ ആയിരിക്കുന്നതിനു തൻെറ ജന്മഭൂമിയെ വിസ്മരിക്കേണ്ട ആവശ്യമില്ല" എന്നു മി. നാലാങ്കൽ പറയുന്നതു വസ്തുതയെയല്ല അദ്ദേഹത്തിൻെറ വിവേകമില്ലാത്ത ആഗ്രഹത്തെയാണു കാണിക്കുന്നതു്. ഒരു യഥാർത്ഥ ക്രിസ്ത്യൻെറയോ മുഹമ്മദീയൻെറയോ സാക്ഷാൽ ലക്ഷണമെന്താണെന്നു അദ്ദേഹം മനസ്സിലാക്കീട്ടില്ല, മനസ്സിലാക്കാൻ ശ്രമിക്കുന്നുമില്ല. ഒരു ഇന്ത്യൻ ക്രിസ്ത്യൻെറയോ മുഹമ്മദീയൻെറയോ പൂർവ്വജന്മാർ ഹിന്ദുക്കളായിരുന്നിരിക്കാം, പൂർവ്വജന്മാരും അയാളും ജനിച്ചതു ഇന്ത്യയിൽ തന്നെയുമായിരിക്കാം എന്നാലും അയാൾക്കു ഇന്ത്യയോടു യാതൊരു പ്രത്യേക ആദരമോ മമതയോ ഇല്ല. ഇന്ത്യയിൽ ജനിച്ച യൂറോപ്യൻ എന്നതുപോലെ അയാൾക്കു ഇന്ത്യ വിദേശമാണു്. അയാളെ വിദേശിയും അന്യനുമായി ഹിന്ദുക്കളും കരുതുന്നു. അയാളുടെ മാതൃഭൂമി ഇന്ത്യയായി അയാൾ കരുതുന്നുമില്ല. ക്രിസ്ത്യനോ മുഹമ്മദീയനോ ആയിതീരുന്ന ഒരു ഹിന്ദു, മാർഗ്ഗം കൂടിയ ക്ഷണത്തിൽ ഇന്ത്യയിൽ വിദേശിയായിത്തീരുകയാണു്. അവൻെറ മാതൃഭൂമിയും പുണ്യദേശവും യൂറോപ്പൊ അറേബിയയൊ ആയി അവൻ ഗണിക്കുന്നു. ഇന്ത്യൻ ക്രിസ്ത്യൻെറ സഹോദരർ യൂറോപ്യൻ ക്രിസ്ത്യാനികളും ഇന്ത്യൻ മുസ്ലീമിൻെറ സഹോദരർ അറബിമുസ്ലീംങ്ങളുമാണു്. അവരോടുകൂടി അവനു് ഒരുമിച്ചിരുന്നു ഭക്ഷിക്കാം, ഒരുമിച്ചു പാർക്കാം, ഒരു പള്ളിയിൽ പോകാം, ഒരുമിച്ചു പ്രാർത്ഥിക്കാം, പരസ്പരം വിവാഹം കഴിക്കാം. അവരുടെ മതവും ദൈവവും ആദർശവും ലക്ഷ്യവുമെല്ലാം ഒന്നുതന്നെ. ആ ദൈവത്തിൻെറ സന്തതികളെന്ന നിലയ്ക്കു അവർ എല്ലാംകൊണ്ടും സഹോദരന്മാരാണു്. അവർ വിവിധ രാജ്യങ്ങളിൽ ജനിച്ചുപോയതു ഒരു വെറും യാദൃച്ഛികസംഭവം മാത്രമായി അവർ കരുതുന്നു. ഒരേ നാട്ടിൽ ജനിച്ചവരും അയൽപക്കക്കാരുമായ ഹിന്ദുക്കളുമായി അവർക്കു ഒരുമിച്ചു ഭക്ഷിക്കാനോ പാർക്കാനോ ഒരു അമ്പലത്തിൽ പോകാനോ പര

സ്പരം വിവാഹം ചെയ്യാനോ പാടില്ല. അവരുടെ മതങ്ങൾക്കും ദൈവങ്ങൾക്കും ആദർശങ്ങൾക്കും ആചാരങ്ങൾക്കും തമ്മിൽ പൊരുത്തമില്ലെന്നു മാത്രമല്ല, അതുകൾ തീരെ വിഭിന്നങ്ങളും വിരുദ്ധങ്ങളുമാണു്. വിരുദ്ധത വളരെ തീക്ഷ്ണമായിരിക്കുകയും ചെയ്യുന്നു. മതവിശ്വാസമാണു ശത്രുത ഉണ്ടാക്കുകയും നിലനിർത്തുകയും ചെയ്യുന്നതു്. യൂറോപ്പിലെ മതമേധാവിയെ സർവ്വപ്രധാനമായി ഇന്ത്യൻ ക്രിസ്ത്യൻ ഭക്തിപൂർവ്വം വണങ്ങുന്നു, അയാളുടെ കല്പനകൾ പ്രഥമമായും അനുസരിക്കുന്നു. അതുപോലെ മുസ്ലീമിന്റെ സർവ്വസ്വവും അറബികളും മെക്കായുമാണു്. ഇന്ത്യയിലെ ക്രിസ്ത്യൻ, റോമിന്റേയും, ഇന്ത്യയിലെ മുസ്ലീം, മെക്കായുടേയും ഗ്ലോളിയും കിങ്കരനുമല്ലാതെ മറെറാന്നുമല്ല. ഇന്ത്യയിലെ ഹിന്ദുക്കൾ അവർക്കു് അജ്ഞാനികളും കാഫിർമാരുമാണു്. ഈ യാഥാർത്ഥ്യങ്ങളുടെ നേരെ കണ്ണടച്ചുകൊണ്ടാണു് "ഒരു ഹിന്ദു യഥാർത്ഥത്തിൽ മുഹമ്മദീയന്റെ സഹോദരനാണെന്നും മതത്തിനും സ്വരാജ്യാഭിമാനത്തിനും തമ്മിൽ പൊരുത്തമില്ലായ്മയില്ലെന്നും ഒരു യഥാർത്ഥ മുഹമ്മദീയനു തന്റെ ജന്മഭൂമിയെ വിസ്മരിക്കേണ്ട ആവശ്യമില്ലെന്നും ഉള്ള വികഥനങ്ങൾ മി. നാലാങ്കൽ തട്ടിമൂളിച്ചതു്.

ഇന്ത്യയിലെ ഹിന്ദുക്കളും മുസ്ലീമുകളും ക്രിസ്ത്യാനികളും സഹോദരന്മാരാണെന്നുള്ള ധാരണ അവരുടെ ഉള്ളിൽ അങ്കുരിക്കണമെങ്കിൽ അവരുടെ പരസ്പര വിരുദ്ധങ്ങളായ മതവിശ്വാസങ്ങളും സമുദായാചാരങ്ങളും പോകണം. മിശ്രഭോജനവും മിശ്രവിവാഹവും നടപ്പിൽ വരണം. സമുദായങ്ങളുടെ മതാടിസ്ഥാനം ഉടയണം. കുറഞ്ഞപക്ഷം മതം വ്യക്തികാര്യമാക്കുകയും സമുദായകാര്യമല്ലാതാക്കുകയും വേണം. അതു കൂടാതെ വിരുദ്ധപ്രകൃതികളായ കീരിയും പാമ്പും, പൂച്ചയും, എലിയും, ആടും, പുലിയും, ഒരേ ഒരു നാട്ടിൽ ജനിച്ചവയോ, ജീവിക്കുന്നവയോ ആയതുകൊണ്ടു അവ സ്വന്തം സ്വഭാവങ്ങളെ വിസ്മരിച്ചു സഹോദരചേതന വർത്തിക്കണമെന്നു വെറുതെ പറയുകയും ആഗ്രഹിക്കുകയും ചെയ്യുന്നതുകൊണ്ടു് ഒരു

കാര്യസാദ്ധ്യവും ഉണ്ടാകുന്നതല്ല എന്നു നേർവഴിക്കു ആലോചിച്ചാൽ മി. നാലാങ്കലിനും അറിയാൻ പ്രയാസമൊന്നുമില്ല.

"കാത്തലിക്ക്-പ്രൊട്ടസ്റ്റന്റ് മതശണ്ഠകൾ ഇംഗ്ലണ്ടിനോ അയർലണ്ടിനോ ഏകരാഷ്ട്ര സ്ഥാനപത്തിനു പ്രതിബന്ധമായി നിന്നിട്ടില്ല" എന്നു പറഞ്ഞുകൊണ്ടു് "എന്നിട്ടും ആ രാജ്യങ്ങൾ സ്വാതന്ത്ര്യത്തിന്റെ കൊടിക്കൂറ പറത്തുന്നില്ലേ?" എന്നും മി. നാലാങ്കൽ ചോദിക്കുന്നു. ഇംഗ്ലണ്ടിലെ ഗവമ്മെണ്ടു പ്രൊട്ടസ്റ്റന്റു ഗവമ്മെണ്ടും അവിടത്തെ ഔദ്യോഗികമതം പ്രൊട്ടസ്റ്റന്റു മതവും ആണു്. കത്തോലിക്കാ പാതിരിമാർക്കു അവിടത്തെ ഗവമ്മെണ്ടു് യാതൊരു ആനുകൂല്യവും നല്കുന്നില്ല. പ്രൊട്ടസ്റ്റന്റു പാതിരിമാർക്കു മാത്രം ഗവമ്മെന്റ് ശമ്പളം കൊടുത്തു പുലത്തുന്നു. ആ ഗവമ്മെണ്ടിന്റെ കീഴിൽ കത്തോലിക്കർ ഏറെക്കുറെ ഞെരുങ്ങുകയും അസമത്വമനുഭവിക്കുകയും ചെയ്യുന്നുണ്ടു് എന്ന ചരിത്രവസ്തുത മി. നാലാങ്കൽ അറിയുന്നില്ലേ?

അയർലണ്ടു് ഇന്ത്യയ്ക്കു ഒരു യഥാർത്ഥ മാതൃകതന്നെയാണെന്നുള്ളതു് തർക്കമററ സംഗതിയാണു്. അയർലണ്ടിന്റെ വടക്കെ പ്രവിശ്യയായ അംസ്റ്ററിൽ (Ulster Province) ഭൂരിപക്ഷം പ്രൊട്ടസ്റ്റന്റുകാരും, ബാക്കി പ്രവിശ്യകളിൽ ഭൂരിപക്ഷം കത്തോലിക്കരുമാണു്. കത്തോലിക്കർ തങ്ങളെ ഭരിക്കാൻ അംസ്റ്ററർകാർ സമ്മതിക്കാത്തതു കാരണം അയർലണ്ടിന്റെ സ്വയം ഭരണം പാക്കിസ്ഥാൻ സ്വയം ഭരണമായിട്ടാണു രൂപീകരിക്കേണ്ടിവന്നതു്. ഇന്നവിടെ നിലവിലിരിക്കുന്നതും പാക്കിസ്ഥാനാണു്. മതം മൂലമാണു് അവിടെ പാക്കിസ്ഥാൻ ഏർപ്പെടുത്തേണ്ടിവന്നതു്. ഈ ആധുനിക ചരിത്രവസ്തുതയും മി. നാലാങ്കൽ അറിഞ്ഞിട്ടില്ലേ? മതം കളയാതെ, കുറഞ്ഞപക്ഷം മതത്തെ ഉദാസീനമായോ വ്യക്തികാര്യം മാത്രമായോ കരുതാതെ നമ്മുടെ രാജ്യത്തു ഒരു ഏകരാഷ്ട്രസ്ഥാപനം സാദ്ധ്യമല്ല. ജിന്നാസാഹേബിന്റെ പാക്കിസ്ഥാൻ വാദവും ദ്വിരാഷ്ട്രസിദ്ധാന്തവും അതുതന്നെയാണു്. ഇന്ത്യയിൽ എത്രമാത്രം നാലാങ്കൽ കൃഷ്ണപിള്ളന്മാരും മതഭ്രമികളായ കോൺഗ്രസ്സുകാ

ത്മുണ്ടോ, നാം ആഗ്രഹിക്കുന്ന "ഏകരാഷ്ട്രസ്ഥാപനവും" "സ്വയംഭരണസമ്പാദ്യവും" അത്രത്തോളം വിദൂരമായിരിക്കും. അല്ലെങ്കിൽ മി. നാലാങ്കലിനെപ്പോലെ ഇന്ത്യൻ ഐക്യവും സ്വാതന്ത്ര്യവും മതകലഹകല്ലോലങ്ങളിൽ ദർശിച്ചുകൊണ്ടിരിക്കുക മാത്രമായിരിക്കും നമ്മുടെ ഗതി.

★★
★

അനുബന്ധം:—

# ക്രൂശിൽ ക്രിസ്തു മരിച്ചില്ല.

ക്രിസ്തുവിനെ കുരിശിൽനിന്നു രക്ഷിക്കുകയാണുണ്ടായതെന്നു ബൈബിളിനെത്തന്നെ അടിസ്ഥാനമാക്കി 1111 എടവം ലക്കം യുക്തിവാദിയിൽ എഴുതിയ കുറിപ്പാണിതു്. വീണ്ടും 1120 കന്നി ലക്കത്തിലും 1144 മേടം ലക്കത്തിലും പ്രസിദ്ധപ്പെടുത്തി.

ഇതു് ക്രൈസ്തവരുടെ പുനരുത്ഥാനപെരുന്നാളിന്റെ (Eester) കാലമായതല്ല ഈ ലേഖനത്തിനു കാരണം. 111 മീനം 28-ാംനു-യിലെ 'മലയാളമനോരമ'യിൽ ഒരു മി. കെ. എ. പോൾ ക്രിസ്തുവിന്റെ പുനരുത്ഥാനത്തെപ്പറ്റി ഒരു ലേഖനമെഴുതികണ്ടു. ക്രിസ്തു മരിച്ചിട്ടു മൂന്നാംദിവസം ഉയിർത്തെഴുന്നേററു എന്ന ഒരു ദിവ്യസംഭവത്തിലാണു് എല്ലാ ക്രൈസ്തവസഭകളുടേയും നിലനിൽപ്പു് എന്ന കാരണത്താൽ അതൊരു യഥാർത്ഥ ചരിത്രസംഭവം തന്നെയാണെന്നു തെളിയിക്കാനായിരുന്നു മി. പോളിന്റെ ശ്രമം. അദ്ദേഹത്തിന്റെ തെളിവുകൾ ചില ബൈബിൾ വാക്യങ്ങളും അതുകളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള വെറും വിശ്വാസ പ്രസ്താവനകളും മാത്രമായിരുന്നു. എന്നാൽ മി. പോളിന്റെ അന്വേഷണബുദ്ധിപ്രയോഗത്താൻ ഒരു കൂടുതൽ ലൌകിക ന്യായംകൂടി ലേഖനത്തിൽ ചേർത്തിട്ടുണ്ടു്. "ക്രിസ്തുവിന്റെ മൃതശരീരം മോഷ്ടിച്ചുകൊണ്ടുപോയിട്ടു ക്രിസ്തു ഉയർത്തു എന്നു അപ്പോസ്തലന്മാർ പറഞ്ഞു പരത്തുകയായിരുന്നു എങ്കിൽ അന്നത്തെ യഹൂദാചാര്യന്മാർ അപ്പോസ്തലന്മാരുടെ പേരിൽ വഞ്ചനക്കുററത്തിനു കേസ്സുകൊടുത്തു അവരെ ശിക്ഷിപ്പിക്കുമായിരുന്നു!" എന്ന അനുമാനമാണു് ആ ഒരു ന്യായം.

ബൈബിളിൽ കാണുന്ന ക്രിസ്തുചരിത്രം എഴുതീട്ടുള്ളതു് അദ്ദേഹത്തിന്റെ നാലു ശിഷ്യന്മാരാണെന്നാണു പറയപ്പെടുന്നതു്. അവർ നാലുപേരും വെവ്വേറെ എഴുതിയിട്ടുള്ളതായി പറയപ്പെടുന്ന നാലു സുവിശേഷങ്ങളും (Gospels) പരസ്പരം ഒത്തുനോക്കുന്നതായാൽ

ഓരോന്നിലും പല അതിശയോക്തികളും, അപൂൎണ്ണതകളും, സ്ഖലിതങ്ങളും ഉള്ളതായി ആൎക്കും കാണാവുന്നതാണ്. ക്രിസ്തു സൎവ്വശക്തനായ ദൈവം തന്നെയാണെന്നും മരിച്ചിട്ടു ഉയിൎത്തെഴുന്നേററ എന്നും വിശ്വസിച്ചിരുന്ന സ്വന്തം ശിഷ്യന്മാർ എഴുതിയതായി പറയുന്ന ചരിത്രങ്ങൾ ഒരു നിഷ്പക്ഷവാദി അന്വേഷണബുദ്ധിയോടുകൂടി വായിച്ചുനോക്കുന്നതായാൽ അതിൽനിന്നു തന്നെയും ക്രിസ്തു കുരിശിൽ കിടന്നു മരിക്കുകയോ ഉയിൎത്തെഴുന്നേല്ക്കുകയോ ഉണ്ടായിട്ടില്ലെന്നു കാണാൻ സാധിക്കുന്നുണ്ട്. തങ്ങളുടെ സഭയുടെ സംഘടനയെ എതിൎത്തും ആചാരങ്ങളെ ധ്വംസിച്ചും, വിശ്വാസങ്ങളെ നിഷേധിച്ചും നടന്നിരുന്ന ക്രിസ്തുവിനോടു് യഹൂദപ്രധാനാചാൎയ്യന്മാൎക്കും ജനതക്കും ഉണ്ടായിരുന്ന പകയും അസൂയയും മൂലമാണ് അവർ നീതിമാനും സമുദായപരിഷ്കാരേച്ഛുവും ആയ അദ്ദേഹത്തിൻെറ മേൽ കുററങ്ങളാരോപിച്ചു് ശിക്ഷയേല്പിച്ചതു്. ഈ വിവരം വിധികൎത്താവായ പീലാത്തോസ് നല്ലവണ്ണം ധരിച്ചിരുന്നു (മത്ത. XXVII—18) പീലാത്തോസിൻെറ ഭാൎയ്യ "നീതിമാനായ ക്രിസ്തുവിനെ ശിക്ഷക്കു വിധിക്കരുതു്" എന്നു ആളയച്ചു പീലാത്തോസിനെ അറിയിച്ചു (ടി. 23) എന്നാൽ ക്രിസ്തു വിസ്താരത്തിനു വഴിപ്പെടാതെയും ചോദ്യങ്ങൾക്കുത്തരം നല്കാതെയുമാണു് നിന്നിരുന്നതു്. ഒടുവിൽ ജനക്കൂട്ടം ക്രിസ്തുവിനെ ക്രൂശിച്ചു കൊല്ലണം എന്നു നിർബന്ധപൂൎവ്വം ആവശ്യപ്പെട്ടു. അപ്പോൾ ക്രിസ്തു തൻെറ അധികാരാതൎത്തിയിൽപെട്ടവനല്ലെന്നും ഹെരോദേസിൻെറ അധികാരാതിർത്തിയിൽ പെട്ടവനാണെന്നും ഉള്ള ഒരു ഒഴിവുകഴിവു് പറഞ്ഞു ക്രിസ്തുവിനെ തനിക്കു ശിക്ഷിക്കാതെ കഴിക്കാമോ എന്നു പീലാത്തോസ് പരീക്ഷിച്ചുനോക്കി. എന്നാൽ ഹെരോദേസിൻെറ മുമ്പാകെയും വിസ്താരത്തിനു വഴിപ്പെടാതെ ക്രിസ്തു നിസ്സഹകരണം അവലംബിക്കയാൽ തിരികെ പീലാത്തോസിൻെറ മുമ്പിൽതന്നെ ക്രിസ്തുവിനെ കൊണ്ടുവന്നു (ലൂക്ക XXIII 7 to 11) പിന്നെയും ക്രിസ്തുവിനെ വിട്ടയപ്പാൻ ആഗ്രഹിച്ചുകൊണ്ടു് പീലാത്തോസ് പ്രധാനാചാൎയ്യന്മാരോടു് സംസാരി

ച്ചു (ടി. 4,20) ഒടുവിൽ ഗത്യന്തരമില്ലാതെ 'ഈ നീതിമാൻെറ രക്തത്തിൽ ഞാൻ കുററമില്ലാത്തവനാകുന്നു, നിങ്ങൾ കണ്ടുകൊൾവിൻ എന്നു പറഞ്ഞു പീലാത്തോസ് കൈ കഴുകിയിട്ടു ക്രിസ്തുവിനെ ക്രൂശിക്കുവാൻ ഏല്പിക്കുകയാണ് ചെയ്തതു് മാത്യു (XXVII—24) ക്രുശിപ്പുണ്ടായതു് വെള്ളിയാഴ്ച ഉച്ചതിരിഞ്ഞാണു്. ആ സന്ധ്യ മുതൽ യഹൂദർക്കു സ്വസ്ഥദിവസം ആയിരുന്നതിനാൽ അന്നു സന്ധ്യക്കുമുമ്പു് ക്രൂശിപ്പും മരണവും നടക്കേണ്ടിയിരുന്നു. ആളെ കുരിശിൽ തറച്ചാൽ ഉടൻ മരിക്കുന്നില്ല. വളരെ മണിക്കൂറുകൾ_ദിവസങ്ങൾതന്നെയും_കുരിശിന്മേൽ പട്ടിണികിടന്നും ക്ഷീണിച്ചും മരിക്കാൻ വിട്ടേക്കുകയാണു് അന്നത്തെ പതിവു്. ക്രിസ്തുവിൻെറ ശിഷ്യരെക്കൂടാതെ നിക്കോദിമോസ് എന്നും അറിമത്തേയക്കാരൻ ജോസഫ് എന്നും പേരായ രണ്ടു ധനികർ ക്രിസ്തുവിനോടു ബഹുമാനവും അനുകമ്പയും ഉള്ളവരായി അവിടെ ഉണ്ടായിരുന്നു. ശിഷ്യന്മാരെല്ലാം ദരിദ്രന്മാരായിരുന്നു. അറിമത്തേയക്കാരൻ ജോസഫിൻെറയും നിക്കോദിമോസിൻെറയും പരിശ്രമവും പ്രാബല്യവും ധനസ്വാധീനതയും പീലാത്തോസിൻെറ (Judge) യും ശതാധിപൻെറ (Military Captian)യും പ്രത്യേക ആനുകൂല്യവുംകൊണ്ടു് മരിക്കാതെ മോഹാലസ്യപ്പെട്ടു കിടന്ന ക്രിസ്തു മരിച്ചു എന്നു മററുള്ളവരെ ധരിപ്പിച്ചു് ധൃതിയായി. കുരിശിൽനിന്നു ക്രിസ്തുവിനെ എടുത്തുകിട്ടുവാൻ സാധിച്ചു. അറിമത്തേയക്കാരൻ ചെന്നു ക്രിസ്തുവിൻെറ ശരീരം കുരിശിൽനിന്നെടുക്കാൻ പീലാത്തോസിനോടു് അനുവാദം ചോദിച്ചപ്പോൾ ഇത്ര വേഗത്തിൽ മരിച്ചുവോ എന്നു പീലാത്തോസ് ആശ്ചര്യപ്പെടുന്നു. എന്നിട്ടു ശരിയാണോ എന്നു ശതാധിപനോടു ചോദിക്കുന്നു. (മാക്കു് XV-44) ശതാധിപനും ക്രിസ്തുവിനു് അനുകൂലിയും അദ്ദേഹത്തെ വധിക്കരുതെന്നു ആഗ്രഹമുള്ളവനും ആയിരുന്നു. (ലൂക്കു് XXIII—47) ക്രിസ്തുവിന്റെ ഇടത്തും വലത്തുമായി രണ്ടു കള്ളന്മാരെയും കുരിശിൽ തറച്ചിരുന്നു. മൃതശരീരം സന്ധ്യക്കുമുമ്പു് എടുക്കേണ്ടതാണു്. കുരിശുകളിൽ തറക്കപ്പെട്ട മൂവ്വരേയും കൊന്നൊടുക്കാൻ, മരിച്ചു എന്നു തീച്ച്പ്പെടുത്താൻ മൂന്നുപേരുടേയുംകാലുകൾ കുരിശിൽ വെച്ചുതന്നെ തല്ലി ഒടിക്കാൻ ജനതയുടെ

അപേക്ഷാനുസരണം പീലാത്തോസ് അനുജ്ഞ നല്കി. അതുപ്രകാരം ഇടത്തും വലത്തും ഉള്ളവരുടെ കാലുകൾ തല്ലി ഒടിച്ചു് അവരെ കൊന്നു. ക്രിസ്തു മരിച്ചിരിക്കുന്നു എന്നു ഉപായം പറഞ്ഞു ക്രിസ്തുവിന്റെ കാലുകൾ തല്ലി ഒടിച്ചില്ല ജോൺ (XVIII-31—33) അങ്ങിനെ ജീവൻ പോകാതെയും എല്ലുകൾ ഒടിക്കാതെയും ക്രിസ്തുവിനെ കുരിശിൽനിന്നും സ്വന്തം ആളുകൾ ഏററുവാങ്ങിയതിനു ശേഷമുള്ള പ്രവൎത്തികളും ക്രിസ്തു മരിച്ചിരുന്നില്ല എന്ന സംഗതിക്കു കൂടുതൽ തെളിവായിരിക്കുന്നുണ്ടു്. ധനികനായ നീക്കോദീമോസ്, നറുമ്പശയും ചെന്നിനായകവും കൊണ്ടുള്ള ഒരു കൂട്ടു ഏകദേശം നൂറു റാത്തലോളം എടുപ്പിച്ചുകൊണ്ടുവന്നിരുന്നു. ചെന്നിനായകം മുറിവിന്നും ചതവിന്നും സിദ്ധൌഷധമായി നാമും ഉപയോഗിക്കാറുണ്ടല്ലൊ. ആണികൾ തറച്ച മുറിവുകളും മററു ഹേമദണ്ഡങ്ങൾ മൂലം ഉണ്ടായിട്ടുള്ള സകല സുഖക്കേടുകളും ഉടനടി സുഖം പ്രാപിക്കുന്നതിലേക്കാണു് നൂറു റാത്തൽ മരുന്നു കരുതിക്കൊണ്ടുവന്നിരുന്നതു്. മൃതശരീരത്തിൽ സുഗന്ധതൈലം പൂശുന്നതിനാണു് നൂറു റാത്തൽ ചെന്നിനായകക്കൂട്ടു് എന്ന വ്യാഖ്യാനം പ്രഥമദൃഷ്ടത്തിൽതന്നെ അസാധ്യവാണു്. അതിനു നൂറു റാത്തൽ ആവശ്യമില്ലെന്നു മനസ്സിലാകാത്തവരുണ്ടാകയില്ലല്ലൊ. എന്നിട്ടു നൂറുറാത്തൽ മരുന്നും ശീലകളിൽ പരത്തി ആ ശീലകൾകൊണ്ടു ദേഹം പൊതിഞ്ഞു (ജോൺ XiX 39, 40) ക്രിസ്തു മരിച്ചിട്ടില്ലെന്നുള്ള നിലയിലാണു് അവർ പെരുമാറിയതു്. എന്നു പിന്നീടു് നടന്ന പ്രവൎത്തികളും ധാരാളം സാക്ഷ്യം വഹിക്കുന്നുണ്ടു്. മരിക്കാത്ത ആളെ കുഴിവെട്ടി കുഴിച്ചിടുകയോ, ശവക്കല്ലറയിൽ വെച്ചു കവാടം മൂടി പണിയുകയൊ ചെയ്താൽ അകത്തു കിടന്നു ശ്വാസംമുട്ടി മരിച്ചുപോകുമെന്നു് അവൎക്കു് അറിയാമായിരുന്നതുകൊണ്ടാണു് ശരീരം ഒരു പുതിയ ശവക്കല്ലറയിൽ വെക്കുകയും കവാടത്തിൽ ഒരു കല്ലു് ഉരുട്ടിവെക്കുകയും മാത്രം ചെയ്തതു് (മാത്യു XXVII—60) അതുകൊണ്ടു് ഉള്ളിൽ കിടക്കുന്ന ആൾക്കു ശ്വാസോച്ഛ്വാസത്തിനു സൌകൎയ്യം ലഭിക്കുന്നു. ധനികനായ അറിമത്തേയക്കാരനും നിക്കോദീമോസും ജാഗ്രതയായി

അവിടെ ഉള്ളപ്പോൾ കാവൽക്കാൎക്കു കൈക്കൂലികൊടുത്തു സ്വാധീനിക്കാനോ, ക്രിസ്തുവിനെ രാത്രിതന്നെ അവിടെനിന്നുമാറ്റി രക്ഷപ്പെടുത്തുന്നതിനൊ പ്രയാസമില്ല. ക്രിസ്തു മരിച്ചുവോ എന്ന കാൎയ്യത്തിലും അദ്ദേഹത്തെ രാത്രി അവിടെനിന്നു മാററം ചെയ്യേക്കുമോ എന്ന കാൎയ്യത്തിലും എതൃപക്ഷക്കാരായ ആചാൎയ്യന്മാൎക്കും ഫരീസേയൎക്കും ആശങ്കയുണ്ടായിരുന്നു. അതുകൊണ്ടു ശവക്കല്ലറ പട്ടാളക്കാരെക്കൊണ്ടു കാവലിടുവാൻ അവർ പീലാത്തോസിനോടു ആവശ്യപ്പെട്ടതിനെ പീലാത്തോസ് ഗണിച്ചില്ലെന്നു മാത്രമല്ല, "നിങ്ങൾക്കു കാവൽക്കൂട്ടം ഉണ്ടല്ലൊ. പോയി നിങ്ങൾക്കു തോന്നുന്നപോലെ കാത്തുകൊള്ളുക" എന്നു ഉദാസീനമായ ഒരു മറുപടി കൊടുക്കുകയാണു് ചെയ്തതു്. (മാത്യു XXVII-64, 65) അടക്കം ചെയ്ത ഉടനെ ശാബദു് ആരംഭിക്കയാൽ യഹൂദരുടെ ആചാരമനുസരിച്ചു് അന്നുരാത്രിയും പിറേറന്നും യഹൂദരായ ഒരുത്തരും അങ്ങോട്ടു തിരിഞ്ഞുനോക്കിയില്ല. പിന്നെ ഞായറാഴ്ച കാലത്തു രണ്ടു സ്ത്രീകളാണു് ശവക്കല്ലറ കാണാൻ ചെല്ലുന്നതു്. അപ്പോൾ അതു തുറന്നു കിടക്കുന്നു ശവം അതിൽ ഇല്ല. ആരോ ഒരാൾ അവിടെനിന്നു ക്രിസ്തു ഉയൎത്തെഴുന്നേററുപോയി എന്നു പറഞ്ഞതു് "കേട്ടപാതി കേൾക്കാത്ത പാതി" ആ വൎത്തമാനവും കൊണ്ടു് ക്രിസ്തുവിൻെറ അനുയായികളുടെ അടുക്കൽ ആ സ്ത്രീകൾ ചെന്നു. കേട്ടവരാരോരുത്തരും ഈ ഉയിൎത്തെഴുന്നേല്പു് വിശ്വസിച്ചില്ല. (മാർക്കു് XVI-10 tu 13) ഒടുവിൽ ക്രിസ്തു തന്നെ അവരുടെ അടുക്കൽ വന്നു കണ്ടു. അദ്ദേഹം പ്രാണരക്ഷാൎത്ഥം പുനരുത്ഥാനകഥയെ അനുകൂലിച്ചുനിന്നു. അല്ലെങ്കിൽ ആചാൎയ്യപ്രമാണികൾ വീണ്ടും പിടിച്ചുകൊന്നുകളഞ്ഞെങ്കിലൊ എന്ന ഭയം ആൎക്കും ഉണ്ടാകുന്നതല്ലെ? ഉയൎത്തു എന്നു ശിഷ്യന്മാർ വിശ്വസിക്കാത്തതിൽ ക്രിസ്തു അവരെ ശാസിച്ചതായും പറയുന്നുണ്ടു്. (മാർക്കു് XVI-14) ബൈബിൾ ചരിത്രപ്രകാരം തന്നെ ക്രിസ്തു ഉയൎക്കുന്നതു കണ്ടവരാരുമില്ല. ഒരു നീതിമാൻെറ ജീവനെ മതഭ്രാന്തന്മാരും ആചാൎയ്യകിങ്കരന്മാരുമായ യഹൂദരുടെ കയ്യിൽനിന്നും രക്ഷ

പ്പെടുത്തുന്നതിന്നു ന്യായാധിപതിയും ശതാധിപനും ധനികന്മാരായ രണ്ടു ക്രിസ്തുഭക്തന്മാരും കൂടി പ്രവർത്തിച്ച ഉപായവും പറഞ്ഞു പരത്തിയ കൽപിതകഥയും അല്ലാതെ മററൊന്നുമല്ല ക്രിസ്തുവിന്റെ പുനരുത്ഥാനം. വിശ്വാസവെറിയൊ വൈകിളിയൊ ഇല്ലാത്ത ഒരു അന്വേഷണബുദ്ധിക്കു ഇത്രയും സൂക്ഷ്മവിവരങ്ങൾ ധരിക്കുന്നതിന്നു നാലു സുവിശേഷങ്ങളും തന്നെ സൂക്ഷിച്ചൊന്നു വായിച്ചാൽ മതി. മി. മള്ളൂർ ഗോവിന്ദപ്പിള്ള തിരുവനന്തപുരം ലാ കോളേജിൽ ക്രിമിനൽ ലാ പഠിച്ചിരുന്ന കാലത്തു ബി. എൽ. വിദ്യാർത്ഥികൾക്കു ഒടുവിൽ കൊടുക്കുന്ന രണ്ടു പ്രസംഗങ്ങൾ ക്രിസ്തു കുരിശിൽ മരിച്ചിട്ടില്ലെന്നുള്ള തെളിവുകളെപ്പറ്റിയാണെന്നു ഈ ലേഖനം എഴുതുന്നതിനെപ്പററി അറിഞ്ഞ എന്റെ ഒരു യുവവക്കീൽസ്നേഹിതൻ എന്നോടു പറഞ്ഞതും പ്രസ്താവ്യമാണ്. ശവത്തേൽ കുത്തിയാൽ ചോരയും വെള്ളവും ഒരിക്കലും ഒഴുകുന്നതല്ലെന്നുള്ളതു ഒരു ശരീരശാസ്ത്രതത്വം കൂടിയാണല്ലൊ. ക്രിസ്തു കുരിശിൽ മരിച്ചു എന്നതിന്നു ബൈബിളിൽ ഒരു തെളിവായി പറയുന്നതു ദേഹത്തിൽ കുത്തിനോക്കിയപ്പോൾ ചോരയും വെള്ളവും ഒഴുകി എന്നതാണ്. ഒരാൾ ഒരു സ്പോഞ്ചെടുത്തു പുളിച്ച വീഞ്ഞു ഒരു ഓടത്തണ്ടിന്മേൽ ആക്കി കുടിക്കാൻ എത്തിച്ചുകൊടുത്തതു (മാത്യു 7-49) മോഹാലസ്യപ്പെടാനുള്ള മരുന്നാണെന്നു പറയുന്നുണ്ടു. പിന്നീടു 40 ദിവസക്കാലം ക്രിസ്തു രാത്രിസമയം മാത്രമേ ഒളിഞ്ഞും മറഞ്ഞും ശിഷ്യന്മാരുടെ അടുക്കൽ ചെന്നിരുന്നുള്ളു. അതിന്നുശേഷം ക്രിസ്തു സ്വജീവരക്ഷയെക്കരുതി ആ രാജ്യം വിട്ടുപോയിരിക്കാനാണ് വഴി. അദ്ദേഹം കാശ്മീർവരെ എത്തി അവിടെ വെച്ചു മരിച്ചു അടക്കപ്പെട്ടു എന്നു വാദിക്കുന്ന മുസ്ലീകൾ ഇന്ത്യയിലും പാക്കിസ്ഥാനിലുമുണ്ടു.

“മരിച്ചവർ ഉയിർക്കുകയില്ല എന്നു നിങ്ങളിൽ ചിലർ പറയുന്നതെങ്ങിനെ? ക്രിസ്തു ഉയിർത്തിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം.” (1-കോരിന്തി

XV-12-16) എന്നു സെൻറപോാം പറയുന്നു. ഉയിർപ്പ് ഒരു സ്വതസ്സിദ്ധതത്വ (Axiom) മായി സ്വീകരിക്കാനാണദ്ദേഹം ആവശ്യപ്പെടുന്നതു്. നാട്ടിൽനിന്നു ക്രിസ്തു അപ്രത്യക്ഷ്യനായതിന്നു ശേഷമാണു് ഈ പ്രസംഗം. അക്കാലത്തുതന്നെ ക്രിസ്തു മരിച്ചിട്ടു് ഉയിർത്തു എന്ന കഥ സാമാന്യജനങ്ങാം വിശ്വസിച്ചിരുന്നില്ല എന്നു് ഇതു് കാണിയ്ക്കുന്നു.

വെൻററിനി (Venturini), ലവാസി (Loisy), സ്ട്രാസ് (Strauss) മുതലായ അനേകം ബൈബിാം ഗ്രന്ഥവിജ്ഞാനികാം (Biblicists) ക്രൂശിപ്പിൽ ക്രിസ്തു മരിച്ചില്ലെന്നും, ഉയിർപ്പ് കെട്ടുകഥയാണെന്നും, ക്രൂശിപ്പിനുശേഷം ക്രിസ്തുവിനെ ജീവനോടെ സൂത്രത്തിൽ രക്ഷിക്കുകയാണുണ്ടായതെന്നും പറയുന്നുണ്ടു്.

പാൽക്കടലിലെ 1000 തലയുള്ള അനന്തൻെറ മേൽ പള്ളികൊള്ളുന്ന വിഷ്ണുവിൻെറ നാഭിയിൽ മുളച്ച താമരയിൽ ജനിച്ചതാണു് ബ്രഹ്മാവു് എന്ന കഥയോടു സാമ്യമുള്ളതാണു് ക്രിസ്തു മരിച്ചു് 3_ാം ദിവസം ഉയിർത്തതിനുശേഷം കുറച്ചു ദിവസങ്ങാം കഴിഞ്ഞു് ഉടലോടെ പൊങ്ങിപ്പോയി സ്വർഗ്ഗത്തിൽ പിതാവു് ദൈവത്തിൻെറ വലതുഭാഗത്തിരിക്കുകയാണെന്ന ക്രൈസ്തവരുടെ കഥ.

"ഒന്നാം നൂററാണ്ടിലെ ക്രൂശീകരണം" എന്ന തലക്കെട്ടിലും 'കുരിശിൽ തറച്ചാൽ ശീഘ്രം മരിക്കുമോ' എന്നൊരു ചെറുലേഖനവും അനുബന്ധമായി ചേക്കുന്നു.

## ഒന്നാം നൂററാണ്ടിലെ ക്രൂശീകരണം

ഈ തലക്കെട്ടിൽ 'ആത്മബോധിനി'യിൽ വന്ന ലേഖനത്തിലെ ഏതാനും പ്രസക്തഭാഗങ്ങാംകൂടി ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.

'ടോറൻറോ സ്റ്റർ' എന്ന ഒരു കനേഡിയൻ മാസികയിൽ കണ്ട വിവരങ്ങാം ആണു് ഈ ലേഖനത്തിന്നു ആധാരം. യേശുക്രിസ്തു ജീവിച്ചിരുന്ന കാലത്തു റോമാ ഗവർമ്മേണ്ടു് കുററക്കാരെ എങ്ങനെ ക്രൂശിച്ചു എന്നറിയുന്നതിന്നു യരുശലേമിന്നു സമീപം ഈയിടെ കണ്ടെത്തിയ ഒരു ഗുഹ പുതുവെളിച്ചം വീശുന്നുണ്ടു്: ഒന്നാം നൂററാ

ണ്ടിൽ ക്രൂശിക്കപ്പെട്ട ഒരുവൻെറ അസ്ഥിപഞ്ജരമാണ് ഗുഹയിൽ കണ്ടതെന്നു ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു.

യരുശലേമിൻെറ വടക്കുഭാഗത്തുള്ള ഒരു കുന്നിലാണ് ഗുഹ കണ്ടതു്. ഈ അടുത്തകാലംവരെ അതു യോർദ്ദാൻ സ്റ്റേറ്റിൻെറ ഒരു ഭാഗമായിരുന്നു. ഇരുപതിനും മുപ്പതിനും ഇടക്കു പ്രായംവരുന്ന ഒരുവൻെറ അസ്ഥികൂടമാണ് അവിടെ കണ്ടതു് എന്നാണു പണ്ഡിതാഭിപ്രായം. അതിൻെറ കൈപ്പത്തിയിൽ കൂടെയല്ല, മണികെട്ടിൽകൂടെയാണ് ആണി അടിച്ചിരിയ്ക്കുന്നതു്. അതുപോലെത്തന്നെ കണങ്കാൽ ഒന്നിനുമേൽ മറെറാന്നു ചേർത്തുവെച്ചു രണ്ടിലുംകൂടെ ആണി തറച്ചിരിയ്ക്കുന്നു. ആണി ബലമായി ക്രൂശിൻെറ നേടും തടിയിൽ ഉറച്ചിരിക്കുന്നതിന്നു കണങ്കാലുകളുടെ മേൽ ഒരു മരക്കഷണം ചേർത്തു വച്ചാണ് ആണി തറച്ചിരിക്കുന്നതു്. ഈ വിധത്തിൽ ക്രൂശിക്കപ്പെടുന്ന ഒരുവൻ മരിക്കുന്നതിന്നു കുറഞ്ഞതു നാല്പത്തിയെട്ടു മണിക്കൂർ എടുക്കും.

ഗുഹയിൽ കണ്ട അസ്ഥിപഞ്ജരം പരിശോധിച്ചു സ്വീകരിച്ചിട്ടുള്ള ഈ നിഗമനങ്ങൾ ക്രൂശീകരണത്തെപ്പറ്റി ക്രൈസ്തവർക്കുള്ള ധാരണയും അതുവച്ചു വരച്ചിട്ടുള്ള ചിത്രങ്ങളും, നിർമ്മിച്ചിട്ടുള്ള രൂപങ്ങളും ഭേദപ്പെടുത്തേണ്ടതായിവരും എന്നാണ് ഇസ്രായേൽ രാഷ്ട്രത്തിലെ ക്രൂസ്ത്യൻ കൌൺസിൽ ചേർമാൻ ആയ റോബർട്ട് ലിൻഡ്ഡെ അഭിപ്രായപ്പെട്ടിരിക്കുന്നതു്

ഒരു വർഷംമുമ്പ് യോർദ്ദാൻകാരിൽനിന്നു് പിടിച്ചെടുത്ത ഒരു സ്ഥലത്തു് വീടുകൾ കെട്ടുന്നതിനു് ഗവർമ്മേണ്ടു് സ്ഥലം ഒരുക്കിക്കൊണ്ടിരുന്നപ്പോഴാണ് പണിക്കാർ യാദൃച്ഛികമായി ഈ ഗുഹ കണ്ടതു്. ടെൽഅവീവ് സർവ്വകലാശാലയിലെ പണ്ഡിതനായ ഡോക്ടർ ഹാസ് ഈ വസ്തുത വെളിപ്പെടുത്തിയപ്പോൾ പുരാതന വസ്തു ഗവേഷകന്മാരും നരവംശശാസ്ത്രജ്ഞരും ആ സ്ഥലത്തു് ഓടിയെത്തി. ഷേസ്സിയേലിൻെറ മകനായ ജോക്കാനാനിൻെറ അസ്ഥികൂടമാണ് അവിടെ സംസ്കരിക്കപ്പെട്ടിരിക്കുന്നതു് എന്നു

ശവകുടീരത്തിലെ എഴുത്തുകളിൽ നിന്നും ഗ്രഹിച്ചു. ബി. സി. 18ൽ വലിയ ഹെരോദാവ് പണിയിച്ച ദേവാലയത്തിന്റെ പണിക്കാരിൽ ഒരുവനായ ശീമോന്റെ കുടുംബകല്ലറയാണ് ആ ഗുഹയെന്നും അവർ മനസ്സിലാക്കി.

ഈ ശീമോൻ അന്നത്തെ യറുശലേമിൽ സ്വാധീനമുള്ള ഒരു വ്യക്തിയായിരുന്നു എന്നും അതുകൊണ്ടാണ് ക്രൂശിക്കപ്പെട്ട ജോക്കാനാനിന്റെ ശരീരം അധികാരികളിൽനിന്നും ഏറ്റുവാങ്ങി അവിടെ അടക്കം ചെയ്തതെന്നും വിചാരിക്കുന്നതിനുള്ള തെളിവുകൾ ശവകുടീരത്തിൽ കാണുന്നു. ഏതോ രാഷ്ട്രീയ കുററത്തിനു റോമാക്കാർ ജോക്കാനാനിനെ ക്രൂശിച്ചതായിരിക്കണമെന്നും അതുകൊണ്ടായിരിക്കാം വളരെ സ്വാധീനമുണ്ടായിരുന്ന ശീമോനുപോലും വധശിക്ഷ ഒഴിവാക്കിക്കാൻ കഴിയാതെപോയതെന്നും അനുമാനിക്കുന്നു ശീമോനെപ്പോലെ സ്വാധീനമുണ്ടായിരുന്ന ആരിമത്യയിലെ യോസേഫിന്റെ കല്ലറയിൽ ആണല്ലൊ നമ്മുടെ കർത്താവിന്റെ ശരീരം സംസ്കരിച്ചതു്.

"മൂന്നു മണിക്കൂർ നേരം മാത്രം കുരിശിൽ തൂങ്ങിക്കിടന്നിരുന്ന യേശു കുരിശിന്മേൽ മരിച്ചിട്ടില്ലെന്നും അദ്ദേഹത്തെ അനുകൂലികൾ രക്ഷിക്കുകയാണുണ്ടായതെന്നും" ഖുർആൻ പറയുന്നതാണ് ശരി.

## കുരിശിൽ തറച്ചാൽ ശീഘ്രം മരിക്കുമോ ?

സ്റ്റ്റൗഡ് On the Psysical cause of the death of christ എന്ന പുസ്തകത്തിൽ ഇപ്രകാരം പറയുന്നു:

"ക്രൂശിപ്പിൽ ഉണ്ടാകാറുള്ള സാമാന്യമായ കഷ്ടാനുഭവങ്ങളെപ്പററി റിച്ചർ (Richter), ബാത്തോലിൻസ് (Batholines), ഗ്രൂണർസ് (Gruners) തുടങ്ങിയവർ വിസ്തരിച്ചു പ്രതിപാദിച്ചിട്ടുണ്ട്. കർത്താവായ യേശുവിന്റെ മരണം ശീഘ്രം സംഭവിക്കാനുണ്ടായ കാരണങ്ങളെ വിശദീകരിക്കാനായിട്ടാണ് പലപ്പോഴും ന്യായാന്യായ വിചാരം കൂടാതെ അവ വർണ്ണിക്കപ്പെടാറുള്ളതു്. റിച്ചറുടെ വിശദീകരണം 'പിക്ടോറിയൽ ബൈബിളി'ൽ (Pictorial Bible)

'യോഹന്നാൻ 19_ാം അദ്ധ്യായത്തെ സംബന്ധിച്ച ചേർത്ത കുറിപ്പിൽ ഉദ്ധരിക്കപ്പെട്ടു കാണാം. അതു കുറെയൊക്കെ വിചിത്രവും വൃഥാസ്ഥൂലവും ആണെന്നു പറയേണ്ടിയിരിക്കുന്നു. എന്നിരിക്കിലും ഒടുവിലായി, അവ ശീഘ്രമരണത്തിന്നിടയാക്കിയെന്നു വരത്താനല്ലെന്ന സമ്മതിച്ചുകൊണ്ടു ഗ്രന്ഥകത്താവു് അതുപസംഹരിക്കുന്നതിപ്രകാരമാണു്. "അസ്വാസ്ഥ്യങ്ങളുടെ അനുക്രമവൎദ്ധന സാവധാനമാണു്:_ കുരിശിയ്ക്കപ്പെട്ട ഒരാറം രണ്ടോ, മൂന്നോ ദിവസം ജീവനോടെ തൂങ്ങിക്കിടക്കുക സൎവ്വസാധാരണമായിരുന്നു. ചിലപ്പോറം ഏഴാം നാറം വരെയും അങ്ങനെ കിടക്കും. ചമ്മട്ടിപ്രയോഗവും പരിഹാസ-ശകാരങ്ങളും കുരിശുചുമക്കാനുണ്ടായ പാടുകളും മാത്രമാണെങ്കിൽ, അവ ഒപ്പം ക്രൂശിക്കപ്പെട്ട രണ്ടുകുററവാളികളെയപേക്ഷിച്ച യേശുവിന്നു കൂടുതൽ വേദനാജനകമായിരുന്നില്ലതന്നെ. മാത്രമല്ല, തക്കസമയത്തു താഴത്തിറക്കപ്പെടുകയും കരുതലോടെ ശുശ്രൂഷിക്കപ്പെടുകയും ചെയ്ത ചിലർ രക്ഷപ്രാപിക്കയും പിന്നെയും ജീവിച്ചിരിക്കുമാറാകയും ചെയ്തിട്ടുള്ള ഒട്ടേറെ സംഭവങ്ങളും ഉണ്ടായിട്ടുണ്ടു്. മിക്ക സന്ദൎഭങ്ങളിലും വൎദ്ധിച്ച വിശപ്പും ദാഹവും ഇടവിട്ടു മാറിമാറിവരുന്ന ശീതോഷ്ണപാതങ്ങളും ഹിംസ്രവിഹഗങ്ങളുടെയും മററു ജന്തുക്കളുടെയും ആക്രമണങ്ങളും കാരണമായിട്ടത്രെ മരണം വന്നുകൂടുന്നതു്.

# "ചാത്ത"നും ഞാനും

ഞാൻ വക്കീലായി പ്രാക്ടീസു തുടങ്ങിയിട്ട് അന്നേക്ക് 5 വർഷം കഴിഞ്ഞിരുന്നു. ഞാൻ ഇരിങ്ങാലക്കുടയിൽ വാടകയ്ക്കു താമസിച്ചിരുന്ന ആദ്യത്തെ വീട്, ഉടമസ്ഥൻെറ കുടുംബത്തിൽ ഭാഗം നടന്നതനുസരിച്ച് ഒരംശത്തിനു പാർക്കാൻ ഒഴിഞ്ഞു കൊടുക്കേണ്ട ആവശ്യം നേരിട്ടു. പാർക്കാൻ മറെറാരു വീടു അന്വേഷിക്കുമ്പോഠം എൻെറ ഒരു കക്ഷിയായ കോനിക്കര അവുസേപ്പ് എന്നൊരാഠം തൻെറ ഒരു ദായാദിയുടെ ഒരു ചെറിയ രണ്ടുനിലവീട് വാടകയില്ലാതെ തരാമെന്നു പറഞ്ഞു.

## പിശാചുബാധിതവീട്

ആത്മാവ്, ദൈവം, പിശാചു മുതലായ അശരീരിസത്വങ്ങളൊന്നും ഇല്ലെന്ന ദൃഢാഭിപ്രായമുള്ള ആളാണു ഞാൻ എന്നു മനസ്സിലാക്കിയതുകൊണ്ട്, പിശാചുബാധിതമെന്ന നിലയിൽ വാടക കൊടുക്കാനോ, വിററാൽ വാങ്ങാനോ, വാടകകൂടാതെ കൊടുത്താൽപോലും താമസിക്കാനോ ആളില്ലാതെ മൂന്നുനാലുകൊല്ലങ്ങളായി വെറുതെ കിടക്കുന്ന വീടായിരുന്നു അതു്. ഞാൻ വീടെല്ലാം തുറന്നുകണ്ടു. വീട്ടിനു തൊട്ടു മുൻവശത്തു് ഒരു ആഫീസുമുറി പണിതുതന്നാൽ ആ മുറിക്കു വാടകകൊടുത്തു് ആ വീട്ടിലേയ്ക്കു് എൻെറ താമസം മാററാമെന്നു ഞാൻ സമ്മതിച്ചപ്രകാരം ആഫീസുമുറി പണിതീർന്നതോടെ ആ പിശാചുബാധിതവീട്ടിൽ ഞാൻ എൻെറ ഭാര്യയും രണ്ടു ചെറിയ കുട്ടികളും ഒരു വേലക്കാരനുമായി യാതൊരലട്ടുമില്ലാതെ താമസമായിട്ടു ഒരു വർഷം തികഞ്ഞിരുന്നില്ല. ആ വീട് ഇരിങ്ങാലക്കുടയിലെ വലിയങ്ങാടിയിൽ തെക്കെ വരിയിലാണു്. അതിനു സമീപം വടക്കേ വരിയിൽ ഒളശ്ശ (കോട്ടയം) ക്കാരൻ ജോൺ തരകൻ എന്ന പി. ഡബ്ളിയൂ. ഡി. ഓവർസിയർ കുടുംബമായി മറ്റൊരു വീട്ടിൽ വാടകയ്ക്കു താമസിച്ചിരുന്നു. ഞങ്ങഠം ഇരുവീട്ടുകാരും യക്കോബായ

സമുദായക്കാരും സുഹൃത്തുക്കളുമാണ്. അങ്ങനെയിരിക്കെ തരകൻ താമസിക്കുന്ന വീട്ടിൽ നിരന്തരമായി ചാത്തന്റെ ഉപദ്രവം തുടങ്ങി.

## ചാത്തൻെറ ഉപദ്രവം

ഉച്ചയ്ക്കുള്ള ചോറ് അടപ്പുത്തു തിളച്ചുമറിയുമ്പോൾ അതിൽ നിന്നു അമേദ്ധ്യത്തിൻെറ നാററം പുറപ്പെട്ടും. അതിനു കാരണമെന്തെന്നറിയാൻ തരകൻെറ സിൽബന്ധികളും അയൽക്കാരുംകൂടി അടുപ്പത്തുനിന്നു് കഞ്ഞി വാങ്ങി മിററത്തുകൊണ്ടുപോയി കമഴ്ത്തി തിരഞ്ഞുനോക്കിയാലാണു ചോറിൻെറ കൂട്ടത്തിൽ ഒരു ഉണക്കക്കഷണം കിടക്കുന്നതുകാണുക. ആ കഷണം ഒരു കോലുകൊണ്ടു തല്ലി ഉടച്ചാലാണ് അതു് അമേദ്ധ്യമാണെന്നു് മനസ്സിലാകുന്നതു്. വീട്ടുടമസ്ഥൻ പുല്ലോക്കാരൻ അന്നൊരു നല്ല കച്ചവടക്കാരനും പുതിയ ധനികനുമാണ്. അയാൾ ചാത്തൻസേവകൊണ്ടാണ് പണക്കാരനായതെന്നും, ചാത്തനുകൊടുക്കേണ്ട കപ്പം മുടക്കിയതിനാലാണ് ഈ ഉപദ്രവം ആരംഭിച്ചതെന്നുമായി അങ്ങാടിക്കാരുടെ സംസാരം. അതിനു ബദലായി പുല്ലോക്കാരൻ പറഞ്ഞുപരത്തിയതു് അതു തരകൻെറ ചാത്തൻ തന്നെയാണെന്നാണ്. ഈ ചാത്തൻെറ വിക്രിയ കാണാനും തരകൻെറ കുടുംബത്തിനു സഹായമായും ഞാനും പോയിരുന്നു. ഈ സംഭവം 1928 ഏപ്രിൽ മാസത്തിലാണുണ്ടായതു്. അപ്പോൾ കോടതി അടപ്പായിരുന്നതിനാൽ എൻെറ ഭാര്യയും കുട്ടികളും അവരുടെ വീടായ കോട്ടയം അയ്മനത്തേയ്ക്കുപോയി. ചില ക്രിമിനൽ കേസ്സുകൾ തുടർന്നു നടത്തുവാനുണ്ടായിരുന്നതുകൊണ്ടു് ഞാനും വേലക്കാരനും മാത്രമായി എൻെറ വീട്ടിൽ. തരകൻെറ വീട്ടിലെ ചാത്തനെ അന്വേഷിച്ചുപിടിക്കുന്ന കാര്യത്തിൽ കൂടുതൽ സമയം വിനിയോഗിക്കുവാൻ എനിക്കു സൗകര്യവും സമയവും കിട്ടി.

## എൻെറ സംശയം

എൻെറ ജന്മവീട്ടു് തൃപ്പൂണിത്തുറയാണ്. അവിടെ എൻെറ വീടിനുസമീപം ചാത്തൻെറ അമേദ്ധ്യമേറു് രാത്രി സുമാർ 8 മണി

ക്കണ്ടാവുകയും അമേദ്ധ്യം മുകളിൽനിന്നു റോഡിൽ വന്നുവീഴുന്നതിനു സമീപം ആളുകറം കൂട്ടുകയും ചെയ്തിരുന്നേടത്തു് ഏകദേശം 12 വയസ്സുള്ള ഞാനും ചെല്ലമായിരുന്നു. അവിടെ വന്നുവീണിരുന്നതു് പച്ചഅമേദ്ധ്യം ചിരട്ടക്കഷ്ണത്തിന്നോ, മാറോടിൻ കഷ്ണത്തിലോ ആണു്. ഇവിടെ കഞ്ഞിയിൽ കാണുന്നതു് ഉണക്കക്കഷ്ണംമാത്രവും, ചിലപ്പോറം അമേദ്ധ്യം എന്നു തെററിദ്ധരിച്ച ഉണക്ക ചാണകക്കഷ്ണവും കണ്ടിരുന്നു. അതിൽനിന്നു് ഒരു മനുഷ്യകൈ ആണു് ഈ കാര്യത്തിൽ പ്രവർത്തിക്കുന്നതെന്ന എൻെറ അനുമാനത്തിൽ, ആ മനുഷ്യൻ ആരാണെന്നു കണ്ടുപിടിക്കാൻ ശ്രമിക്കയായിരുന്നു ഞാൻ. തരകൻ താമസിക്കുന്ന വീടിരിക്കുന്ന പറമ്പു് വൃക്ഷനിബിഡവും വലുതും ആണു്. തരകൻ വരുമ്പോറം അവിടെ മലവിസർജ്ജനത്തിനു കക്കൂസില്ല. അവിടെ താമസിച്ചിരുന്നവർ പറമ്പിൻെറ വിവിധ ഭാഗങ്ങളാണു് മലവിസർജ്ജനത്തിനുപയോഗിച്ചതു്. തരകൻ കൂലിക്കെട്ടതിനുശേഷമാണു് ഒരു കുഴിക്കക്കൂസുണ്ടാക്കി മറച്ചുകെട്ടി ഉപയോഗിച്ചു തുടങ്ങിയതു്. ഈ ഉണക്കക്കഷ്ണം പറമ്പിൽനിന്നെടുത്തു് അടുപ്പത്തുള്ള കഞ്ഞിയിൽ ഇടുന്നതാരാണെന്ന എൻെറ അന്വേഷണത്തിൽ അതുചെയ്യുന്നതു് തരകൻ ഒളശ്ശയിൽനിന്നുകൊണ്ടുവന്ന 13 വയസ്സുള്ള വേലക്കാരിപ്പെണ്ണാണെന്നായിരുന്നു എൻെറ നിഗമനം. ഈ വിവരം ഞാൻ തരകനെ അറിയിച്ചു. ആ വേലക്കാരിയുടെ പെരുമാററമൊന്നു സൂക്ഷിക്കണമെന്നും പറഞ്ഞു. 'അതു ചാത്തൻതന്നെയാണെന്നതിനു സംശയമൊന്നുമില്ല — വക്കീലിൻെറ സംശയം തീർത്തും അസ്ഥാനത്താണു്' എന്നായിരുന്നു മറുപടി.

## എൻെറ പരീക്ഷണം

'ഞാനൊന്നു പരീക്ഷിക്കട്ടെ. ഒരു ദിവസം ഞാനിവിടെ താമസിക്കാം. തരകനും കുടുംബവും എൻെറ വീട്ടിലേയ്ക്കൊന്നു മാറാമോ ?' എന്നു ഞാൻ ചോദിച്ചു. തരകൻ സമ്മതിച്ചു. പിറേറ ദിവസം ഞാനും വേലക്കാരനും തരകൻെറ വീട്ടിലേയ്ക്കും, തരകനും

കുടുംബവും എന്റെ വീട്ടിലേയ്ക്കും രാവിലെതന്നെമാറി. 'വേലക്കാരി ആ വീട്ടിൽനിന്നു പുറത്തുപോകുന്ന സമയങ്ങൾ മാത്രം നിങ്ങൾ നോട്ടംചെയ്യണം' എന്നു തരകന്റെ ഭാര്യയെ ഞാൻ ശട്ടംകെട്ടി. ദിവസവും ഒന്നിലധികം ചാത്തൻസംഭവങ്ങൾ ഉണ്ടാകാറുള്ള അന്നു് സന്ധ്യവരെ യാതൊന്നും ഉണ്ടായില്ല. ഉച്ചയ്ക്കൂണുകഴിഞ്ഞു് ബാക്കിവെച്ചിരുന്ന ചോറിൽ സന്ധ്യസമയത്തു് ഒരു ഉണക്കചൊണ കക്ഷണം കണ്ടു. ഉടനെചെന്നു് തരകന്റെ ഭാര്യയോടുചോദിച്ചപ്പോൾ 'ഞാൻ അവിടെ കരുതിവെച്ചിട്ടുള്ള കുറെ ഓലക്കൊടി എടുത്തുകൊണ്ടുവരുവാൻ വേലക്കാരിയെ അങ്ങോട്ടയച്ചു' എന്നു പറഞ്ഞു. എന്റെ നിഗമനം ശരിയാണെന്നു് തരകന്റെ ഭാര്യയും സമ്മതിച്ചു. അപ്പോൾ തരകൻ സർക്കീട്ടിൽനിന്നും മടങ്ങിവന്നിരുന്നില്ല. പിറ്റേദിവസം എന്റെ പരീക്ഷണം മതിയാക്കി ഞങ്ങൾ അവരവരുടെ വീട്ടിലേയ്ക്കുതന്നെ മാറി.

## തരകന്റെ ഭയം

'തന്റെ വേലക്കാരിയാണു് ചാത്തൻ എന്ന വസ്തുത പുറത്തുവിട്ടാൽ ഈ നാട്ടുകാർ ചാത്തൻ എന്റേതാണെന്നേ മനസ്സിലാക്കു-ഏതായാലും ഞാൻ ഈ വീടു് രണ്ടു ദിവസത്തിനകം മാറുകയാണു്. വേലക്കാരിയെ ഞങ്ങൾ കരുതലോടെ നോക്കുകയും ചെയ്യാം. അതുകൊണ്ടു് വക്കീലിന്റെ കണ്ടുപിടുത്തം പുറത്തുവിടരുതു്' എന്നു പറഞ്ഞതു് ഞാനും പാലിച്ചു. രണ്ടുദിവസത്തേയ്ക്കു് അവിടെ ചാത്തന്റെ ഉപദ്രവം ഉണ്ടായില്ല. ആ അങ്ങാടിയിൽത്തന്നെ മറ്റൊരു വീട്ടിലേയ്ക്കു് തരകൻ താമസം മാററി. ഒരാഴ്ചക്കകം ഓല മേഞ്ഞിരുന്ന ആ വീടിന്റെ മേല്പുര തീപിടിച്ചു കത്തിനശിച്ചു. എല്ലാ മുറികളും മീതെ മണ്ണിട്ടു തല്ലിമെഴുകിയ തട്ടുണ്ടായിരുന്നതിനാൽ മററു നഷ്ടമൊന്നും പറ്റിയില്ല. തീപിടിത്തസമയം തരകൻ സർക്കീട്ടിലായിരുന്നു. അന്നുവൈകുന്നേരം തരകൻ എത്തിയശേഷം എങ്ങനെയാണു്, എവിടുന്നാണു് തീപിടിത്തം ആരംഭിച്ചതെന്നു ഞങ്ങൾ ഇരുവരുംകൂടി ഒരു പരിശോധന നടത്തി. തരകന്റെ താമസത്തിനുവേണ്ടി പുരമേച്ചിൽ പുതുക്കിനടത്തിയതിന്റെഫലമായി പഴയോലക്കെട്ടുകൾ

അട്ടക്കളയുടെ പിന്നിൽ ചുമരിൽ ചാരിവെച്ചിരുന്ന ഒരു കെട്ടിൽ നിന്നാണ് തീ അരംഭിച്ചതെന്നതിനു മററുതെളിവുകളുടെ കൂട്ടത്തിൽ കത്തിത്തീർന്നിരുന്ന ആ ഓലക്കെട്ടിൻെറ അടിയിൽ കത്തിയ പഴന്തുണിക്കഷ്ണത്തിൽ കരിക്കട്ട കണ്ടു. ഉച്ചതിരിഞ്ഞു തരകനും കുട്ടികളും ഇല്ലാതിരുന്നസമയം തരകൻെറ ഭാര്യ വിശ്രമിക്കുകയായിരുന്നപ്പോഠം വേലക്കാരിപ്പെണ്ണ് അടുപ്പിൽനിന്ന് തീക്കനൽ പഴന്തുണിയിൽ എടുത്ത് പഴയോലക്കെട്ടിൻെറ അടിയിൽ വെച്ചതിൽനിന്നാണ തീപിടിത്തം ആരംഭിച്ചത്. പിറ്റേദിവസംതന്നെ ആ പെണ്ണിനെ തരകൻ ഒല്ലൂരിയിൽ അവളുടെ വീട്ടിൽ കൊണ്ടുപോയാക്കി. അതോടെ ആ ചാത്തനുപദ്രവം അവസാനിച്ചു. അതിൽപിന്നെയാണ് എവിടെ ഏതുതരം ചാത്തനുപദ്രവം ഉണ്ടായാലും അതു നിറുത്തിക്കൊടുക്കാനുള്ള കഴിവ് ഞാൻ നേടിയത്.

## പോഠംടെർഗീസ്റ്റ് (Polter geist)

ചാത്തനുപദ്രവം കേരളത്തിൽ മാത്രമുള്ള ഒരു പ്രതിഭാസമല്ല ലോകത്തിൻെറ എല്ലാ ഭാഗങ്ങളിലും അതുണ്ട്. അതിനു ഇംഗ്ലീഷിലുള്ള പേരാണ് പോഠംടെർഗീസ്റ്റ് എന്നതു്. ഈ പദത്തിൻെറ വ്യുത്പത്തി ജർമ്മൻഭാഷയിൽനിന്നാണ്. യൂറോപ്പിലെ മിക്ക ഭാഷകളിലും ചാത്തനെ പോഠംടെർഗീസ്റ്റ് എന്നുതന്നെയാണ് പറയുന്നതെന്നു തോന്നുന്നു. അതു് വികൃതിത്തരം ചെയ്യുന്ന ഒരു ഭൂതമാണെന്ന വിശ്വാസം ഇന്നും ഏറെക്കുറെ എല്ലാ പാശ്ചാത്യരാജ്യങ്ങളിലും നിലനില്ക്കുന്നുണ്ട്. 18-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സുപ്രസിദ്ധ ബുദ്ധിമാനും സാഹിത്യകാരനുമായിരുന്ന ഡോക്ടർ സാമുവൽ ജോൺസൺ (1709-1784) ലണ്ടനിലെ ഒരു ഗൃഹത്തിൽ പ്രകടനം നടത്തിയിരുന്ന ചാത്തൻ, ആ ഗൃഹത്തിലെ ഒരു വ്യക്തിയാണെന്നു് കണ്ടുപിടിച്ചു. അതിൽപിന്നെയാണ് ചാത്തൻസംഭവം ഒരു താല്ക്കാലികമായ ലഘു മനോരോഗ ബാധയുടെ ഫലമാണെന്നുള്ള വസ്തുതയ്ക്ക് അല്പമെങ്കിലും പ്രസക്തി അഭ്യസ്തവിദ്യരുടെ ഇടയിൽ ലഭിച്ചിട്ടുള്ളതു്. കേരളത്തിൽ എൻെറ സഹായം ആവശ്യപ്പെട്ടിട്ടുള്ള ഒട്ടേറെ

ചാത്തനുപദ്രവങ്ങൾ അതു പ്രവർത്തിക്കുന്ന വ്യക്തിയെ കണ്ടുപിടിച്ച് ഞാൻ മുഖാന്തിരം നിർത്തിക്കൊടുത്തിട്ടുണ്ട്. ഒന്നിലും ഇതേവരെ പരാജയം സംഭവിച്ചിട്ടില്ല.

## മനോവൈകല്യം

ചാത്തനുപദ്രവം എന്നു പറയപ്പെടുന്നതു് എപ്പോഴും ഒരു താല്ക്കാലിക മനോവൈകല്യം (A temporary mental aberration) ബാധിക്കുന്ന മനുഷ്യവ്യക്തിയുടെ പ്രവർത്തനമാണ്. അതു് കൂടുതൽ മൂന്നു മാസത്തിലധികം നീണ്ടുനില്ക്കുന്നതായി കണ്ടിട്ടില്ല. ഒന്നും ചെയ്തില്ലെങ്കിലും കുറച്ചുമാസങ്ങൾ കഴിയുമ്പോൾ അതു താനേ ഇല്ലാതാകും. അതു ചെയ്യുന്ന കുടുംബാംഗം ആരെന്നന്വേഷിച്ചാൽ ആളെ തിരിച്ചറിയാനോ കണ്ടുപിടിക്കാനോ പ്രയാസമില്ല. 98 ശതമാനവും പ്രസ്തുത വൈകല്യം ബാധിക്കുന്നതു സ്ത്രീകൾക്കാണ്. 5 വയസ്സുമുതൽ 50 വയസ്സുവരെയുള്ളവർക്ക് ഈ വൈകല്യം ബാധിച്ചതായി കണ്ടിട്ടുണ്ട്. അവർ ചിലപ്പോൾ ഒരു ജാലവിദ്യക്കാരന്റെ സാമർത്ഥ്യത്തോടെ ഗോപ്യമായിട്ടായിരിക്കും പ്രവർത്തിക്കുന്നതു്. പ്രവർത്തിക്കുന്ന ആളെ മനസ്സിലാക്കിയെന്നോ, താനാണെന്നു സംശയിച്ച് തനിക്കവർ കാവലിടുന്നു എന്നോ ആ വ്യക്തി അറിഞ്ഞാലും ഉപദ്രവം ഇല്ലാതാകുന്നതാണ്.

—•—

## ഊരകത്ത്

# അത്ഭുതം പ്രവർത്തിച്ച ചാത്തൻ

വർഷങ്ങൾക്കുമുമ്പ് എനിക്ക് ഒരു അപരിചിത സുഹൃത്തിൻെറ ഒരു കത്തു കിട്ടി. തൃശ്ശൂരിനടുത്ത് ഊരകത്ത് ഹെൽത്തുസെൻററിനു തൊട്ട് തെക്കേതായ പണ്ടാരൻ സുബ്രഹ്മണ്യന്റെ വീട്ടിൽ ചാത്തന്റെ ഉപദ്രവം നടന്നു കൊണ്ടിരിക്കയാണെന്നും, അതുമൂലം അവിടെ ഉണ്ടാക്കിയിരുപ്പുള്ള അവരുടെ പപ്പടം ആരും വാങ്ങാതെയും, പപ്പടം ഉണ്ടാക്കുന്ന അവരുടെ തൊഴിൽ നടത്താൻ സാധിക്കാതെയും ആ കുടുംബം കഷ്ടപ്പെടുകയാണെന്നും അതുകൊണ്ട് ഞാൻ അവിടെ ചെന്നു ആ വീട്ടിലെ ചാത്തന്റെ ഉപദ്രവം ഇല്ലാതാക്കികൊടുത്ത് ആ കുടുംബത്തെ രക്ഷിക്കണമെന്നുമായിരുന്നു. ആ കത്തിന്റെ ഉള്ളടക്കം. തെക്കുവടക്കു റോഡിൻെറ കിഴക്കെ വശമാണ് വീട്. അതിനു ഒരു മുറിയും, അതിൻെറ തെക്കും വടക്കും ഓരോ ചായ്പും, വടക്കെ ചായ്പിനു പിന്നിൽ അടുക്കളയുമേ ആ വീടിനുള്ളു. ഓടിട്ടതും മുറിക്കൊന്നിനും തട്ടില്ലാത്തതുമാണ് വീട്. കഞ്ഞി വെന്തുവരുമ്പോൾ അതിൽ കല്ലും, മണ്ണും, ചപ്പും, ചവറും ചാത്തൻ വാരിയിട്ടു കുടിക്കാൻ കൊള്ളരുതാത്തതാക്കുകയും, നടുവിലെ മുറിക്കുമീതെ ചാത്തൻ എറിയുന്ന കല്ല്, ഓട് ഉടയുകയോ തുളയുകയോ ചെയ്യാതെ മുറിയ്ക്കകത്തു വീഴുകയും ചെയ്യുന്ന അത്ഭുതമാണ് അവിടെ നടക്കുന്നത്. താൻ ആ മുറിയുടെ വാതില്ക്കൽ ചെന്നുനിന്ന് അല്പസമയത്തിനുള്ളിൽ ഓരോന്നായി നാലു കല്ലുകൾ ഓട്ടിൻപുറത്തു വീണതു ഓട് ഉടയുകയോ തുളയുകയോ ചെയ്യാതെ മുറിക്കകത്ത് വീഴുന്നതു കണ്ടു എന്നും അങ്ങനെ വീണ പത്തറുപതു കല്ലുകൾ അവർ പെറുക്കിയെടുത്ത് സൂക്ഷിച്ചിട്ടുണ്ട് എന്ന വിവരവും സുഹൃത്തിൻെറ കത്തിലുണ്ട്. ചാത്തനെന്നോ, പ്രേതമെന്നോ, ദൈവപിശാചുക്കളെന്നോ പറയുന്ന അശരീരികളൊന്നും ഇല്ലെന്നും അവ വെറും അന്ധവിശ്വാസങ്ങളാ

ണെന്നും 'യുക്തിവാദി'യിലൊ മററൊ ഞാൻ എഴുതീട്ടുള്ളതു വായി ച്ചിട്ടുള്ള ആളാണു് ആ കത്തെഴുതിയ അപരിചിതൻ.

## വീട്ടുകാർ ആവശ്യപ്പെടണം

ചാത്തൻെറ ഉപദ്രവം നിർത്തികൊടുക്കണമെന്നു ആ വീട്ടുകാർ ആവശ്യപ്പെട്ടാൽമാത്രം അന്നുതന്നെ മടങ്ങി എത്താവുന്നദൂരം ഉള്ള സ്ഥലങ്ങളിലെ ഞാൻ പോകാറുള്ളു. അതുകൊണ്ടു് കത്തനുസരിച്ചു ഒന്നും ചെയ്തില്ല. രണ്ടു ദിവസം കഴിഞ്ഞു് ഒരു ഞായറാഴ്ച പണ്ടാരൻ സുബ്രഹ്മണ്യന്റെ ഒരു മരുമകനും സമീപസ്ഥനായ ഒരു ഗോപാലൻനായരും കൂടി എൻെറ അടുത്തുവന്നു് എന്നോടു ചെന്നു് ആ ഉപദ്രവം ഇല്ലാതാക്കികൊടുക്കണമെന്നും അതിനു കാറുപിടിച്ചു് എന്നെ കൊണ്ടുപോകാൻ ഒരുങ്ങിയാണവർ വന്നിട്ടുള്ളതെന്നും പറഞ്ഞു.

## വിശദവിവരങ്ങൾ

ഞാൻ അവരോടു ആ വീട്ടിലെ അംഗങ്ങളെയും അവിടെ നടക്കുന്ന സംഭവങ്ങളെയുംപ്പററിയുള്ള വിശദവിവരങ്ങൾ ചോദിച്ചു് മനസ്സിലാക്കി. വീട്ടുടമസ്ഥൻ സുബ്രഹ്മണ്യനു സുമാർ 60 വയസ്സും ഭാര്യ കുഞ്ചിക്കു് 55 വയസ്സും ഉണ്ടു്. സ്ത്രീകളായി കുഞ്ചിയുടെ 80 വയസ്സുള്ള അമ്മയും, മകൻ വീരഭദ്രൻെറ ഭാര്യ 22 വയസ്സുള്ള തങ്കമണിയും മാത്രമേയുള്ളു. മക്കളായി വീരഭദ്രനെക്കൂടാതെ 16ഉം, 12ഉം വയസ്സുള്ള രണ്ടാൺകുട്ടികളുമുണ്ടു്. എന്തോ മനോവൈകല്യംമൂലം തങ്കമണിയാണിതു ചെയ്യുന്നതെന്നു ഒരു സംശയവുംകൂടാതെ ഞാൻ അനുമാനിച്ചു. നിങ്ങൾചെന്നു് തങ്കമണിയെ അവളുടെ വീട്ടിലേക്കയക്കുക. പിന്നെ ഇവിടെ ഉപദ്രവമൊന്നും ഉണ്ടാവില്ല. ഉണ്ടായാൽ ഞാൻ വന്നു ഇല്ലാതാക്കിത്തരാം എന്നു പറഞ്ഞു.

ഈ ഉപദ്രവങ്ങൾ തുടങ്ങിയിട്ടു് ഒന്നര മാസത്തിലധികമായി. ജോത്സ്യന്മാക്കും, മന്ത്രവാദികൾക്കും, ക്ഷേത്രങ്ങൾക്കുമായി 300_ൽ അധികം ഉറുപ്പിക ചിലവുചെയ്ത അവർ കടംകൊണ്ടു് കഴഞ്ഞിരിരിക്കയാണു്. അവിടെ ഇപ്പോൾ അമ്പതോളംപേർ കൂടിയിട്ടുണ്ടു്,

അവരാണ് ഞങ്ങളെ ഇങ്ങോട്ടു പറഞ്ഞയച്ചതു്. അവരിൽ ഒരു ചെറിയ ന്യൂനപക്ഷം പേരേ എം. സി. വന്നാൽ ഈ ഉപദ്രവം ഇല്ലാതാക്കി തരുമെന്നഭിപ്രായമുള്ളവരുള്ളു. തങ്കമണിയെ അവിടന്നു മാററിയാൽ ഉപദ്രവം ഇല്ലാതാകുമെന്നു് എം. സി. പറഞ്ഞയച്ചുവെന്നു് പറഞ്ഞാൽ അവിടെ ആക്കും തൃപ്തിയാകുകില്ല, അതനുസരിക്കയുമില്ല. അതുകൊണ്ടു് ഞാൻ അവരുടെകൂടെ ചെല്ലുക തന്നെ വേണമെന്നു് ശഠിച്ചതനുസരിച്ചു് അവിടെചെന്നു.

## എൻെറ നിഗമനം

ഞാൻ അവിടെ എത്തിയ ഉടനെ വീടിൻെറ മുററത്തും റോഡരുകിലുമായി ഇരുന്നിരുന്ന അമ്പതോളം പേരുടെ ഇടയിൽക്കൂടി കല്ലുവീഴുന്ന മുറിയിൽ കയറിനോക്കി. ആ മുറിയിൽ അന്യരാരും കേറമായിരുന്നില്ല ചെറിയ കല്ലിനു പകരം വലിയ കല്ലോ, അമേദ്ധ്യമോ വീണെങ്കിലോ എന്നായിരുന്നു ഭയം. തെക്കെചായ്പിൽനിന്നു ഈ മുറിയിലേക്കു കല്ലെറിയത്തക്ക ജനലയോ, വാതിലോ ഇല്ല. വടക്കേചായ്പിലേക്കു ഒരു വാതിൽ മാത്രമുണ്ടു്. ആ ചായ്പിൽനിന്നു ഒരാം നടുമുറിയിൽ മേല്പോട്ടു കല്ലെറിഞ്ഞാൽ മേഞ്ഞിരിക്കുന്ന ഓടിൻെറ അകപ്പശത്തുകൊണ്ടു നേരെ താഴോട്ടു വീഴുന്നതായിരിക്കാം സംഭവമെന്നും അതു ചെയ്യുന്നതു തങ്കമണി ആയിരിക്കാമെന്നും ഞാൻ ഊഹിച്ചു. ഈ കല്ലേറ പകൽസമയത്തു മാത്രമേയുള്ളു. രാത്രിയിലില്ല. ഓടിന്മേൽ കല്ലുകൊള്ളുന്ന ശബ്ദം പുറത്തുനില്ക്കുന്നവർ കേൾക്കുമ്പോൾ പുറമേനിന്നു മേൽപ്പുരയുടെ ഓട്ടിൻപുറത്തു വന്നു വീണ കല്ലെന്നു തെററിദ്ധരിച്ചുപോകുന്നതാവാം.

## തങ്കമണിയുടെ മനഃസ്ഥിതി

ഞാൻ തങ്കമണിയെ കാണണമെന്നു ആവശ്യപ്പെട്ടപ്രകാരം തങ്കമണിയെ കാണിച്ചുതന്നു, തങ്കമണി ഗർഭവതിയായി വയർ വീർത്തിരിക്കുന്നു. ഇതുഗർഭം 7_ാം മാസമാണു്. ആദ്യത്തെ ഗർഭമല്ല, രണ്ടാമത്തേതാണു്. ആദ്യഗർഭം 10 മാസം കഴിഞ്ഞിട്ടും പ്രസവലക്ഷണമൊന്നും കാണാത്തതിനാൽ തൃശ്ശൂർ സിവിൽ ആസ്പത്രിയിൽ കൊണ്ടു

ചെന്നു പരിശോധിപ്പിച്ചു. അതു യഥാർത്ഥഗർഭമല്ലെന്നും അന്യത ഗർഭം (Flase pregnancy) ആണെന്നുപറഞ്ഞു വയററിൽനിന്നും കുറെ വായു വലിച്ചെടുത്തു വയറൊട്ടിച്ചു ഡോക്ടർ പറഞ്ഞയക്കുക യാണുണ്ടായതു്. ഇത്രയും വിവരങ്ങൾ തങ്കമണിയിൽനിന്നറിഞ്ഞു. മേല്പറഞ്ഞതിൽനിന്നു ഈ രണ്ടാമത്തെ ഗർഭവും ആദ്യത്തേതുപോലാകുമോ എന്ന ശങ്കയും തന്മൂലം ഹിസ്റ്റീരിയാപ്പോലുള്ള മതിഭ്രമവും തങ്കമണിക്കുണ്ടാകാവുന്നതാണു്. തങ്കമണിക്കു ബാധിച്ചിരിക്കുന്ന താല്ക്കാലിക മനോവൈകല്യം (A temporary mental oberration) മൂലം തങ്കമണി നടത്തുന്നതാണു് ഈ ചാത്തൻകളി എന്നതിനു കൂടുതൽ ദൃഢീകരണമാണു് ലഭിച്ചതു്. ചാത്തനായി പ്രവൎത്തിക്കുന്നതു് താനാണെന്നു മററുള്ളവർ തിരിച്ചറിയുന്നു എന്നു വന്നാൽ താനേ മാറുന്നതാണു് പ്രസ്തുതമനോവൈകല്യം. അതുകൊണ്ടു് "തങ്കമണിയെ വിളിച്ചു് തങ്കമണിയാണീ ഉപദ്രവങ്ങൾ ചെയ്യുന്നതെന്നു ഞാൻ കണ്ടുപിടിച്ചു എന്നും മേലിൽ അങ്ങനെ ചെയ്യരുതെന്നും സ്വകാര്യമായി പറയാൻ" ഞാൻ ഭൎത്താവു് വീരഭദ്രനോടു പറഞ്ഞു. തങ്കമന്നി ആ വീട്ടിൽ വളരെ രമ്യതയോടെയാണു് പെരുമാറുന്നതെന്നും അവളൊരിക്കലും അപ്രകാരം പ്രവൎത്തിക്കയില്ലെന്നും തങ്കമണിയല്ല അതു പ്രവൎത്തിക്കുന്നതെന്നും എന്നെ ബോദ്ധ്യപ്പെടുത്താമെന്നുമായിരുന്നു വീരഭദ്രൻെറ മറുപടി.

## വീരഭദ്രൻെറ ശ്രമം

'ചാത്തൻെറ കല്ലേറൊന്നു കാണട്ടെ' എന്നു് ആരെങ്കിലും മുൻവശം മുററത്തുനിന്നു ചാത്തനെ വെല്ലുവിളിച്ചാൽ അഞ്ചു മിനിട്ടിനകം ഓട്ടുമ്പുറത്തു കല്ലുവീഴുന്ന ശബ്ദം കേൾക്കുകയും മുറിയിൽ കല്ലുവീഴുന്നതു കാണുകയും ചെയ്യാമെന്നു വീരഭദ്രൻ പറഞ്ഞു. വീടിൻെറ പിൻവശം ഇറയത്തു തങ്കമണിയെ വിളിച്ചുനിൎത്തി. തങ്കമണി അവിടെനിന്നനങ്ങുന്നുണ്ടോ എന്നു ഞാൻ കാവൽ നില്ക്കുമ്പോൾ വീരഭദ്രൻ മുൻവശത്തുചെന്നു ചാത്തനെ വെല്ലുവിളിച്ചു 5 മിനിററിനുപകരം 15 മിനിററുനേരം വെല്ലുവിളി നടത്തിയിട്ടും ചാത്തൻ യാതൊരു കല്ലും എറിഞ്ഞില്ല.

## വിശ്വാസത്തിൻെറ മാക്കടമുഷ്ടി

കല്ലേറുണ്ടാകാഞ്ഞു് വിഷണ്ണനായ വീരഭദ്രൻ എൻെറ അടുത്തുവന്നു പറയുകയാണ്. "ഇന്നലെ ഞങ്ങൾ ഒരു അടക്കം വെപ്പിച്ചിട്ടുണ്ടു് അതാണിന്നു കല്ലേറുണ്ടാകാത്തതു്" എന്നു്. "എന്നെ വിളിക്കാൻ വന്നവർ ഇന്നുകാലത്തും ഇവിടെ കല്ലേറുണ്ടായി എന്നു പറഞ്ഞല്ലോ" എന്നു ഞാൻ ഓർമ്മിപ്പിച്ചു. "ഇന്നലെ രാത്രി അടക്കം വെച്ചാൽ അതിൻെറ ഫലം ഇന്നു കാലത്തുതന്നെ ഉണ്ടായില്ലെന്നും, ഉച്ചയായ ഇപ്പോളേ ഉണ്ടായുള്ളു എന്നു വരാമല്ലോ." എന്നായിരുന്നു അയാളുടെ സമാധാനം. "തങ്കമണിയോടു പറയാൻ നിങ്ങൾ തയ്യാറില്ലെങ്കിൽ ഞാൻതന്നെ പറയാം" എന്നു പറഞ്ഞു ഞാൻ തങ്കമണിയെ വിളിച്ചു ഒററയ്ക്കു മാറ്റി നൎത്തി. "തങ്കമണിക്കു് ഒരു ലഘുമനോരോഗം ബാധിച്ചിട്ടുണ്ടു്. അതുമൂലം തങ്കമണിതന്നെയാണ് അറിഞ്ഞോ അറിയാതെയോ കഞ്ഞിയിൽ കല്ലും മണ്ണും ഇട്ടു കുടിക്കാൻ വയ്യാതാക്കുന്നതും ചായ്പിൽ നിന്നു മുറിയിലേയ്ക്കു് കല്ലേറു നടത്തുന്നതും എന്നു് എനിക്കറിയാം. തങ്കമണിയുടെ മനസ്സിനെ തങ്കമണിതന്നെ അല്പമൊന്നു നിയന്ത്രിക്കുന്നപക്ഷം ഇതൊന്നും ചെയ്യാതെ കഴിക്കാം. തങ്കമണിയാണിതു ചെയ്തതു് എന്നു ഞാനാരോടും ഇപ്പോൾ പറയുന്നില്ല. ചാത്തനെ ഇവിടന്നു ഞാൻ ആവാഹിച്ചുകൊണ്ടുപോയെന്നേ പറയുന്നുള്ളു" എന്നു പറഞ്ഞിട്ടു പിന്നിൽനിന്നു ഒരു മുറിയിൽക്കൂടി കടന്നു മുൻവശത്തെ ഇറയത്തുവന്നു. അപ്പോൾ അവിടെ സുമാർ നൂറോളം ആളുകൾ കൂടിയിരുന്നു. അവരോടു് "ഇനി ഇവിടെ ചാത്തൻെറ ഉപദ്രവമൊന്നും ഉണ്ടാകില്ല. ചാത്തനെ പിടിച്ചു് ഞാൻ എൻെറ പോക്കററിലാക്കികൊണ്ടുപോകയാണ്" എന്നു പറഞ്ഞു ഇരിങ്ങാലക്കുടക്കു മടങ്ങി.

## എനിക്കു ദക്ഷിണ

പിറേറതിൻെറ പിറേറദിവസം കാലത്തു വീരഭദ്രനും തങ്കമണിയുടെ അച്ഛൻ വടക്കാഞ്ചേരിക്കാരൻ വേലായുധനും കൂടി എൻെറ അടുത്തുവന്നു. "സാർ വന്നുപോന്നതിൽ പിന്നെ കല്ലേറോ, കഞ്ഞി

യിൽ മാലിന്യമോ ഒന്നും ഉണ്ടായിട്ടില്ല. ഇനി ഇതുണ്ടാകാതിരിക്കാൻ ഞങ്ങളെന്തുചെയ്യണം." എന്നു ചോദിച്ചു. "നിങ്ങൾ തങ്കമണിയെ വടക്കാഞ്ചേരിക്കു കൊണ്ടുപോവുക. പ്രസവം കഴിഞ്ഞു ഇങ്ങോട്ടയച്ചാൽ മതി." എന്നു തങ്കമണിയുടെ അച്ഛൻ വേലായുധനോടു പറഞ്ഞു.

ഉദ്ദേശം 6 മാസം കഴിഞ്ഞ് വീരഭദ്രൻ ഒരു സഞ്ചിയും തൂക്കിപ്പിടിച്ചു ബസ്സിൽനിന്നിറങ്ങി എന്റെ അടുക്കൽ വന്നു "തങ്കമണി പെററണിററു കുട്ടിയുമായി ഊരകത്ത് എന്റെ വീട്ടിൽ വന്നിട്ട് ഏതാനും ദിവസമായി. തങ്കമണിയും കുട്ടിയും സുഖമായിരിക്കുന്നു. വീട്ടിൽ മററുപദ്രവമൊന്നുമില്ല. അല്പം ദക്ഷിണയുംകൊണ്ടാണ് ഞാൻ വന്നിരിക്കുന്നതു്" എന്നു പറഞ്ഞു രണ്ടുകെട്ടു പപ്പടവും അരപ്പറ പൊരിയും അവിടെ വെച്ചു. "ഞാൻ ദക്ഷിണയൊന്നും ആരിൽനിന്നും വാങ്ങുന്നില്ല" എന്നു പറഞ്ഞപ്പോൾ ഈ പച്ചപപ്പടവും പൊരിയും ഞങ്ങൾ ഉണ്ടാക്കിയതാണ്" എന്നു വിശദീകരണം നൽകി യാത്രപറഞ്ഞുപോയി. അതിപ്പിന്നെ ഒരിക്കൽ ഞാൻ ഇരിങ്ങാലക്കുടനിന്നു തൃശ്ശൂർക്കു പോകുന്നവഴി ഊരകത്തു വീരഭദ്രന്റെ വീട്ടിൽ ഇറങ്ങി തങ്കമണിയേയും കുട്ടിയേയും മററംഗങ്ങളേയും കണ്ടു കുശലം ചോദിച്ചുപോവുകയുണ്ടായി.

★

# ചാത്തൻെറ ചെയ്തികൾ

ചാത്തൻെറ വിക്രിയകൾ കേരളത്തിൽ മാത്രമല്ല, ലോകത്തിലെ വിവിധ രാജ്യങ്ങളിലേയും ജനസമൂഹങ്ങളിലും നടന്നുവരുന്നുണ്ട്. അതിനു് ഇംഗ്ലീഷിൽ, പോൾട്ടർഗീസ്റ്റ് (Poltergeist) എന്നാണു് പറയുന്നതു്. അതിപുരാതന കാലം മുതൽ പ്രസ്തുത പ്രതിഭാസം ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതു രണ്ടുതരമുണ്ടു്. വിരോധം കൊണ്ടോ, ഒരു കാര്യസാദ്ധ്യത്തിനു വേണ്ടിയോ ഒരാൾ മനഃപൂർവ്വം ചെയ്യുന്ന വിക്രിയ. (കൃത്രിമ ചാത്തൻ) 2) യാതൊരു കാര്യസാദ്ധ്യത്തിനുമല്ലാതെ ഒരു വ്യക്തിക്കു കുറച്ചുകാലം താൽക്കാലികമായുണ്ടാകുന്ന ലഘുമനോരോഗത്താൽ ചെയ്യുന്ന വിക്രിയ (യഥാർത്ഥ ചാത്തൻ) അതായാൾ പലപ്പോഴും ഒരു ചെപ്പടിവിദ്യക്കാരൻെറ സാമർത്ഥ്യത്തോടെ ചെയ്യുന്നതായി കാണാം. ഏതു ചാത്തൻ ഉപദ്രവവും പരിശോധിച്ചു ആളെ കണ്ടുപിടിക്കാൻ എന്നെ അനുവദിക്കുന്നതായാൽ ആ ചാത്തനാകുന്ന ആളെ ഞാൻ കണ്ടുപിടിച്ചു് സൗജന്യമായി ഉപദ്രവം നിർത്തിക്കൊടുക്കാമെന്നു് "യുക്തിവാദി"യിൽ വിജ്ഞാപനം ചെയ്യുകയുണ്ടായി. അതുപ്രകാരം 36 ചാത്തൻ ഉപദ്രവങ്ങൾ ഇതേവരെ ഞാൻ നേരിട്ടു കണ്ടുപിടിച്ചു നിർത്തികൊടുത്തിട്ടുണ്ടു്. ഒന്നിലും പരാജയം സംഭവിച്ചിട്ടുമില്ല. ഇപ്പോൾ ഞാൻ പ്രായാധിക്യം മൂലം അകലെ സ്ഥലങ്ങളിൽ അതിനായി പോകാറില്ലെങ്കിലും ഞാനുപദേശം നൽകി പ്രവർത്തിപ്പിച്ചു് ഉപദ്രവം നിറുത്താറുണ്ടു്. അങ്ങിനെയുള്ളവയെ വിവരിച്ചു് ഈ ലേഖനം ദീർഘിപ്പിക്കുന്നില്ല. എൻെറ ഉപദേശപ്രകാരം പ്രവർത്തിച്ചതിലും എല്ലാം വിജയിച്ചിട്ടുണ്ടു്. ഒന്നുപോലും പരാജയപ്പെട്ടിട്ടില്ല.

കൊരട്ടി കുഷ്ഠരോഗാശുപത്രി രക്ഷാസൈന്യക്കാരായ സായിപ്പന്മാരെകൊണ്ടു കൊച്ചി ഗവമ്മെണ്ടു് നടത്തിക്കുന്ന കാലം ദിവ്യശ്രീ എം. പി. പത്രോസ്സ് കത്തനാർ (പിന്നീടു് ഒസ്താത്തിയോസ്സ് മെത്രാൻ) സന്ദർശിച്ചു. ആ സന്ദർശനാവസരത്തിൽ അവിടത്തെ

മെഡിക്കൽ ഓഫീസറായ ഡോ: ചെറിയാൻ കുടുംബസഹിതം പാർത്തിരുന്ന ബംഗ്ലാവിൽ രാത്രിസമയം നിരന്തരമായ ചാത്തൻ കല്ലേറു നടന്നിരുന്നുവെന്നും അതു് നിർത്താൻ സൂപ്രണ്ടു സായിപ്പും മററുംകൂടി പ്രാർത്ഥനകഠം നടത്തുകയും സായിപ്പു ചാത്തനെ ഉദ്ദേശിച്ചു് മേൽപ്പോട്ടു വെടിവെക്കയും ചെയ്തിട്ടും ഉപദ്രവം നിന്നിട്ടില്ലെന്നും കത്തനാർ "മനോരമ"യിൽ എഴുതിയിരുന്നു. അതു കണ്ടു് എനിക്കു് ഒഴിവു കിട്ടിയ ഒരു ദിവസം ഞാൻ അവിടേയ്ക്കുപോയി. ഞാൻ അവരുടെ ഓഫീസിൽ ചെന്നു സായിപ്പിനെ കണ്ടു. അവിടത്തെ ചാത്തൻകാര്യം അന്വേഷിക്കാൻ ചെന്നതാണെന്നു പറഞ്ഞു. ഞാൻ ഒരു പത്രാധിപരാണെന്നറിഞ്ഞപ്പോഠം സായിപ്പുതന്നെ എന്നെ കൂട്ടിക്കൊണ്ടുപോയി. ചാത്തനേറുകൊണ്ട ചുമരിലെ പാടുകഠം കാണിച്ചുതന്നു. ഡോ: ചെറിയാൻ ചാത്തനേറു സഹിക്കാൻ വയ്യാതെ ഉദ്യോഗം രാജിവെച്ചു സ്ഥലം വിട്ടിരുന്നു. ബംഗ്ലാവിന്റെ ചുവരിൽ നിന്നും 49 അടി അകലെ പടിഞ്ഞാറു മുള്ളുകമ്പിവേലിയുള്ള അതിർത്തിയാണു്. അതിനപ്പുറം കുററിക്കാടുകഠം നിറഞ്ഞ ഒരു തരിശുഭൂമിയുണ്ടു്. അവിടെനിന്നെറിഞ്ഞാൽ ബംഗ്ലാവിൽകൊള്ളും. ഈ വസ്തുത ചൂണ്ടിക്കാണിച്ചുകൊണ്ടു് ഡോക്ടൎക്കു് ഇവിടെ ശത്രുക്കളുണ്ടോ എന്നു ചോദിച്ചു. ധാരാളം ശത്രുക്കളുണ്ടെന്നായിരുന്നു മറുപടി. ആ ഡോക്ടറെ പുറമേയുള്ള വീടുകളിലെ സാധാരണ രോഗികളെ ചികിത്സിക്കാൻ കൊണ്ടുപോകാറുണ്ടു്, അവരിൽനിന്നു് ന്യായമായ ഫീസു് കിട്ടണമെന്ന നിർബന്ധക്കാരനാണു് ഡോക്ടർ. അതുമൂലമാണു് ഡോക്ടൎക്കു് ശത്രുക്കളുണ്ടായതു്. പിശാചല്ല, ശത്രുവാണു് കല്ലെറിഞ്ഞിരുന്നതെന്നു് സായിപ്പിനു ബോദ്ധ്യമായതു് അപ്പോഴാണു്. പിശാചുണ്ടെന്നുള്ള വിശ്വാസമാണു്. കല്ലേറും മററും ചാത്തന്റെ പണിയാണെന്നു സാമാന്യജനങ്ങഠം വിശ്വസിക്കാനിടയാക്കുന്നതു്.

മറെറാന്നു് തിരുവനന്തപുരം സിററിപോലീസു് കമ്മീഷണർ ആയിരുന്ന മി. സൈമൺമാഞ്ഞൂരാന്റെ പിതാവു് ഹൈക്കോർട്ടു വക്കീൽ എറണാകുളത്തു താമസിച്ചിരുന്ന വാടക വീട്ടിൽ ഉണ്ടായ

ചാത്തന്റെ കല്ലേറാണ്. വക്കീൽ ആ വീട്ടിൽനിന്നു പോയാൽ വീടിനു കൂടുതൽ വാടകകിട്ടും. വക്കീലിനോട് കൂടുതൽ വാടക ചോദിക്കാനോ ഒഴിയാൻ കേസ്സുകൊടുക്കാനോ ഉടമസ്ഥനു ധൈര്യമില്ല. കുറച്ചു ദിവസം രാത്രിയിൽ പുരയ്ക്കുകല്ലേറു നടന്നു. ചാത്തനുണ്ടെന്നു വിശ്വാസമില്ലാത്ത വക്കീൽ കല്ലേറുവരുന്ന മുകളിലോട്ട് ടോർച്ചടിച്ചുനോക്കി. അപ്പോഴം തെങ്ങിൻ മുകളിൽ ഒരാറം കയറിയിരുന്നു കല്ലെറിയുകയാണെന്ന് കണ്ടുപിടിച്ചു. അത് വീട്ടുടമസ്ഥന്റെ കൂലിക്കാരനായിരുന്നു.

Universal Encyclopeadia (Revised edition) Vol X page 6235-ൽ Poltergeist ചാത്തനെപ്പററി പറയുന്നതിൽനിന്നു രണ്ടു ചെറുവാചകങ്ങൾകൂടി ഉദ്ധരിച്ചുകൊള്ളുന്നു.

It is a phenomenon common since ancient times in most part of the world. That it is the result of human agency was discovered by Dr. Johnson and his friends (18th Century)

## ഉദരഭാഷണം (Ventriloqism)

ഖുറാൻ ഓതുന്ന ഒരു ഗർഭസ്ഥശിശുവിനെ സംബന്ധിച്ച പത്രങ്ങളിൽ വന്ന വാർത്തകളുടെ ചുരുക്കം ഇവിടെ വഴിക്കു വഴി ചേർത്തുകൊള്ളട്ടെ. (പ്രസ്തുത ശിശുവിനെപ്പറ്റി ഇന്ത്യയിൽ വാർത്ത വന്നതു ആദ്യം പാക്കിസ്ഥാനിൽനിന്നാണ്.)

1 "കറാച്ചി, 4-10-70 ഇവിടെ എത്തിയിരിക്കുന്ന ഇൻഡോനേഷ്യാക്കാരി മിസ്സിസ് ജൂത്ത് സഹറമോണ എന്ന 23 കാരിയുടെ ഗർഭത്തിൽ കിടക്കുന്ന 18 മാസം പ്രായമുള്ള ശിശു ഖുറാൻ വാക്യങ്ങൾ ചൊല്ലി കേൾപ്പിച്ചുകൊണ്ടിരിക്കയാണ്. പ്രസ്തുത ഗർഭവതിയെ ഇവിടത്തെ പ്രധാന ആസ്പത്രിയിൽ പരിശോധനയ്ക്കു വിധേയയാക്കി. അവൾ ഗർഭവതിയാണെന്നും വയറ്റിൽ കിടക്കുന്ന ശിശുവാണ് ഖുറാൻ ഓതുന്നതെന്നും ഉള്ള വസ്തുതയെ ഡോക്ടർമാർ സ്ഥിരീകരിച്ചിരിക്കുന്നു. ചില പത്രറിപ്പോർട്ടർമാർ ആ ശിശു ഓതിയ ഖുറാൻ വാക്യങ്ങൾ ടേപ്പ്റെക്കാഡ് ചെയ്തെടുക്കുകയും ചെയ്തിട്ടുണ്ടു്.

2. "ജക്കാത്ത—15-10-70. ഫോണയുടെ ഗർഭത്തിൽ കിടക്കുന്ന ശിശു ഖുറാൻ വാക്യങ്ങൾ ചൊല്ലി പ്രാർത്ഥിക്കുന്നതു് വിദേശകാര്യ വകുപ്പുമന്ത്രി മി. ആദം മാലിക്കു് ഇന്നുകേൾക്കുകയുണ്ടായി. തൻെറ മന്ത്രിമന്ദിരത്തിൽ ഫോണയെ വിളിച്ചുവരുത്തിയാണതു് കേട്ടതു്. 'ഞാൻ ദൈവത്തിലും ദിവ്യാത്ഭുതപ്രവർത്തനങ്ങളിലും വിശ്വസിക്കുന്നു എന്നു പറയുന്നതുകൊണ്ടു് ഞാൻ മിസ്റ്റിസിസത്തിൽ (ഗുപ്തവിദ്യ) വിശ്വസിക്കുന്നു എന്നർത്ഥമില്ല'. എന്നും അദ്ദേഹം പറഞ്ഞു. ജനതയുടെ ഇടയിൽ വലിയ പ്രചരണം ഇതിനു ലഭിച്ചിട്ടുണ്ടു്. പ്രസിഡണ്ട സുഹാർത്തോയും മിസ്സിസ് ഫോണയെ വിളിച്ചു് ഗർഭസ്ഥശിശു ഖുറാൻ ഓതുന്നതു കേട്ടു. ഈ അത്യത്ഭുത പ്രതിഭാസം സംബന്ധിച്ചു് വിദഗ്ദ്ധ ഡോക്ടർമാരെക്കാണാൻ ഈ മാസം ഒടുവിൽ ഫോണ പശ്ചിമജർമ്മനിയിലേക്കു പോകാൻ പ്ലാൻ ചെയ്തിരിക്കയാണു്.

3. "ജക്കാത്ത, 29-10-70 സംസാരിക്കുന്ന ഗർഭസ്ഥശിശു എന്ന അത്യത്ഭുതം ഇന്നു് അവസാനിച്ചിരിക്കുന്നു. 19 മാസം പ്രായമായ ആ ശിശുവിനെ വയററിൽ ചുമന്നു് നടക്കുന്നുവെന്നു് പറയുന്ന ആ സ്ത്രീ ഗർഭിണിയെ അല്ലെന്നു് ഇന്നു് ഇന്തോനേഷ്യൻ ഡോക്ടർമാരുടെ സംഘടന (ഐ. ഡി. ഐ.) പ്രഖ്യാപിച്ചു.

മിസ്സിസ് ഫോണ ഒന്നു പ്രസവിച്ചിട്ടുണ്ടു്, എന്നു് ഐ. ഡി. ഐ. ചെയർമാൻ ഡോ: സൂദത്തുൺ ഇന്നു്, ജക്കാത്തയിലെ സെൻടൽ ഹോസ്പിററലിൽവച്ചു് ഒരു പത്രസമ്മേളനത്തിൽ പറഞ്ഞു. പ്രസവിച്ചതു് ഏകദേശം 4മാസം മുമ്പായിരുന്നു എന്നു് ഐ. ഡി. ഐ. വക്താവു് അറിയിച്ചു.

കഴിഞ്ഞാഴ്ച മിസിസ് ഫോണയെ പരിശോധിച്ച 10 വിദഗ്ദ്ധ ഡോക്ടർമാർ അടങ്ങിയ ഐ. ഡി. ഐ. സംഘത്തിൻെറ അനുമാനം രണ്ടു് ചെറിയ വാചകങ്ങൾ മാത്രം ഉള്ളൊരു പ്രസ്താവനയിലാണു് നൽകിയിട്ടുള്ളതു്:

എ "മിസിസ് ഫോണ ഒരിക്കൽ പ്രസവിച്ചിരിക്കുന്നു.

ബി. "ഈ നിമിഷത്തിൽ മിസിസ് ഫോണ ഗർഭിണിയല്ല"

തന്റെ കുഞ്ഞിന്നു് ഗർഭത്തിൽക്കിടന്നു സംസാരിക്കാനും കൊറാനിൽനിന്നു ഉദ്ധരിക്കാനും കഴിയുമെന്നും, അടുത്തകൊല്ലം ആദ്യം ആ കുഞ്ഞു് മെക്കയിൽ ജനിക്കുമെന്നുമുള്ള ആ സ്ത്രീയുടെ അവകാശവാദത്തെ തുടന്നു് ഏതാനും മാസമായി ഇവിടെ നടനുവരുന്ന പ്രചരണങ്ങൾക്കു് ഐ. ഡി. ഐ. റിപ്പോർട്ടു് അവസാനമുണ്ടാക്കിയിരിക്കുന്നു. റോയിട്ടർ."

## 4. അത്ഭുതഗർഭിണി അപ്രത്യക്ഷയായി

"ജക്കാർത്ത, 31-10-70. അത്ഭുതസിദ്ധികളുള്ള ഒരു ശിശു തന്റെ ഗർഭത്തിലുണ്ടെന്നു പറഞ്ഞു് രാഷ്ട്രീയനേതാക്കളെടക്കം ദശലക്ഷക്കണക്കിന്നു് ഇൻഡൊനേഷ്യക്കാരെ വിഡ്ഢികളാക്കിത്തീർത്ത ഫോണ എന്ന യുവതി കഴിഞ്ഞ ചൊവ്വാഴ്ച അത്യത്ഭുതകരമാംവണ്ണം ഈ നാട്ടിൽനിന്നു അപ്രത്യക്ഷയായിരിക്കുന്നു.

ഇവളുടെ ഉദരത്തിൽ കിടക്കുന്ന ഗർഭസ്ഥശിശു പരിശുദ്ധ ഖുറാൻ ഉരുവിടുന്നതും പ്രാർത്ഥിക്കുന്നതും മററും തങ്ങൾക്കുകേൾക്കാൻ കഴിഞ്ഞതായി നൂറുകണക്കിനാളുകൾ അവകാശപ്പെടുകയുണ്ടായി. പക്ഷേ കഴിഞ്ഞയാഴ്ച മിസ്സിസ് ഫോണയെ വിദഗ്ദ്ധ പരിശോധനയ്ക്കു വിധേയമാക്കിയശേഷം സെൻട്രൽ ആശുപത്രിയിൽനിന്നു പുറപ്പെടുവിച്ച പ്രസ്താവനയെത്തുടന്നാണു് അവർ പൊതുജനദൃഷ്ടിയിൽനിന്നും അപ്രത്യക്ഷയായതു്.

ഈ യുവതിയെ നിശ്ശബ്ദയാക്കാൻവേണ്ടി "വേറെ" ആരോ അവളെ തട്ടിക്കൊണ്ടുപോയതായിരിക്കാമെന്നാണു് ജക്കാർത്താ സെക്യൂരിററി പോലീസ് മേധാവി പ്രസ്താവിച്ചതു്.

'എന്റെ ഈ അത്ഭുതശിശു ഒരു മിഥ്യയാണെങ്കിൽ മരിക്കുന്നതിനുകൂടി ഞാൻ തയ്യാറാണു' അവർ അപ്രത്യക്ഷയാകുന്നതിനു തലേ ദിവസം പത്രക്കാരോടു പറഞ്ഞതാണു് ഈ വാചകം.'

## 5. ഫോണയെ അറസ്റ്റുചെയ്തു

ജകാർത്ത, 3_11_'70 ഖുറാൻ ഉദ്ധരിക്കുന്ന അത്ഭുത 'ഗർഭസ്ഥശിശു'വിൻെറ മാതാവിനെ ഇന്തോനേഷ്യൻ പോലീസ് കഴിഞ്ഞ ഞായറാഴ്ച അറസ്റ്റ്ചെയ്ത് കസ്റ്റഡിയിലെടുത്തിരിക്കുന്നതായി 'അബാദി' എന്ന മുസ്ലീം ദിനപ്പത്രം റിപ്പോർട്ട് ചെയ്തിരിക്കുന്നു. ദക്ഷിണ ബോർണിയോവിലുള്ള ഗാംബട്ട് എന്ന സ്ഥലത്തുവെച്ചാണ് ഫോണ അറസ്റ്റുചെയ്യപ്പെട്ടതു്.

ഫോണ കഴിഞ്ഞ ഒ: 27_ാംനു- ജകാർത്തയിൽനിന്നും അപ്രത്യക്ഷയാകുകയാണുണ്ടായതു്,

## 6 ഗർഭസ്ഥശിശുവിനെ സംസാരിപ്പിച്ചിരുന്ന വിദ്യ

"ജക്കാർത്ത, 4_11_'70. ഗർഭസ്ഥശിശുവിൻെറ കരച്ചിലും ഖുറാൻ പാരായണവുമെല്ലാം അവളുടെ അരയിൽ തുണിയിൽത്തിരച്ചു കെട്ടിയിരുന്ന ചെറിയൊരു റെക്കാർഡറിലെ ടേപ്പിൽനിന്നാണ വന്നിരുന്നതു് എന്നു് പട്ടാളക്കാർ കണ്ടുപിടിച്ചു.

അവളെ അടുത്തുതന്നെ ജക്കാർത്തയിൽ കൊണ്ടുവരും.

ഇന്നു അവളുടെ ഭർത്താവിനെ അറസ്റ്റ് ചെയ്തിട്ടുണ്ടു്. തന്റെ ഭാര്യ ഗർഭിണിയാണിപ്പോഴും എന്നാണയാൾ പറഞ്ഞതു്. മററുള്ളവരെയെല്ലാം കബളിപ്പിച്ചുവെന്നതുമാത്രമല്ല ഇതിലെ അത്ഭുതം. ഈ വമ്പത്തി സ്വഭർത്താവിനെപ്പോലും കബളിപ്പിച്ചിരിക്കയാണു്.

റോയിട്ടർ.'

ഇതിൽ ഗർഭസ്ഥശിശുവിൻെറ സംസാരത്തിനു് ഒരു തീരെ ചെറിയ ടേപ്പ് റെക്കാഡ് മടിക്കുത്തിൽ ഒളിച്ചുവെച്ചിരുന്നതു് ഫോണ ആശ്രയിച്ച ഒരു പുതിയ ഉപാധിയാണു്. അങ്ങനെ ഒരു ഉപകരണമൊന്നുംകൂടാതെ ഗർഭസ്ഥശിശുവിനേയോ, പിശാചിനേയോ, ദേവവിഗ്രഹത്തേയോകൊണ്ടു സംസാരിപ്പിക്കുന്ന വിദ്യ അതിപുരാതനകാലത്തുതന്നെ അപൂർവ്വമായിട്ടാണെങ്കിലും പ്രദർശിപ്പിച്ചു വന്നിട്ടുണ്ടു്.

## സംസാരിക്കുന്ന പിശാചു്

ഏകദേശം 47 വഷം മുമ്പാണു് ഞാറക്കൽ വില്ലേജിൽ ഒരു പാവപ്പെട്ടവൻെറ വീട്ടിൽ 'സംസാരിക്കുന്ന പിശാച'' എന്ന പ്രതി ഭാസമുണ്ടായിരുന്നതു്. ഒരു മുറിയും ഇരുവശം ഓരോ ചായ്പും മാത്രമുള്ള വീടു്. വടക്കുവശം ചായ്പ് അടുക്കളയാണു്. രാത്രി സമയം തെക്കെ ചായിപ്പിൻെറ മേല്പുരയുടെ ഒരു കോണിൽനിന്നാണു് പിശാചു് സംസാരിക്കുന്നതു്. പിശാചിൻെറ സംസാരം കേഠക്കാൻ പലരും അവിടെ ചെല്ലുമായിരുന്നു. "ഈ വീട്ടുകാർ എനിക്കു പ്രിയപ്പെട്ടവരാണു്. എൻെറ സംസാരം കേഠക്കാൻ വരുന്നവർ എനിക്കായി എന്തെങ്കിലും കാണിക്ക ഈ മുറിയിൽ ഇടണം. അതു ഞാൻ എടുത്തുകൊള്ളാം'' എന്നു പിശാചു് പറയുമായിരുന്നു. അപ്പോഠം മുതൽ പിശാചിൻെറ കോപം ഏല്ക്കാതിരിക്കാൻ അവിടെ ചെല്ലുന്നവർ ആ ഇരുട്ടുമുറിയിൽ ചില്ലറ നാണയങ്ങഠം ഇട്ടുകൊടുക്കാനും അതു് പിശാചു് എടുക്കാനും തുടങ്ങി. ഈ വിവരം എന്നോടു് പറഞ്ഞതു കൊച്ചിയിൽ ധാരാളം പ്രാക്ടീസും നല്ല പ്രശസ്തിയും ഉണ്ടായിരുന്ന ഡോക്ടർ ഉസ്മാൻഖാനാണു്. പിശാചു മുതലായ അശരീരികഠം ഇല്ലെന്ന എൻെറ അഭിപ്രായത്തെ ഖണ്ഡിക്കാനാണദ്ദേഹം, അവിടെപ്പോയി പിശാചിൻെറ സംസാരം കേട്ട അനുഭവം പറഞ്ഞതു്. അവിടന്നു് കുറച്ചു ദിവസം കഴിഞ്ഞു അതൊന്നു ചെന്നു നേരിട്ടു കേഠക്കാൻ ഉദ്ദേശിച്ചന്വേഷിച്ചപ്പോഠം അതിൻെറ സൂത്രം കണ്ടുപിടിക്കയും അതു നിന്നുപോകുകയും ചെയ്തതായി അറിഞ്ഞു. പിശാചുണ്ടെന്ന വിശ്വാസമില്ലാത്ത ഒരാഠം ആ ഇരുട്ടുമുറിയിൽ ഒരു 4ണ നാണയം ഇട്ടു് അതിന്മേൽ കാലിന്റെ തള്ള വിരൽകൊണ്ടു അമത്തിപ്പിടിച്ചിരുന്നു. കുറച്ചു കഴിഞ്ഞപ്പോഠം കതകിൻെറ മറയിൽനിന്നു ഒരു കാൽ ആ നാണയം തപ്പി നീക്കാൻ വന്നതു അയാളുടെ കാലിൽ മുട്ടി. അതു പിശാചിൻെറ കാലായിരുന്നു. ഉടൻ അയാഠം തീപ്പെട്ടി ഉരച്ചു കതകിൻെറ പിന്നിൽ നോക്കിയപ്പോഠം ആ വീട്ടിലെ ഒരു സ്ത്രീ അവിടെ ഒളിച്ചുനില്ക്കുന്നു

തായി കണ്ടു. പിശാചായി സംസാരിച്ചിരുന്നതു് അവരായിരുന്നു. അതോടെ പിശാചിന്റെ സംസാരം എന്ന പ്രതിഭാസം അവിടെ ഇല്ലാതായി.

## ഉദരഭാഷണവിദ്യ

കേൾക്കുന്നവൎക്കു് അല്പം അകലെ ഒരു ഭാഗത്തുനിന്നു മററാരോ സംസാരിക്കുകയാണെന്നു തോന്നത്തക്കവണ്ണം സംസാരിക്കാനുള്ള കഴിവിനാണു് 'ഉദരഭാഷണം' എന്നു പറയുന്നതു്. പരിശീലനം കൊണ്ടു് ആ കഴിവു ചിലൎക്കു നേടാൻ സാധിക്കും. ആ കഴിവു സ്വതേ ഉള്ളവളോ നേടിയവളോ ആയിരുന്നു ഞാറക്കൽ വില്ലേജിലെ മേല്പറഞ്ഞ സ്ത്രീ. അതുകൊണ്ടാണു് അവരുടെ ഉദരഭാഷണം ചായ്പിന്റെ മേല്പുരയുടെ ഒരു കോണിൽനിന്നുള്ള സംസാരമാണെന്നു കേൾവിക്കാൎക്കു തോന്നിയതു്. അതു് യഥാൎത്ഥത്തിൽ ഉദരത്തിനിന്നുള്ള സംഭാഷണമല്ല. എന്നാൽ അങ്ങനെ വായിൽക്കൂടിയല്ല ശബ്ദം വരുന്നതെന്നു തോന്നത്തക്കവിധം സംസാരിക്കുമ്പോൾ ഉദരമാംസപേശികൾക്കു ചില സംപീഡനങ്ങൾ ഉണ്ടാകുന്നതുകൊണ്ടാണു് അതിനു 'ഉദരഭാഷണം' എന്ന പേരു വീണതു്. ഈജിപ്തിലും മററുമുണ്ടായിരുന്ന പുരാതനദേവാലയബിംബങ്ങളിൽനിന്നു് ഒിവ്യമായ അശരീരി പ്രവചനങ്ങൾ (Oracles) പുറപ്പെടുവിക്കുവാൻ അവിടത്തെ കോമരങ്ങൾ പ്രയോഗിച്ചിരുന്നതു് ഈ വിദ്യയാണു്. ഇന്നു നമ്മുടെ നാട്ടിലെ കോമരങ്ങളും അവൎക്കു കഴിയുന്നേടത്തോളം ശബ്ദം മാററിയാണല്ലോ കല്പനകൾ നല്കുന്നതു്. ഫോണ അൽഭുതസിദ്ധി ആദ്യം കാണിച്ചതു് 'ഉദരഭാഷണം' വഴിയായിരുന്നു. അതിനു കുറച്ചു ശ്രമം കൂടാതെ കഴികയില്ല. പ്രസ്തുത ശ്രമം ഒഴിവാക്കാൻ പിന്നീടു കണ്ടെത്തിയതാണു് ടേപ്പ് റെക്കാർഡു് പ്രയോഗം. അതു കിട്ടിയതിൽപിന്നെയാണു് അവർ രാജ്യങ്ങൾ ചുററാൻ ഇറങ്ങിയതു്.

ഫോണയെ പാക്കിസ്ഥാനിൽ വെച്ചു പരിശോധിച്ച ഡോ: കൂർമാർ ശാസ്ത്രീയഗവേഷണമനസ്ഥിതിയില്ലാത്ത ഇസ്ലാം അന്ധവി

ശ്വാസികളായിരുന്നതിനാൽ അവരുടെ പരിശോധന അലസവും കാര്യക്ഷമമല്ലാത്തതുമായിരുന്നു. അതുകൊണ്ടു് ഫോണയ്ക്കു അവരെ കബളിപ്പിക്കാൻ സാധിച്ചു. ഇൻഡോനേഷ്യയിൽ ;ഡോക്ടർമാർ പൊതുവിൽ ഇസ്ലാം മതസ്ഥരാണെങ്കിലും അവരുടെ വിദേശസംഘടനയായ 'ഐ. ഡി ഐ.' ശാസ്ത്രീയമായി പരിശോധന നടത്തിയപ്പോഴാണു് ഫോണയുടെ കബളിപ്പിക്കൽ കണ്ടുപിടിച്ചതു്.

## സയൻസു് ഗ്രന്ഥത്തിൽനിന്നു്

ഉദരഭാഷണത്തെപ്പററി സയൻസ് ഗ്രന്ഥത്തിൽനിന്നു ഒരു ഖണ്ഡിക ഉദ്ധരിച്ചുകൊള്ളുന്നു.

"Ventrilopuism (Lat: Venter-s tomach Loqui-to speak) It is an art of making human voice appear to proceed from a distance, or from some person or object other than the actual speaker. Some contraction of the stomach musc les does take place in speaking with almost closed lips. This was the trick practised at ancient Oracles in Egypt dtc But a great portion of the illusion is brought by suggestion."

# പ്രേതാത്മാവും പരമാത്മാവും

"എല്ലാമതങ്ങളും ആത്മാവ്, ആചാരം എന്ന രണ്ടു തൂണുകളിന്മേൽ കെട്ടിപ്പടുത്തിട്ടുള്ള ഓരോ കമാനങ്ങളാണ്. അമർത്ത്യമായ ആത്മാവുണ്ടെങ്കിലേ ഏതു മതത്തിലും പരമാർത്ഥതയോ, ശാശ്വതമായ നിലനില്പോ ഉണ്ടാകയുള്ളൂ. ആത്മാവെന്നൊന്നില്ലെങ്കിൽ പ്രസ്തുത കമാനത്തിന്റെ ഒരു തൂണ് തട്ടിക്കളഞ്ഞതുപോലെ, അല്ലെങ്കിൽ നദിയുടെ അക്കരെയെത്താത്ത പാലംപോലെയായിരിക്കും മതം."

—മാക്സ്മുള്ളർ.

ഇങ്ങനെ എഴുതിയ മാക്സ്മുള്ളർ ലോകപ്രസിദ്ധ തത്ത്വജ്ഞാനിയും, ഭാഷാതത്വശാസ്ത്രജ്ഞനും (Philologist), പൗരസ്ത്യഭാഷാവിദഗ്ദ്ധനും (Orientalist), സംസ്കൃതഭാഷാ പണ്ഡിതനും ആയിരുന്ന ജർമ്മൻകാരനാണ്. ഇന്ത്യ ഭരിച്ചിരുന്ന ഈസ്റ്റ് ഇന്ത്യാക്കമ്പനി വളരെ ഉദാരമായ വ്യവസ്ഥകളിൽ അദ്ദേഹത്തെ ഇംഗ്ലണ്ടിലേക്കു ക്ഷണിച്ചുവരുത്തി. കമ്പനിയുടെ നിർദ്ദേശപ്രകാരം ഋഗ്വേദം (നാലുവേദങ്ങളിൽ ആദ്യത്തേത്) മുഴുവനും ഇംഗ്ലീഷിലേക്ക് വിവർത്തനംചെയ്തു. പിന്നെ ഓക്സ്ഫോർഡ് സർവ്വകലാശാലാ പ്രൊഫസർ ആയി നിയമിക്കപ്പെട്ട് ഇംഗ്ലണ്ടിൽ അദ്ദേഹം സ്ഥിരതാമസക്കാരനായി. 1900-ൽ തന്റെ 77-ാം വയസ്സിലാണദ്ദേഹം മരിച്ചത്.

## ദൈവാത്മാവ്

എല്ലാത്തരം മതങ്ങളുടേയും സർവ്വപ്രധാന വ്യവഹാര വിഷയവും നാരായവേരും ആത്മാക്കളാണ്. ആത്മാവില്ലെങ്കിൽ മതങ്ങൾക്ക് അർത്ഥമില്ല. ജീവാത്മാവ്, പ്രേതാത്മാവ്, പരമാത്മാവ്, (ദൈവം) പിശാചാത്മാവ് എന്നീ നാലുതരം ആത്മാക്കളുണ്ടെന്ന് ഇന്നുള്ള എല്ലാ മതക്കാരും വിശ്വസിപ്പിക്കുകയും അവയെപ്പറ്റി പ്രതിപാദിക്കുകയും ചെയ്യുന്നുണ്ട്. എല്ലാററിലും മഹത്തും ബൃഹത്തും ആയ ആത്മാവാണ് പരമാത്മാവ് അഥവാ ദൈവം. അതി

നോടടുത്തശക്തിയും, കഴിവും ഉള്ള ആത്മാവു് പിശാചാണു്. എന്നാൽ ദൈവത്തിനെതിരും ദുഷ്ടവുമാണു് പിശാച്. ദൈവത്തിൻെറ ഓമനസൃഷ്ടിയായ മനുഷ്യാത്മാവിനു് സ്വന്തം പ്രവൃത്തികൊണ്ടു് ദൈവചേരിയിൽ ചേൎന്നു് സ്വൎഗ്ഗത്തിൽ പോകാനോ, പിശാചു് ചേരിയിൽ ചേൎന്നു നരകത്തിൽ പോകാനോ ഉള്ള സ്വാതന്ത്ര്യം നൽകീട്ടുണ്ടു്. ദൈവത്തിനു മനുഷ്യനായിട്ടോ മറ്റെന്തെങ്കിലും ജീവിയായിട്ടോ അവതരിക്കാനും, ദൈവത്തിനും പിശാചിനും പ്രേതാത്മാവിനും ജീവിച്ചിരിക്കുന്ന മനുഷ്യശരീരത്തിൽ കയറിപ്പററാനും ഉള്ള കഴിവുണ്ടെന്നാണു വിശ്വാസം,

## മനുഷ്യാത്മാവു്

മനുഷ്യാത്മാവു് മനുഷ്യശരീരത്തിലധിവസിക്കുന്നുണ്ടെങ്കിലും, ശരീരത്തിൽനിന്നു വ്യതിരിക്തമായ ഒരശരീരിസത്യമാണതു് എന്നു എല്ലാ മതക്കാരും വിശ്വസിപ്പിക്കുന്നു. ഒരു മനുഷ്യൻ മരിക്കുമ്പോറം അവൻെറ ശരീരത്തിൽ കുടികൊണ്ടിരുന്ന ആത്മാവു് പുറത്തുകടക്കുകയും, മരിച്ച മനുഷ്യൻെറ പ്രവൃത്തികളുടെ ഗുണദോഷമനുസരിച്ചു് ഒടുവിൽ സ്വൎഗ്ഗത്തിലോ, നരകത്തിലോ എത്തിച്ചേരുകയും ആണത്രെ ചെയ്യുന്നതു്. സ്വൎഗ്ഗത്തിലോ, നരകത്തിലോ എത്തുന്നതിനുമുമ്പു് ഒരു പ്രേതാത്മാവു് മററു മനുഷ്യരെ ബാധിക്കുന്നതാണു് പ്രേതബാധ. പ്രേതം ബാധിച്ച മനുഷ്യനിൽ അവൻെറ ആത്മാവിനു പുറമേ ഒരു പ്രേതാത്മാവും കൂടി രണ്ടാത്മാക്കറം ഉണ്ടായിരിയ്ക്കും. മരിച്ച ആളുടെ ആത്മാവിനു് ഭൂമിയ്ക്കും സ്വൎഗ്ഗത്തിനും ഇടക്കുള്ള ഒരു സ്ഥലത്തുവെച്ചു് ശുദ്ധീകരണം നടക്കുന്നുണ്ടെന്നു സിദ്ധാന്തിക്കുന്ന മതക്കാരും, അതല്ല ഭൂമിയിലെ മററു മനുഷ്യരെ ബാധിച്ചും മററു വികൃതികറം ചെയ്തും കുറെക്കാലം നടക്കുമെന്നും, അതല്ല പരമാത്മാവിൽ ലയിക്കുന്നതുവരെ മനുഷ്യനോ മററു ജീവിയോ ആയി പുനൎജ്ജനനം എടുത്തുകൊണ്ടിരിക്കുകയാണെന്നും വിശ്വസിക്കുന്ന മതക്കാരും ഉണ്ടു്. ദൈവത്തേയും പിശാചിനേയും പോലെ മനുഷ്യാത്മാവിനും അനശ്വരത്വം ഉണ്ടെന്നാണു് എല്ലാ മതക്കാരുടേയും വിശ്വാസം.

## ശരീരമില്ലാത്ത ശക്തി?

ശരീരമില്ലാത്ത ഒരു മഹനീയ ശക്തിമാത്രമാണു് ദൈവം എന്നൊരു നവീന നിർവചനം നൽകുന്ന പ്രഗത്ഭന്മാരും ഇല്ലാതില്ല. ദൈവം ആത്മാവായാലും 'ശക്തി' മാത്രമായാലും ദൈവത്തിനു ബുദ്ധിയും വിവേകവും മാത്രമല്ല സർവ്വവല്ലഭത്വവും സർവ്വജ്ഞത്വവും മററും ഉണ്ടെന്നാണു് വിശ്വസിക്കപ്പെടുന്നതു്. ശരീരവും അതിൽ സിരാഘടനയും ഉള്ളതിനു മാത്രമേ ആഗ്രഹവും തിരിച്ചറിവും അല്പമെങ്കിലും ചിന്തിക്കാൻ കഴിവും ഉണ്ടാകയുള്ളു എന്നതു ജീവശാസ്ത്രപരമായ ഒരു അനിഷേധ്യ വസ്തുതയാണു്. മസ്തിഷ്കത്തിന്റെ പ്രവർത്തന ഫലമായുണ്ടാകുന്നതാണു് ആഗ്രഹം, വികാരം, ഭാവന, ചിന്ത, വിവേകം എന്നീ കഴിവുകളെല്ലാം. പരിണാമവശാൽ ഏതു ജീവിയുടെ തലച്ചോറിനാണോ ഏററവും കൂടുതൽ അഭിവൃദ്ധിയുണ്ടായിട്ടുള്ളതു് ആ ജീവിയ്ക്കാണു് ബുദ്ധിയും വിവേകവും കൂടുതൽ കാണുന്നതു്. ഗുണത്താൽ വികസിതമായ തലച്ചോറുള്ള ജീവിയ്ക്കേ വിവേചനശക്തിയുള്ളു എന്നതു സുവിദിതവും നിർവ്വിവാദവുമായ വസ്തുതയാണു്. സിരാഘടനയില്ലാത്ത യാതൊന്നിനും ബുദ്ധിയോ വിവേകമോ ഇല്ല, ഉണ്ടാകാൻ സാദ്ധ്യതയുമില്ല.

ഭൂമിയിലും പ്രപഞ്ചത്തിലും ക്ലിപ്ത ശരീരമില്ലാത്ത പല ഗംഭീരശക്തികളുണ്ടു്. പ്രപഞ്ചത്തിന്റെ വ്യാപ്തി നിർണ്ണയാതീതമാണു് പ്രപഞ്ചത്തിനു ഒരു അതിരോ, അപ്പുറമോ ഉണ്ടോ എന്നതു സങ്കല്പാതീതമായിരിക്കുന്നു. സൂര്യരശ്മി ഘനാകർഷണശക്തി, വൈദ്യുതം കൊടുങ്കാററു്, പേമാരി, ആററംശക്തി മുതലായ ഗംഭീരശക്തികളെപ്പററി നമുക്കു ഏറെക്കുറെ അറിയാം. പക്ഷെ അശരീരികളായ അവയ്ക്കൊന്നിനും ആഗ്രഹമോ, ബുദ്ധിയോ, വിവേകമോ ഇല്ല. കാരണം, സിരാഘടന ഇല്ലാത്തതുതന്നെ. കൃമികീടങ്ങൾക്കും വൈറസുകൾക്കുംപോലും, മസ്തിഷ്കാങ്കുരമോ ആധാരപിണ്ഡ (Nucleus) മോ ആയ കേവലസിരാഘടനയുണ്ടു്, അത്രത്തോളമാണു് അവയ്ക്കുള്ള ആഗ്രഹവും തിരിച്ചറിവും. ചിന്തിച്ചു വിവേചിക്കാനുള്ള കഴിവു് അവയ്ക്കില്ല. അവയ്ക്കു്, ജന്മവാസന (Instinct) യും അതു

മൂലമുള്ള തിരിച്ചറിവുമേയുള്ളു. അവയേക്കാളും അഭിവൃദ്ധമായ തലച്ചോറുള്ള മൃഗങ്ങൾക്ക ജന്മവാസനയേക്കാൾ വളർന്ന 'ജന്തുബുദ്ധി' കാണുന്നുണ്ട്. എന്നാൽ അവയ്ക്കൊന്നിനുംതന്നെ മനുഷ്യനുള്ളടത്തോളം വിവേകബുദ്ധിയില്ല. അവയുടെ തലച്ചോറിൻെറ അവികസിതാവസ്ഥതന്നെയാണതിനു കാരണം.

## ആത്മാവില്ല

ഇതഃപര്യന്തം മനുഷ്യവർഗ്ഗത്തിനുണ്ടായിട്ടുള്ള പരിചയബുദ്ധിയുടേയും, ഗവേഷണപരമായ ശാസ്ത്രജ്ഞാനത്തിൻേറയും അടിസ്ഥാനത്തിൽ, ഏതെങ്കിലും മതം നിർവചിച്ചു വിശ്വസിപ്പിക്കുന്ന തരത്തിൽ അശരീരിയായി ആത്മാവ് ഇല്ല, ഉണ്ടാകാൻ സാദ്ധ്യതയുമില്ല. പ്രകൃതമനുഷ്യൻെറ അജ്ഞതയിലും, ഭയത്തിലും ഭാവനയിലും കരുപ്പിടിച്ചവമാത്രമാണ് മനുഷ്യാത്മാവും, പ്രേതാത്മാവും, പരമാത്മാവും, പിശാചാത്മാവും. മനുഷ്യൻെറ മാനസിക വ്യാപാരങ്ങളുടെയും അവ അവനാൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളുടെയും ദുർഗ്രാഹ്യതയുടെയും മറിമായങ്ങളാണ് പ്രസ്തുത ഭാവനകൾ. ഇന്നും പാരമ്പര്യേന വിവിധ മതങ്ങളിൽക്കൂടി മനുഷ്യവർഗ്ഗത്തെ മിക്കവാറും ഭരിച്ചുകൊണ്ടിരിക്കുന്നതു് ആ പ്രാകൃത സങ്കല്പം തന്നെയാണ്.

സകല ചരാചരങ്ങൾക്കും ആത്മാവുണ്ടെന്നും, ശരീരത്തിൻ്റെ നാശത്തോടെ ആത്മാവും നശിച്ചില്ലാതായിത്തീരുന്നു എന്നുമായിരുന്നു ആദിയിൽ ആത്മാവിനെപ്പററിയുണ്ടായിരുന്ന ധാരണ. പിന്നെ കാലം കുറെ കഴിഞ്ഞപ്പോൾ അശരീരിയും അനശ്വരവുമാണ് ആത്മാവ് എന്ന തത്വം ആവിർഭവിച്ചു. കാലാന്തരത്തിൽ, അചരങ്ങൾക്കും ആത്മാവുണ്ടെന്ന തത്വം ത്യജിച്ചതിനുശേഷമാണ് വളർച്ചയുള്ള ജിവികൾക്കും സസ്യങ്ങൾക്കും മാത്രമേ ആത്മാവുള്ളു എന്നായതു്. മനുഷ്യർക്കും, ജന്തുക്കൾക്കും, സസ്യങ്ങൾക്കും ഉള്ള ആത്മാക്കൾ ഒരേ തരമല്ലെന്നും, മൂന്നു വ്യത്യസ്ത തരങ്ങളാണെന്നുമായിരുന്നു വിശ്വാസത്തിനു ആദ്യംവന്ന മാററം. മനുഷ്യർക്ക മാത്രമേ ആത്മാവുള്ളു എന്നു് വിശ്വാസം പരിണമിച്ച കാലത്താണ് യഹൂദ, ക്രൈസ്തവ, ഇസ്ലാംമതങ്ങൾ ഉത്ഭവിച്ചതു്. ഈ

വസ്തുതകളെല്ലാം ചരിത്രത്തിൽ സ്പഷ്ടമായി കാണാവുന്നതാണ്.

"മനുഷ്യൻെറ ചൈതസിക ശക്തിയുടെ ദുർജ്ഞേയവശത്തെ അവൻെറ ശരീരത്തിൽനിന്നു വ്യത്യസ്തപ്പെട്ട ഒരു സ്വകീയതത്വമായി കല്പിക്കപ്പെട്ടതാണു്. ആത്മാവു്" ഇതാണു് ഇന്നത്തെ ശാസ്ത്രലോകം ആത്മാവിനു നൽകുന്ന നിർവചനം.

## ആത്മാവെന്ന ഇരുമ്പു ചങ്ങല

"ഭക്തി, ആത്മാവിനെ സംബന്ധിച്ചതാണു്. സ്വർഗ്ഗത്തേയും, ഭൂമിയേയും, ദൈവത്തേയും, മനുഷ്യനേയും സംയോജിപ്പിക്കുന്ന വെള്ളിച്ചങ്ങലയാണു് ആത്മാവു്" എന്നു് എഡ്മണ്ട് കോസ്സിൻ (Edmund Cosin) എം. എ., ബി. ഡി. യാണു പറഞ്ഞിട്ടുള്ളതു്. അദ്ദേഹം ജീവിച്ചിരുന്നതു് കത്തോലിക്ക മതത്തിൽ നിന്നു് നൂതന പ്രൊട്ടസ്റ്റൻറു് മതത്തിനു് ജന്മംനൽകിയ 16-ാം നൂററാണ്ടിലെ ചരിത്രപ്രസിദ്ധമായ ക്രൈസ്തവ സഭാ വിപ്ലവകാലത്താണു്. പ്രൊട്ടസ്റ്റൻറു് വിപ്ലവത്തിനു് എതിരായിരുന്ന ഒരു കത്തോലിക്ക വിശ്വാസിയായിരുന്നു അദ്ദേഹം. ഇംഗ്ലണ്ടിലെ ഭരണാധികാരികൾ പ്രൊട്ടസ്റ്റൻറ മതക്കാരായപ്പോൾ, അന്നു് കേംബ്രിഡ്ജ് സർവ്വകലാശാല വൈസ്ചാൻസലർ ആയിരുന്ന അദ്ദേഹത്തിനു് ആത്മരക്ഷാർത്ഥം ഇംഗ്ലണ്ടിൽനിന്നു് പലായനം ചെയ്യേണ്ടിവന്നു. പിന്നീടദ്ദേഹം എവിടെ ജീവിച്ചുവെന്നോ, എങ്ങനെ മരിച്ചുവെന്നോ ഇതേവരെ അറിയപ്പെട്ടിട്ടില്ല.

കോസിൻെറ ആപ്തവാക്യം ഇന്നു് ഒന്നല്പം മാററിക്കുറിച്ചിങ്ങനെ ആക്കേണ്ടിയിരിക്കുന്നു.

"ഭാവനാപരമായ സ്വർഗ്ഗത്തേയും, ദൈവത്തേയും, യഥാർത്ഥമായ ഭൂമിയോടും മനുഷ്യനോടുംകൂടി ബന്ധിച്ചിരിക്കുന്ന ഇരുമ്പുചങ്ങലയാണു് ആത്മാവു്."

ആത്മാവു് ഇല്ലാത്തതാണു്. ഇല്ലാത്ത ഒന്നിനെപ്പററിയുള്ള വ്യത്യസ്തവും വിപരീതവുമായ വിശ്വാസപ്രചരണങ്ങൾ കൊണ്ടാണ് വിഭിന്നമതങ്ങൾ മുഖരിതമായിക്കൊണ്ടിരിക്കുന്നതു്.

മനുഷ്യൻെറ സദാചാരത്തിനടിസ്ഥാനം മസ്തിഷ്കത്തിൻെറ മൗലിക പ്രവർത്തനങ്ങളെപ്പററിയുള്ള പ്രായോഗിക അറിവല്ലാതെ, ദൈവവിശ്വാസമോ, ദൈവഭയമോ, അല്ല. ★

# യുക്തിവാദം എന്നാൽ എന്തു്?

യുക്തിവാദത്തെ നിർമ്മതത്തിന്റെയോ, നിരീശ്വരത്വത്തിന്റെയോ പര്യായം മാത്രമായാണു് മതവിശ്വാസികൾ കാണുന്നതു്. അങ്ങനെ കാണുന്നവർ യുക്തിവാദികളെന്നഭിമാനിക്കുന്ന ചിലരിലും ഇല്ലാതില്ല. സയൻറിഫിക്സ് ചിന്താഗതിയിൽക്കൂടിയുള്ള പ്രായോഗികതത്വജ്ഞാനമാണു് യുക്തിവാദം. അതു മതകാര്യങ്ങളിൽ മാത്രമല്ല, മനുഷ്യജീവിതത്തിന്റെ എല്ലാ തുറകളിലും_വ്യക്തിപരം, കൗടുംബികം, സാമുദായികം, രാഷ്ട്രീയം, സാമ്പത്തികം, ആരോഗ്യപരം മുതലായവകളിലെല്ലാം_പ്രയോഗക്ഷമവും, അവശ്യം പ്രയോഗിക്കേണ്ടതുമാണു്. യുക്തിവാദത്തിന്റെ സയൻറിഫിക് അടിസ്ഥാനത്തെപ്പററി ഒരു ദിങ്ങ് മാത്രമായ പ്രതിപാദനം ഇവിടെ ആവശ്യമായി തോന്നുന്നു.

## അറിവിന്റെ അഭാവത്തിൽ

പ്രകൃതിയിലെ വിവിധ പ്രതിഭാസങ്ങളുടെ കാരണത്തെപ്പററിയുള്ള അറിവിന്റെ അഭാവത്തിൽ ആ കാരണത്തെപ്പററിയുള്ള സങ്കല്പം (ഊഹം) മനുഷ്യമനസ്സിൽ ഉയരുന്നു. അങ്ങനെ എവിടെയുള്ള ആക്കും സങ്കൽപ്പം ഉണ്ടാകാതിരിക്കുകയില്ല.

നാം കണ്ടിട്ടില്ലാത്ത ആളെയോ, സ്ഥലത്തെയോപററി ആദ്യമായി പറഞ്ഞുകേൾക്കുമ്പോളോ ചിന്തിക്കുമ്പോളോതന്നെ അതിന്റെ ഒരു സങ്കൽപ്പചിത്രം മനസ്സിൽ സ്വയം രൂപംകൊള്ളുന്നു. ലണ്ടനോ, മോസ്ക്കോയോ കണ്ടിട്ടില്ലാതെ കേൾക്കുകമാത്രം ചെയ്തിട്ടുള്ളവരുടെ മനസ്സിലും അവയുടെ ഓരോ സങ്കൽപ്പചിത്രം ഉണ്ടാകാതിരിക്കയില്ല. അതുപോലെയാണു് ദൈവപിശാചുക്കളെയും സ്വർഗ്ഗനരകങ്ങളേയുംപററി ഓരോ മതസ്ഥാപകന്റേയും മതക്കാരുടേയും മനസ്സിൽ ചിത്രങ്ങൾ ഉണ്ടായതു്. ഓരോരുത്തരുടേയും മനസ്സിൽ ഉണ്ടായതു് അവരവരുടെ ഭാവനാവിലാസംപോലുള്ള വ്യത്യസ്തചിത്രങ്ങളാണു്. ഏതെങ്കിലുമൊരു കാര്യത്തിന്റെ കാരണം

അറിയുന്നില്ല എന്ന നില മനുഷ്യൻ ഇഷ്ടപ്പെടുന്നില്ല. ഏതു സംഭവത്തിനും കാരണം ശരിയായോ, തെറ്റായോ കണ്ടെത്തിയേ മനുഷ്യമനസ്സ് അടങ്ങൂ. ശരിയായ കാരണം മനസ്സിലായില്ലെങ്കിൽ കാരണം ഊഹിച്ചെടുക്കുകയെങ്കിലും വേണം. എല്ലാ അന്ധവിശ്വാസങ്ങളും അങ്ങനെയാണുണ്ടായിട്ടുള്ളത്

മനുഷ്യന്റെ ബുദ്ധിയും യുക്തിയും പരിമിതമാണെന്നും അതിനപ്പുറമാണ് അദ്ധ്യാത്മമണ്ഡലം സ്ഥിതിചെയ്യുന്നതെന്നും ചില വിശ്വാസികളായ വിദ്വാന്മാർ എഴുതിക്കാണുന്നുണ്ട്. അദ്ധ്യാത്മമണ്ഡലം എന്നതു വെറും സങ്കൽപ്പമണ്ഡലമാണ്. മനുഷ്യനു യഥാർത്ഥമായ അറിവുനേടാൻ ബുദ്ധിയും, യുക്തിയും സയൻറിഫിക് പരിശോധനാപരീക്ഷണങ്ങളുമല്ലാതെ മറ്റൊരുപാധിയുമില്ല. പ്രസ്തുത ഉപാധികളെ അടിസ്ഥാനമാക്കി ലഭിയ്ക്കുന്ന അറിവും അനുഭവവും വസ്തുനിഷ്ഠവും (Objective) മനുഷ്യകുലത്തിനു മുഴുവനും ഒരുപോലെ അനുഭവവേദ്യവുമാണ്. നേരെമറിച്ച്, ആദ്ധ്യാത്മിക മണ്ഡലങ്ങളിൽനിന്നു ദൈവപിശാചുക്കളേയും ആത്മാവിനേയും സ്വർഗ്ഗനരകങ്ങളേയും പററി ലഭിയ്ക്കുന്ന അറിവുകളും അനുഭവങ്ങളും ആത്മനിഷ്ഠവും (Subjective), വ്യത്യസ്തങ്ങളുമായിരിക്കുന്നു.

വ്യത്യസ്തമതങ്ങളാൽ ലോകം നിറഞ്ഞിരിക്കയാണ്. സംഘടിതങ്ങളും ബലിഷ്ഠങ്ങളുമാണ് പ്രധാന മതങ്ങളെല്ലാം. ഏതു മതത്തിന്റെയും മുഖ്യലക്ഷണം പരമതനിഷേധവും, പരമതനിന്ദയുമാണ്. മനുഷ്യകുലം മുഴുവനും ഒരേ ഒരു ഈശ്വരസൃഷ്ടിയും, മനുഷ്യരെല്ലാം സഹോദരീസഹോദരന്മാരുമാണെന്നു പറയുന്ന കേരളത്തിലെ സവർണ്ണഹൈന്ദവർ അയിത്തം നിയമംമൂലം വിലയ്ക്കിയിരിക്കുന്ന ഇന്നും തങ്ങളുടെ ക്ഷേത്രമുറ്റത്തുപോലും ഹൈന്ദവരല്ലാത്ത മനുഷ്യസഹോദരങ്ങൾ പ്രവേശിയ്ക്കാനനുവദിക്കാതെ തീണ്ടലാചാരം നിലനിർത്തിക്കൊണ്ടുപോകുന്നു. മററു മതക്കാരെ മ്ലേച്ഛരായി അകററിനിർത്തി തേജോവധം ചെയ്യുകയാണ് ഹൈന്ദവരുടെ അന്യമതനശീകരണപരിപാടി. എന്നാൽ ക്രൈസ്തവ-ഇസ്ലാംമതങ്ങൾ നട

ത്തിവരുന്നതു് അന്യമതക്കാരെ സ്വമതത്തിലേയ്ക്കു് യേനകേനപ്രകാരേണ ആകർഷിച്ചു മാർഗ്ഗംകൂട്ടിയെടുത്തു അന്യമതങ്ങൾ ഇല്ലാതാക്കുക എന്ന പദ്ധതിയാണു്. പരമതസഹിഷ്ണുത അഥവാ സഹവർത്തിത്വം എന്നു് ഹൈന്ദവർ പറയുന്നതു് ഭാരതത്തിൽ കടന്നുകൂടിയിട്ടുള്ള ഇസ്ലാം-ക്രൈസ്തവമതങ്ങളെ തേജോവധം ചെയ്തു നശിപ്പിക്കാൻ സാധിക്കാതെ അവ വളർന്നുവന്നപ്പോൾ ചെയ്യുന്ന അധരവ്യവസായത്തിൽക്കവിഞ്ഞൊന്നുമല്ല. അന്യരെ മാർഗ്ഗം കൂട്ടിയെടുക്കുന്നവർക്കു പരമതസഹിഷ്ണുത ഇല്ലതന്നെ.

ലോകത്തിൽ സംഘടിതമതങ്ങൾ ഉണ്ടാക്കീട്ടുള്ളതും ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതും ആയ കെടുതികൾ നിരവധിയാണു. ഇതേവരെ ഉണ്ടായിട്ടുള്ളതും ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതും ആയ യുദ്ധങ്ങളിലും, കലഹങ്ങളിലും, പീഡനങ്ങളിലും ബഹുഭൂരിപക്ഷത്തിൻെറയും കാരണം മതം അല്ലാതെ മററൊന്നുമല്ല. അതുകൊണ്ടുകൂടിയാണു് മതങ്ങൾ യുക്തിവാദത്തിനു പ്രധാന ശരവ്യങ്ങളായിരിക്കുന്നതു്.

## യഥാർത്ഥ അറിവു്

സയൻറിഫിക് അറിവുമാത്രമാണു് യഥാർത്ഥ അറിവ്. സത്യം എന്നു് വ്യവഹരിക്കുന്നതു് അതിനെയാണു്. അസത്യമോ, അനാവലംബനീയമോ ആയ സങ്കൽപ്പങ്ങളൊന്നും അറിവല്ല. സയൻറിഫിക് അറിവു പ്രചരിപ്പിച്ചു് മനുഷ്യജീവിതം കൂടുതൽ ധന്യമാക്കുകയും, വ്യക്തികളും, സമുദായങ്ങളും, വർഗ്ഗങ്ങളും, രാഷ്ട്രങ്ങളും തമ്മിലുള്ള അകൽച്ചകളും കലഹങ്ങളും ആകുന്നേടത്തോളം ഇല്ലാതാക്കുകയുമാണു് യുക്തിവാദപ്രസ്ഥാനത്തിൻെറ ഉദ്ദേശം. അതു വേണ്ടുംവണ്ണം മനസ്സിലാക്കുന്നതിനു് മനുഷ്യമസ്തിഷ്ക്കത്തിൻെറ പ്രവർത്തനത്തെപ്പററിയുള്ള ഒരു പ്രാഥമികതത്വം ധരിച്ചിരിക്കേണ്ടതാണു്.

1 ഇച്ഛാശക്തിപ്രയോഗം (Volition), 2. വികാരം (Emotion), 3 സങ്കൽപ്പം (Imagination), 4 യുക്തിചിന്ത (Ratiocination), 5 വിവേചനം (Descrimination) ഇവയാണു് മനുഷ്യമസ്തി

ഷ്കത്തിൻെറ മൗലികധർമ്മങ്ങൾ (Fondamentalfunctions). ഇതിൽ ആദ്യത്തെ മൂന്നുമായ ഇച്ഛാശക്തിപ്രയോഗവും, വികാരവും ഏറെക്കുറെ സങ്കല്പവും മനുഷ്യനുമാത്രമല്ല, മൃഗം തുടങ്ങി എല്ലാ ജീവികൾക്കും-വൈറസ്, ബാക്ടീറിയം (Virus, Bacterium) മുതലായി അതിസൂക്ഷ്മാണുജീവികളായ രോഗബീജങ്ങൾക്കുപോലും-ഉണ്ട്. അവക്കില്ലാത്തതു് യുക്തിചിന്തയും വിവേചനവുമാണ്. അതിനു പകരം അവയ്ക്കു ജന്മവാസന (Instinct) മാത്രമേ പ്രകൃതിയാൽ ലഭിച്ചിട്ടുള്ളു.

## യുക്തിചിന്ത

യുക്തിചിന്തയും വിവേചനാശക്തിയുമാണ് മനുഷ്യനെ മൃഗങ്ങളിൽനിന്നു വേർതിരിക്കുന്നതു്. യുക്തിചിന്തയും, വിവേചനയും പ്രയോഗിക്കാത്ത സന്ദർഭങ്ങളിലെല്ലാം മനുഷ്യൻ മൃഗം അഥവാ മൃഗതുല്യനാണ്.

ഇച്ഛയേയും, വികാരത്തേയും, സങ്കൽപ്പത്തേയും, യുക്തിചിന്തയും വിവേചനയും പ്രയോഗിച്ച് നിയന്ത്രിച്ചു പ്രവർത്തിക്കാനുള്ള കഴിവ് മനുഷ്യജീവിക്കു മാത്രമേയുള്ളു. മനുഷ്യൻെറ എല്ലാ പ്രവൃത്തനങ്ങളിലും ആചരണങ്ങളിലും ആ കഴിവു് പ്രായോഗികമാണ്. യുക്തിയും വിവേചനയും പ്രയോഗിക്കപ്പെടാതെ വികാരസങ്കൽപ്പങ്ങളാൽ നയിക്കപ്പെടുന്നവരാണ് കളവു പറയുക, ചതിക്കുക, ഭക്ഷണസാധനങ്ങളിൽ മായംചേർക്കുക, മോഷണം, പിടിച്ചുപറി, കൊലപാതകം, ആത്മഹത്യ മുതലായവ ചെയ്യുന്നതു്.

അന്ധമായ വിശ്വാസങ്ങൾ എല്ലാംതന്നെ വൈകാരികവും സാങ്കൽപ്പികവുമാണ്. മതവിശ്വാസികളാരും തങ്ങളുടെ വിശ്വാസങ്ങളോ ആചരണങ്ങളോ യുക്തിക്ഷമമാണോ അല്ലയോ എന്നു ചിന്തിച്ചോ വിവേചിച്ചോ നോക്കാറില്ല. വിശ്വാസത്തിൻെറ ദൃഢതയാണവരെ അതിനു പ്രേരിപ്പിക്കാത്തതു്.

ഭയത്തിലും കോപത്തിലും നിന്നുള്ള ഉപോൽപന്നങ്ങളാണ് പരിഭ്രമവും (Anxiety) ഉൽക്കണ്ഠ (Worry) യും. അവയും കോ

പാവും സാമൂഹ്യജീവിതം നയിക്കുന്ന മനുഷ്യന് ഇന്നു അശേഷവും ആവശ്യമില്ലാത്തതും ദോഷം ചെയ്യാവുന്നതുമായ വികാരങ്ങളാണ്.

## ആത്മാവ്

ദൈവം, പിശാച്, പ്രേതം, ഭൂതം മുതലായ അശരീരിയും അനശ്വരവുമായ ആത്മാക്കളുണ്ടെന്നു് എല്ലാ മതങ്ങളും വിശ്വസിപ്പിക്കുന്നു. ആത്മാവിന്റെ അസ്തിത്വമാണ് വിവിധ മതങ്ങളുടെയും അസ്തിവാരം. എന്നാൽ ദൈവം, പിശാച്, സ്വർഗ്ഗം, നരകം, പൌരോഹിത്യം, ആരാധന മുതലായ കാര്യങ്ങളിൽ ഓരോ മതത്തിനുമുള്ള വിശ്വാസം വിഭിന്നങ്ങളും വിപരീതങ്ങളുമാണ്. അവ വസ്തുതകൾ അല്ലെന്നും സങ്കൽപ്പങ്ങൾ മാത്രമാണെന്നും ഉള്ളതിനു് അതുതന്നെ പ്രഥമതെളിവ്. ആത്മാവ് മനുഷ്യനുമാത്രമേ ഉള്ളു അതിനു പുനർജ്ജനനമില്ല എന്നു് ചില മതങ്ങൾ സിദ്ധാന്തിക്കുമ്പോൾ, അണുജീവികൾക്കും വൃക്ഷങ്ങൾക്കുംപോലും ആത്മാവുണ്ടെന്നും, ആത്മാവിനു പൂർവജന്മ_പുനർജ്ജന്മ പരമ്പരകളുണ്ടെന്നും മററു ചില മതങ്ങൾ ശഠിക്കുന്നു. ഇതു് ആത്മാവ് വെറും സങ്കൽപ്പമാണെന്നല്ലേ കാണിക്കുന്നതു് !

ആത്മാവിനു് ഇച്ഛയും തിരിച്ചറിവും ഉണ്ടെന്നു് എല്ലാ മതങ്ങളും വിശ്വസിപ്പിക്കുന്നു. എന്നാൽ ശരീരവും അതിൽ സിരാഘടനയുമില്ലാത്തതിനൊന്നും ഇച്ഛയും തിരിച്ചറിവുമുണ്ടാകയില്ലെന്നു് ആധുനിക സയൻസ് സംശയരഹിതമായി സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്.

ശക്തികൾ പദാർത്ഥപ്രവാഹമാണെങ്കിലും ക്ലിപ്തമായ ശരീരം അവയ്ക്കില്ല. വൈദ്യുതം, ഘനാകർഷണം, കാന്തം, കൊടുങ്കാററ് മുതലായ ശക്തികളെല്ലാം അശരീരികളാണ്. അതുകൊണ്ടവയ്ക്കു് ഇച്ഛയോ തിരിച്ചറിവോ ഇല്ല.

## ദൈവം

പ്രപഞ്ചം ദൈവസൃഷ്ടിയാണെന്നും ദൈവം മാത്രം ആദ്യന്തവിഹീനനാണെന്നുമാണ് എല്ലാ മതങ്ങളുടേയും സങ്കല്പവും വാദവും

എന്നാൽ പദാർത്ഥം (Matter) തന്നെ ആദ്യന്തവിഹീനമാണെന്ന വസ്തുത സയൻസ് സ്ഥാപിച്ചിട്ട് നാളുകൾ ഏറെ ആയി. "പദാർത്ഥം സമൂലനാശത്തിനു വിധേയമല്ല. പദാർത്ഥത്തിന് രൂപഭേദം വരുത്താനേ സാദ്ധ്യമാവൂ. പരിപൂർണ്ണശൂന്യത പ്രപഞ്ചത്തിലില്ല. പരീക്ഷണനാളിയിൽപ്പോലും പരിപൂർണ്ണശൂന്യത വരുത്തുക അസാദ്ധ്യമാണ്. താരതമ്യേന പദാർത്ഥക്കുറവുവരുത്താനേ സാധിക്കൂ. ശൂന്യതയിൽനിന്നു ഒന്നും സൃഷ്ടിക്കാവതല്ല" (Matter is indestru-etible it's form only can be changed. There is no vacuum n the univeres, It is not possible to create a complete vac-uum even in a test-tube. Nothing can be created from not-hingness) ഈ തത്വങ്ങൾ ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിപ്പിക്കുന്നതാണ്. ഉദാഹരണമായി ഒരു ജലകണം എടുക്കുക. അതിനെ ആവിയോ, ഐസോ ആയി മാററാം. അതു പ്രകൃതമാററം (Phy-sical change) ആണ്. വെള്ളം വിശ്ലേഷിപ്പിച്ച് ഓക്സിജൻ, ഹൈഡ്രജൻ വാതകങ്ങളാക്കാം. അതു രാസികമാററം Chemical change)) ആണ്. അതിൻെറ ഒരണുവോ, അണുവിൻെറ ഒരു ഘടകംപോലുമോ സമൂലം നശിപ്പിക്കാൻ സാദ്ധ്യമല്ല.

ആരംഭമുള്ളതിനേ സമൂലനാശം സംഭവിക്കൂ. പദാർത്ഥം നാശമില്ലാത്തതാണ്. സമൂലനാശമില്ലാത്തതിന് ആരംഭമില്ല. ആരംഭവും നാശവുമില്ലാത്ത ഊർജ്ജവും പദാർത്ഥവും, പദാർത്ഥമായ പ്രപഞ്ചവും ആരാലും സൃഷ്ടിക്കപ്പെട്ടതല്ല. സൃഷ്ടിയല്ലാത്ത പ്രപഞ്ചത്തിനു ഒരു സ്രഷ്ടാവ് അനാവശ്യവും അധികപ്പററും ആണെന്നുവരുന്നു. പദാർത്ഥം സമൂലനാശത്തിനു വിധേയമല്ലെന്ന തത്വത്തിലെ ഈ വിവക്ഷ (Implication) അദ്ധ്യാപകന്മാർ (മതവിശ്വാസികളായതുകൊണ്ടു്) സ്വയം മനസ്സിലാക്കുകയോ, വിദ്യാർത്ഥികൾക്കു പറഞ്ഞുകൊടുക്കുകയോ ചെയ്യാതെയാണ് കഴിഞ്ഞുവരുന്നതു്.

## മതത്തിൻെറ കൊളുത്ത്

ഒരു മതഗ്രന്ഥത്തിൽ പറഞ്ഞുകാണുന്ന സദാചാരസംഹിത (Ethics) യാണ് അതിൻെറ കൊളുത്ത് അഥവാ ആകർഷണം.

ഗീതയിലും, ബൈബിളിലും, ഖുർആനിലും മററും ഉള്ള തത്വജ്ഞാനശകലങ്ങളും സദാചാരവചനങ്ങളുമാണ് അതാതു മതപ്രചാരകർ പൊക്കിക്കാട്ടുന്നതു്. എല്ലാ മതങ്ങളിലേയും വിശുദ്ധഗ്രന്ഥങ്ങളിലും നിർമ്മതഗ്രന്ഥങ്ങളിലും, നീതിസ്സാര പുസ്തകങ്ങളിലും നിരീശ്വരതത്വജ്ഞാനത്തിലും അവയുണ്ടു്. എന്നാൽ മതങ്ങളെ പരസ്പരം വ്യത്യാസപ്പെടുത്തുന്നതു് ഓരോ മതങ്ങളിലേയും വ്യത്യസ്തവിശ്വാസങ്ങളും ആചാരങ്ങളുമാണു്. അവയെ നിഷേധിക്കുകയോ, പരസ്യമായി ലംഘിക്കുകയോ ചെയ്യുന്നവനെ മാത്രമേ മതം ഭ്രഷ്ടകല്പിച്ചു് പുറം തള്ളുകയുള്ളു. സദാചാരം ലംഘിക്കുന്ന_നുണയൻ, ചതിയൻ, വ്യഭിചാരി, കൊലപാതകി_മുതലായവരെ ആ കാരണത്താൽ യാതൊരു മതവും ഭ്രഷ്ടുകൽപ്പിച്ചു തള്ളുന്നില്ല. അതാണു് പ്രായോഗികമതം സദാചാരനിബദ്ധമല്ലെന്നും, അനാചാരനിബദ്ധമാണെന്നും തെളിയിക്കുന്ന വസ്തുത. എവിടേയും എപ്പോഴും അറിവിനേയും സദാചാരത്തിനേയുമാണ് യുക്തിവാദി മാനിക്കുന്നതും പ്രാവർത്തികമാക്കുന്നതും.

## കണക്കുകറം

ഏതു രാജ്യത്തെ ജയിലുകളും നിറഞ്ഞിരിക്കുന്നതു മതവിശ്വാസികളെകൊണ്ടാണ്. കക്കാനോ, ആക്രമത്തിനോ, യുദ്ധത്തിനോ പുറപ്പെടുന്നതിനു പ്രാരംഭമായി ഈശ്വരപ്രാർത്ഥനയും അതു സാധിച്ചു വിജയിച്ചവനു് വഴിപാടും ഈശ്വരനു് നന്ദിയും പറയുന്നവരുടെ ചെയ്തികറം പത്രപംക്തികളിൽ ഇടയ്ക്കിടെ വന്നുകൊണ്ടാണിരിക്കുന്നതു്.

ഒരു കുററപ്പുള്ളി ഏതു മതക്കാരൻ അല്ലെങ്കിൽ സമുദായക്കാരനാണെന്നു ചോദിച്ചു റിക്കാർഡാക്കുകയല്ലാതെ ദൈവത്തിലോ മതത്തിലോ വിശ്വാസിയാണോ അല്ലയോ എന്നു ചോദിച്ചു റിക്കാർഡാക്കുന്ന രാജ്യം ഉണ്ടായിരുന്നില്ല. എന്നാൽ ഹോളണ്ടിൽ 1901 മുതൽ ആ വിവരംകൂടി ചോദിച്ചു റിക്കാർഡാക്കാൻ തുടങ്ങി. 1901_1909 കൂടി 9 വർഷത്തെ ആ റിക്കാർഡുകറം ജെ. ബി

എസ്സ്. ഹാൽഡേൻ 1910-ൽ പരിശോധിച്ച് തരംതിരിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള സ്ഥിതിവിവരം ഇതാണ്.

| മതം | | കുററവാളികളുടെ എണ്ണം |
|---|---|---|
| ഒരു ലക്ഷം — കത്തോലിക്കരിൽ | – | 416 |
| ,, – പ്രൊട്ടസ്റ്റൻറുകാരിൽ | – | 309 |
| ,, – ജൂതന്മാരിൽ | – | 210 |
| ,, – നിർമ്മതരിൽ | – | 84 |

നിർമ്മതരായ കുററപ്പുള്ളികളിൽ ഭൂരിപക്ഷത്തിൻേറയും കുററം ഗവമ്മേണ്ടിനോടുള്ള എതിർപ്പായിരുന്നു. സർ. പെഴ്സിവിൽ ഷാർപ്പ് (Sir Percival Sharp) ലണ്ടനിൽ മതപഠനം നൽകുന്ന കത്തോലിക്കാസ്കൂളിലെയും, പ്രൊട്ടസ്റ്റൻറസ്കൂളിലെയും, മതപഠനം നൽകാത്ത മതേതര കൗണ്ടി (secular county schools) സ്കൂളുകളിലെയും കുട്ടികളിൽ എത്രപേർ, കുട്ടികളായ കുററക്കാരെ മാത്രം തെളിവെടുത്തു ശിക്ഷിക്കുന്ന കോടതിയിൽ (Juvenile courts) ശിക്ഷിച്ചിട്ടുണ്ടെന്നു 1940ൽ എടുത്തു പ്രസിദ്ധം ചെയ്തിട്ടുള്ള കണക്കാണിതു്.

| | | |
|---|---|---|
| കത്തോലിക്കസ്കൂളുകളിൽ | 22ൽ 1 വീതം | ശിക്ഷിക്കപ്പെട്ടു |
| പ്രൊട്ടസ്റ്റൻറ ,, | 28ൽ 1 ,, | ,, |
| കൗണ്ടി ,, | 46ൽ 1 ,, | ,, |

മതബോധനം ഏററവും കൂടുതലായി നടത്തുന്ന സമുദായങ്ങളിലാണ് കൂടുതൽ കുററവാളികളെന്നു് ഈ കണക്കുകൾ കാണിക്കുന്നു. മതബോധനം എന്നതു വിശ്വാസബോധനം എന്നല്ലാതെ സദാചാരബോധനം എന്നർത്ഥമില്ലെന്നാണ് കാണുന്നതു്.

## ആദർശവും കർത്തവ്യവും

വിജയകരമായ ജീവിതത്തിനു് ആദർശം അഥവാ ആദർശങ്ങൾ അനുപേക്ഷണീയമാണ്. ചുക്കാനില്ലാത്ത കപ്പലിൻെറ ഗതിയാണ് ആദർശമില്ലാത്ത ജീവിതത്തിനു്. ഒരേ ഒരാദർശംതന്നെ മനുഷ്യജീവിതത്തിൻെറ വിവിധരംഗങ്ങളിലും പ്രയോഗികമായിരിക്കയില്ല.

വസ്ത്രധാരണക്കാര്യത്തിൽ ഈട്ടം വിലയുംകൂടിയ മിന്നുസവസ്ത്രമോ, വിലകുറഞ്ഞ പരുക്കൻവസ്ത്രമോ ആകാം ആദർശം. അതു വാങ്ങുന്നേടത്തു് ആദർശം, മതവിശ്വാസമോ വിശ്വാസമില്ലായ്മയോ അല്ല. ഒരു യുക്തിവാദി മറെറാരു യുക്തിവാദിയായ വ്യാപാരിയിൽനിന്നേ വസ്ത്രം വാങ്ങു എന്നു ശഠിക്കുന്നതു ആദർശഭ്രാന്തായേ വരൂ. വല്ല വസ്ത്രം മിതമായ വിലയ്ക്കുകിട്ടുന്നതു് വിശ്വാസിയുടെ കടയിൽ ആകാം. ഈ തത്വം ഒരു യുക്തിവാദിയുടേയോ സന്താനങ്ങളുടേയോ, വിദ്യാഭ്യാസം വിവാഹം മുതലായ കാര്യങ്ങളിലും ഒരുപോലെ ബാധകമാണു് - മത്സ്യം ജലജീവി ആയിരിക്കുന്നതുപോലെ സാമൂഹ്യജീവിയാണു് മനുഷ്യൻ. സമൂഹത്തിലല്ലാതെ ഒററപ്പെട്ട ജീവിതം സാമൂഹ്യ ആത്മഹത്യയാണു്.

ആദർശത്തിനുവേണ്ടി സാമൂഹികകത്തവ്യം ഉപേക്ഷിക്കുന്നതു ആദർശഭ്രാന്തുതന്നെ ആയിരിക്കും.

ഒരു വ്യക്തിയുടെ ധന്യവും പ്രായോഗികവുമായ ജീവിതത്തിനു് പരിപൂർണ്ണ വിവക്തതാവസ്ഥ (Complets Isolation) പാലിക്കുക സാദ്ധ്യമല്ല. ഏതെങ്കിലും സമുദായത്തിലെ ഘടകമാണു് അയാളും കുടുംബവും. സമുദായത്തിൽ മുങ്ങിയും പൊങ്ങിയും സതതം വ്യാപിച്ചിരിക്കുന്ന നിലയാണയാൾക്കും കുടുംബത്തിനുമുള്ളതു്. അമ്മയച്ഛന്മാർ, ഭാര്യ. സഹോദരീസഹോദരന്മാർ, പുത്രീപുത്രന്മാർ മുതലായ അഭിരാമ അനുബന്ധങ്ങൾ കൂടാത്ത ജീവിതം ജീവിതയോഗ്യമല്ല. അതുകൊണ്ടു് ജീവിതവിജയത്തിന് പലപ്പോഴും രാജിമനോഭാവം (Compromising attitude) കൈക്കൊള്ളേണ്ട ആവശ്യം ഒരു യുക്തിവാദിക്കുണ്ടാവും. മുമ്പിൽനിന്നു വരുന്ന വെടിയുണ്ടയിൽ നിന്നു ഒഴിഞ്ഞുമാറാൻ തല്ക്കാലം കമന്നടിച്ചു കിടക്കുകയോ, കിടങ്ങിൽ ഒളിക്കുകയോ ചെയ്യാതെ ഒരു യോദ്ധാവിനു മുന്നേറാൻ സാദ്ധ്യമല്ലല്ലൊ?

"നിരായുധനായ നിങ്ങളുടെ നേരെ കവച്ചക്കാരൻ നിറതോക്ക് ചൂണ്ടുമ്പോൾ നിങ്ങൾ പണസഞ്ചിയെടുത്തു അയാൾക്കു കൊടുത്തു അനുരഞ്ജനപ്പെടുന്നതു് അയാളുടെ പ്രവൃത്തിന്യായമാണെന്നു്

നിങ്ങൾ സമ്മതിക്കലോ കവച്ച്യയെ പ്രോത്സാഹിപ്പിക്കലോ, ഭീരുതമോ അല്ല" എന്നതു ഇംഗ്ലീഷിലുള്ള ഒരു ആപ്തവചനമാണ്.

എത്രയും ദീർഘകാലം സ്വകത്ത്വവ്യങ്ങൾ നിവ്വഹിച്ച് അവനവനും മററുള്ളവക്കും ഉപകാരപ്രദമായി ജീവിക്കാമോ അത്രയും കാലം ജീവിക്കുന്നതാണ് ഒരു യുക്തിവാദിയുടെ കത്ത്വവ്യം. കത്തവ്യനിവ്വഹണത്തിന് ആദർശം തടസ്സമായിരിക്കരുതു്.

## പ്രമാണവിധി

പ്രമാണവിധി (Dogma) പ്രാണത്യാഗം (Self-sacrifice) രക്തസാക്ഷിത്വം (Martyrdom)മുതലായ വൈകാരികമാർഗ്ഗങ്ങൾ മതത്തിൻേറതാണ് യുക്തിവാദത്തിൻേറതല്ല. യുക്തിവാദികൾ ഒരു സമുദായമായി സംഘടിക്കുന്നതു അനഭിലഷണീയമാണ്. സംഘടിച്ചാൽആചാരനിബന്ധനകളും ആചാര വിലക്കുകളും കൂടിയേതീരൂ. ക്രമേണ അതൊരു പ്രത്യേക മതമായിത്തീരുകതന്നെ ചെയ്യും. ബൗദ്ധ, അദ്വൈതമതങ്ങൾ അതിന് ദൃഷ്ടാന്തങ്ങളാണ്.

മതസമുദായാംഗങ്ങൾ തങ്ങളുടെ മതബന്ധനം ഏറെക്കുറെ വിട്ടയന്നു് മററു സമുദായാംഗങ്ങളുമായി വിവാഹംമൂലവും മററുമുള്ള പരസ്പരസമ്പക്കം സാമാന്യനടപടി ആകുന്നതുവരെ ഒരു വ്യക്തി തൻെറ സമുദായത്തിൽനിന്നോ കുടുംബത്തിൽനിന്നോ ഭ്രഷ്ടിനിടവരുത്തുന്നതു് ആ വ്യക്തിക്കു് അനഹ്വവും, തരണം ചെയ്യാവുന്നതല്ലാത്തതുമായ പ്രയാസങ്ങൾ ഉണ്ടാക്കാം. അതുകൊണ്ടു് ആ വക പ്രയാസങ്ങളിൽ അപ്രതീക്ഷിതമായിട്ടുപോലും അകപ്പെടാതെ തന്റെ യുക്തിവാദാദർശത്തെ സൂക്ഷിച്ചുകൈകാര്യം ചെയ്യേണ്ടതു് തൻെറ കർത്തവ്യമായിത്തീരുന്നു.

എന്നാൽ ദീർഘ വീക്ഷണത്തോടുകൂടിയുള്ള ഫലപ്രദമായ സാമുദായിക ദുരാചാരലംഘനങ്ങൾ എപ്പോഴും സ്വാഗതാഹ്മാണ്. അങ്ങനെയുള്ള ലംഘനത്തിനു്, ഏററവും അധികം സഹായിക്കുന്ന ഉപാധിയാണ് ഒരു തൊഴിലിലേപ്പെട്ടു് പരാശ്രയം കൂടാതെ ജീവിക്കാനുള്ള കഴിവു് ഉണ്ടാക്കുക എന്നതു്. അനാചരങ്ങളെ ലംഘിക്കുവാൻ സാധിപ്പിക്കുന്നതു് ആ കഴിവാണ്. ഒരു യുക്തിവാദിയു

ടെ ആദ്യത്തെ പരിശ്രമം ആ കഴിവുണ്ടാക്കാനായിരിക്കണം. ആരംഭശ്ശൂരത്വം മററൊല്ലാററിലുമെന്നപോലെ യുക്തിവാദത്തിനും അഭിലഷണീയമല്ല.

**മര്യാദ** (Deceney)

യുക്തിവാദപ്രചരണത്തിൽ എപ്പോഴും ആചരിക്കപ്പെടേണ്ട ഒന്നാണ് മര്യാദ. മതവിശ്വാസിയുടെ വികാരത്തെ വിജ്രംഭിപ്പിച്ച് ദ്വേഷമോ, വാശിയോ, വൈരാഗ്യമോ ഇളക്കിവിടുന്ന തരത്തിലുള്ള യുക്തിവാദപ്രചരണം അഭിലഷണീയമല്ല. അല്പമെങ്കിലും സ്വീകാര്യത ലഭിക്കാവുന്നതും പ്രകോപനപരമല്ലാത്തതും ആയവിധം അറിവു നൽകുന്നതായിരിക്കണം പ്രചരണം.

**പെരുമാററം** (Conduct)

കൊട്ടാരക്കരയിൽ ശിവന്റെയും ഗണപതിയുടേയും ക്ഷേത്രങ്ങൾക്കു സമീപമുള്ള ഒരു ചന്തമൈതാനത്തുവെച്ച് യുക്തിവാദികൾ നടത്തിയ ഒരു പൊതുസമ്മേളനത്തിലെ പ്രാസംഗികരിൽ ചിലർ ശിവൻ, ഗണപതി എന്നീ ഹൈന്ദവസങ്കല്പങ്ങളുടെ ഉല്പത്തിയെപ്പററി വിവരിച്ചതു കേട്ട ക്ഷുഭിതരായ ചില വിശ്വാസികൾ യോഗം അവസാനിക്കാറായപ്പോൾ അതിനെ അലങ്കോലപ്പെടുത്താൻ ശ്രമിച്ചതിന്റെ റിപ്പോർട്ടുകൾ പത്രങ്ങളിൽ വന്നിരുന്നു. 'മാതൃഭൂമി'യിലെ പ്രസ്തുത റിപ്പോർട്ട് കണ്ടിട്ട് സിലോൺ യുക്തിവാദിസംഘം പ്രസിഡണ്ട് പ്രൊ: ഏ. ടി. കോവൂർ കേരള യുക്തിവാദിസംഘം പ്രസിഡണ്ടിനയച്ച ഇംഗ്ലീഷ് കത്തിൽനിന്നു പ്രസക്തമായ ഏതാനും ഭാഗത്തിൻെറ സ്വതന്ത്രവിവർത്തനം ഇവിടെ ചേർത്തുകൊള്ളുന്നു:

"ചന്തസ്ഥലങ്ങളിലും നാല്ക്കവലകളിലുംനിന്നു പ്രസംഗിക്കാറുള്ളതു മതപ്രബോധകരും രാഷ്ട്രീയപ്രചാരകരുമാണ്. അവർ ശ്രോതാക്കളിൽ ചിന്തയല്ല വികാരം ഉദ്ദീപിപ്പിച്ചിട്ടാണ് അനുയായികളെ ഉണ്ടാക്കുന്നതു്. ആ രീതി യുക്തിവാദപ്രചരണത്തിന് ഒട്ടും യോജിച്ചതല്ല. ശ്രോതാക്കളുടെ വികാരത്തെയല്ല ചിന്തയെയാണു യുക്തിവാദികൾ ഉണർത്തേണ്ടതു്. വിശ്വാസികൾ അവരുടെ മത

ത്തിനുവേണ്ടി എന്തക്രമം പ്രവർത്തിക്കാനും, കൊല്ലാനും, പീഡയനുഭവിക്കാനും, രക്തസാക്ഷിത്വം വരിച്ചു മരിക്കാനും സന്നദ്ധമായിരിക്കും. അക്രമം പ്രവർത്തിക്കലോ, കൊല്ലലോ, പീഡനം ഏല്ക്കലോ രക്തസാക്ഷിത്വം വരിക്കലോ യുക്തിവാദത്തിനെതിരാണ്. അതുകൊണ്ടു യാതൊരുവക ബലപ്രയോഗത്തിനും യുക്തിവാദികൾ ഇടവരുത്തരുത്.

ചർച്ചായോഗങ്ങൾ, പ്രത്യേകം സംഘടിപ്പിച്ച സമ്മേളനങ്ങളിൽ വിദഗ്ദ്ധന്മാർ ചെയ്യുന്ന പ്രസംഗങ്ങൾ, ലഘുലേഖകൾ, പത്രമാസികകൾ, പുസ്തകങ്ങൾ മുതലായവയാണ് യുക്തിവാദ പ്രചരണത്തിനുള്ള കരുക്കൾ.

ഘോഷയാത്ര, മുദ്രവാക്യംവിളി മുതലായ പ്രകടനങ്ങളും യുക്തിവാദികൾക്കു യോജിച്ചതല്ല. ശാസ്ത്രജ്ഞന്മാരും മററു വിജ്ഞാനികളും അവരുടെ അറിവു പ്രചരിപ്പിക്കുന്നതു ഘോഷയാത്ര സംഘടിപ്പിച്ചോ മുദ്രവാക്യം മുഴക്കിയോ പ്രകടനം നടത്തിയൊ അല്ലല്ലൊ. ചിന്താപരമായ മാർഗ്ഗങ്ങളിലൂടെ മാത്രം പ്രചരിപ്പിക്കേണ്ടതാണ് യുക്തിവാദം.

കേരള യുക്തിവാദസംഘവുമായി ബന്ധപ്പെട്ട പ്രവർത്തകരെ അതിന്റെ പ്രസിഡണ്ടെന്ന നിലയിൽ നിങ്ങൾ ഈ വസ്തുതകൾ മനസ്സിലാക്കിക്കൊടുക്കുമെങ്കിൽ അതു നമ്മുടെ പ്രസ്ഥാനത്തിനു വലിയ സേവനമായിരിക്കും."—

## തീക്ഷ്ണോത്സാഹം

യുക്തിവാദ സംഘത്തിൽ അംഗങ്ങളാകുന്നവരിൽ അധികം പേരും യുക്തിവാദപ്രചരണത്തിൽ തീക്ഷ്ണോത്സാഹികളായ യുവജനങ്ങളാണ്. അജ്ഞതാപരമായ മതവിശ്വാസങ്ങളും ആചാരങ്ങളും ഉടനടി കടപുഴക്കി ഇല്ലാതാക്കിക്കളയണമെന്നാണ് അവരുടെ തീവ്രമായ ആഗ്രഹം. അതിനായി അവർ സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ ചിലപ്പോൾ വൈകാരികങ്ങളായിപ്പോകുന്നു എന്നേയുള്ളു. നമ്മുടെ ചുററും നടന്നുകൊണ്ടിരിക്കുന്നതു് മതസമുദായങ്ങളുടേയും രാഷ്ട്രീയ പാർട്ടികളുടേയും പ്രചരണങ്ങളും പ്രകടനങ്ങളുമാണ്. വൈകാ

രികത്തളായ അവയെ ചിലപ്പോൾ യുക്തിവാദികളും അനുകരിച്ചു പോകുന്നതിൽ അക്ഷന്തവ്യമായി ഒന്നുമില്ല. പക്ഷെ, അതിലെ തെററു മനസ്സിലാക്കി അവ ആവർത്തിക്കാതിരിക്കുകയാണാവശ്യം. അതു ചെയ്യുന്നതിനു് യുക്തിവാദപ്രചരണത്തിലുള്ള തീക്ഷ്ണോത്സാഹം പ്രതിബന്ധമായിരിക്കരുതു്. യുക്തിവാദത്തിൽ പ്രവർത്തിക്കേണ്ടതു നമ്മുടെ വിവേചനബുദ്ധിയാണു്.

## സിദ്ധാന്തവും അനുഷ്ഠാനവും

ഒരാൾ ഒരു തത്വമോ, സിദ്ധാന്തമോ മനസ്സിലാക്കി സ്വീകരിച്ചുകഴിഞ്ഞാൽ ഉടനടി അതു മുഴുവനും അനുഷ്ഠേയമാക്കാൻ സാധിച്ചില്ലെന്നു വരും. ഒരു മനുഷ്യൻെറ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിൽ സാഹചര്യങ്ങൾക്കു ഒരു വലിയ പങ്കുണ്ടു്. ബഹുഭൂരിപക്ഷം ആളുകൾക്കും സാഹചര്യങ്ങൾ ക്ഷണേന തുത്തെറിയപ്പെടാവുന്നവയോ, വിഗണിക്കപ്പെടാവുന്നവയോ അല്ല. ഒരുവൻ ജനിച്ചുവളർന്നതോ ജീവിക്കുന്നതോ ആയ രാജ്യം, സമുദായം, പരിസരം, കുടുംബ ബന്ധങ്ങൾ, ബന്ധുമിത്രാദികൾ മുതലായവയെ കണക്കിലെടുത്തുമാത്രമേ പ്രവർത്തനസ്വാതന്ത്ര്യം പ്രായോഗികമാവൂ. അപ്പോൾ ഒരുവൻ ആഗ്രഹിക്കുന്നപ്രകാരമെല്ലാം_അവൻ സ്വീകരിച്ച തത്വാനുസരണമെല്ലാം_അവനു എല്ലാക്കാര്യങ്ങളിലും പ്രവത്തിക്കുവാൻ കഴിഞ്ഞു എന്നു വരില്ല. ചിലപ്പോൾ സ്വകത്തവ്യനിവ്വഹണത്തിൽ യുക്തിവാദം പ്രാവത്തികമല്ലെന്നുവരാം. അതു്, അയാൾ തൻെറ യുക്തിവാദാദർശം വെടിഞ്ഞതുകൊണ്ടാണെന്നു കരുതുകയോ പറയുകയോ ചെയ്യുന്നതു ബുദ്ധിശൂന്യതയാണു്. സിദ്ധാന്തമനുസരിച്ചുള്ള അനുഷ്ഠാനത്തിനു സാഹചര്യം പ്രതിബന്ധമായി നിന്നതാണു് കാരണം. കത്തവ്യനിവ്വഹണത്തിനു പാപ്പെട്ടുന്നവനു് അവൻെറ ലക്ഷ്യവും അനുഷ്ഠേയപ്രമാണവും മാർഗ്ഗദർശകത്വവും കാര്യ്യസാധകത്വമാണു്. കത്തവ്യം ഭംഗിയായി നിവ്വഹിക്കുന്നവനാണു് തികഞ്ഞ യുക്തിവാദി. കർത്തവ്യനിവ്വഹണബോധം വേണ്ടുംവണ്ണം ഉദിച്ചിട്ടില്ലാത്ത നിരുത്തരവാദി മാത്രമേ കർത്തവ്യം നിവ്വഹിക്കുന്ന യുക്തിവാദിയെ അവസരവാദി എന്നോ, കപടയുക്തിവാദി എന്നോ ആക്ഷേപിക്കുകയുള്ളു.

ആക്ഷേപിക്കപ്പെടുന്നവൻ നിർവഹിക്കേണ്ട കർത്തവ്യത്തേയോ, അതിൻെറ സാഹചര്യത്തേയോപററി അന്വേഷിക്കുകയോ, പഠനം നടത്തുകയോ ചെയ്യാതെയാണ് ആക്ഷേപിയ്ക്കുന്നതു്. "അർഹമായ സ്വന്തം നന്മയ്ക്കോ കർത്തവ്യനിർവഹണത്തിനോ വേണ്ടി പ്രവർത്തിക്കുന്നതുകൊണ്ട ഒരാറം സ്വാർത്ഥിയോ, അവസരവാദിയോ ആകുന്നില്ല. അന്യർക്ക അർഹമായ നന്മയോ അവസരമോ നിഷേധിക്കുന്നതാണ് സ്വാർത്ഥതയും അവസരവാദവും" യുക്തിവാദപ്രസ്ഥാനത്തിൻെറ ഇന്നത്തെ നിലയിൽ അവസരവാദിയോ, കപടയുക്തിവാദിയോ അതിൽ ഉണ്ടാകാൻതന്നെ തരമില്ല. അവസരവാദമോ കാപട്യമോകൊണ്ടു എന്തെങ്കിലും ലാഭമുണ്ടാക്കാവുന്ന പ്രസ്ഥാനങ്ങളിലേ അവർ ഉണ്ടാകയുള്ളു. സംഘടിതങ്ങളായ രാഷ്ട്രീയപാർട്ടികളിലും മതങ്ങളിലും അവരെ കാണാം. യുക്തിവാദത്തിനുവേണ്ടവോളം കരളുറപ്പോ, അറിവോ ഇല്ലാത്ത ദുർബല യുക്തിവാദികറം ഉണ്ടാകാവുന്നതാണ്. അവരെ ആക്ഷേപിച്ചു് അതിൽ നിന്നകററുകയല്ല, അവക്ക യുക്തിവാദത്തിൽ പ്രോത്സാഹനവും കൂടുതൽ അറിവും നല്കി മനസ്സുറപ്പുവരുത്തുകയാണ വേണ്ടതു്. അതിനുപകരം യുക്തിവാദത്തിനു അനുകൂലമായ സാഹചര്യങ്ങളിൽ ജീവിക്കുന്നവർ അങ്ങനെയല്ലാത്തവരെ കുററംപറയുന്നതു നല്ല വഴക്കമല്ല. ഫ്രാൻസിലെ ഒരു വിശ്രുത ദുരാചാരധ്വംസകനായിരുന്ന ലാ ബ്രുയിറിൻെറ (La Bruyure) ഒരു വാചകം ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ: "By paying too much attention to others" faults, we die before having had the time to know our own' (അന്യരുടെ കുറവുകളിൽ നാമധികം ശ്രദ്ധപതിയ്ക്കുന്നതുമൂലം, അവനവൻെറ കുറവുകറം എന്തെല്ലാമെന്നു അറിയുവാൻ അവസരം ലഭിയ്ക്കുന്നതിനുമുമ്പു നാം മരണമടഞ്ഞു പോകുന്നു.)

## നല്ല വാക്കു്

കുററങ്ങളും കുറവുകളും എല്ലാവർക്കുമുണ്ടു്. അവ ചൂണ്ടിക്കാട്ടേണ്ടവയുമാണ്. ചൂണ്ടിക്കാട്ടൽ അവരെ ആക്ഷേപിക്കുന്നതോ, അവരിൽ വിദ്വേഷമോ, വെറുപ്പോ ജനിപ്പിക്കുന്നതോ ആയ തരത്തിൽ ആവരുതു്. എല്ലാ മനുഷ്യർക്കും സ്വതേയുള്ള ഒരു ദുർവാസനയാണു അന്യരുടെ കുററം കണ്ടുപിടിക്കാനും അതു വിളിച്ചുപറയാ

ന്നുമുള്ള അഭിനിവേശം. ആ അഭിനിവേശത്തിന്ന് നിയന്ത്രണവും വിലോപനവും യുക്തിവാദ പ്രചരണത്തിലേർപ്പെട്ടിരിക്കുന്നവർ സാധിയ്ക്കേണ്ടതാണു്. മററാരിലെങ്കിലും ഒരു കുറവോ, തെററോ നമ്മുടെ അറിവിൽപ്പെട്ടാൽ അതു അവരെ രഹസ്യമായി അറിയിയ്ക്കുകയാണു വേണ്ടതു്. എന്നാലേ ആ തെററായ പ്രവൎത്തനത്തിനു ഇടയാക്കിയ കാരണങ്ങളേയോ, സാഹചര്യങ്ങളേയോ പററി നമുക്കറിയാൻ സാധിക്കൂ. തെററു ചൂണ്ടിക്കാണിയ്ക്കുന്നതിനു നല്ലവാക്കും മിതഭാഷണവുമാണു ഏററവും ഉപകരിക്കുന്നതു്. "നിങ്ങളുടെ സുഹൃത്തിനെ രഹസ്യമായി ഗുണദോഷിക്കുകയും പരസ്യമായി പ്രശംസിക്കുകയും ചെയ്യണം" എന്നതാണു് സോളമന്റെ ഒരു നീതിവാക്യം. പരസ്യമായ ഭർത്സനം അതിനു പററിയതല്ല. യുക്തിവാദി സമ്മേളനങ്ങൾ പ്രാസംഗികർതമ്മിലുള്ള ആരോപണത്തിനും പ്രത്യാരോപണത്തിനും ഒരിക്കലും രംഗമാക്കരുതു്. ആരോപണങ്ങൾ പുറപ്പെടുന്നതോടെ അവയെ തട്ടിമാററുന്നതിനുള്ള ചുമതല അദ്ധ്യക്ഷന്റേതാണു്. ആ സന്ദർഭത്തിൽ അദ്ധ്യക്ഷനെ എതിർക്കുന്ന ദുശ്ശാഠ്യക്കാരേയും ചില അവസരങ്ങളിൽ കാണാതിരുന്നിട്ടില്ല, യോഗ്യതയും, അച്ചടക്കവും പാലിക്കുന്ന വിനയശീലരായിരിക്കണം യുക്തിവാദികൾ.

## സമുദായരൂപീകരണം

യുക്തിവാദികൾ സംഘടിച്ചു അന്ധവിശ്വാസമില്ലാത്ത ഒരു സമുദായരൂപീകരണം നടത്താമെന്നു് യുക്തിവാദത്തിൽ ആവേശകരായ ചിലർ വ്യാമോഹിക്കുന്നതായി തോന്നുന്നു. അങ്ങനെ ഒരു സംഘടനയോ, സമുദായമോ ഉണ്ടാവുകയാണെങ്കിൽ അതിനു ചില നിബന്ധനകൾ കൂടാതെ തരമില്ല. ആ നിബന്ധനകളിൽ അതിലെ അംഗങ്ങൾ ചിലതു ചെയ്യണമെന്നും മററു ചിലതു ചെയ്യരുതെന്നും വ്യവസ്ഥകൾ ഉണ്ടായേ കഴിയൂ. ആ വ്യവസ്ഥകളാണു ആചാരങ്ങളും വിലക്കുകളും. എല്ലാ മതസമുദായങ്ങളിലും ഉള്ള ആചാരങ്ങളും വിലക്കുകളും ഗുണകരമോ, ദോഷകരമോ രണ്ടുമല്ലാത്തതുമോ ആയാലും അവയാണു് സമുദായാംഗങ്ങൾ ഓരോരുത്തരേയും അവരവൎക്കു ക്ഷേമകരവും സ്വാതന്ത്ര്യവും ആയ പ്രവൎത്തനങ്ങൾ അനുവദിയ്ക്കാതെ അവരെ ബന്ധിച്ചിട്ടിരിക്കുന്ന ചങ്ങലകൾ. ദോഷരഹിതവും, തനിക്കോ, മററുള്ളവൎക്കോ ഗുണകരവും ആയ ഏതു പ്രവൃത്തി

ചെയ്യുന്നതിനും ഒരു യുക്തിവാദി സർവ്വതന്ത്രസ്വതന്ത്രനായിരിക്കണം. അതുകൊണ്ടാണ് ആശയപ്രചരണാവശ്യത്തിൽ കവിഞ്ഞു ഒരു സംഘടന യുക്തിവാദികൾക്കുണ്ടാകാൻ പാടില്ലെന്നു പറയുന്നതു്. അങ്ങനെ ഒരു സംഘടനയുണ്ടായാൽ അചിരേണ അതൊരു മതമായി (നിരീശ്വര) തീരുകതന്നെ ചെയ്യും. സംഘടനയുടെ മേൽനോട്ടം വിവിധ നിലകളിൽ വഹിയ്ക്കുന്നവരായിരിയ്ക്കും അതിലെ പുരോഹിതശ്രേണി.

## രാഷ്ട്രീയപാർട്ടി

യുക്തിവാദം ഒരിടിസ്ഥാനതത്വമായി സ്വീകരിച്ചിട്ടുള്ള ഒരു രാഷ്ട്രീയ പാർട്ടിയിൽ അംഗമായി നിന്നു യുക്തിവാദം പ്രചരിപ്പിക്കുന്നതായിരിക്കും കൂടുതൽ ഫലപ്രദം എന്നു കരുതുകയും പറയുകയും ചെയ്യുന്ന ചില യുക്തിവാദികളുണ്ടു്. മുതലാളിത്തത്തെ ഇല്ലാതാക്കി സാമ്പത്തികസമത്വം വരുത്തിയാൽ അന്ധവിശ്വാസങ്ങൾ താനേ ഇല്ലാതായി സാംസ്കാരികസ്വാതന്ത്ര്യം കൈവന്നുകൊള്ളും എന്നാണവരുടെ വാദം. പക്ഷേ, രാഷ്ട്രീയപാർട്ടി നേതാക്കൾ ഈ അഭിപ്രായക്കാരായി കാണാത്തതു ആശ്വാസമാണ്. അങ്ങിനെയുള്ള പാർട്ടികളുടെ സർവ്വപ്രധാനമായ ലക്ഷ്യവും പ്രവർത്തനവും ജനതയിൽ രാഷ്ട്രീയബോധം ഉണർത്തി അവരെ സ്വാധീനിച്ചു് ഗവർമ്മെണ്ടു്, അഥവാ രാജ്യാധികാരം പിടിച്ചെടുക്കാനാണ്. വിശ്വാസി ജനതയുടെ ഇടയിൽ രാഷ്ട്രീയ പാർട്ടി യുക്തിവാദം പ്രചരിപ്പിക്കുന്നതു് വളർച്ചക്കു അനുഗുണമായിരിക്കയില്ലെന്നു മാത്രമല്ല, ദോഷകരമായിരിക്കുകയും ചെയ്യും. യുക്തിവാദം ഒരു പാർട്ടിയുടെ കാര്യമായി ചുരുക്കുന്നതു ശരിയല്ല. എല്ലാ പാർട്ടികളിലും (മത) സമുദായങ്ങളിലും യുക്തിവാദം പ്രവേശിപ്പിക്കുകയും വളർത്തുകയുമാണു നമ്മുടെ ലക്ഷ്യവും പ്രവൃത്തിയും.

രാജ്യാധികാരമെന്ന തോക്കിന്റെ ബലത്തോടെ നിരീശ്വരത്വം ഏറെക്കുറെ പ്രചരിപ്പിയ്ക്കാൻ സാധിച്ചെന്നുവരാം. പക്ഷെ അതു യുക്തിവാദമായിരിക്കയില്ല. നിരീശ്വരമതം മാത്രമായിരിയ്ക്കും. ഒരു മതം മററു മതങ്ങളെയെല്ലാം നിരീശ്വരം അഥവാ പാഷണ്ഡമായാണു ഗണിയ്ക്കുന്നതു്. മതങ്ങളുടെ എണ്ണത്തിൽ ഒന്നു കൂട്ടാനേ നിരീശ്വരമതം ഉപകരിക്കൂ.

# പുരോഗതി

50 വര്‍ഷങ്ങള്‍ക്കു് മുന്‍പു് ബ്രിട്ടീഷ് സാമ്രാജ്യത്വത്തോടും ഇന്ത്യന്‍ യാഥാസ്ഥിതികത്വത്തോടും ഒരേ സമയം അടരാടിയിരുന്ന അപൂര്‍വ്വം ചിന്തകരില്‍ ഒരാളാണു് എം. സി. ജോസഫ്. അദ്ദേഹം വിതച്ച വിത്തില്‍നിന്നു് മുളച്ചുയര്‍ന്നതാണു് ഇവിടത്തെ നവോത്ഥാനപ്രസ്ഥാനങ്ങളില്‍ പലതും. സ്വാതന്ത്ര്യലബ്ധിയ്ക്കു മുന്‍പു് എം. സി. എഴുതിയ മൂല്യമേറിയ കുറിപ്പുകളടങ്ങുന്നതാണു് 'പുരോഗതി.'

'കുരിശില്‍ ക്രിസ്തു മരിച്ചിട്ടില്ല' എന്ന എം. സി. യുടെ കോളിളക്കം സൃഷ്ടിച്ച പഠനവും ഏതാനും സുപ്രധാന ചാത്തന്‍ സംഭവങ്ങളും മററും കൂട്ടിച്ചേര്‍ത്തു് വിപുലീകരിച്ചതാണു് ഈ പുതിയ പതിപ്പു്.

വില — 6.00

യുക്തിവാദി പബ്ലിഷേഴ്സ്
ഇരിങ്ങാലക്കുട.
680121